


# അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്

## 2011 ജനുവരി 1-3

## സഞ്ചിക 3

**Volume 3**

**Abstract**

എ.കെ.ജി പഠന ഗവേഷണ കേന്ദ്രം
തിരുവനന്തപുരം

# THIRD INTERNATIONAL CONGRESS ON KERALA STUDIES
## 2011 JANUARY 1-3
## THIRUVANANTHAPURAM

# മൂന്നാം അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്
## 2011 ജനുവരി 1 - 3
## തിരുവനന്തപുരം

## Volume 3
## സഞ്ചിക മൂന്ന്
## സംഗ്രഹങ്ങൾ

A.K.G. Centre for Research & Studies
Thiruvananthapuram-695 034, Kerala, India

Malayalam

Third International Congress on Kerala Studies
Volume 3

Abstracts
Presented by participants
at the Third International Congress on Kerala Studies,
held on January 1-3, 2011
in Thiruvananthapuram, Kerala, India.

Typeset: Mythri, Sierra

Layout : Rananath. S, Balaji

Printed at Akshara Offset Printers, Thiruvananthapuram

# ഉള്ളടക്കം


| | |
|---|---|
| കൃഷിയും അനുബന്ധമേഖലകളും | 5 - 30 |
| വ്യവസായം | 31 - 61 |
| സാമൂഹ്യപശ്ചാത്തല സൗകര്യങ്ങൾ | 62 - 131 |
| സാമൂഹ്യക്ഷേമം, സുരക്ഷിതത്വം | 132 - 168 |
| ധനകാര്യം | 169 - 175 |

# കൃഷിയും അനുബന്ധ മേഖലകളും

# പുരയിടകൃഷി

**ഡോ. സ്വരൂപ് ജോൺ,**
*ഡീൻ, കാർഷിക കോളേജ്, വെള്ളായണി*

**പു**രയിടത്തിൽ നിന്നും കൂടുതൽ വരുമാനം ലഭിക്കുവാൻ പുരയിട കൃഷി വിഭാവനം ചെയ്യുന്നു. അധിക വരുമാനത്തേക്കാളുപരി പുരയിട കൃഷി പരിസ്ഥിതി സംരക്ഷിക്കുവാനും ഉതകുന്നു. കാലവർഷത്തിലും തുലാ വർഷത്തിലും ഇടതൂർന്ന് പെയ്തിറങ്ങുന്ന ജലം തെങ്ങോലകളിൽ പതിച്ച് ഓലമടലുകളിൽ കൂടി സംഭരിച്ച്, തെങ്ങിൻ തടികളിലൂടെ ഒഴുകി ഇറങ്ങി നേരെ തടത്തിൽ വന്നടിയുന്നു. ഇത് തെങ്ങിന്റെ മാത്രമുള്ള ഘടനാ വൈഭവമാണ്. തെങ്ങിൻ തടം തുറന്നിരിക്കുന്ന പുരയിടങ്ങളിലെല്ലാം ഈ ജലം സംഭരിക്കപ്പെടും. ഈ സംഭരിച്ച ജലം ജലവിതാനത്തിൽ ചേർക്കപ്പെടുകയും ആ പ്രദേശത്തെ ആകമാനമുള്ള ജലവിതാനം ഉയർത്തുകയും ചെയ്യുന്നു. തെങ്ങിന്റെ ഈ ജലകൊയ്ത്ത് ഘടനയും പരമ്പരാഗതമായി തെങ്ങിന് ചെയ്തുവരുന്ന കൃഷി മുറകളും (കാലവർഷാരംഭത്തോട് കൂടിയുള്ള തടം തുറക്കലും തുലാവർഷത്തിനുശേഷം ജൈവവളവും പച്ചിലകളുമിട്ട് തടം മൂടുന്നതും മുതലായവ) സമഗ്ര പുരയിട കൃഷിയുടെ അടിത്തറയാണ്.

**ഇടവിളകൾ**

അടിസ്ഥാനപരമായി ഒരേക്കറിൽ 80 തെങ്ങുകളിൽ കൂടുതൽ പാടില്ല. ഒരു തെങ്ങിന് പരമാവധി ആവശ്യമുള്ളയിടം ഒന്നര സെന്റ് സ്ഥലമാണ്. എന്നിരുന്നാലും പുരയിടത്തിലെ 80 ശതമാനത്തോളം ഇടം തെങ്ങ് മറ്റു വിളകൾക്കായി അനുവദിക്കുന്നു. പുരയിടം മനുഷ്യന്റേയും ജീവജാലങ്ങളുടേയും ആവാസ സ്ഥലമായതിനാൽ ജൈവ കൃഷി അവശ്യം അനുവർത്തിക്കുക. രാസപദാർത്ഥങ്ങളുടെ ഉപയോഗം ജലസ്രോതസുകളെ ബാധിക്കുകയും ആരോഗ്യ പ്രശ്നങ്ങൾ വരുത്തുകയും ചെയ്യുന്നത് നമ്മൾ കാണുന്നുവല്ലോ.

ജൈവ ഇടവിള കൃഷിയ്ക്ക് തുടക്കത്തിൽ തന്നെ മണ്ണിന്റെ സൂര്യവൽക്കരണം (സോയിൽ സോളറൈസേഷൻ) മുഖേന രോഗങ്ങളുടേയും കീടങ്ങളുടേയും കളകളുടേയും നിയന്ത്രണം സാധ്യമാക്കുന്നു. വേനൽക്കാലത്ത് മുന്നൊരുക്കത്തോടുകൂടി ഈ ലളിതമായ പ്രക്രിയ അനുവർത്തിക്കേണ്ടതാണ്. ജൈവകൃഷിക്ക് ജൈവവളമായി കാലിവളം കൂടാതെ ചകിരി കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റ്, ജൈവമാലിന്യ സംസ്കരണം മുതലായവും ഉപകരിക്കുന്നതാണ്.

തെങ്ങിന്റെ മണ്ടയുടെ വിസ്തൃതിയും തെങ്ങിന്റെ പ്രായവും, തമ്മിലുള്ള അകലവും, ഇടവിളകൃഷിയുമായി ബന്ധപ്പെട്ടിരിക്കുന്നു. സാധാരണ 8 മുതൽ 25 വർഷം വരെയുള്ള തെങ്ങിൻ തോപ്പിൽ സൂര്യപ്രകാശത്തിന്റെ ലഭ്യത കുറവായതിനാൽ ഇടവിള കൃഷിക്ക് പൊതുവേ അനുയോജ്യമല്ല. 3-4 വർഷം വരെ ധാന്യവിളകളും കിഴങ്ങുവർഗ്ഗങ്ങളും ഉചിതമാണ്. 25 വർഷങ്ങൾക്കുശേഷം ഇടവിളകൃഷിക്ക് പൂർണ്ണമായും അനുയോജ്യമാണ്. സൂര്യപ്രകാശം ലഭിക്കുന്ന ഇടത്ത് നെൽകൃഷി പ്രോത്സാഹിപ്പിക്കേണ്ടതാണ്

കേരളത്തിൽ സമൃദ്ധമായി ലഭ്യമാകുന്ന

മഴയെ ആശ്രയിച്ചാണ് കരനെൽ കൃഷി ചെയ്യുന്നത്. മേയ് മുതൽ ഡിസംബർ വരെ നീണ്ടുനിൽക്കുന്ന മഴക്കാലത്ത് പാഴായി പോകുന്ന ജലത്തെ നെല്ലുൽപ്പാദനത്തിനായി ഫലപ്രദമായി പുരയിടകൃഷിയിൽ വിനിയോഗിക്കാം. മൂപ്പ് കുറഞ്ഞതും വരൾച്ചയെ പ്രതിരോധിക്കാൻ കഴിവുമുള്ള മോടൻ നെല്ലിനങ്ങൾ, ശരിയായ സമയത്തുള്ള വിത, മണ്ണിലെ ഈർപ്പം നിലനിർത്താനാവശ്യമായ ജൈവവളങ്ങളുടെ പ്രയോഗം എന്നിവ വഴി കരകൃഷിയിൽ ഹെക്ടറിന് 2.5 മുതൽ 3 ടൺ വരെ വിളവ് ലഭിക്കും. സംയുക്ത എന്ന മൂപ്പുകുറഞ്ഞ ചുമന്ന നെല്ലിനം പുതിയതായി കേരള കാർഷിക സർവ്വകലാശാല ഇപ്പോൾ പുറത്തിറക്കിയിട്ടുണ്ട്. 60–75 ദിവസം മാത്രം മൂപ്പുള്ള ഞവര ഇനത്തിനും പുരയിടകൃഷിയിൽ സാദ്ധ്യതയുണ്ട്.

പയറു വർഗ്ഗ വിളകൾ, നിലക്കടല മുതലായവ പുരയിടകൃഷിയിലൂടെ മണ്ണിന്റെ ഫലപുഷ്ടി വർദ്ധിപ്പിക്കുവാൻ കഴിയും. കിഴങ്ങുവർഗ്ഗങ്ങൾ (മരച്ചീനി, ചേന, കാച്ചിൽ, ചേമ്പ്) മുതലായവ ഇപ്പോൾ പുരയിടകൃഷിയിൽ സ്ഥാനം പിടിക്കുന്നു. പച്ചക്കറി ഇനങ്ങളായ വെള്ളരിവർഗ്ഗം, വഴുതനവർഗ്ഗം, വെണ്ട, പയർ, ചീര എന്നിവ ജൈവകൃഷിക്ക് പ്രാധാന്യം അർഹിക്കുന്നു.

തണൽ ഇഷ്ടപ്പെടുന്ന ഇഞ്ചി, മഞ്ഞൾ പോലുള്ളവ സൂര്യപ്രകാശം കുറവുള്ള സ്ഥലത്ത് കൃഷിചെയ്യാവുന്നതാണ്. വാഴയിനത്തിൽ ഞാലിപ്പൂവനും, പുൽകൃഷിയിൽ ഹൈബ്രിഡ് നേപ്പിയർ എന്നിവയും ഉചിതമാണ്. തെങ്ങിൻ പുരയിടത്തിൽ ഇടവിളയായി കൃഷി ചെയ്യുന്ന വാഴയിലെ വേരുകളിൽ നിന്നുള്ള സ്രവങ്ങൾ തെങ്ങിന്റെ രോഗകാരികളായ ചില കുമിളുകൾക്കെതിരെ പ്രവർത്തിക്കുന്നു.

മാറിവരുന്ന കാലാവസ്ഥയിൽ ധാരാളം രോഗങ്ങളും കീടങ്ങളും പുരയിട കൃഷിയിലും കണ്ടുവരുന്നു. കുമിൾ രോഗത്തിനുള്ള ജൈവ നിയന്ത്രണത്തിന് ട്രൈക്കോഡെർമ, സ്യൂഡോമോണസ്, ഫ്ളൂറസൻസ് എന്നിവ ഇപ്പോൾ വ്യാപകമായി ഉപയോഗിച്ചുവരുന്നു. കീടങ്ങളുടെ നിയന്ത്രണത്തിന് വിളക്ക് കെണിയും ക്യൂലൂർ കെണിയും ഇപ്പോൾ പുരയിടകൃഷിയിൽ നല്ലതായി കണ്ടുവരുന്നു.

**സമ്മിശ്രഘടകങ്ങൾ**

പുരയിടകൃഷിയുടെ ജീവനാഡിയാണ് മിശ്രകൃഷി.. തീറ്റപ്പുൽ കൃഷിയോടനുബന്ധിച്ച് കാലിവളർത്തൽ സുസ്ഥിരമായി തന്നെ നടത്താവുന്നതാണ്. കാലിവളർത്തലും മറ്റു കൃഷി അനുബന്ധമുറകളിലൂടെ (മീൻ വളർത്തൽ, തേനീച്ച വളർത്തൽ ഉൾപ്പടെ) പരസ്പര പൂരകങ്ങളായ ഘടകങ്ങളായി പുരയിടകൃഷി മെച്ചപ്പെടുത്തലും കൃഷിയിൽ നിന്നുള്ള ആദായം വർദ്ധിപ്പിയ്ക്കലും കാർഷിക കൂട്ടയ്മയിലൂടെ സാധിക്കാവുന്നതാണ്.

# THE RESTRUCTURING OF AGRICULTURAL PRODUCTION RELATIONS: A STEP TOWARD A SOCIALISTIC PATTERN OF SOCIETY

**Dr. K.P. Krishnankutty**

Our discussions of agricultural issues are often metaphysical as they tend to deal with the problems of price rise and food scarcity as if they are isolated economic phenomena, quite unrelated to social history and culture. In fact, they are the relics of the lingering feudal production relations and the inevitable consequences of the dominant capitalistic mode of production. The social spectrum of Kerala is an example to this. Despite her apparent over all development, Kerala continues to depend on other states for essential food commodities, a fact that betrays the hollowness of her vaunted economic progress. Unless she adopts radical futuristic plans, she will not be able to tide over any unexpected natural or political calamity that may obstruct the import of food materials from other states. Besides, a realistic understanding of the socio-political situation is essential for furthering our progress towards socialism.

The farmer and the farm worker of the future will not have mutually opposing interests. When on behalf of the society, the government chooses to pay for the farmworker, the age-old love-hate relationship between the farmer and farmworker will come to an end.

Also steps should be taken to solve the problems created by the ownership of land. In Kerala, most of the land owners have turned their face away from agriculture as their progeny became non-resident Keralites. Now land is an instrument for long term investment, to be sold to the highest bidder from among corporate real estate developers. Here the government should intervene and try to win the confidence of the farmers and persuade them to let the land to be utilized for cultivation. If all these efforts fail, through enabling legislation, the government should take the land into possession without depriving the farmers of ownership.

The salary of the farmworker is not to be decided by his employer as it is now. The payment of salary to the agricultural laborer should not be the sole obligation of the landowning farmer. The government should, as it is the ultimate beneficiary of the entire agricultural processes in the society, sub vent part of the wages that the laborer receives from the farmer. A complete break from the feudal past is possible only if the farmer and the farm laborer are freed from continued mutual dependence which is a remnant of our feudal past.

The ideas suggested here are likely to be dumped as unpractical and utopian. The need for such radical moves can be appreciated by only those who are not deluded by their own feudal convictions and myopic bourgeois visions. Every care, precaution and meticulous micro-level planning should be done before they are given a trial.

At the implementation stage, the agricultural offices of the Grama Panchayaths have to be radically modified at the local level. Equipping the agricultural offices with practical vision, scientific knowledge and technical skill, we should transform them to take up the challenges of new age eco-friendly agricultural practices which will have as its end target a socialistic pattern of society.

# 'GREEN' ARCHITECTURE, LAND USE PLANNING AND THE INDIAN INSTITUTE OF ARCHITECTS

Name: Jai Gopal.G. Rao,

**A decentralized 'green' land use plan**

Talk about 'green' technologies ushering in a 'green' building movement and this having any immediate impact on overall energy consumption pattern / ecological well being etc., is all rubbish at least at present in India ; it will have only very limited influence, as most of the statistics on which this campaign is based, is relevant to the more urbanized western countries. And is perpetuated in India by a small lobby of commercial interests together with the support of the unquestioning among the sincere, well – intentioned people. The earlier we all accept this, the better it is for the health of our 'green' movement and the country as a whole.

Alternately perhaps, we will come to realize that the most crucial factor for our country, is to evolve a proper 'green' decentralized land use plan for each region.

Recent 'Adarsh' land scam in Mumbai, Bangalore land scam involving the CM there etc. are all results of poor land use planning ; subtly and purposefully kept vague.

All politicians and policy makers are afraid to take bold decisions involving land, as it will mean dealing with either financially powerful groups or sensitive lobbies of vote banks.

The only hope is in associations of sensitive professionals like architects, urban planners and designers who understand the subject, taking the needed initiative to sensitize and influence the public. And sensitize the more sincere and dynamic among politicians and policy makers. Can we start to at least dream of the Indian Institute of Architects or urban designers / planners together taking on such an activist role ?!

# GENOMIC RESEARCH FOR CROP IMPROVEMENT

**Ashalatha S Nair,**
***Professor, Department of Botany, University of Kerala, Kariavattom, Thiruvananthapuram 695 584***

Banana is an important staple crop in terms of consumption, crop acreage, and tonnage of production. Over the past several decades, the crop has also gained the status of a cash crop, and in many rural settings it is the only source of income. Despite the crop's importance in the livelihood of people especially of the poor and the vulnerable, the yields from banana have progressively declined, particularly in the major cultivating regions of Kerala due to various inter-linked problems of poor soil fertility, nematodes, weevils, bunchy top, Kokan, BSV, bacterial wilt apart from a host of socio-economic factors.

The cultivated bananas are parthenocarpic, which means they can form fruits without fertilization. Rather than forming seeds, banana plants reproduce by forming side shoots and suckers. This means that the gene pool of banana never changes over the generations. This has emerged as a major restriction to breeding possibilities through the introduction of resistance genes from wild ancestors to common cultivars. An international network of investigators was established as Global *Musa* Genomics Consortium were expertise of investigators from 38 institutions in 24 countries brings together to understand the genomic evolution in banana in relation to biotic and abiotic stresses. The global Musa Consortium intends to complete sequencing banana genome soon which should enable researchers to discover the resistance genes that could be transferred to high yielding seedless varieties. Wherever possible, the products of the Consortium are placed in the public domain and any new varieties developed as a result of the Consortium's work are intended for dissemination to smallholder farmers.

The present decade has seen a situation where in fewer and fewer farmers are feeding more and more people. Given this scenario, in the production of new crop varieties it is essential that these are suited to grow under sustainable practices relating to soil conservation and water usage and at the same time maximize yield. A partnership between farmers and producers with scientists is required to design new cultivars and this design so developed can then be passed to technologists who can then develop these cultivars using most appropriate biodiversity and biotechnology which can then be transferred back to the farmer. It is this joint co-operation between the various stake holders that can meet the biological as well as social challenges associated with banana cultivation.

# നീർത്തട അധിഷ്ഠിത സ്പേഷ്യൽ പ്ലാനിംഗ് സാദ്ധ്യതകളും പരിമിതികളും

ഡോ. ജോസ് ചാത്തുകുളം

കേരളത്തിൽ ഇന്ന് വ്യാപകമായി ചർച്ചചെയ്യപ്പെടുകയും നടപ്പാക്കുവാൻ ശ്രമിച്ച് വരുകയും ചെയ്യുന്ന ഒന്നാണ് നീർത്തട വികസന പദ്ധതികൾ. വിവിധ സർക്കാർ ഏജൻസികൾ, പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ എന്നിവർ ഈ രംഗത്ത് പ്രവർത്തിച്ച് വരുന്നു. എന്നിരുന്നാലും ഉദ്ദേശിച്ചതരത്തിലുള്ള പ്രവർത്തനങ്ങൾ നടക്കാത്തതുമൂലം ഇത് വേണ്ടത്ര ഫലപ്രദമാകുന്നില്ല എന്നതാണ് വസ്തുത.

കേരളത്തിൽ ഇപ്പോൾ മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പു പദ്ധതിവരെ നീർത്തട വികസന പദ്ധതി തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ വേണം നടപ്പാക്കുവാൻ എന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഇത് എത്രത്തോളം ശാസ്ത്രീയമായാണ് തയ്യാറാക്കുന്നത് എന്ന് പരിശോധിക്കുന്നത് ഉചിതമായിരിക്കും.

നീർത്തട വികസന പദ്ധതിയുടെ മുഖ്യമായ ഉദ്ദേശം മണ്ണ്, ജലം, പ്രകൃതിസമ്പത്ത് എന്നിവയുടെ സംരക്ഷണമാണ്. നീർത്തട വികസന പദ്ധതി തയ്യാറാക്കുന്നതിനുവേണ്ടി ആദ്യം ചെയ്യേണ്ടത് നീർത്തടം വേർതിരിക്കുക എന്നുള്ളതാണ് ഇങ്ങനെ നീർത്തടം വേർതിരിച്ച് കഴിഞ്ഞാൽ ഈ നീർത്തടത്തിലെ മണ്ണിന്റെ തരം, ഭൂമിയുടെ ചെരിവ്, നീർച്ചാലുകൾ, ജലസ്രോതസ്സുകൾ, കാർഷികവിളകൾ, മൃഗസമ്പത്ത് എന്നിവ പ്രത്യേകം പ്രത്യേകം മാപ്പുകളിൽ അടയാളപ്പെടുത്തേണ്ടതുണ്ട്. ഇനിനു വേണ്ടി സർക്കാർ സ്ഥാപനങ്ങളിൽ നിന്നും കഡസ്ട്രിൽ മാപ്പ്, കൊണ്ടൂർമാപ്പ്, ഡ്രെയ്നേജ് മാപ്പ് തുടങ്ങിയവയുടെ കോപ്പികൾ ലഭ്യമാക്കേണ്ടി വരും. ഇത്തരത്തിൽ മാപ്പ് ചെയ്തതിനുശേഷം പ്രശ്നങ്ങൾ വേർതിരിച്ച് പഠിച്ചതിനുശേഷം വേണം ഓരോ സ്ഥലങ്ങളിലും വേണ്ട ഇടപെടലുകൾ എന്തൊക്കെയാണെന്ന് നിശ്ചയിക്കുവാൻ.

എന്നാൽ അപ്പോൾ നടപ്പാക്കിവരുന്ന നീർത്തട വികസനപദ്ധതികളിൽ സമഗ്രവും ശാസ്ത്രീയവുമായ സർവ്വേയുടെ അടിസ്ഥാനത്തിലാണോ നടപ്പാക്കുന്നത് അങ്ങനെയല്ല എന്നതാണ് സത്യം. പഞ്ചായത്തുകൾ പദ്ധതി നടപ്പാക്കുമ്പോൾ വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് പദ്ധതികൾ നടപ്പാക്കുകയായിരിക്കും ചെയ്യുന്നത്. മറ്റ് സർക്കാർ ഏജൻസികളും സന്നദ്ധസംഘടനകളും മറ്റു ചില പരിഗണനകളുടെ അടിസ്ഥാനത്തിലായിരിക്കും പദ്ധതി നടപ്പാക്കുന്നത്. ചുരുക്കത്തിൽ കേരളത്തിൽ നീർത്തടവികസന പദ്ധതി നടപ്പാക്കുന്നുണ്ടെങ്കിലും അതിന്റെ ഫലം ലഭിക്കുന്നില്ല എന്നതാണ് സത്യം.

നീർത്തട വികസനപദ്ധതി നല്ലരീതിയിൽ നടപ്പാക്കുന്നതിനായി ഒരു വിശദമായ പദ്ധതി രൂപീകരണം ആവശ്യമാണ്. (Detailed Project Report) ഇതിനായി വിവിധ തരത്തിലുള്ള മാപ്പുകൾ ഉപയോഗിച്ച് നിലവിലുള്ള സ്ഥിതി വിലയിരുത്തി വേണം ഇടപെടൽ നിർദ്ദേശങ്ങൾക്ക് രൂപം നൽകേണ്ടത്. അതുപോലെ തന്നെ പദ്ധതികൾ നടപ്പിലാക്കുമ്പോൾ റിഡ്ജ് ടു വാലി (മുകളിൽ

നിന്ന് താഴേയ്ക്ക്) അതനുസരിച്ച് വേണം പദ്ധതി നടപ്പാക്കുവാൻ.

കേരളത്തിലെ നീർത്തട പദ്ധതികൾ വേണ്ടത്ര വിജയിക്കാത്തതിന് പ്രധാനകാരണം ശാസ്ത്രീയമായ സർവ്വേയുടെ അഭാവവും പദ്ധതി നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന മറ്റ് ചില പരിഗണനകളുമാണ്. പദ്ധതികൾ നടപ്പാക്കുന്നതിന് നേതൃത്വം നൽകേണ്ടവർക്കും ഇതിന്റെ ഗുണഭോക്താക്കളാകേണ്ട പൊതുജനസമൂഹത്തിനും നീർത്തടത്തെക്കുറിച്ചു വേണ്ടത്ര ഗ്രാഹ്യം ഇല്ലാത്തത് പദ്ധതി പരാജയപെടുന്നതിനുള്ള പ്രധാനകാരണങ്ങളിൽ ഒന്നാണ്. അതുപോലെ തന്നെ പദ്ധതി രൂപീകരണം നടത്തുമ്പോൾ എളുപ്പത്തിൽ ചെയ്യാവുന്നതായ പദ്ധതികൾ മാത്രമാണ് ഏറ്റെടുക്കുന്നത്. റിഡ്ജ് ടു വാലി തത്ത്വം പിൻ തുടരുന്നില്ല എന്നത് പരാജയത്തിന് പ്രധാനകാരണങ്ങളിൽ ഒന്നാണ്. പദ്ധതി നടത്തിപ്പിലുള്ള ശാസ്ത്രീയ സമീപനത്തിന്റെ അഭാവമാണ് പരാജയത്തിനുള്ള മറ്റൊരു കാരണം. സർവ്വേനടത്തിപ്പിലേയ്ക്കായി സർക്കാർ വകുപ്പുകളിൽ നിന്ന് ലഭിക്കേണ്ട മാപ്പുകൾ ലഭിക്കുന്നില്ല എന്നത് ഒരു വസ്തുതയാണ്. അതേപോലെ തന്നെ സർവ്വേ നടത്തി വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന് വേണ്ടത്ര പരിജ്ഞാനമുള്ള സ്ഥാപനങ്ങളുടെ അഭാവവും ഉണ്ടെന്നുള്ളത് വസ്തുതയാണ്. പ്രകൃതിസംരക്ഷണത്തിന് വേണ്ടത്ര പരിഗണന നൽകികാണുന്നില്ല. ചുരുക്കത്തിൽ നീർത്തട പദ്ധതികൾ വിജയിക്കാത്തതിനുള്ള പ്രധാന കാരണം അതു സംബന്ധിച്ച അറിവിന്റെ അഭാവവും സർവ്വേ നടത്തി പദ്ധതി രൂപീകരിക്കുന്നതിൽ വരുന്ന പാകപ്പിഴകളുമാണ്. ഭൂമിയിലെ ഓരോ ഇഞ്ച് സ്ഥലവും ഒരു നീർത്തടത്തിൽ അല്ലെങ്കിൽ മറ്റൊരു നീർത്തടത്തിൽ ഉൾപ്പെടണം എന്നുള്ളത് വസ്തുതയാണ്. ഇവിടെ ഒരു നീർത്തടം പഞ്ചായത്തിന്റെ ഒന്നിൽ കൂടുതൽ വാർഡിലോ അല്ലെങ്കിൽ ഒന്നിലധികം പഞ്ചായത്തിലോ ഉൾപ്പെട്ടെന്നു വരാം. അങ്ങനെ വരുമ്പോൾ വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതിച്ച് പദ്ധതി നടപ്പാക്കുന്നത് നീർത്തട പദ്ധതി പരാജയപ്പെടുന്നതിന് ഇടയാകും. അതുപോലെ തന്നെ പൊതുജനസമൂഹത്തിന് പദ്ധതിയിൽ നിന്നുള്ള ധനസഹായം വളരെ വേഗം ലഭിക്കുന്ന ഗുണഫലങ്ങൾക്കുമാണ് താല്പര്യം. ഇതും പദ്ധതി പരാജയപ്പെടുവാനുള്ള മറ്റൊരു പ്രധാനകാരണമാണ്. ആയതിനാൽ നീർത്തട പദ്ധതിക്ക് നേതൃത്വം നൽകുന്നവർക്കും പൊതു ജനസമൂഹത്തിനും നീർത്തടം സംബന്ധിച്ച് വേണ്ടത്ര പരിജ്ഞാനം ലഭ്യമാക്കിയാൽ മാത്രമേ നീർത്തടപദ്ധതികൾ ഫലപ്രാപ്തിയിൽ എത്തിക്കുന്നതിന് സാധിക്കുകയുള്ളു. കേരളത്തിന്റെ ജൈവസമ്പത്തും, ജൈവവൈവിധ്യവും പരിഗണിക്കുമ്പോൾ ശാസ്ത്രീയമായി നീർത്തട വികസന പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കേണ്ടത് അത്യന്താപേക്ഷിതമാണ് എങ്കിൽ മാത്രമേ പരിസ്ഥിതി സംരക്ഷണവും കാർഷികമേഖലയുടെ അഭിവൃദ്ധിയും സാധ്യമാവുകയുള്ളൂ. അതുപോലെതന്നെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലേക്ക് ഇപ്പോൾ നിലവിലുള്ള തിരഞ്ഞെടുപ്പ് രീതി മാറ്റി ആനുപാതികപ്രാതിനിധ്യ രീതിയിലുള്ള തിരഞ്ഞെടുപ്പ് നടപ്പാക്കുകയാണെങ്കിൽ അത് നീർത്തട അടിസ്ഥാനത്തിലുള്ള സ് പെഷ്യൽ പ്ലാനിംഗിന് സഹായകമായിരിക്കും.

# PERFORMANCE AND FUTURE STRATEGIES FOR PRODUCTIVITY ENHANCEMENT OF CROSSBRED CATTLE IN KERALA

**Dr K Anilkumar**

*Associate Professor and Head, Livestock Research Station, Thiruvazhamkunnu, Palghat*

The performance of crossbred cattle of Kerala over the past five decades is reviewed . The average annual increase in 305 day milk yield of crossbred cows of the state was found to be around 5-10 Kg, which is accounting an increment of less than 30ml daily production per year. It is estimated that an increase of one liter in average daily milk yield will need more than 30 years if the current pace of improvement is maintained.

The reasons for the low rate of improvement of milk production of crossbred cattle of Kerala are listed as the consequence of fixing of exotic inheritance by *interse* mating which is scientifically wrong. Another reason for this may be the scientific and technological shortfalls in selection. More over the absence of a viable and scientific monitoring mechanism is hindering the natural checking processes. The rationale behind the same agency to be producer, evaluator and marketer is questionable.

It is suggested to conduct studies on economics and performance of crossbred cattle of the state. An evaluation of current selection process is the need of the hour. A scientific body should be formed without administrators to evaluate the current system and to point out the lacunas of the present system. A task force to suggest the remedial measures is suggested.

An alternative crossbreeding programe for the state is suggested with establishment of bull mother herds, elite herds, and indigenous cow herds. All the breeding bull mothers used in the state should be of *Bos taurus* and the sire of breeding bulls should be *Bos indicus*. The topcrossing of the population with 50% crossbred bulls will result in fixing of the exotic inheritance of the cattle population to the most optimum 50% level. Breeding bulls of $F_1$ should be progeny tested and genetic scan can be used to give an idea about the genetic worth of the animals. For reducing the generation interval, techniques like MOET can be employed. The selection, culling, recording, evaluation and record keeping should be done by a team of animal breeders, preferably with defined responsibilities for the team leaders.

The use of Holstein semen in the commercial dairies need be practiced; the small holder systems need alternative breeding strategies. Improvement of indigenous genetic groups of the state is the need of the hour.

# IMPROVING RUMINANT PRODUCTION POTENTIAL OF KERALA - AN ANIMAL BREEDING PERSPECTIVE

**Dr. K.C. Raghavan**

***Professor, Centre for Advanced Studies in Animal Breeding and Genetics College of Veterinary and Animal Sciences, Mannuthy***

In cattle, the present average production of a crossbred animal is less than seven litres and if this can be increased to 10 litres, the milk requirement of the state can be met. It has already been seen that increasing the exotic blood level will not help in increasing milk production. Also, the import of heavy breeds will not have an advantage especially because the fodder base of the state is shrinking. The available good genetic stock, with an exotic inheritance level of 50-75%, should be tested on a large scale in farmers' flocks. This progeny testing programme which is implemented in limited scale in the state now has to be expanded. The main problem is the expense involved. Costs can be substantially reduced by using part lactation records and prediction of yield. The progeny tested bulls should be used on a large scale in farmers' flocks or for the production of more young bulls for testing. Sustainable increase in productivity of dairy animals can be attained only by systematic selection and progeny testing. Though high tech farms have demonstration value and can be taken up by farmers who are able to invest more, our primary concern should be the ordinary farmers. Along with food security livelihood security should be our slogan.

In small ruminant production, especially of goats, we have excellent germplasm. Our Malabari goats are highly prolific and selected animals have excellent growth rate and reasonably good milk yield. We should use identified animals from this group on our local population and improve it. Past experience shows that import of exotic breeds will not result in any sustainable improvement in overall productivity.

Nowadays many farmers are going into buffalo farming and our main programme in this area is grading up with world's best germplasm - Murrah. This programme, being implemented by the Department of Animal Husbandry, is already under way. Here also, utmost care should be taken in selection of good germplasm.

So the breeding strategy for livestock in Kerala should focus on progeny testing and selection in cattle, selective breeding in goats and upgrading in buffaloes.

Any germplasm needs proper environment for its expression. Environment includes feeding, management, housing and health cover. Moreover, those farmers who have left animal husbandry activities should be brought back to this field.

# EMERGING NEED FOR DEVISING LOW COST MILK PROCESSING MACHINERIES FOR KERALA

**Dr. P. Sudheer Babu,**
*Associate Professor ( Dairy Engineering),*
*Kerala Agricultural University Dairy Plant, Mannuthy, Thrissur*

Dairying is an important source of subsidiary income to small and marginal farmers and agricultural laborers of Kerala. Being a balanced food, it is an essential part of the diet of the children and invalids. The changing food habits of the people have increased the demand for milk and milk products. As per the recommendations, the per capita consumption of milk will be 240 gm/ day, which means that the 333 lakh people of Kerala needs 79.92 lakh liters of milk per day. It is estimated that the State's production of milk during 2007 was only 58 lakh liters per day. The demand production gap is nearly 22 lakh liters, which is being met by milk-import from neighboring States by Milma as well as by private traders.

Out of 58 lakh litres of milk produced within the State, the organized sector handles only 18 percent. The rest is marketed either directly by the producer or vendor in the unorganized sector. It is noteworthy to observe that, most of the private entrepreneurs of Kerala are sourcing milk from the neighboring states primarily due to the lack of availability of sufficient quantity of milk from a limited area of collection. At the same time , milk surpluses ranging from 500 to 2000 litres of milk per day is available in selected pockets. But, the minimum feasible capacity for the installation of a milk pasteurization plant is 10,000 LPD.Few of the entrepreneurs and milk societies are selling milk in chilled and packed form, even though , it is considered as non-standard. More over there is the criticism regarding the perishability of the product. Thus the farmers in such pockets are finding it difficult to find market for their surplus, as they are unable to reach wider geographical locations.. This is acting as a major hurdle in the dairy development of Kerala.

The major draw backs of the existing industrial systems of milk processing can be detailed as under.

1. The present type of HTST module can be used only by large scale operators.
2. The system aims at centralized collection and processing, which in turn causes additional transportation and distribution expenses. As we are collecting milk from scattered production units, inward transportation cost of the raw material also goes up.
3. In Indian conditions, the dairy operators are working on a meager margin on a per liter basis of milk processing. Even though the cold chain is supposed to be maintained during the transportation of the pasteurized milk, more

than 90 % of the product is transported in non-refrigerated trucks. This may lead to spoilage complaints of the market. In order to mask the acidity development and reduce the spoilage, chemical additions are also reported.

Thus there is the need and necessity to device a low capacity, low cost system for the pasteurization of milk. Moreover scientific methods have to be developed for the fresh milk delivery in urban and semi-urban markets.

# PROSPECTS OF POULTRY PRODUCTION IN KERALA

**Dr.P.A.Peethambaran,**
*Professor, Department of Poultry Science, College of Veterinary and Animal Sciences, Kerala Agricultural University, Mannuthy*

Poultry production has largely been a backyard enterprise in Kerala. However, the number of birds reared under backyard system is declining drastically every year due to the increase in urbanization and consequent reduction in the availability of scavenging area for poultry in homesteads. The consumer base for poultry products in the State is exceptionally high. It is considered as the strength and opportunity in the sector. Domestic poultry production in households is weak and centered as 'family units'. At present, the demand for egg and poultry meat in Kerala is largely being catered by neighboring States.

Commercialization of poultry production in Kerala can be promoted in selected areas. To ensure food safety and nutritional security in Kerala, we need to strengthen our backyard system in rural areas by introducing poultry biodiversity in households. Conservation of desi fowl germplasm is highly significant. Commercial layer and broiler units have to be supported to meet the demand of urban and semi-urban markets. Some guidelines for revival of backyard and commercial poultry enterprise are reviewed here.

The availability of improved variety of cross bred chicks suitable for backyard rearing has to be ensured through public and private nurseries and breeder units. Self Help Groups like Kudumbasree have to be encouraged to take up these activities. Simultaneously, popularization of 'desi' fowl varieties in households is to be emphasized. These varieties can be hatched out using broody hens. This will facilitate the propagation organic models of free range chickens avoiding the need of artificial incubation. Breeder units of desi fowls can be maintained as a separate stream, for future exploitation

Homested cages or multiple bird cages with three or four commercial egg type hens can be promoted in selected households. For this purpose, quality feed is to be supplied in 2-5 kg packing. Moreover, ensure availability of grown-up chicks. This system can be advised in homested cages, in families having small land holdings. This will ensure supply of fresh wholesome eggs to urban and semi-urban areas.

If sufficient land area is available, with elevated poultry housing, automation can be practiced and thereby commercial layer/broiler breeder units will be successful in Kerala also. Recently, broiler production faced increased chick

costs, are the biggest problems faced by broiler units. Live bird marketing has to be replaced with wholesome 'chilled poultry' units will ensure sustained profits guaranteeing safe meat to consumers. Mini 'slaughter units' under an organized sector can handle wastes more efficiently and the post slaughter waste pollution can be minimized in the State.

Quail production is enterprising for a large majority of small scale farmers. It is profitable round the year. These farmers have problems in purchasing and fabricating scientifically designed cages. A mechanism for 'quail cage fabrication' for constant and immediate supply has to be planned. Indigenous ducks of Kerala, the Kuttanad ducks have very high potential. The demand for broiler duck meat is also high in major cities in Kerala in spite of its higher costs. Availability of quality ducklings of Kuttanad, Vigova and White Pekin breeds and its crosses is limited. Presently, the farmers are highly constraint to get good quality ducklings and its feed.

Kerala has a very fragile ecosystem. We have to strike a balance between the environmental concern and livelihood security of farmers. There is an urgent need to revise the pollution regulations with respect to poultry farming in the State. It is necessary to have laboratory for analysis of feeding materials, water and products like egg and meat produced at different regions. Organic poultry production and the extensive use of poultry manure for agriculture operations are to be supported heavily. Other avian species like Turkey, Guinea fowl, Goose and Emu can be produced intensively in selected few locations by the support of LSGs.

# കടൽമത്സ്യബന്ധന മേഖല : വിഭവം, പരിപാലനം, പരിസ്ഥിതി

**ഡോ. എ. ബിജുകുമാർ,**
*അക്വാട്ടിക് ബയോളജി, ഫിഷറീസ് വിഭാഗം, കേരളസർവ്വകലാശാല*

ഉല്പാദനക്ഷമതയേറിയ തീരക്കടൽ സമ്പന്നമാക്കുന്ന കേരളത്തിന്റെ കടൽ മത്സ്യബന്ധന മേഖല രാജ്യത്തിന്റെ മൊത്തം കടൽമത്സ്യോൽപ്പാദനത്തിന്റെ 20 ശതമാനത്തിലേറെ സംഭാവന നൽകുകയും എട്ടുലക്ഷത്തിലേറെ മത്സ്യത്തൊഴിലാളികളുടെ ഭക്ഷ്യസുരക്ഷ, പോഷകസുരക്ഷ, സാമ്പത്തികസുരക്ഷ എന്നിവ ഉറപ്പുവരുത്തുകയും ചെയ്യുന്നു. ആധുനിക മത്സ്യബന്ധനരീതികൾ രാജ്യത്ത് ആദ്യമായി പരീക്ഷിക്കുകയും നടപ്പിലാക്കുകയും ചെയ്ത തീരദേശ സംസ്ഥാനങ്ങളിലൊന്നായ കേരളത്തിൽ തന്നെയാണ് പ്രമുഖ മത്സ്യഗവേഷണകേന്ദ്രങ്ങളും പ്രവർത്തിക്കുന്നത്. സമുദ്രജൈവവൈവിധ്യം ഏറെയുള്ള തീരക്കടലിൽ വാണിജ്യപ്രാധാന്യമുള്ള ഏതാനും ജൈവജാതികളെയും മത്സ്യവിഭാഗങ്ങളെയും ആശ്രയിച്ച് ഏതാണ്ട് തീരക്കടലിൽ മാത്രം കേന്ദ്രീകരിച്ച് മത്സ്യബന്ധനം നടക്കുമ്പോൾ ഉണ്ടാകുന്ന അമിത സമ്മർദ്ദമാണ് മത്സ്യങ്ങളുടെ സുസ്ഥിരമായ ലഭ്യത ഉറപ്പുവരുത്തുന്നതിലുണ്ടാവുന്ന പ്രധാന വെല്ലുവിളി. കമ്പോളവൽക്കരണത്തിന്റെയും ആഗോളവൽക്കരണത്തിന്റെയും പ്രതിഫലനങ്ങൾ കടൽ മത്സ്യബന്ധനമേഖലയിലും പ്രകടമാകുമ്പോൾ മത്സ്യബന്ധനത്തിലൂടെ ലഭിക്കുന്ന വരുമാനവും യാനങ്ങളുടെയും മത്സ്യബന്ധന സാമഗ്രികളുടെയും ഉടമസ്ഥാവകാശവും ഏതാനും സ്ഥാപനങ്ങളിലും വ്യക്തികളിലുമായി പരിമിതപ്പെടുന്നതിനുപുറമെ മത്സ്യവിതരണത്തിലും, പരമ്പരാഗതമായി വിഭവങ്ങൾ പങ്കുവയ്ക്കുന്നതിലുണ്ടായിരുന്ന സാമൂഹ്യനീതിക്കും മാറ്റങ്ങൾ സംഭവിക്കുകയും വിഭവങ്ങളുടെ അമിതചൂഷണത്തിന് വഴിതെളിക്കുകയും ചെയ്തിട്ടുണ്ട്. അതിനാൽ തന്നെ സംസ്ഥാനത്ത് മറ്റു വിഭാഗങ്ങളെക്കാൾ സാമൂഹ്യമായും സാമ്പത്തികമായുമുള്ള പിന്നാക്കാവസ്ഥ കടൽ മത്സ്യത്തൊഴിലാളി സമൂഹത്തിൽ പ്രകടമായി കാണാനാവും. മലിനീകരണം, ആവാസവ്യവസ്ഥാനാശം, കാലാവസ്ഥാമാറ്റം, തീരക്കടലിലെ അതിപോഷകത്വവും വിഷ ആൽഗകളുടെ ജനസംഖ്യാ വർദ്ധനവും അശാസ്ത്രീയമായ തീരദേശ വികസന പദ്ധതികൾ സൃഷ്ടിക്കുന്ന സമ്മർദ്ദങ്ങൾ തുടങ്ങിയവ കടൽമത്സ്യ ബന്ധന മേഖല നേരിടുന്ന മറ്റുപ്രശ്നങ്ങളാണ്. കൂടാതെ തീരത്ത് ഇരപിടിയന്മാരായ മത്സ്യങ്ങളുടെ ലഭ്യതയിൽ ഉണ്ടായിരിക്കുന്ന ഏറ്റക്കുറച്ചിലുകളും, ഏട്ട, ആയിരംപല്ലി, സ്രാവ് തുടങ്ങിയ കടൽ മത്സ്യങ്ങളുടെ ലഭ്യതയിൽ കഴിഞ്ഞ രണ്ട് ദശാബ്ദങ്ങളിൽ ഉണ്ടായിരിക്കുന്ന കുറവും അമിത മത്സ്യബന്ധനം യാഥാർത്ഥ്യമാകുന്നതിന്റെ സൂചകങ്ങളായി കണക്കാക്കാം.

നിലവിൽ കടൽ മത്സ്യബന്ധനങ്ങളിലെ നിയന്ത്രണങ്ങൾ പ്രധാനമായും ട്രോളിംഗ് നിരോധനത്തിലായി പരിമിതപ്പെടുന്ന അവസ്ഥയാണുള്ളത്. റംഗ്സീനുകളും, കുറ്റിവലകളും സുസ്ഥിര മത്സ്യലഭ്യതയിൽ സൃഷ്ടിക്കുന്ന പ്രശ്നങ്ങളും യാനങ്ങളുടെ എണ്ണത്തിൽ അനിയന്ത്രിതമായി തുടരുന്ന വർദ്ധനവും മത്സ്യബന്ധന ഉപകരണങ്ങളുടെ അളവിലും പ്രയോഗത്തിലും വന്നിട്ടുള്ള

മാറ്റങ്ങളും അശാസ്ത്രീയമായ മത്സ്യബന്ധന രീതികൾ സൃഷ്ടിക്കുന്ന വെല്ലുവിളികളും സുസ്ഥിരമത്സ്യലഭ്യതയ്ക്ക് ഭീഷണികൾ സൃഷ്ടിക്കുന്നുണ്ട്. ഒപ്പം വാണിജ്യ പ്രാധാന്യമുള്ള മത്സ്യ വിഭവങ്ങൾക്കൊപ്പം വൻതോതിൽ ലഭ്യമാകുന്ന 'ബൈകാച്ച്' കുറച്ചുകൊണ്ടുവരേണ്ടതും അനിവാര്യമാണ്. മൂല്യാധിഷ്ഠിത ഉല്പന്നങ്ങളുടെ നിർമാണവും വിതരണവും വികേന്ദ്രീകൃതമായി നടപ്പിലാക്കേണ്ടതിന്റെയും മത്സ്യത്തൊഴിലാളികളുടെ തൊഴിൽ സുരക്ഷയും ജീവിതസുരക്ഷയും ഉറപ്പാക്കാനുള്ള പദ്ധതികൾ ഏകോപിപ്പിക്കേണ്ടതിന്റെ ആവശ്യകതയും ഒപ്പം മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തുല്യവേതനം ലഭ്യമാക്കേണ്ടതിന്റെ ആവശ്യകതയും പ്രബന്ധത്തിൽ ചർച്ച ചെയ്യുന്നു. ആഴക്കടൽ മേഖലയിൽ നിന്നുള്ള മത്സ്യബന്ധനം വ്യാപകമാക്കാനും കടൽക്കൃഷി വാണിജ്യാടിസ്ഥാനത്തിൽ നടപ്പിലാക്കാനുമായി കൂടുതൽ മനുഷ്യവിഭവശേഷി സൃഷ്ടിച്ചെടുക്കേണ്ടതും അനിവാര്യമാണ്. സഹകരണമേഖലയുടെയും പൊതുമേഖലയുടെയും കൂടുതൽ മുതൽ മുടക്കും പൊതുസ്വകാര്യ പങ്കാളിത്തവും ഈ മേഖലയിൽ അനിവാര്യമാണ്. ദേശീയ തൊഴിലുറപ്പു പദ്ധതിയും മറ്റു ദേശീയ പദ്ധതികളും തീരപ്രദേശത്ത് ഫലവത്തായി നടപ്പിലാക്കേണ്ട മാർഗ്ഗങ്ങളും പ്രബന്ധം വ്യക്തമാക്കുന്നു.

കടൽമത്സ്യവിഭവ സംരക്ഷണത്തിനും മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യഉന്നതിക്കുമായി മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശങ്ങൾ ഇവയാണ്. (1) വ്യക്തമായ സ്ഥിതി വിവരക്കണക്കുകളുടെ ആവശ്യകത (2) സുസ്ഥിരമത്സ്യബന്ധനം, (3) മത്സ്യബന്ധന നിയന്ത്രണങ്ങളുടെ ഫലവത്തായ നടപ്പാക്കൽ (4) സമഗ്ര ജലപരിഷ്കരണ നയം (5) മത്സ്യത്തൊഴിലാളികൾക്ക് തൊഴിലുറപ്പിനും മറ്റ് തൊഴിലുകൾ കണ്ടെത്തുന്നതിനുമുള്ള സംരംഭങ്ങൾ (6) സമഗ്ര തീരദേശ സംരക്ഷണനയം (7) സമുദ്രസംരക്ഷിത മേഖലകൾ (8) ബോധവൽക്കരണ പരിപാടികൾ (9) പങ്കാളിത്ത വികസന പദ്ധതികൾ (10) ആവാസവ്യവസ്ഥയെ ആധാരമാക്കിയുള്ള മത്സ്യബന്ധനം.

സാമ്പത്തികവികസനം, സാമൂഹ്യവികസനം, പാരിസ്ഥിതിക വികസനം എന്നിവയ്ക്ക് ഊന്നൽ നൽകിയുള്ള സുസ്ഥിരവികസന പദ്ധതികൾ മത്സ്യമേഖലയുമായി ബന്ധപ്പെടുത്തി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയും ലോകഭക്ഷ്യ കാർഷിക സംഘടന (FAO) മുന്നോട്ടുവച്ചിട്ടുള്ള ഉത്തരാവദിത്ത മത്സ്യബന്ധനനയങ്ങൾ ആവാസവ്യവസ്ഥയെ ആധാരമാക്കി പ്രയോഗത്തിൽ വരുത്തുമ്പോഴുണ്ടാകുന്ന നേട്ടങ്ങളും പ്രബന്ധത്തിൽ വ്യക്തമാക്കുന്നു.

# കേരളത്തിന്റെ മത്സ്യമേഖലയുടെ അവസ്ഥയും പ്രാധാന്യവും

പി. രാജു എക്സ്. എം.എൽ.എ

സംസ്ഥാനത്തിന്റെ മത്സ്യമേഖലയുടെ ഇന്നത്തെ അവസ്ഥയും, പ്രാധാന്യവും, നേരിടുന്ന പ്രശ്നങ്ങളും മുന്നിൽ കണ്ടു കൊണ്ട് പുതുതായി ഒരു മത്സ്യമേഖലാ വികസന നയം രൂപീകരിക്കേണ്ടതുണ്ട്. ഇതിനായി ഈ മേഖലയിൽ നിലവിലുള്ള വിവിധങ്ങളായ പ്രശ്നങ്ങളെക്കുറിച്ച് ആഴത്തിൽ പഠിക്കുകയും മനസ്സിലാക്കുകയുമാണ് അടിസ്ഥാനപരമായി ചെയ്യേണ്ടത്.

കേരളത്തിന്റെ സമ്പദ്ഘടനയിൽ പ്രമുഖമായ പങ്കു വഹിക്കുന്ന ഒരു ഉല്പാദന മേഖലയാണ് മത്സ്യമേഖല. സംസ്ഥാന വരുമാനത്തിന്റെ ഏകദേശം 3 ശതമാനം മത്സ്യമേഖലയുടെ സംഭാവനയാണ്.

ഈ മേഖലയുടെ നിലനിൽപിനാധാരമായ പ്രകൃതി വിഭവങ്ങളാണ് ജലസ്രോതസ്സുകൾ, മത്സ്യ സമ്പത്തിനാധാരമായ ജലസ്രോതസ്സുകളും അവ പ്രദാനം ചെയ്യുന്ന മത്സ്യാവാസ വ്യവസ്ഥകളും മത്സ്യസമ്പത്തും ഇവയെ ആശ്രയിച്ചു ജീവിക്കുന്ന മനുഷ്യരുമാണ് മത്സ്യമേഖലയിലെ അടിസ്ഥാന വിഭവങ്ങൾ. 2.5 ലക്ഷത്തോളം വരുന്ന മത്സ്യ ത്തൊഴിലാളികളുടെയും 10 ലക്ഷത്തോളം വരുന്ന അവരുടെ കുടുംബാംഗങ്ങളുടെയും മത്സ്യമേഖല യിൽ തൊഴിലെടുക്കുന്ന 1.5 ലക്ഷത്തോളം വരുന്ന അനുബന്ധത്തൊഴിലാളികളുടെയും 5 ലക്ഷത്തോളം വരുന്ന അവരുടെ കുടുംബാംഗങ്ങളുടെയും ഉപജീവനത്തിനുള്ള ആശ്രയം ഈ മത്സ്യമേഖല മാത്രമാണ്.

കേരളത്തിൽ ഏതാണ്ട് 85 ശതമാനത്തില ധികം ആളുകൾ മത്സ്യം കഴിക്കുന്നവരാണ്. കേരളത്തിന്റെ ആഭ്യന്തര ഉപയോഗത്തിന് മാത്ര മായി പ്രതിവർഷം കുറഞ്ഞത് 6 ലക്ഷം ടൺ മത്സ്യം ആവശ്യമാണ്. ആഭ്യന്തര ആവശ്യത്തിന് ആവശ്യമായിട്ടുള്ളത്ര മത്സ്യം സംസ്ഥാനത്ത് ഉല്പാദിപ്പിക്കുവാൻ കഴിയുന്നില്ല.

590 കിലോമീറ്റർ നീളമുള്ള കേരളത്തിന്റെ തീരത്തോട് ചേർന്നുകിടക്കുന്ന കടലിന്റെ വിസ്തൃതി 39159 ചതുരശ്ര കിലോമീറ്ററാണ്. കേരളത്തിന്റെ ഭൂപ്രദേശത്തോളം തന്നെ വിസ്തൃ തമായ ഈ കടൽ പ്രദേശത്തെ മത്സ്യ വിഭവ ശേഷി 7.51 ലക്ഷം ടണ്ണാണ്. ഈ കടൽ പ്രദേ ശത്തു നിന്നും കേരളം പ്രതിവർഷം ഏതാണ്ട് 5.51 ലക്ഷം ടൺ മത്സ്യം പിടിച്ചെടുക്കുന്നുണ്ട്. പിടിച്ചെടുക്കാവുന്ന മത്സ്യസമ്പത്തിന്റെ പരമാവധിയാണ് ഇത് എന്നു അനുമാനിക്കുന്നു. ഈ അമൂല്യ സമ്പത്ത് വരും തലമുറകൾക്ക് കൂടി പ്രയോജനപ്പെടുന്ന ഒരു രീതിയിൽ കടലിന്റെ ആവാസവ്യവസ്ഥ സംരക്ഷിച്ചു കൊണ്ട് സ്ഥായി യായി നിലവനിർത്തിക്കൊണ്ടുപോകേണ്ടത് നമ്മുടെ കടമയാണ്.

കേരളത്തിന്റെ ഉൾനാടൻ ജലസ്രോതസ്സുകൾ നിരവധിയാണ്. ഇവയിൽ നിന്നു ലഭിക്കുന്ന മത്സ്യ സമ്പത്തും ഇവ പ്രദാനം ചെയ്യുന്ന മത്സ്യോല്പാ ദന സാദ്ധ്യതകളും വളരെ വലുതാണ്. എന്നാൽ കേരളത്തിലെ ഉൾനാടൻ സ്രോതസ്സുകൾ 50 ശത മാനത്തിലധികം മത്സ്യേതര പ്രവർത്തനങ്ങൾ

ക്കായി നശിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നാണ് ചില കണക്കുകൾ സൂചിപ്പിക്കുന്നത്. ഇത് മത്സ്യ മേഖലയുടെ വളർച്ചയെ തടസ്സപ്പെടുത്തുന്നു.

2000-ാമാണ്ടിൽ ഫിഷറീസ് വകുപ്പ് നടത്തിയ സർവ്വെ പ്രകാരം 25000 ഹെക്ടർ വിസ്തൃതി വരുന്ന 46300 ചെറുകുളങ്ങളും 2800-ലധികം വിസ്തൃതി വരുന്ന 850 ൽ പരം ചിറകളും 1620 ഹെക്ടർ വിസ്തൃതിയുള്ള 9 തടാകങ്ങളും 85000 ഹെക്ടർ വിസ്തൃതി വരുന്ന 53 ജലസംഭരണികളും 8 ചെക്ക്ഡാമുകളും മറ്റ് നിരവധി ചെറു ജലാശയങ്ങളും ചേർന്നതാണ് കേരളത്തിൽ ഇന്നവശേഷിക്കുന്ന ശുദ്ധജല സ്രോതസ്സുകൾ. അതുപോലെ തന്നെ 65200 ഹെക്ടറിലധികം വരുന്ന ഓരുജല പ്രദേശങ്ങളും 46000 ഹെക്ടറിലധികം വരുന്ന 53 കായലുകളും 13000 ഹെക്ടറോളം വിസ്തൃതി വരുന്ന ഓരുജല പാടശേഖരങ്ങളും മറ്റു നിരവധി ചെറു ജലാശയങ്ങളും കേരളത്തിന്റെ തീരപ്രദേശത്തെ 53 കായലുകളും ചേർന്നതാണ് കേരളത്തിന്റെ ഓരുജല സ്രോതസ്സുകൾ. ഈ ജലസ്രോതസ്സുകൾ ഒരു കാരണവശാലും നശിക്കാതെ സംരക്ഷിക്കേണ്ടത് കേരളത്തിന്റെ മത്സ്യ മേഖലയുടെ നിലനിൽപിനു തന്നെ അത്യാവശ്യമായ ഒന്നാണ്.

കേരളത്തിലെ ജലാശയങ്ങളിലെ മത്സ്യ സമ്പത്ത് സംരക്ഷിക്കുന്നതിന് മത്സ്യബന്ധന പരിപാടികളിൽ കാതലായ മാറ്റം ഉണ്ടാകണം - നിയന്ത്രണം വരുത്തണം. ജലശ്രോതസ്സുകളുടെ സംരക്ഷണം - മത്സ്യ സമ്പത്ത് സംരക്ഷണം നിയന്ത്രിത മത്സ്യബന്ധനം എന്നിവ ഉറപ്പാക്കുന്ന സംവിധാനങ്ങൾ സജ്ജമാക്കേണ്ടിയിരിക്കുന്നു. തീരപ്രദേശത്തെ സംരക്ഷിക്കുന്നതിനും തീരപ്രദേശത്ത് മത്സ്യബന്ധനവുമായിട്ട് ജീവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും - തീരപ്രദേശം ആകെ തന്നെ ടൂറിസത്തിന്റെ മറവിൽ ഹോട്ടലുകൾക്കും - റിസോർട്ടുകൾക്കുമായി ഉപയോഗപ്പെടുത്തുന്നതും തടയുവാൻ നിയമപരമായ സംവിധാനം ഉറപ്പാക്കണം.

ഉൾനാടൻ ജലാശയങ്ങളും കായലുകളും മലിനമാക്കുന്നതും - കയ്യേറ്റങ്ങൾ നടത്തുന്നതും തടയുവാൻ നിയമം ഉണ്ടാവണം. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട മുഴുവൻ ജലാശയങ്ങളുടെയും സംരക്ഷണം ഉറപ്പാക്കുവാനും നിയമം അത്യന്താപേക്ഷിതമാണ്. സർവ്വോപരി മത്സ്യസമ്പത്തിന്റെയും ജലാശയങ്ങളുടെയും സംരക്ഷണവും മത്സ്യ മേഖലയിലെ വിവധങ്ങളായ തൊഴിൽ എടുക്കുന്നവരുടെ സംരക്ഷണം ഉറപ്പാക്കിക്കൊണ്ട് പോകുന്നതിനുള്ള ശക്തമായ നിയമങ്ങളെക്കുറിച്ചുള്ള ചർച്ചകൾ ഉയർത്തിക്കൊണ്ടുവരുന്നതിനും നടപടിയുണ്ടാവണം.

# ഉൾനാടൻ മത്സ്യ മേഖലാ വികസനം

**ഡോ. പി.മധുസൂദനൻ പിള്ള**
*പ്രൊഫസർ, മഹാത്മാ ഗാന്ധി കോളേജ്,തിരുവനന്തപുരം*

കേരള സമ്പത്ത് ഘടനയിലെ ഒരു സുപ്രധാന കണ്ണിയാണ് മത്സ്യമേഖല . ഇതിൽ ഉൾനാടൻ മത്സ്യ മേഖലയുടെ പങ്ക് നിർണ്ണായകമാണെങ്കിലും സാധ്യതയ്ക്കനുസരിച്ച് വികസിക്കാൻ ഈ മേഖലയ്ക്ക് കഴിഞ്ഞിട്ടില്ല. ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ സാമ്പത്തിക ജീവിത സൂചികകളിൽ ഇത് പ്രതിഫലിക്കുന്നുണ്ട്. കടൽ മത്സ്യ ലഭ്യത കുറഞ്ഞു വരുന്ന സാഹചര്യത്തിൽ ഉൾനാടൻ മത്സ്യമേഖലാ വികസനത്തിലൂടെ മത്സ്യ ലഭ്യത വർദ്ധിപ്പിക്കണമെന്നത് പരക്കെ അംഗീകരിക്കപ്പെട്ട വസ്തുതയാണ്. എന്നാൽ കേരളത്തിന്റെ ഉൾനാടൻ ജല സമ്പത്തിന്റെ വൈവിധ്യമാർന്ന സാധ്യതകൾ സംബന്ധിച്ച് നിരവധി ഗവേഷണ പഠനങ്ങൾ നടന്നിട്ടുണ്ടെങ്കിലും അനുയോജ്യമായ ഒരു പരിസ്ഥിതി സൗഹൃദ വികേന്ദ്രീകൃത മത്സ്യ കൃഷി സമ്പ്രദായം ഇനിയും ഉരുത്തിരിഞ്ഞു വരേണ്ടിരിക്കുന്നു.

65000 ഹെക്ടർ ഓരു ജലാശയങ്ങളും 30,000 ഹെക്ടർ ജലസംഭരണികളും 85,000 ഹെക്ടർ നദീ ജല പ്രദേശങ്ങളും 55,000 ഹെക്ടർ കുട്ടനാടൻ പാടശേഖരങ്ങളുമാണ് നമ്മുടെ ഉൾനാടൻ മേഖലയുടെ നട്ടെല്ല്. ഇവയ്ക്ക് പുറമേ കോൾ നിലങ്ങളും , പൊക്കാളിനിലങ്ങളും കുളങ്ങളുമെല്ലാം ഈ മേഖലയെ സമ്പുഷ്ടമാക്കുന്നു. എന്നാൽ ഉൾനാടൻ മേഖലയുടെ അനന്തമായ വികസന സാധ്യതകളുമായി തട്ടിച്ചു നോക്കുമ്പോൾ നാം ഉല്പാദിപ്പിക്കുന്ന മത്സ്യം വളരെ തുച്ഛമാണെന്നു കാണാം . ഇതിന്റെ സിംഹ ഭാഗവും ലഭിക്കുന്നത് മത്സ്യ ബന്ധനത്തിലൂടെയാണെന്നതു നമ്മുടെ മത്സ്യ കൃഷിയുടെ വികസനത്തിന്റെ ദൗർബല്യം വ്യക്തമാക്കുന്നുണ്ട് .

വികേന്ദ്രീകൃത ആസൂത്രണ സംവിധാനം വിജയകരമായി ആവിഷ്കരിച്ചു നടപ്പാക്കിയ സംസ്ഥാനമെന്ന നിലയിൽ ഉൾനാടൻ മേഖലയിൽ പല സുപ്രധാന ഇടപെടലുകളും കേരളം നടത്തിയിട്ടുണ്ട് . സാമൂഹ്യ മത്സ്യ കൃഷി, ജനകീയ മത്സ്യ കൃഷി , മത്സ്യ കേരളം പദ്ധതി എന്നിവ അവയിൽ ചിലതു മാത്രം. അനുയോജ്യമായ പദ്ധതികൾ സാർവ്വത്രികമാക്കി, ഉൾനാടൻ മത്സ്യമേഖലയുടെ സമ്പൂർണ്ണവും സുസ്ഥിരവുമായ വികസനം സാധ്യമാക്കാനുള്ള വിശദമായ കർമ്മ പരിപാടികൾ അതീവ ജാഗ്രതയോടെ രൂപപ്പെടുത്തേണ്ടതുണ്ട് .

ഓരു ജലമത്സ്യ കൃഷിയുടെ വമ്പൻ സാധ്യതകളും ചെറുകിട, വൻകിട ജലസംഭരണികളിലെ മത്സ്യ കൃഷിയ്ക്കു നിലനിൽക്കുന്ന ചില്ലറ സാങ്കേതിക തടസ്സങ്ങളും, പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞാൽ നമ്മുടെ ഉൾനാടൻ മേഖലയ്ക്ക് നവോന്മേഷം പകർന്നു നൽകാൻ കഴിയും. ഒപ്പം ഉൾനാടൻ മത്സ്യ ഗ്രാമങ്ങളിൽ വസിക്കുന്ന പ്രാന്തവൽകൃത മത്സ്യ തൊഴിലാളി സമൂഹത്തിന്റെ ഉന്നമനത്തിനാവശ്യമായ കൂടുതൽ പദ്ധതികളും ആവിഷ്കരിക്കേണ്ടതാണ്.

ഈ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ സംവിധാനങ്ങളായ ശുദ്ധജല / ഓരു ജല മത്സ്യ കൃഷി വികസ ഏജൻസികളും , മത്സ്യഫെഡും, മത്സ്യ വികസന വകുപ്പുമെല്ലാം വരും വർഷങ്ങളിൽ ഉൾനാടൻ മേഖലയ്ക്ക് കൂടുതൽ പ്രാധാന്യം

നൽകി നിലവിലുള്ള പിന്നോക്കാവസ്ഥ പരിഹ രിക്കേണ്ടിരിക്കുന്നു.

100 ലധികം തീരദേശ പഞ്ചായത്തുകളും 80 ലധികം വരുന്ന ഉൾനാടൻ പഞ്ചായത്തുകളും , സാധ്യതയുള്ള മുനിസിപ്പാലിറ്റികളും കോർപ്പറേ ഷനുകളുമെല്ലാം മത്സ്യ മേഖലാ വികസന പദ്ധ തികൾ കൃത്യമായി ആവിഷ്കരിച്ചു നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ജൈവവൈവിധ്യവും ഭക്ഷ്യ സുരക്ഷയും എന്ന മുദ്രാവാക്യത്തിന് അനുയോ ജ്യമായ രീതിയിലുള്ള ഒരു പ്രവർത്തന പരിപാ ടിയുടെ ആവശ്യകതയിലേയ്ക്ക് ഇത് വിരൽ ചൂണ്ടുന്നു. ഈ സാഹചര്യത്തിൽ കേരളത്തിന്റെ ഉൾനാടൻ മേഖലയുമായി ബന്ധപ്പെട്ട് ചിലകാ ര്യങ്ങൾ ഇത്തരത്തിൽ സംഗ്രഹിക്കാം.

– ജൈവ വൈവിധ്യ സംരക്ഷണം, പരിപാ ലനം എന്നിവ ഉറപ്പാക്കുന്ന മത്സ്യകൃഷി രീതി കൾ ആവിഷ്കരിച്ചു നടപ്പാക്കുക.

– കേരളത്തിന്റെ ഉൾനാടൻ മത്സ്യ മേഖലാ വികസന പഠനത്തിന് പ്രാധാന്യം നല്കുന്ന തര ത്തിൽ മത്സ്യ മേഖലാ സർവ്വകലാശാലയുടെ പാഠ്യപദ്ധതി രൂപീകരിച്ച് ഇടപെടൽ ശക്തമാ ക്കുക

– പരിസ്ഥിതി സൗഹൃദ വികേന്ദ്രീകൃത മത്സ്യ കൃഷിയ്ക്ക് അനുയോജ്യമായ മിനി വിത്തുല്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കുകയോ നിലവിലുള്ളവയെ വൈവിധ്യവൽക്കരിക്കുകയോ ചെയ്യുക . കരിമീൻ, പൂമീൻ തിരുത ആറ്റുകൊ ഞ്ച്, ഞണ്ട്, കക്ക എന്നിവയുടെ വിത്തുല്പാദനം വർദ്ധിച്ച തോതിൽ ആരംഭിക്കുക.

– ഉൾനാടൻ മത്സ്യ മേഖലാ വിഭവ വിവര ശേഖരം പ്രാദേശിക വികസന കാഴ്ചപാടോടെ രൂപപ്പെടുത്തുക, നിലവിലുള്ളവ പ്രയോഗ സൗഹൃദ രൂപത്തിലാക്കുക.

– പ്രാദേശിക തല മത്സ്യ മേഖലാ വൈദഗ്ധ്യ ലഭ്യത വർദ്ധിപ്പിക്കുക.

– നൂതന കൃഷി രീതികളിൽ കർഷകർക്ക് സമ യോചിതമായ പരിശീലനവും തൊഴിലുറപ്പ് പദ്ധതി യിലൂടെ വർദ്ധിച്ച സഹായവും ലഭ്യമാക്കുക.

– ഉൾനാടൻ മത്സ്യ വിഭവ ശോഷ ണത്തിന്റെ മുഖ്യകാരണമായ ഏറ്റം / ഇറക്കം കെട്ടൽ കർശനമായി തടയുകയും പങ്കാളിത്ത മത്സ്യ വിഭവ പരിപാലനം ശക്തിപ്പെടുത്തു കയും ചെയ്യുക.

– അഴി / പൊഴിമുഖങ്ങൾ മത്സ്യ സാങ്കേ തങ്ങളായി പ്രഖ്യാപ്പിക്കുകയും കണ്ടൽ വനങ്ങൾ പുനസൃഷ്ടിയ്ക്കുകയും ചെയ്യുക .

വൈദ്യുതി, വനം, മത്സ്യം തദ്ദേശ ഭരണം എന്നീ വകുപ്പുകൾ സംയുക്തമായി ഉൾനാടൻ മത്സ്യ മേഖലാ പദ്ധതികൾ ആവിഷ്കരിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുക.

– വിത്തുല്പാദനം, കൃഷി, വായ്പാ ലഭ്യത, വിപ ണനം എന്നിവ ഉറപ്പാക്കുന്ന പദ്ധതികൾ ഉൾനാടൻ മേഖലയിലും ഗൗരവമായി നടപ്പാക്കുക.

– ഉൾനാടൻ മേഖലയുടെ പ്രധാന പ്രശ്ന ങ്ങളായ അമിത മത്സ്യ ചൂഷണം, വലകളുടെ എണ്ണം നിയന്ത്രിക്കാൻ, ജലമലനീകരണം കണ്ടൽകാടുകളുടെ നാശം, കായൽ കയ്യേറ്റം എന്നിവയിൽ ഉചിതമായ നടപടികൾ സ്വീകരി ക്കുക.

ഉൾനാടൻ മത്സ്യ മേഖലയുമായി ബന്ധ പ്പെട്ട ഏതാനും പ്രശ്നങ്ങളും സാധ്യതകളും മാത്രമേ ഇവിടെ സൂചിപ്പിച്ചിട്ടുള്ളൂ. വിശദമായ ചർച്ചകളുടെ അടിസ്ഥാനത്തിൽ സുചിന്തി തവും, അനുയോജ്യവുമായ ഒരു വികസന പരിപ്രേക്ഷ്യം രൂപികരിക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്.

# നീർത്തടാധിഷ്ഠിത വികസനാസൂത്രണം ഉത്തരവാദിത്വ സന്നദ്ധ സാമൂഹ്യ പാങ്കാളിത്തം

**ആർ ശിവരാജൻ**

*(ചെയർമാൻ, ഗ്രാമീണപഠനകേന്ദ്രം, കരകുളം)*

തദ്ദേശ ഭരണസ്ഥാപനങ്ങളെ നിയാമക കേന്ദ്രങ്ങളായി ചുമതലപ്പെടുത്തിക്കൊണ്ട് രാജ്യത്തിനാകെ മാതൃകയാകും വിധം വികേന്ദ്രീകൃതാസൂത്രണത്തിനും തുടർന്ന് ദേശീയ തൊഴിലുറപ്പ് പദ്ധതിക്കും നിർവ്വഹണഅവസരം കണ്ടെത്തിയ സംസ്ഥാനമാണ് കേരളം. എന്നാൽ പ്രായോഗികമായ ഒട്ടേറെ പരിമിതികളും പ്രതിബന്ധങ്ങളും നിലനിൽക്കുന്നുണ്ട്. യാന്ത്രികവും സാങ്കേതജബിലവുമായ രൂപപ്പെടുത്തൽ, കേവല അംഗീരപണത്തിനപ്പുറം നിർവ്വഹണ ക്ഷമതയില്ലായ്മ തുടങ്ങിയ പരിമിതികളും നിലവിലുണ്ട്. ഇത് മറികടക്കാൻ നീർത്തട മാസ്റ്റർ പ്ലാൻ രൂപീകരണം, സ്ഥലമാനആസൂത്രണം, പ്രയോഗിക നടത്തിപ്പ്, സാമൂഹ്യാവലോകനം എന്നിവയിൽ നിർണായക പിന്തുണ നല്കാൻ കഴിയുന്ന സ്വയംസന്നദ്ധവും തദ്ദേശിയവുമായ സാമൂഹ്യ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും പിന്തുണ ഉറപ്പാക്കേണ്ടതുണ്ട്. അതിനായി താഴെ ചേർക്കുന്ന ഘടകങ്ങൾ പരിഗണിക്കപ്പെടണം.

- ചട്ടങ്ങൾ, ഉത്തരവുകൾ, മാർഗനിർദ്ദേശങ്ങൾ എന്നിവയുടെ യാന്ത്രികമായ നിർവ്വഹണത്തിന് പകരം അവ പ്രായോഗികവും ജനകീയവുമായി പാലിക്കപ്പെടുന്നു എന്ന് ഉറപ്പിക്കാൻ സന്നദ്ധ സാമൂഹ്യ സംഘടനാ പിന്തുണ സഹായകമാകും.
- പദ്ധതികളുടെ ആസൂത്രണത്തിലും നടത്തിപ്പിലും ഇന്നുളള ഉദ്യോഗസ്ഥാപരമായ വിമുക്തയും അപര്യാപ്തതയും ജനപ്രതിനിധികളുടെ വൈദഗ്ദ്ധ്യപരിമിതികളും മുറിച്ചുകടക്കാൻ സന്നദ്ധ സാമൂഹ്യ സംഘടനാ പിന്തുണ അനിവാര്യം.
- മാസ്റ്റർ പ്ലാൻ രൂപീകരണത്തിന്റെ സാങ്കേതികവും ധനശാസ്ത്രപരവുമയ പൂർണതയ്ക്ക് സന്നദ്ധ സാമൂഹ്യ സ്ഥാപന പിന്തുണ സഹായകമാകും.
- രൂപപ്പെടുന്ന പദ്ധതികളുടെ സ്ഥായിയായ നിലനില്പ്, തുടർച്ച, പരിഷ്കരണം എന്നിവയ്ക്കും ഇത്തരം വിദഗ്ദ്ധസേവനം അനിവാര്യമാണ്.
- നീർത്തടാകാസൂത്രണം, സ്ഥലമാനാസൂത്രണം എന്നിവയുടെ പ്രായോഗികനടത്തിപ്പ് സംബന്ധിച്ച് ജനകീയബോധവല്കരണം, സാമൂഹ്യപശ്ചാതലത്തിലമൊരുക്കൽ, ജനകീയ നിർവ്വഹണസംവിധാന രൂപീകരണം, അവലോകന നടത്തിപ്പ് എന്നിവയ്ക്കും സന്നദ്ധസാമൂഹ്യ പിന്തുണ അനിവാര്യം.
- നീർത്തതട- സ്ഥലമാന ആസൂത്രണത്തിൽ പ്രയോജനപ്പെടുത്തുന്ന നൂതന- സാങ്കേതിക രീതിശാസ്ത്ര ലഭ്യതയ്ക്കും വ്യാപനത്തിനും ഇത്തരം പിന്തുണസഹായകമാകും.
- സുതാര്യത, പൗരാവകാശം, സാമൂഹ്യഓഡിറ്റ്, പരാതിപരിഹാരം എന്നിവയുടെ പാലനത്തിനും സന്നദ്ധസാമൂഹ്യ സംഘടനാ പിന്തുണ സഹായകമാകും.

- ഗുണഭോക്തൃ സമിതിരൂപീകരണം പദ്ധതിമാനേജ്മെന്റ്, വിപുലീകരണം എന്നിവയിലും ഇത്തരം പിന്തുണപ്രയോജനപ്പെടുത്താനാകും.
- മാസ്റ്റർപ്ലാൻ രൂപപ്പെടുത്തുന്നതിന് മുമ്പും രൂപീകരണ ഘട്ടത്തിലും, നടത്തിപ്പിലും ആവശ്യമായി വരുന്ന പരിശീലനം, തുടർപരിശീലനം, ശാക്തീകരണം, പ്രചാരണം എന്നിവ സാധിതമാക്കുന്നതിലും ഇത്തരപ്രസ്ഥാനങ്ങളുടെ പിന്തുണ ഉപയോഗപ്പെടുത്താനാകും.

തദ്ദേശഭരണസ്ഥാപനങ്ങളും സേവനവകുപ്പുകളും സന്നദ്ധസാമൂഹ്യ സ്ഥാപനങ്ങളും ഏകോപിപ്പിച്ചുള്ള ഉദ്യമത്തിലൂടെ മാത്രമേ ഈ പ്രവർത്തനം ലക്ഷ്യം നേടാൻ കഴിയുകയുള്ളൂ.

# മിൽമയും ക്ഷീരവിപണന പ്രവർത്തനങ്ങളും

**പി.ടി. ഗോപാലക്കുറുപ്പ്**
*ചെയർമാൻ, മിൽമ*

പാൽ ഉൽപ്പാദനത്തിൽ കേരളത്തിന്റെ സംഭാവന 2% മാത്രമാണ്. കേരളം കന്നുകാലി വളർത്തലിന് പറ്റിയ സംസ്ഥാനമായി ഒരിക്കലും കണക്കാക്കപ്പെട്ടിട്ടില്ല. ദേശീയതലത്തിൽ ആളോഹരി ഭൂമിയുടെ ലഭ്യത 0.55 ഹെക്ടർ ഉള്ളപ്പോൾ കേരളത്തിൽ ഇത് ശരാശരി 0.13 ഹെക്ടർ മാത്രമാണ്. പുൽകൃഷിയും, മേച്ചിൽ സ്ഥലങ്ങളും വളരെ കുറവാണുതാനും. എങ്കിലും പാൽ ഉൽപ്പാദനത്തിൽ ഇൻഡ്യൻ സംസ്ഥാന ങ്ങളിൽ കേരളത്തിന് 13-ാം സ്ഥാനം ഉണ്ടെന്നു ള്ളത് അഭിമാനകരമാണ്. 1980 കളിൽ മിൽമ എന്ന ബ്രാന്റിലുള്ള കേരള സഹകരണ ക്ഷീരവിപണന ഫെഡറേഷൻ നിലവിൽ വന്നതോടെ പാൽ സംഭരണം, സംസ്ക്കരണം, വിപണനം എന്നിവ ഈ കർഷക സ്ഥാപന ത്തിന്റെ മേൽനോട്ടത്തി ലാണ് നടക്കുന്നത്. 2007-08 വർഷത്തിൽ സംസ്ഥാനത്ത് പ്രതിദിനം 22.50 ലക്ഷം മെട്രിക് ടൺ പാൽ ഉൽപ്പാദിപ്പിച്ചതായി കണക്കാക്കുന്നു. 1997 മുതൽ 2007 വരെയുള്ള കാലഘട്ടത്തിൽ പ്രതിദിന പാലുൽപ്പാദനം 22.20 മെട്രിക് ടണ്ണിൽ നിന്ന് 2001-02 വർഷത്തിൽ 27.20 മെട്രിക് ടൺ വരെ വർദ്ധിച്ചുവെങ്കിലും, 2007-08 വർഷമായ പ്പോൾ 22.50 ലക്ഷം ടണ്ണായി കുറവ് വന്നു. കഴിഞ്ഞ 3 വർഷങ്ങളിൽ പാലുൽപ്പാദനം സാവധാനം വർദ്ധിച്ചു വരുന്നതായും കണക്കു കൾ സൂചിപ്പിക്കുന്നു. പ്രതിദിന പാലുൽപ്പാദന സാന്ദ്രത, ദേശീയ ശരാശരി സ്ക്വയർ കിലോ മീറ്ററിൽ 91 കിലോഗ്രാം മാത്രമായിരിക്കെ കേരളത്തിൽ ഇത് പ്രതിദിനം 232 കിലോഗ്രാം ആണെന്നത് അഭിമാനകരമാണ്. 2007-08 വർഷത്തിൽ കേരളത്തിൽ 8.3 ലക്ഷം കുടുംബ ങ്ങളിൽ കറവമാടുകളെ വളർത്തുന്നതായി കണക്കാക്കിയിട്ടുണ്ട്.

കേരളത്തിൽ പ്രതിദിനം ഉൽപ്പാദിപ്പിക്കുന്ന 60 ലക്ഷം ലിറ്റർ പാലിൽ 30 ലക്ഷം ലിറ്റർ ഗ്രാമ ങ്ങളിൽ ഉപഭോഗം ചെയ്യപ്പെടുന്നതായും 30 ലക്ഷം ലിറ്റർ വിപണനം ചെയ്തു വരുന്നതായും 2007 ലെ കണക്കുകൾ വ്യക്തമാക്കുന്നു. 10.3 ലക്ഷം ലിറ്റർ പാൽ സഹകരണ മേഖലയിലും 2.7 ലക്ഷം ലിറ്റർ പാൽ സ്വകാര്യ മേഖലയിലും 17 ലക്ഷം ലിറ്റർ പാൽ അസംഘടിത മേഖലയിലും വിപണനം ചെയ്യപ്പെടുന്നതായി കണക്കാക്കുന്നു. കേരളത്തിൽ മിൽമ 3000 ത്തിൽ പരം ക്ഷീരസഹകരണ സംഘങ്ങളിലൂടെ പ്രതി ദിനം 8 ലക്ഷം ലിറ്റർ പാൽ സംഭരിക്കുന്നു. പ്രതി ദിനം മിൽമ 11 ലക്ഷം ലിറ്റർ പാൽ സംസ്ഥാനത്ത് വിൽപ്പന നടത്തുന്നുണ്ട്. തിരുവനന്തപുരം, എറണാകുളം, മലബാർ എന്നീ 3 മേഖലാ യൂണിയനുകളാണ് പാൽ സംഭരണവും വിപണ നവും നടത്തുന്നത്. വിപണനത്തിന് അധികം ആവശ്യമായി വരുന്ന 3 ലക്ഷം ലിറ്റർ പാൽ കർണാടക, തമിഴ്നാട് സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്നു. ജനുവരി മുതൽ മെയ് വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ പാൽ ഉൽപ്പാദനവും സംഭരണവും വീണ്ടും കുറയു കയും കൂടുതൽ പാൽ അന്യസംസ്ഥാനങ്ങളിൽ

നിന്ന് വാങ്ങേണ്ടി വരികയും ചെയ്യും. എങ്കിലും സംസ്ഥാനത്തിന് ആവശ്യമായ പാലിന്റെ 75%ത്തോളം ഇവിടെ ഉൽപ്പാദിപ്പിക്കാനാകുന്നത് സന്തോഷകരമാണ്.

പാലിന്റെ ആവശ്യകത വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ പാൽ സംഭരണ സംസ്ക്കരണ വിപണന മേഖലകളിൽ ഊർജ്ജിതമായ പ്രവർത്തനങ്ങളും മൂലധന നിക്ഷേപവും ആവശ്യമാണ്. സംസ്ഥാനത്തെ ജനസംഖ്യയുടെ 26%, അതായത് ഏകദേശം 87 ലക്ഷം ജനങ്ങൾ പട്ടണപ്രദേശങ്ങളിൽ താമസിക്കുന്നു. 2020-ാം ആണ്ടോടെ മിൽമയുടെ പാൽ വിപണനം നിലവിലുള്ള 11 ലക്ഷം ലിറ്റർ പാലിൽ നിന്നും 25 ലക്ഷം ലിറ്ററായി വർദ്ധിപ്പിക്കേണ്ടി വരുന്നതാണ്. മിൽമ നിലവിൽ സംഭരിക്കുന്ന പാൽ ഗ്രാമപ്രദേശങ്ങളിൽ വിൽപ്പനക്ക് ലഭ്യമായ പാലിന്റെ ഏകദേശം 36% മാണ്. സംസ്ഥാനത്ത് പ്രതിദിനം 10.2 ലക്ഷം ലിറ്റർ പാൽ സംസ്ക്കരിക്കുന്നതിനും 8.2 ലക്ഷം ലിറ്റർ പാൽ തണുപ്പിക്കുന്നതിനും (ചില്ലിംഗ്) മിൽമയുടെ പ്ലാന്റുകളിൽ സൗകര്യമുണ്ട്. ഫെഡറേഷന്റെ കീഴിൽ പ്രതിദിനം 600 മെട്രിക് ടൺ കാലിത്തീറ്റ ഉൽപ്പാദിപ്പിക്കാവുന്ന കാലിത്തീറ്റ ഫാക്ടറികൾ മലമ്പുഴയിലും തുറവൂരിലും പ്രവർത്തിക്കുന്നുണ്ട്. സർക്കാർ ഉടമസ്ഥതയിലുള്ള കേരള ഫീഡ് ഫാക്ടറിയിൽ പ്രതിദിനം 500 മെട്രിക് ടൺ തീറ്റയും ഉൽപ്പാദിപ്പിക്കുന്നു. പുല്ലിന് കേരളത്തിൽ അതിരൂക്ഷമായ ദൗർലഭ്യം നേരിടുന്നുണ്ട്.

The list of biotechnological appliications, is very lengthy. It includes recombinant DNA technology, genetic modification of animals, modified micro organisms, gene testing, gene therapy, protein engineering, stem cell research, animal tissue culture, cloning, organ transplantation, etc have opened new vistas but geneticall Modified Organisms (GMOs) and many medical procedures raise a number of ethical, moral, societal and environmental concerns. The major producers of GM foods and products hold controversial policies on the issue and even most of the time thje WTO has to internene against controvsersial policies of the producers of GM foods.

As far as India is concerned, it has a vlear biolechnology policy. Notable achievements have been made by activiteies coordicated under the Department of Biolechnology, that has been constituted under the Ministry of Science and Technology in 1986. But the country has taken disappointing stances in some issues affecting agriculture, industry and peoples' health. The banning of Endosulfan, the protection given to, Union Carbide India Limited in connection with Bhopal tragedy, the drecent shocking call inthje Climate change Ongerence at Cancun, the proposed seed bill and bill on Bt Brinjal and other GMOs, etc are examples for the above. The Educatinally forward state Kerala, has given no due condideration to the other sectors like agriculture, industry, health, etc. Framing a suitable biotechnology policy allocating adequate budgetary provision, establishing biotechnological research and development centres, instituting strict regulatory system to prevent unsafe and unethical practices, products and services developing qualified manpower with clear policy and vision etc are inevitable gor the biolechnological developments in the state.

Agriculture is an area where the state has to become self-reliant. while taking stringent steps against the large scale reclamation of agricultural land, governments's direct involvement is necessary in agriculture. Usage of traditional varieties of paddy having inherent traits and conventional breeding practices are to be encouraged. The rich and diversified gene pool is to be tapped instead of going for genetically modigied crops and organisms.Mechanisation in

all stages is necessary and application of organic manure, biofertilisers, biopesticides atc are to be encouraged. Production and stock of crop seeds to resist the corporates' control on nation's agricultural sector, through terminator seeds and other 'technologies', are very necessary. Improvement of coconut, rubber, tea, coffee, medicical plants, marine & forest resources and farm animals, along with the value enhancement of products, is necessary through safe biotechnological procedures and also conventional means. since Kerala is a densely populated state, instead of big industries, that may produce hazardous materials and pollutants, small biotech-**industrial units**, based on the natural resources are feasible to the state. Advanced technologies can be applied to unlift the traditional cottage industries, wood and husk rettings, and increase the measure and quality of the products. Due to the heightened health awareness of people and state's growing potential as a spot of medical tourism, **Health care practices and products** need to be improved. Urgent steps are to be taken to develop facilities for the molecular diagnosis of the exizting and emerging diseases and gene testings, for which state is now depending the centers of other states. While taking steps for its promotion and marketing, ayurvedic medicines and practices now available are to be subjected for stringent scientific analysis, using modern technologies, because the increasing demand is making the producers to bypass the standard protocols for their easy and speedy production. Enviornmental protection and biodiversity conservation are also important. The diversified gene pool. a major requirement for the biotechnological development, is the treasure of the state and it is to be protected from being stealthily patented by other countries and corporates because biopiracy is one of the major threat India's biodiversity is facing.

A strong and sensible biolechnology policy and its proper implementation would help make changes in all sectores, to lead the state to the **21**$^{st}$ century, which is said as the century of Biotechnology.

# വനവും ജൈവവൈവിദ്ധ്യ സംരക്ഷണവും

**ആർ.വി. വർമ്മ**

*കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ്*

വനമാണ് നമ്മുടെ ജൈവവൈവിദ്ധ്യത്തിന്റെ കലവറ. സംരക്ഷിത വനമേഖലയിലെ ജൈവവൈവിദ്ധ്യം ഒരു പരിധിവരെ സംരക്ഷിക്കപ്പെട്ടുവരുന്നുണ്ട്. എന്നാൽ സംരക്ഷിത വനമേഖലയ്ക്കു പുറത്തുള്ള ജൈവവൈവിദ്ധ്യ സമ്പുഷ്ടമായ പ്രദേശങ്ങളിലെ ജൈവവൈവിദ്ധ്യ സംരക്ഷണത്തിനും പ്രാധാന്യം നൽകേണ്ടതായിട്ടുണ്ട്. വനത്തിനോട് തൊട്ടുകിടക്കുന്ന, എന്നാൽ പലതരത്തിലുള്ള മനുഷ്യന്റെ ഇടപെടൽ കാരണം ശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്ന ജൈവ സമ്പത്ത് വീണ്ടെടുക്കാനുള്ള കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു.

മണ്ണിനടിയിൽ കാണുന്ന ജീവജാലങ്ങളും, സൂക്ഷ്മാണുക്കളും നാം അറിയാതെതന്നെ നമ്മുടെ ആവാസവ്യവസ്ഥയെ സേവിക്കുകയും മണ്ണിന്റെ ഘടനയെയും, ഫലപുഷ്ടിയെയും പരിപോഷിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഈ മണ്ണിനടിയിലുള്ള ജൈവ വൈവിദ്ധ്യത്തിന്, മണ്ണിന് മുകളിൽ കാണുന്ന ജൈവ വൈവിദ്ധ്യത്തിന്റെ അത്രയും പ്രാധാന്യം നൽകി പഠനങ്ങൾ നടത്തിയിട്ടില്ല. വൈവിദ്ധ്യമാർന്ന ഭൂവിനിയോഗ രീതികൾ, കീടനാശിനി-രാസവള പ്രയോഗങ്ങൾ എന്നിവ കാരണം മണ്ണിനെ പൊന്നാക്കി മാറ്റുന്ന ജീവികളുടെ ഇനത്തിലും, സംഖ്യയിലും ഗണ്യമായ കുറവ് വന്നുകൊണ്ടിരിക്കുകയാണ്. ഇവയെ സംരക്ഷിക്കുവാനും, അതിനുതകുന്ന അവബോധം ജനങ്ങളിൽ എത്തിക്കുവാനുമുള്ള പദ്ധതികൾ തയ്യാറാക്കണം.

കേരളത്തിലെ നദികളെല്ലാം തന്നെ പശ്ചിമഘട്ട മലനിരകളിൽ നിന്നും ഉത്ഭവിക്കപ്പെടുന്നവയാണ്. പ്രധാനപ്പെട്ട നദികളിലെ വൃഷ്ടിപ്രദേശത്തെ വനശോഷണവും ജൈവവൈവിദ്ധ്യ ശോഷണവും തടയാനും, മെച്ചപ്പെടുത്താനുമുള്ള ജനകീയ പദ്ധതികൾ ആവിഷ്ക്കരിക്കണം. വേനൽക്കാലത്തുണ്ടാകുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കാൻ ഇത് അത്യാവശ്യമാണ്.

വനപ്രദേശത്ത് കണ്ടുവരുന്ന അധിനിവേശ കളകളും ജീവികളും കേരളത്തിലെ തനത് ജൈവവൈവിദ്ധ്യത്തിന് ഉയർത്തുന്ന ഭീഷണികളെക്കുറിച്ച് പഠനം നടത്തുകയും നമ്മുടെ നാടിന്റെ ജൈവ സമ്പത്ത് നഷ്ടപ്പെടാതിരിക്കാനുള്ള മാർഗങ്ങൾ നിർദ്ദേശിക്കുകയും വേണം.

# GLOBALISATION, CLIMATE CHANGE & FOOD CRISIS

**Prof. K.P.Prabhakaran Nair**

*Senior Fellow, Alexander von Humboldt Research Foundation, The Federal Republic of Germany*

The paper attempts to redraw the agricultural map for the world, at large, which will have much specific relevance to the agriculture of Kerala State. Five points will be discussed as listed below:

1. Move towards sustainable, integrated production methods
2. Rebuild the soil and soil water
3. Deindustrialise agriculture, save energy, and retain people on the farm/land
4. Grow close by and cut international trade in agriculture
5. Cut the meat economy and change to a healthier diet

# INITIATIVES ON STUDIES ON IMPACT OF CLIMATE CHANGE - ADAPTATION & MITIGATION FOR KERALA

**J Sundaresan**

*National Institute of Science Communication And Information Resources*
*Council of Scientific and Industrial Research, New Delhi*

Global warming has been causing noteworthy changes in natural climatic variations for the last many decades. All the continents have witnessed pretentious changes in distribution of water, increasing risk of extinction of species, disproportion in the present pattern of food production, coastal inundation and health hazards. Sea level rise is one of the impending impacts of global warming. The observed sea level rise due to global warming is 3.1 mm per year. Melting of glaciers and ice gaps have resulted in 0.8 mm of sea level rise and thermal expansion of sea water has resulted in 1.6 mm sea level rise per year. UNEP report states that 1 metre sea level rise will inundate 2 223000 $km^2$ of land, will affect 145 million people and will result in an economic loss of US $ 944 billion. Asia will be worst affected by climate change. It is estimated that more than 100 million people in Asia will be affected and there will be an economic loss of US $ 400 billion due to 1 metre rise in sea level. Endemic morbidity and mortality due to diarrhoeal disease primarily associated with floods and droughts are expected to rise in East, South and South- East Asia due to projected changes in hydrological cycle.

Countries that account less than 3% of global carbon emissions are the worst affected due to climate change. The climate divide i.e. the poorest people on globe will be worst affected due to climate change, is a major issue that the international community has to face. India has a forest cover of 23.4% and has an eminence in carbon sequestration potential. However Mumbai, a major population centre and low elevated city is one of the worst affected five cities in Asia. It is expected that many extreme events like floods, droughts, tropical cyclones, heat waves and cold waves, storm surges, hail storms and thunder storms may occur in increased intensity in India due to climate change. Many such extreme climatic events have already occurred in India during the last five decades. It is estimated that during the year 1982, severe droughts have caused Rs 5,000 crores loss to the country. The amount of monsoon rainfall received in India during the year 2009 records a deficiency of 23 %.

Kerala has several natural characteristics to act as carbon sink. The carbon sequestration potential of Kerala is high. However, Kerala will

be worst affected by the impact of climate change. The fragile ecosystem of Kerala with low elevated beach, present regions below sea level, forty four smaller rivers and the 590 km long coastline with many wetland system will be extreme vulnerable due to climate change. Food security and drinking water of Kerala will be affected due to increased saline water intrusion and inundation due to sea level rise. The pole ward movement of warmer water species of plankton recorded in world oceans will reduce the fish catch and the economy of the state drastically. There are sector specific initiatives to study the climate impact studies in Kerala. However, there has been no attempt to assimilate and integrate the climate change data that is useful to planners and decision makers of the state. It is a well recognised fact that the most difficult part of adapting to climate change will be gathering data on climate change for a specific location and interpreting that data to understand possible impacts on a development activity. The present study is an attempt to develop a climate change database for impact assessment and development of Kerala. The available information in the state collected as a part of the village level resource mapping and the scientific studies initiated by various research organisations are to be utilised to develop the above database.

# POLLUTION CONTROL IN KERALA: CHALLENGES AND SOLUTIONS

**Dr.C.T. Aravindakumar**

*Professor & Dean, School of Environmental Sciences, M.G. University, Kottayam*

The vital and delicate balance of nature has been continuously threatened by human activities. Pollution is the byproduct of the development of modern technologies for the societal need. A large number of legislations adopted since 1950s worldwide to regulate various pollutions and to mitigate its adverse effects, is a clear demonstration of the vital importance of the problem. Even with all these regulations, pollution control is still an issue in most of the countries. There are three major components in tackling the issue of pollution (1) Scientific understanding of the problem (2) Viable remedies and their effective implementation (3) Public awareness. In many cases, fulfillment of these three components is hampered by many issues. While major efforts are concentrated in the management of air, water and soil pollutions, very little importance is given to *indoor pollution.*

Pollution control in the context of the state of Kerala is unique due to several reasons. The geographic features and its unique culture make the problem very complex. The widely discussed issue of endosulfan is one of the best examples of an unscientific pattern of pest-control. The state of Kerala is a hotspot for the adverse effect of climate change, due to its rich biodiversity, long sea shore, high humidity and many other factors. Possession of water wells in most of the houses in village area is again a speciality in Kerala. Many recent studies demonstrate that water wells in most of the areas are contaminated with bacteria. A decentralised waste management system is yet to be deduced. Regulations on waste management with public participation are an immediate requirement. A number of solutions which could be implemented in the Kerala context will be discussed in this paper.

# SOLID WASTE MANAGEMENT IN KERALA: WHAT IS TO BE DONE?

**V.R. Raghunandanan**

*Associate Professor, College of Dairy Science and Technology, Mannuthy.*

## Introduction

With an annual increase of 1.3% in the per capita waste generation, 3.5% increase in the urban population and consequent annual increase of 5% in the overall quantity of solid waste generation, their accumulation in human habitat has become a major public health concern (NEERE, 1996; NUSP, 2008& CPHEEO, 2010) Kerala which sustains 31.84 Million people generates roughly 2.9Million MT of MSW per annum (@8000TPD). Rural urban difference no bar, plastic rejects invariably constitute about 10% of the waste or even more and the content of the total inert material may go up to 30% in mixed wastes. Packing bio-degradable and non-biodegradable materials into one carry bag and throwing them 'somewhere' has become a deeply embedded habit throughout the state. Dumped wastes in 'marshy-wet-garden lands', flood water drains and other land-fill sites, cause the release of Methane and Carbon dioxide directly into the atmosphere. The waste sector alone contributes 3%, GHG which is equivalent to 57.7 Million MT CO2 e, of which12.7 Million MT CO2 e is due to MSW.

The Kerala Municipalities Act (1994) and Municipal Solid Waste (Management and Handling) Rules (2000) made the Local Bodies legally bound to shoulder all responsibilities for the safe disposal of MSW. However the LSGIs still are not adequately equipped to execute this. A number of agencies are at work with LSGIs in running bio-gas and composting units in different parts of the state. A shift from disposal-centric to source-centric approach is visible. Micro-organizations such as Kudumbashree, Neighbour Hood Groups etc. are largely brought into this sector and several such groups now earn their livelihood from this sector. National Urban Sanitation Policy was launched in the year 2008; following this the State Sanitation Mission started functioning, which in turn has boosted SWM activities in the state considerably. It also streamlined the path to arrive at the best choice of proven technologies.

## Failures and Reasons

Land- fills as disposal option for raw MSW is a forgone conclusion in Kerala, no doubt. But the fact that the State still remains at the take off stage of the so called better alternatives is a hard reality. The bio-processing options that are kept wide open ought to have been successful at all scales of their operation. But the ground realities tell a different story. Segregation and supervision are the key factors that still remain at the floor level. There are design failures and technical

failures, besides the pitfalls in the overall management. But the greatest failure is definitely the vacuum in civic sense to share the burden of SWM.

City waste based large units for windrow composting are unsuccessful in Kerala. Contributing factors could be many. But two of them are very critical. Excess water content in MSW during monsoon and extreme difficulty in turning huge heaps, both these contribute to anaerobic, malodorous, and process failure. The consequences are severe and multifarious. This is precisely the situation in the large-scale windrow units set up in all the cities and a few towns in Kerala. People living close to those areas can't bare this hazard any more.

Apart from over-watering and under-oxygenation other factors also contribute to process failure. Composition, characteristics and size of waste material are presently not at all reckoned in the process, mostly due to ignorance of the workers. The associated technical failure ends up often in irreversible collapse of the process. This factor is more explicit in the OAM of bio-gas units installed both at household level as well as community level. Loading of unsuitable materials into the digester and overloading leads to break down of the unit. People do not care the bio-gas units as they care their latrines.

Insufficient infrastructural facilities lead to management failure in a composting unit. Maintenance of equipments, tools and vehicles; their timely repair and replacement are not done now. Present approach of investing 'available funds' rather than 'required funds' ends up in total waste of money.

**Importance of Segregation**

Segregation is not merely a resource recovery-centric approach to SWM, but it is a necessary pre-condition to execute scientific composting. Not only that it will reduce the bulk of degradable wastes but it will also maximize compost quality and minimize composting time. Mixed wastes are both ecological as well as economical bane. Soiled plastics are hardly recyclable as such. They can be either buried in land-fills or burned in gasifiers. If anything, mixed composting can at least sterilize plastics before they are sieved off. On the other hand, storing soiled plastics as such would be highly hazardous due to microbial action. Therefore at source, segregation of recyclables warrants proper cleaning and storage preceding the weekly or biweekly sale.

**What is to be done?**

(1) Source point segregation is to be made a mandatory duty of each and every household. It should also be made a compulsory duty of all the institutions, traders and for that matter all those who need to discard wastes into public premises. Segregation shall become a way of life. A state wide campaign connecting the existing success stories in different parts of the state is required.

(2) Recyclables should be stored at source. They shall be collected from households once in a week and from other sources may be twice in a week. Collection connectivity shall be converged at LSGI level and from there linked to the recycling end. Common facility for the disposal of hazardous and toxic wastes shall be introduced. Since interim storage at source and also may be at some depot later are inevitable, the recyclables should be devoid of putrefied food residues. Those who generate the waste shall clean them on the spot. The system shall be maintained incentive-centric and rewarding. Enforce the segregation protocol under a legal framework.

(3) Discourage huge investments on built area for SWM. Encourage decentralized-units such as 1 TPD Windrow, earthworm compost and bio-digesters at household, community and

LSGI levels. Select promising targets and demonstrate results in a record time frame. Action research for developing sustainable system of segregation and collection shall be tried along with this.

(4) Compost manure should reach the farm fields. For this purpose the existing incentives in the agricultural sector such as fertilizer subsidy, bio-fertilizer subsidy, organic manure subsidy for ground nut & neem cake, INM subsidy and may be other relevant subsidies shall be linked with compost manure. This shall be brought under a legal framework. Quality control facilities shall be made available. Facilities for procurement and distribution of compost manure shall also be introduced.

(5) SWM supervisors qualified in environmental science shall be appointed in each LSGI and be brought under the proposed Green Technology Centre.

(6) KILA/ KAU/ IRTC shall run continuous training programmes to generate self employed skilled-technicians who shall be deployed in the SWM sector. Worker friendly particularly women labourer friendly tools and light duty equipments shall be introduced through an eco-tech innovation network programme.

# സാമൂഹ്യപശ്ചാത്തല സൗകര്യങ്ങൾ

# കേരളവികസനത്തിന് ആവശ്യമായ വിദ്യാഭ്യാസം

പി.കെ. ബിജു എം.പി

വിദ്യാഭ്യാസത്തിൽ ഇന്ത്യയിലെ മറ്റേതു സംസ്ഥാനത്തെക്കാളും കേരള സംസ്ഥാനം മുൻപന്തിയിലാണ്. പ്രസിദ്ധമായ കേരളവികസന മാതൃകയിൽ വിദ്യാഭ്യാസം വഹിച്ച പങ്ക് വളരെ വലുതാകുന്നു. ഇടതുപക്ഷ പ്രസ്ഥാനങ്ങളും സാമൂഹിക നവോത്ഥാന പ്രസ്ഥാനങ്ങളും തുടർന്ന് അധികാരത്തിൽ വന്ന ഇടതുപക്ഷ സർക്കാരുകളും വിദ്യാഭ്യാസ കാര്യത്തിൽ ഗൗരവമായ സമീപനം എടുത്തിരുന്നു. ഇവയൊക്കെ കേരളവികസനത്തിന് ഊർജ്ജം പകർന്നു. വർത്തമാനകാല സാഹചര്യത്തിൽ കൈവരിച്ചനേട്ടങ്ങളെ നിലനിർത്തിക്കൊണ്ടും പുതിയമേഖലകൾ വെട്ടിപ്പിടിച്ചുകൊണ്ടും മുന്നേറുന്നതിന് ദീർഘവീക്ഷണത്തോടുകൂടിയ വിദ്യാഭ്യാസം അനിവാര്യമാണ്. അതിനു സഹായകമാകുന്ന നിർദ്ദേശങ്ങൾ കേരള പഠന കോൺഗ്രസ്സിൽ വിദ്യാഭ്യാസത്തെക്കുറിച്ചു നടക്കുന്ന ചർച്ചയിൽനിന്നുരുത്തിരിയുമെന്നു വിശ്വസിക്കുന്നു.

ദേശീയതലത്തിൽ വിദ്യാഭ്യാസരംഗത്ത് ഏറെ പരിഷ്ക്കാരങ്ങൾ വരുത്താൻ കേന്ദ്രം ശ്രമിക്കുന്ന സമയമാണിത്. സ്വകാര്യ മൂലധനത്തിനു ചുവപ്പുപരവതാനി വിരിക്കുക എന്നതാണ് അവർ കൊണ്ടുവരുന്ന ഏതു പരിഷ്ക്കാരത്തിന്റയും ഉള്ളടക്കം. പ്രൈവറ്റ് – പബ്ലിക് പങ്കാളിത്തം എന്ന ഓമനപ്പേരിലാണ് വിദ്യാഭ്യാസരംഗത്ത് പല പരിഷ്ക്കാരങ്ങളും നടപ്പിലാക്കാൻ തുടങ്ങുന്നത്. അത് പൊതുനിക്ഷേപം കഴിവതും കുറച്ച് സ്വകാര്യശക്തികൾക്ക് നിയന്ത്രണം നൽകാൻ ലക്ഷ്യമിടുന്നു. യുപിഎ സർക്കാരിന്റെ സ്വകാര്യവൽക്കരണ നീക്കം ബജറ്റിലെ വിദ്യാഭ്യാസരംഗത്തിനുള്ള വകയിരുത്തൽ നോക്കിയാൽ വ്യക്തമാവും. മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ ആറു ശതമാനം വകയിരുത്തണമെന്നത് ഇക്കൂട്ടർ പരിഗണിക്കപ്പെട്ടില്ല. അതേപോലെ മൊത്തം ബജറ്റ് ചെലവഴിക്കലിന്റെ 10 ശതമാനം വിദ്യാഭ്യാസരംഗത്തിനുണ്ടാവണമെന്നതും ഈ സർക്കാർ തള്ളിക്കളഞ്ഞിരിക്കുന്നു. അധികാരത്തിൽ വരുന്നതിനു വേണ്ടി വാഗ്ദാനം ചെയ്തിരുന്ന സൗജന്യ, നിർബന്ധിത, സാർവ്വത്രിക സ്കൂൾ വിദ്യാഭ്യാസം എന്നതിന് ബജറ്റ് വകയിരുത്തൽ വേണ്ടുന്നത്രയില്ല. വിദ്യാഭ്യാസം അവകാശമായി അംഗീകരിച്ചെങ്കിലും അത് നടപ്പിലാക്കാനുള്ള തുകയും വകയിരുത്തിയിട്ടില്ല. സ്കൂൾ വവിദ്യാഭ്യാസത്തിൽ ഇപ്പറഞ്ഞതാണ് സ്ഥിതിയെങ്കിൽ ഉന്നതവിദ്യാഭ്യാസരംഗത്ത് കൂടുതൽ വകയിരുത്തലിനു പകരം വാണിജ്യവൽക്കരണം നടപ്പിലാക്കുകയാണ് ഈ സർക്കാർ. അടുത്തിടെ സർക്കാർ നടത്തിയതും നടത്താനുദ്ദേശിക്കുന്നതുമായ നിയമനിർമ്മാണങ്ങളെല്ലാം സ്വകാര്യവൽക്കരണത്തിനൂന്നൽ നൽകുന്നവയാണ്. വിദ്യാഭ്യാസരംഗത്ത് തുല്യനീതി, അവസരങ്ങൾ, മതനിരപേക്ഷത എന്നിവ ഉയർത്തിപ്പിടിക്കുന്നതിനായി ഈ സർക്കാർ നടപടിയെടുക്കുന്നില്ല. ഫെഡറൽ സംവിധാനത്തെ വെല്ലുവിളിച്ചുകൊണ്ടുള്ള നിയമനിർമ്മാണങ്ങൾ ഭരണഘടനാ ലംഘനമാണ്. വികേന്ദ്രീകരണം എന്നതിൽനിന്നുമാറി അധികാര കേന്ദ്രീകരണ പ്രവണത കേന്ദ്ര സർക്കാരിന്റെ നടപടികളിലെല്ലാം ഉൾച്ചേർന്നിരിക്കുന്നു. കേരളത്തിലെ വിദ്യാഭ്യാസ പരിവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്യുമ്പോൾ ഇത്തരത്തിലുള്ള ഒരു ദേശീയ സാഹചര്യം നിലനിൽക്കുന്നു എന്ന യാഥാർത്ഥ്യം നമ്മൾ കാണാതിരുന്നുകൂടാ.

ഹൈസ്കൂൾ തലംവരെ വിദ്യാഭ്യാസം സാർവ്വത്രികമായ നമ്മുടെ സംസ്ഥാനത്ത്, സമഗ്ര പാഠ്യപദ്ധതി രൂപീകരിച്ചത് 2007ൽ അംഗീകരിച്ച ചട്ടക്കൂടുപ്രകാരമാണ്. അതു നടപ്പിലാക്കിയതിന്റെ ഗുണ ദോഷ ഫലങ്ങൾ വിലയിരുത്തി ഹയർ സെക്കണ്ടറി തലംവരെയുള്ള മാറ്റങ്ങൾ സ്വീകരിക്കാം. സ്കൂൾ തലത്തിൽ ഇംഗ്ലീഷ് പഠനം ഗൗരവമായിക്കാണേണ്ടുന്നതാണ്, കാരണം ദേശീയ തലത്തിലുള്ള മത്സരങ്ങളിലും ജോലിക്കും മറ്റും ഇംഗ്ലീഷിലുള്ള പ്രാവീണ്യം പ്രധാനമാണ്. സർക്കാർ സ്കൂളുകളിൽ ഇംഗ്ലീഷ് പഠനത്തിനു ഊന്നലുണ്ടായാൽ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്കുള്ള അന്ധമായ പരക്കംപാച്ചിലിനെ ഒരുപരിധിവരെയെങ്കിലും തടയാൻകഴിയും. അതേസമയം ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ മലയാളഭാഷയോടുകാട്ടുന്ന വിവേചനം ഒഴിവാക്കണം. കേരളത്തിലെ എല്ലാ സ്കൂളുകളിലും മലയാളം നിർബന്ധമായും പാഠ്യവിഷയമാക്കണം. വിവര സാങ്കേതിക വിദ്യ പ്രൈമറിക്ലാസുകൾ മുതൽ പരിചയപ്പെടുത്തണം. പുത്തൻ സാങ്കേതികവിദ്യ ദുർവിനിയോഗംചെയ്യാനുള്ള പ്രവണത ഏറിവരുന്നതായി റിപ്പോർട്ടുകളുണ്ട്. മൊബൈൽഫോൺ, ഇന്റർനെറ്റ്, ടെലിവിഷൻ എന്നിവ കുട്ടികളിൽ സ്വാധീനം ചെലുത്തുന്നുണ്ട്. അവയുടെ ഗുണപരമായ അംശം ഉൾക്കൊള്ളാൻ പ്രാപ്തരാക്കുന്നതാവണം പാഠ്യപദ്ധതിയിലെ അവയുടെ പ്രയോഗം. സർക്കാർ സ്ക്കൂളുകളിൽ പൊതുവിൽ സാധാരണക്കാരുടെയും പാരശ്വവൽക്കരിക്കപ്പെട്ടവരുടെയും കുട്ടികളാണ് ഏറെയും എന്നതിനാൽ മറ്റു സിലബസിൽ പഠിക്കുന്നവരുമായി മത്സരിക്കാൻ അവരെ പ്രാപ്തരാക്കുന്നതരത്തിൽ സ്ക്കൂൾ വിദ്യാഭ്യാസം ശക്തമാക്കണം. പഠനസഹായികൾ – ഉച്ചഭക്ഷണമായാലും സാമ്പത്തിക സഹായമായാലും ശരി വ്യാപിപ്പിക്കേണ്ടതുണ്ട്. മതേതര – ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന തരത്തിലുള്ള വിദ്യഭ്യാസത്തിന് സ്കൂൾ തലത്തിൽ ഊന്നൽ ഉണ്ടാവണം. തൊഴിൽ ലഭിക്കുന്നതരത്തിലുള്ള കോഴ്സുകൾ ഹയർസെക്കണ്ടറിതലം മുതൽ തുടങ്ങുന്നത് ഭാവിയിൽ സഹായകമാവും. അക്കാദമിക ലോകം, രക്ഷകർത്താക്കൾ, പ്രദേശിക സർക്കാർ എന്നിവ സംയോജിച്ച് നാട്ടിൻപുറത്തെ സ്കൂളുകളുടെ പ്രവർത്തനം നടത്തുന്നത് പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തുന്ന ഒരു ഘടകമായിരിക്കും.

സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ ഉന്നതവിദ്യാഭ്യാസമാണ് നമുക്കുവേണ്ടത്. തുല്യനീതിയുണ്ടായാലേ ഈ രംഗത്തേക്ക് കൂടുതൽ പേർക്ക് പ്രവേശനം ലഭിക്കൂ. ഉന്നതവിദ്യാഭ്യാസം സംസ്ഥാനത്തിന്റെ ബൗദ്ധികസമ്പത്ത് വർധിപ്പാനുതകുന്നതും തൊഴിൽ സാധ്യത ഉറപ്പുവരുത്തുന്നതുമായിരിക്കണം. നിർഭാഗ്യവശാൽ സമ്പന്നർക്കുമാത്രം ഉന്നതവിദ്യാഭ്യാസം എന്നനിലയിൽ സ്വാശ്രയസ്ഥാപനങ്ങൾ വരുന്നത് ഇവിടെ പാർശ്വവൽക്കരണത്തിനിടയാക്കും. ഇതിനു ബദലായി സഹകരണ മേഖലയിൽ സ്ഥാപനങ്ങൾ തുടങ്ങാവുന്നതാണ്. അതേസമയംതന്നെ സ്വാശ്രയസ്ഥാപനങ്ങളുടെ നീരാളിപ്പിടുത്തത്തിൽനിന്നും മോചിക്കണമെങ്കിൽ പൊതുനിക്ഷേപം വർധിപ്പിക്കണം. ഗവേഷണരംഗത്ത് കൂടുതൽ മുതൽമുടക്കി മികവുറ്റതാക്കാം. അറിവിന്റെ സാമൂഹ്യവൽക്കരണത്തിന് ഊന്നൽ നൽകുന്ന പരിപാടികൾ ആവിഷ്ക്കരിക്കണം. ഉന്നതവിദ്യാകേന്ദ്രങ്ങൾ വികസനപ്രവർത്തനങ്ങളുടെ സ്രോതസ്സുകളാവുന്നതരത്തിൽ വികസിപ്പിച്ചുകൊണ്ടുവരണം.

എല്ലാവിദ്യാലയങ്ങളിലും വിദ്യാർത്ഥികളുടെ അവകാശങ്ങൾ അംഗീകരിക്കപ്പെടണം. ജനാധിപത്യ വ്യവസ്ഥ അനുവദിക്കുന്ന രാഷ്ട്രീയ പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്ന, അഭിപ്രായ സ്വാതന്ത്ര്യമുള്ള അക്കാദമിക അന്തരീക്ഷം ഉണ്ടാവുന്നത് ഭാവിക്കു മുതൽക്കൂട്ടാണ്. വിദ്യാർത്ഥികളുടെ സംഘടനാ സ്വാതന്ത്ര്യം നിലനിർത്തുന്നതിനുവേണ്ട നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാവണം. അരാഷ്ടീയവൽക്കരണം കാമ്പസുകളെ അരാജകത്വത്തിലേക്കോ, മതസംഘടനകളുടെ നിയന്ത്രണത്തിലേക്കോ, പിന്തിരിപ്പൻ സംഘങ്ങളുടെ പിടിയിലേക്കോ എത്തിക്കും. രാഷ്ട്രീയവൽക്കരിൽക്കപ്പെട്ട വിദ്യാർത്ഥികൾക്ക് സാമൂഹിക പ്രതിബദ്ധത ഏറെയാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ജനാധിപത്യ – മതേതര മൂല്യങ്ങളിൽ ഊന്നിയ സമൂഹ സൃഷ്ടിക്ക് കാമ്പസിൽ വിദ്യാർത്ഥി രാഷ്ട്രീയവും സംഘടനാ സ്വാതന്ത്ര്യവും അനുവദിക്കേണ്ടതാണ്. അതിവേഗം മാറിവരുന്ന ലോകസാഹചര്യം കണക്കിലെടുത്തുകൂടിയാവണം കേരളത്തിലെ വിദ്യാഭ്യാസ സമ്പ്രദായം രൂപപ്പെടുത്തേണ്ടത്. ബദൽവികസന പരിപ്രേക്ഷ്യത്തിന് അടിത്തറയാവണം നമ്മുടെ വിദ്യാഭ്യാസം.

# വിദ്യാഭ്യാസമേഖലയിൽ ഗുണമേന്മ വർദ്ധിപ്പിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരം നൽകണം

ആനാവൂർ നാഗപ്പൻ

വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും അദ്ധ്യാപകരെയും പി.ടി.എ-യും സംയോജിപ്പിച്ച് ഫലപ്രദമായ ഇടപെടൽ നടത്തുന്നതിൽ വലിയ ഒരളവ് മുന്നോട്ട് പോകാൻ കഴിഞ്ഞ 5 വർഷമായി ഗവൺമെന്റ് തല ഇടപെടലിന് കഴിഞ്ഞിട്ടുണ്ട്.

പൊതുവിദ്യാലയങ്ങളുടെ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തദ്ദേശസ്വയംഭരണ സ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ സഹായിച്ചിട്ടുണ്ട്. ഈ ദിശയിൽ ഇനിയും വളരെ മുന്നേറേണ്ടതുണ്ട്. എസ്.എസ്.എയ്ക്ക് വേണ്ടിയുള്ള സംസ്ഥാനവിഹിതം തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ മേഖലയിൽ തനതായ പദ്ധതികൾ നടപ്പിലാക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല. ഈ രീതിക്ക് മാറ്റമുണ്ടാകണം.

12-ാം ക്ലാസ്സ് വരെയുള്ള വിദ്യാഭ്യാസം ഒറ്റ സംവിധാനത്തിന്റെ കീഴിലാക്കണം. ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി സംയോജിപ്പിക്കുന്ന കാര്യം പരിഗണിക്കണം.

തൊഴിൽ വിദ്യാഭയസത്തിന് കൂടുതൽ പ്രാധാന്യം നൽകണം. അദ്ധ്യാപകപരിശീലനം കൂടുതൽ മെച്ചപ്പെടുത്തണം. അവധി ദിവസങ്ങളിൽ തന്നെ പരിശീലനം നൽകുന്നു എന്ന് ഉറപ്പ് വരുത്തണം. 200 അദ്ധ്യായ ദിവസങ്ങൾ പഠനം ഉറപ്പാക്കണം. എല്ലാ അദ്ധ്യാപകരും പരിശീലനത്തിൽ പങ്കെടുക്കണം എന്ന ശക്തമായ നിലപാട് ഉണ്ടാകണം. അനുയോജ്യരായ മാസ്റ്റർ ട്രെയിനർ ഉണ്ടെന്ന് ഉറപ്പ് വരുത്തണം.

അദ്ധ്യാപക പരിശീനത്തിലൂടെ നൽകുന്ന ബോധന സമ്പ്രദായം ക്ലാസ് മുറികളിൽ പ്രതിഫലിക്കുന്നുണ്ട് എന്ന് ഉറപ്പാക്കണം. ആയതിന് കർശനമായ നിരീക്ഷണത്തിനും വിലയിരുത്തലിനും വിധേയമാക്കണം.

പഠനത്തിന്റെ ഗുണനിലവാരം ഉയർത്തുവാൻ പറ്റിയ അന്തരീക്ഷം സ്കൂളുകളിൽ സംജാതമാക്കേണ്ടതുണ്ട്.

അദ്ധ്യാപകരെയും, പി.റ്റി.എയും ഒരു ടീം ആയി നയിക്കുവാൻ കഴിയണം. അതിനുള്ള കഴിവും സന്നദ്ധതയും വിദ്യാലയത്തിന്റെ പ്രഥമാദ്ധ്യാപകന് ഉണ്ട് എന്ന് ഉറപ്പാക്കണം. പഠന നിലവാരം ഉയർത്തുന്ന സ്കൂളുകൾക്കും അദ്ധ്യാപകർക്കും പ്രത്യേക ഇൻസെന്റീവ് നൽകണം.

ഒരു സ്കൂൾ കോമ്പൗണ്ടിൽ രണ്ട് മേധാവികൾ (എച്ച്.എസ്.-ഹെഡ്മാസ്റ്റർ, എച്ച്.എസ്.എസ്.-പ്രിൻസിപ്പാൾ) പല പ്രയാസങ്ങളും സൃഷ്ടിക്കുന്നുണ്ട്.

നിലവിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ക്ലസ്റ്റർ തലത്തിലും അതാത് തദ്ദേശഭരണതലത്തിലും വിദ്യാഭ്യാസസ്ഥാപന ഗുണമേന്മാ മാനദണ്ഡങ്ങൾ മുൻകൂട്ടി നിശ്ചയിക്കുകയും അതനുസരിച്ച് വിലയിരുത്തൽ നിബന്ധനകൾ വ്യവസ്ഥപ്പെടുകയും ചെയ്തുകൊണ്ട് മികച്ചവിദ്യാലയ നടത്തിപ്പിനും, അദ്ധ്യാപക സേവനത്തിനും പ്രോത്സാഹനം ഉറപ്പാക്കണം. ഇത്തരം അദ്ധ്യാപന മൂല്യനിർണ്ണയം കൂടി പരിഗണിച്ചുകൊണ്ടും, സേമവന സീനിയോ

റിട്ടി ഉൾപ്പെടെ വ്യവസ്ഥാപിത ഘടകങ്ങൾ കണക്കിലെടുത്തും പ്രധാന അദ്ധ്യാപകരുടെ യോഗ്യതാപട്ടിക രൂപപ്പെടുത്തുകയും അതിൽ നിന്ന് ഒഴിവിന്റെയും അർഹതയുടെയും അടിസ്ഥാനത്തിൽ ഹെഡ്മാസ്റ്റർ നിയമനം നടത്തുകയും ചെയ്യുന്ന രീതി അവലംബിക്കണം. രണ്ട് അക്കാദമിക് വർഷമെങ്കിലും ചുരുങ്ങിയ സേവനകാലം അവശേഷിക്കുന്നവരെ മാത്രമേ ഇത്തരത്തിൽ തസ്തികയിൽ നിയമിക്കപ്പെടുകയുള്ളു എന്നും, അല്ലാത്തവർക്ക് തുല്യഗ്രേഡ് അനുവദിച്ച് അനുകൂല്യങ്ങളുടെ പരിരക്ഷ ഉറപ്പാക്കാനും വ്യവസ്ഥപ്പെടുത്തണം.

2009-ലെ ദേശീയ വിദ്യാഭ്യാസാവകാശനിയമപ്രകാരവും, കേരള പഞ്ചായത്ത്, നഗരപാലികാ നിയമനങ്ങൾക്ക് അനുരോധമായും ഉള്ള ഭേദഗതികൾ പൊതുവിദ്യാഭ്യാസ, നിയമ-ചട്ടങ്ങളിൽ പ്രാവർത്തികമാക്കണം. ദേശീയ വിദ്യാഭ്യാസ നിയമം അദ്ധ്യായം-III വകുപ്പ് IX പ്രകാരമുള്ള അധികാരങ്ങളും ഉത്തരവാദിത്വവും തദ്ദേശസ്ഥാപനങ്ങൾക്ക് ഭരമേൽപ്പിക്കണം,

വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ആദ്യഗുണഭോക്താവ് വിദ്യാർത്ഥിയാണ്. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ അവകാശങ്ങൾ ഉറപ്പുവരുത്തികൊണ്ട് മാത്രമേ മറ്റ് എന്ത് നടപടികളും സ്വീകരിക്കാവു. ഡിപ്പാർട്ട്മെന്റും, ഗവൺമെന്റും അംഗീകരിച്ച കരിക്കുലവും ബോധന സംമ്പ്രദായവും, പരിശീലനവും ക്ലാസ്മുറികളിലെ പ്രവർത്തനവും എല്ലാം ശരിയായ രീതിയിൽ തന്നെ നടക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുവാൻ ആവശ്യമായ മോണട്ടറിംഗ് സംവിധാനത്തിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടാകണം.

# ശിശു കേന്ദ്രിത വിദ്യാഭ്യാസം-വർത്തമാനവും ഭാവിയും

**ടി.കെ. നാരായണദാസ്**

ശിശു കേന്ദ്രിത വിദ്യാഭ്യാസം എന്ന ആശയം നേരത്തെയുള്ളതാണെങ്കിലും 96-97 ൽ അന്നത്തെ കേരള സർക്കാർ പാഠ്യപദ്ധതി പുതുക്കും വരെ അധ്യാപക കേന്ദ്രിതവും പാഠപുസ്തക കേന്ദ്രിതവുമായ വിദ്യാഭ്യാസമാണ് കേരളത്തിൽ നിലനിന്നിരുന്നത്.

96-97 ൽ ആദ്യമായി വിദ്യാഭ്യാസത്തിന്റെ കേന്ദ്രമായ കുട്ടിയുടെ പ്രകൃതം പരിഗണിക്കപ്പെട്ടു. പഠനം ഒരു പ്രക്രിയയാണെന്ന് അംഗീകരിക്കപ്പെട്ടു. നിരീക്ഷണങ്ങൾ, അനുഭവങ്ങൾ, ശേഖരിക്കപ്പെട്ട വിവരങ്ങൾ എന്നിവ ക്രോഡീകരിച്ചും വിശകലനം ചെയ്തും ചില നിഗമനത്തിൽ എത്തിച്ചേരുകയും പ്രസ്തുതനിഗമനങ്ങൾ പുതിയ സന്ദർഭങ്ങളിൽ പരീക്ഷിച്ചുറപ്പിക്കുകയും ചെയ്യുന്നു. പഠനത്തിന്റെ ഈ സ്വാഭാവിക പ്രക്രിയയെ ശക്തിപ്പെടും വിധമാകണം, പഠനബോധന തന്ത്രങ്ങളെന്ന് നിഷ്കർഷിക്കപ്പെട്ടു. കുറേ വിവരങ്ങൾ കുത്തി നിറയ്ക്കലല്ല; പഠിക്കാൻ പഠിക്കലാണ് വിദ്യാഭ്യാസത്തിന്റെ ഭാഗമായി നടക്കേണ്ടതെന്ന് തീരുമാനിക്കപ്പെട്ടു.

ഇതനുസരിച്ച് ഒന്നു മുതൽ നാലു വരെ ക്ലാസുകളിലെ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും അധ്യാപകർക്കുള്ള കൈപുസ്തകവും (അധ്യാപകസഹായി) തയ്യാറാക്കപ്പെട്ടു. പരീക്ഷയ്ക്കുവേണ്ടി പഠിക്കുക എന്നതിനു പകരം മൂല്യനിർണ്ണയം പഠനത്തെ മെച്ചപ്പെടുത്താനാണെന്ന് തിരിച്ചറിയപ്പെട്ടു. വ്യാപകമായ അധ്യാപക പുന:പരിശീലനം നടന്നു. DPEP ഫണ്ടുപയോഗിച്ചാണ് സംസ്ഥാന സർക്കാർ ഈ മാറ്റത്തിന് തുടക്കം കുറിച്ചത്.

വലിയ എതിർപ്പും അധിക്ഷേപങ്ങളും ഉയർന്നുവന്നു. അധ്യാപകപരിശീലനം, രക്ഷാകർതൃയോഗങ്ങൾ തുടങ്ങിയവയിലൂടെ ശക്തമായ ബോധവൽക്കരണം നടത്തി. 7-ാം തരം വരെയുള്ള പാഠപുസ്തകങ്ങൾ പരിഷ്കരിച്ചു. സെക്കന്ററി തലം വരെയുള്ള പാഠ്യപദ്ധതി തയ്യാറാക്കി. അതനുസരിച്ച് 8-ാം തരത്തിലെ പാഠപുസ്തകങ്ങളും.

പിന്നീടുവന്ന UDF സർക്കാർ 8-ാം തരത്തിലെ പാഠപുസ്തകങ്ങൾ തുടക്കത്തിൽ മാറ്റിവെച്ചെങ്കിലും പിന്നീട് വലിയ മാറ്റമൊന്നും വരുത്താതെ ആ പാഠപുസ്തകങ്ങൾ പുന:പ്രസിദ്ധീകരിച്ചു. SSLC വരെ പാഠപുസ്തകങ്ങളും തയ്യാറാക്കി. സമീപനത്തിൽ വലിയ തോതിൽ വെള്ളം ചേർക്കപ്പെട്ടു.

പാഠ്യപദ്ധതി നവീകരണം നടന്നതിനു സമാന്തരമായി ജനകീയാസൂത്രണ പ്രക്രിയയിലൂടെ അധികാരവികേന്ദ്രീകരണം നടന്നു. വിദ്യാലയങ്ങളുടെ നടത്തിപ്പുചുമതല ഗ്രാമപഞ്ചായത്തിനും ജില്ലാപഞ്ചായത്തിനും കൈമാറിക്കിട്ടി. പ്രാദേശികഭരണസമിതികളുടെ നേതൃത്വത്തിൽ അയൽപ്പക്കസമൂഹത്തിന്റെ സജീവമായ ഇടപെടൽ വിദ്യാലയങ്ങളെ ഊർജ്ജസ്വലമാക്കി. വിദ്യാലയങ്ങളുടെ ഭൗതികസാഹചര്യങ്ങളിൽ ഗുണപരമായ മാറ്റമുണ്ടായി.

2005-ൽ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് അംഗീകരിക്കപ്പെട്ടു (NCF). 2006-07ൽ NCF ന്റെ ചുവടുപിടിച്ച കേരളപാഠ്യപദ്ധതി ചട്ടക്കൂടും (KCF) അതനുസരിച്ച് പാഠപുസ്തകങ്ങളും, അധ്യാപകസഹായികളും തയ്യാറാക്കി. പത്തു വർഷം മുമ്പ് കേരളത്തിൽ പാഠ്യപദ്ധതി നവീകരണം നടന്ന

പ്പോൾ ഉന്നയിക്കപ്പെട്ട അടിസ്ഥാന ആശയങ്ങൾ അംഗീകരിക്കപ്പെടുകയായിരുന്നു.

എന്നാൽ 96–ൽ വേണ്ടത്ര ഊന്നൽ ലഭിക്കാതിരുന്ന വിമർശനാത്മക പാഠ്യപദ്ധതി (Critical pedagogy) സമീപനം NCF കൂടുതൽ ശക്തമായി ഉന്നയിച്ചു. വിഗോട്സ്കിയുടെ സാമൂഹ്യജ്ഞാന നിർമ്മിതിവാദം, പഠനസമീപനത്തിന്റെ അടിത്തറയായി അംഗീകരിച്ചു. പ്രശ്നോന്നിത സാമൂഹ്യ സന്ദർഭങ്ങളിലാണ് പഠനം നടക്കുന്നത് എന്നു തിരിച്ചറിയപ്പെട്ടു. അതനുസരിച്ച് ചുറ്റുമുള്ള ജീവിത യാഥാർത്ഥ്യങ്ങളെ വിമർശനാത്മകമായി വിലയിരുത്തുന്നതും, ജീവിതത്തിൽ ഇടപെടുന്നതുമായ ഒരു പ്രക്രിയയായി പഠനം നിർവ്വചിക്കപ്പെട്ടു. ഇതനുസരിച്ചുള്ള പഠനസാമഗ്രികൾ, മൂല്യനിർണയോപാധികൾ, മറ്റുപഠനസാമഗ്രികൾ, അധ്യാപകസഹായികൾ എന്നിവ ആവിഷ്ക്കരിക്കപ്പെട്ടു. ഇവയുടെ അടിസ്ഥാനത്തിൽ അധ്യാപക പരിശീലന പരിപാടിയും ആവിഷ്ക്കരിക്കപ്പെട്ടു.

ഈ പാഠ്യപദ്ധതി മാറ്റത്തിന്റെയും ജനകീയ ഇടപെടലിന്റെയും ഭാഗമായി പഠനനിലവാരത്തിൽ ഗണ്യമായ പുരോഗതിയുണ്ടായി. എസ്.എസ്.എൽ.സി റിസൾട്ട് 90 ശതമാനത്തിനു മുകളിലായി സ്ഥിരപ്പെട്ടു. ASER 2009 റിപ്പോർട്ടനുസരിച്ച് ഭാഷാപഠനത്തിലും ഗണിതപഠനത്തിലും കേരളത്തിലെ കുട്ടികളുടെ പ്രകടനനില ഇന്ത്യയിലെ പൊതു ശരാശരിയേക്കാൾ ഏറെ ഉയർന്നതാണെന്ന് സ്ഥാപിക്കപ്പെട്ടു. ഗോവ, ഹിമാചൽപ്രദേശ് പോലുള്ള മൂന്നോ നാലോ സവിശേഷ സംസ്ഥാനങ്ങൾ മാത്രമാണ് കേരളത്തേക്കാൾ മുന്നിലുള്ളത്.

ശിശു കേന്ദ്രിത വിദ്യാഭ്യാസം കൂടുതൽ ഫലപ്രദമാകുന്നതിനു താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതുണ്ട്.

1. നവീകരിക്കപ്പെട്ട KCF ഉം, പാഠപുസ്തകങ്ങളും പ്രയോഗാനുഭവങ്ങളുടെ കൂടി അടിസ്ഥാനത്തിൽ നിരന്തരം നവീകരിക്കുക.
2. പ്രീ–സർവീസ് ട്രെയിനിങ്ങ് പുതിയ വിദ്യാഭ്യാസ മന:ശാസ്ത്രത്തിനും, പഠനബോധന സങ്കല്പങ്ങൾക്കും അനുസരണമായി അടിമുടി പുനരാവിഷ്കരിക്കുക. അഭിരുചി പരിശോധനയ്ക്കുശേഷം മാത്രം അധ്യാപക പരിശീലനത്തിനു തെരഞ്ഞെടുക്കപ്പെടുന്ന രീതി നടപ്പിലാക്കുക.
3. ഇൻ സർവീസ് ട്രെയിനിങ്ങ് ആവശ്യാധിഷ്ഠിതവും ഫലപ്രദവുമാക്കുക.
4. പുതിയ പാഠ്യപദ്ധതിയുടെ പ്രാധാന്യത്തെക്കുറിച്ചും നീതിശാസ്ത്രത്തെക്കുറിച്ചും, എങ്ങനെ കുട്ടികളെ സഹായിക്കാമെന്നതിനെക്കുറിച്ചും രക്ഷിതാക്കൾക്കും ധാരണയുണ്ടാകണം. അതിന് രക്ഷാകർതൃ വിദ്യാഭ്യാസം ശക്തിപ്പെടുത്തണം (അമ്മ–സഹപഠിതാവ്).
5. ശക്തമായ പിന്തുണാസംവിധാനം ആവശ്യമാണ്. ഒരു പഞ്ചായത്തിൽ ഒരു PEO (പഞ്ചായത്ത് വിദ്യാഭ്യാസ ഓഫീസർ). ഒരു ബ്ലോക്കിൽ ഒരു BEO. അതിനു മീതെ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ എന്നിങ്ങനെ പിന്തുണാസംവിധാനം വിപുലപ്പെടുത്തുകയും ഫലപ്രദമാക്കുകയും ചെയ്യുക. 'ഉപജില്ല' എന്ന പ്രവർത്തന മേഖലാ വിഭജനത്തേക്കാൾ ഫലപ്രദം ബ്ലോക്ക് ആസ്ഥാനത്തിലുള്ള മേഖലാ വിഭജനമാണ്.
6. വിദ്യാലയ ശാക്തീകരണത്തിനു സഹായകമാംവിധം വിദ്യാലയത്തിനു ചുറ്റും പഠനക്കൂട്ടങ്ങൾ സംഘടിപ്പിക്കുക. 50–60 വീടുകളിലെ മുഴുവൻ കുട്ടികളുടെയും (പ്രീ–പ്രൈമറി മുതൽ ഹയർ സെക്കന്ററി വരെ) വിദ്യാഭ്യാസ കാര്യങ്ങൾ ശ്രദ്ധിക്കുകയും ഇടപെടുകയും ചെയ്യുന്ന രക്ഷിതാക്കളുടെ കൂട്ടായ്മയാണ് പഠനക്കൂട്ടം. ഇതു വ്യാപകമാക്കാനും, സ്കൂൾ പ്രവർത്തനത്തിന്റെ ഭാഗമാക്കാനും കഴിയണം. ഗ്രാമപഞ്ചായത്താണ് ഇതു സംഘടിപ്പിക്കേണ്ടത്. ഒരു വലിയ ജനകീയ വിദ്യാഭ്യാസ പ്രസ്ഥാനമായി ഇതു മാറണം.
7. വിദ്യാഭ്യാസാവകാശ നിയമം വിഭാവനം ചെയ്ത മട്ടിൽ സ്കൂൾ പ്രവർത്തനങ്ങളിൽ ഫലപ്രദമായി ഇടപെടാൻ കഴിയുന്ന സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുക.
8. സ്കൂൾ ജനാധിപത്യവേദികളും സ്കൂൾ ജാഗ്രതാസമിതികളും എല്ലാ വിദ്യാലയങ്ങളിലും സജീവമാക്കുക.
9. പഠനമാധ്യമം മാതൃഭാഷയാക്കുക. കേരളത്തിലെ എല്ലാ വിദ്യാലയങ്ങളിലും മലയാളം നിർബന്ധിത വിഷയമാക്കുക.

# ജനാധിപത്യ വിദ്യാഭ്യാസം: ഘടനാപരമായ മാറ്റങ്ങൾ അനിവാര്യം

സി. രാമകൃഷ്ണൻ

ബ്രിട്ടീഷ് കൊളോണിയൽ ഭരണ സംവിധാനങ്ങൾ വികസിപ്പിച്ച വിദ്യാഭ്യാസ ക്രമം കേരളീയ വിദ്യാഭ്യാസ വികാസത്തെ ഏറെ സ്വീധീനിച്ചിട്ടുണ്ട്. ആയിരത്തി എണ്ണൂറുകളുടെ ആദ്യ പകുതിയിൽ തിരുവിതാംകൂറിൽ ഉണ്ടായ വിദ്യാഭ്യാസ വികാസത്തിൽ ഈ സ്വാധീനം തെളിഞ്ഞു കാണാം. ശാസ്ത്ര സാങ്കേതിക വിദ്യകളുടെ വികാസം ഉത്പാദന പ്രക്രിയയെയും അതുവഴി ഉത്പാദന ബന്ധങ്ങളെയും മാറ്റിമറിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ജീവിതായോധനത്തിന് കോളനി ശക്തികളുടെ കീഴിൽ തൊഴിൽ ലഭിക്കണമെങ്കിൽ അവർ നൽകുന്ന വിദ്യാഭ്യാസം അനിവാര്യമാണ് എന്ന ധാരണ ആയിരത്തി എണ്ണൂറുകളുടെ അവസാന പകുതിയിൽ പ്രബലമായി. അതേസമയം കൃഷി, പരമ്പരാഗത കൈത്തൊഴിൽ എന്നിവയ്ക്ക് അത് ആവശ്യമില്ല എന്ന ധാരണയിൽ ഈ വിഭാഗത്തിൽപ്പെട്ടവർ ആദ്യമൊന്നും തങ്ങളുടെ കുട്ടികളെ പാശ്ചാത്യ വിദ്യാഭ്യാസത്തിന് അയച്ചില്ല. മാതൃഭാഷാ സ്കൂളുകൾ ആരംഭിച്ചതോടുകൂടി സമൂഹത്തിലെ എല്ലാ തട്ടിലുള്ളവർ വിദ്യാഭ്യാസത്തിനായി വിദ്യാലയങ്ങളിൽ വലിയ തോതിൽ എത്തിച്ചേരാൻ തുടങ്ങി. ഈ താല്പര്യത്തിന് അനുഗുണമായ അന്തരീക്ഷം ഒരുക്കുവാൻ തിരുവിതാംകൂറിലും, കൊച്ചിയിലും, മലബാറിലും നടന്ന നവോത്ഥാന പുരോഗമന മുന്നേറ്റങ്ങൾ വലിയ സംഭാവന ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാന രൂപീകരണത്തിനുമുമ്പു തന്നെ പ്രാഥമിക വിദ്യാഭ്യാസത്തിനായി സ്കൂളുകളുടെ വളരെ ശക്തമായ ശൃംഖല കേരളത്തിൽ വികസിച്ചിരുന്നു. ഇതിന്റെ അടിത്തറയിൽ സംസ്ഥാന രൂപീകരണത്തിന് ശേഷം സെക്കന്ററി വിദ്യാഭ്യാസം വികസിച്ചുവന്നു. ഒന്നാംക്ലാസിലെത്തുന്ന കുട്ടികളുടെ 98%ത്തിലധികവും പത്താം ക്ലാസിൽ എത്തിച്ചേരുന്നു. 80%ത്തിലധികം കുട്ടികൾ 12-ാം ക്ലാസ്സുവരെ പഠനം തുടരുന്നു. 23% പേർ ഉന്നത വിദ്യാഭ്യാസ ധാരയുടെ ഭാഗമായിമാറുന്നു. ദേശീയാടിസ്ഥാനത്തിൽ ഇപ്പോൾ സ്വപ്നം കാണാൻ പോലും പറ്റാത്ത മുൻതൂക്കം ഈ മേഖലയിൽ നമുക്കുണ്ട്. അഭിമാനിക്കാവുന്ന ഈ നേട്ടങ്ങളെ ഗുണാത്മകമായി മാറ്റാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ എന്ന അന്വേഷണം അനിവാര്യമാണ്.

വിദ്യാഭ്യാസ രംഗത്ത് ഗുണപരമായ നേട്ടങ്ങൾ ഗുണപരമായി മാറിയിട്ടുണ്ട്. എന്നാൽ അത് സാധ്യമായ തലത്തിലേക്ക് ഉയർത്താൻ ഇനിയും കഴിയേണ്ടതുണ്ട്. ഇത് സാധിക്കണമെങ്കിൽ വിദ്യാഭ്യാസത്തെ സംബന്ധിച്ച കാഴ്ചപ്പാടുകളും ധാരണകളും പ്രയോഗരീതികളും സമൂലം പുനഃപരിശോധിക്കേണ്ടതുണ്ട്.

ഫ്യുഡൽ ക്രമത്തിന് അനുഗുണമായ രീതിയിൽ വളർന്നതാണ് ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം, പഠനബോധന രീതികൾ, വിദ്യാഭ്യാസ സ്ഥാപനത്തെക്കുറിച്ചുള്ള സങ്കല്പങ്ങൾ, വിദ്യാഭ്യാസ ഘടന, ഭരണ നിർവ്വഹണ രീതികൾ, അതിനനുഗുണമായ നിയമങ്ങൾ എന്നിവ. ജനാധിപത്യ ക്രമത്തിന് അനുഗുണമായ വിദ്യാഭ്യാസ രീതി വികസിക്കണമെങ്കിൽ അത് ഫ്യൂഡൽ ക്രമത്തിന് അനുഗുണമായ ചട്ടക്കൂടിന

കത്ത് സാധ്യമല്ല. ഈ ചട്ടക്കൂട് മാറേണ്ടതുണ്ട്, മാറ്റേണ്ടതുണ്ട്. ഇതിനായി നടക്കുന്ന അന്വേഷണങ്ങൾ കഴിഞ്ഞ കുറേ വർഷങ്ങളായി കേരളീയ സമൂഹത്തിൽ അനുകൂലവും പ്രതികൂലവുമായ വാദഗതികൾക്ക് ഇടയാക്കിയിട്ടുണ്ട്.

വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിലും ക്ലാസ് റൂം ബോധനത്തിലും ഗണ്യമായ പരിവർത്തനങ്ങൾ വന്നിട്ടുണ്ട്. പഠനത്തെക്കുറിച്ചും അച്ചടക്കത്തെക്കുറിച്ചും നിലനിന്നിരുന്ന ധാരണകൾ ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ അത് ജനാധിപത്യ വിദ്യാഭ്യാസ ക്രമത്തിന് അനുഗുണമായ രീതിയിലേക്ക് വളർന്നിട്ടില്ല. ഫ്യൂഡൽ മൂല്യങ്ങൾ നമ്മുടെ സമൂഹത്തിൽ എത്രമാത്രം രൂഢമൂലമായിട്ടുണ്ട് എന്നും അതിന്റെ സ്വാധീനം എത്രമാത്രം ആഴത്തിലുള്ളതാണ് എന്നതും വെളിവാക്കുന്നതാണ് വിദ്യാഭ്യാസ രംഗത്തെ പരിവർത്തനത്തിനുള്ള ശ്രമങ്ങളോടുള്ള പ്രതികരണങ്ങൾ വെളിപ്പെടുത്തുന്നത്.

പാഠപുസ്തകങ്ങളും ക്ലാസ് റൂം വിനിമയവും വലിയ തോതിൽ മാറിയിട്ടുണ്ട്. ഇതുകൊണ്ടുമാത്രം ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കാൻ കഴിയില്ല. അറിവ് അതിനിർണ്ണായകമായ സ്വാധീനം ചെലുത്തുന്ന ലോക ക്രമത്തിൽ കേവലം വിവരങ്ങൾ സമ്പാദിച്ചതുകൊണ്ടു മാത്രം അതിജീവനത്തിനുള്ള പ്രാപ്തി നേടാൻ കഴിയില്ല. ലഭ്യമായ വിവരങ്ങളെ സാമൂഹിക ആവശ്യങ്ങളും ജീവിത പ്രശ്നങ്ങളും കണക്കിലെടുത്ത് താൻ ജീവിക്കുന്ന സാംസ്കാരിക സവിശേഷതകൾ ഉൾക്കൊണ്ട് കൊണ്ട് അതിജീവനത്തിന് സഹായകമായ അറിവാക്കി മാറ്റാനുള്ള കഴിവ് ആർജ്ജിക്കുക എന്നതാണ് പ്രധാനം. ഇതിന് കഴിയണമെങ്കിൽ അതിന് ആവശ്യമായ വിദ്യാഭ്യാസ അന്തരീക്ഷവും, ഉള്ളടക്കവും, നടത്തിപ്പും അതിനാവശ്യമായ നിയമങ്ങളും ചട്ടങ്ങളും വികസിപ്പിക്കേണ്ടിവരും.

ആത്മവിശ്വാസം ഉളവാകാനും അറിവ് ആർജ്ജിക്കാനും ക്രിയാത്മകമായി ഇവയെ പ്രയോജനപ്പെടുത്താനും കഴിയുന്ന പഠനാന്തരീക്ഷം എന്തായിരിക്കണമെന്നത് വിശദീകരിക്കേണ്ടതുണ്ട്. അധ്യാപകർക്ക് മാത്രം വിദ്യാർത്ഥിയുടെ പഠന താല്പര്യത്തിനനുസരിച്ച് സഹായിക്കാൻ കഴിയുമോ എന്നത് പരിശോധിക്കുകയും എങ്ങിനെ പ്രാദേശികമായി ലഭ്യമായ വൈദഗ്ധ്യത്തെ പ്രയോജനപ്പെടുത്തേണ്ടത് എന്നത് സംബന്ധിച്ച് ധാരണയിൽ എത്തുകയും ചെയ്യേണ്ടതുണ്ട്. അക്കാദമികമായി അഭിമുഖീകരിക്കുന്ന മറ്റൊരു പ്രശ്നം സ്കൂൾ തലത്തിൽ തന്നെ വിഷയങ്ങളെ വെള്ളം കേറാ അറകളായി പരിഗണിക്കുന്നു എന്നതാണ്. കുട്ടിയ്ക്ക് ഉൾക്കൊള്ളാൻ കഴിയുന്ന രീതിയിൽ മാത്രമേ ജ്ഞാന വിജ്ഞാനങ്ങളെ വിഘടിപ്പിച്ച് താഴ്ന്ന ക്ലാസുകളിൽ അവതരിപ്പിക്കാനാവൂ എന്ന ധാരണ അധ്യാപകർക്കെങ്കിലും ഉണ്ടാകേണ്ടതുണ്ട്. ഓരോ ഘട്ടത്തിലും അനുയോജ്യമായ രീതിയിൽ വിഷയങ്ങളുടെ ഉദ്ഗ്രഥനം അനിവാര്യമാണ് എന്നതും അധ്യാപകരെങ്കിലും ഉൾക്കൊള്ളണം. ഇതിന് കഴിയുന്ന വിധത്തിൽ വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അധ്യാപകരുടെ ഏകോപനം അക്കാദമിക കാര്യത്തിൽ സ്കൂൾ തലം മുതൽ ഉണ്ടാകേണ്ടതുണ്ട്.

പഠന പരിസരം എന്നത് സ്കൂളുകൾ മാത്രം ആകേണ്ടതുണ്ടോ. നാട്ടിലെ വ്യവസായശാലകളും, ചെറുതും വലുതുമായ തൊഴിലിടങ്ങളും, ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളും, കൃഷിയിടങ്ങളടക്കമുള്ള പണിയിടങ്ങളും സ്കൂളുകളുമായി ബന്ധിപ്പിക്കേണ്ടതുണ്ട്. ഇങ്ങിനെ ചെയ്യുമ്പോൾ ഏറ്റവും മികച്ച സംവിധാനങ്ങളെ പ്രയോജനപ്പെടുത്താൻ കഴിയണം. കൂടാതെ നിലവിലുള്ള ക്ലാസ് മുറികളെക്കുറിച്ചുള്ള സങ്കല്പങ്ങൾ തന്നെ മാറ്റേണ്ടതുണ്ട്. ഇന്നത്തെ ക്ലാസ് റൂം ആർക്കിടെക്ച്ചർ ഫ്യൂഡൽ മൂല്യങ്ങൾ ഉൾക്കൊണ്ടതും അതിനെ ദൃഢീകരിക്കുന്നതുമാണ്. ജനാധിപത്യമൂല്യങ്ങൾ വികസിപ്പിക്കാൻ സഹായമകമാകുന്നതും എല്ലാ കുട്ടികൾക്കും തുല്യ പരിഗണന ലഭിക്കുന്നതുമായ ക്ലാസ് റൂം ആർക്കിടെക്ച്ചർ വികസിപ്പിക്കേണ്ടതുണ്ട്. നിലവിലുള്ള ഭൗതിക പരിസരം (ഫർണിച്ചറടക്കം) ഇതിന് തടസ്സമാണ്. ലഭ്യമായ ഭൗതിക പരിസരത്തെ ആവശ്യമായ മാറ്റങ്ങൾ വരുത്തി പുതിയ കാഴ്ചപ്പാടിന് അനുഗുണമായ രീതിയിൽ എങ്ങനെ മാറ്റിയെടുക്കാമെന്നതും നാം അഭിമുഖീകരിക്കുന്ന വെല്ലുവിളിയാണ്.

ജനാധിപത്യ വിദ്യാഭ്യാസ ക്രമം പടുത്തുയർത്താൻ ശ്രമിക്കുമ്പോൾ ഇതിനാവശ്യമായ അന്തരീക്ഷം സ്ഥാപനതലം മുതൽ തന്നെ വികസിപ്പിക്കാൻ കഴിയണം. സ്കൂൾ പാർലമെന്റ്, അധ്യാ

പക-രക്ഷാകർത്തൃ സമിതി, പുതുതായി നിർദ്ദേശിക്കുന്ന സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി എന്നിവയുടെ ധർമ്മം എന്തായിരിക്കണമെന്ന ധാരണ പുതിയ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ വികസിപ്പിക്കേണ്ടതുണ്ട്. ഇത്തരം കാര്യങ്ങളിലെല്ലാം ഇതിന്റെ യഥാർത്ഥ പങ്കാളിയായ വിദ്യാർത്ഥികളുടെ അഭിപ്രായം പരിഗണിക്കാനുള്ള വ്യവസ്ഥ നിർബന്ധിതമാകണം.

അധ്യാപകരുടെ കഴിവ് വികസിപ്പിക്കുന്നതിന് നലവിലുള്ള ബി.ആർ.സി.കൾ, ഡയറ്റ്, എസ്.സി.ഇ.ആർ.ടി., സീമാറ്റ് തുടങ്ങിയ അക്കാദമിക സ്ഥാപനങ്ങളുടെ പങ്കിനെക്കുറിച്ചുള്ള പുത്തൻ ധാരണകൾ ഉണ്ടാകേണ്ടതുണ്ട്. അധ്യാപക പരിശീലനം സംബന്ധിച്ച ധാരണകളും വികസിപ്പിക്കണം. കോളേജുകൾ അടക്കമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ശാസ്ത്ര ഗവേഷണ കേന്ദ്രങ്ങൾ എന്നിവയ്ക്കെല്ലാം അധ്യാപക പരശീലനത്തിൽ നിർണ്ണായക പങ്ക് വഹിക്കാൻ കഴിയണം.

സമൂഹത്തിൽ നടക്കുന്ന എല്ലാവിധ അധ്വാന രൂപങ്ങളും പരിചയപ്പെടാനുള്ള അവസരം സ്കൂൾ വിദ്യാഭ്യാസ ഘട്ടത്തിൽ കുട്ടികൾക്ക് ഉണ്ടാകേണ്ടതുണ്ട്. നിലവിൽ സ്കൂളുകൾ കേവലം വിദ്യാർത്ഥികളുടെ പഠനകേന്ദ്രങ്ങൾ മാത്രമാണ്. സമൂഹ വിദ്യാഭ്യാസത്തിന് സഹായകമാകുന്ന സമൂഹ പഠന കേന്ദ്രങ്ങളായി സ്കൂളുകളെ മാറ്റണം. കേവലം പാഠപുസ്തകങ്ങൾക്കകത്തെ വസ്തുതകൾ മനസ്സിലാക്കാനുള്ള കേന്ദ്രമായി സ്കൂളുകളെ പരിഗണിക്കുന്നതിലപ്പുറത്തേയ്ക്ക് അതിജീവനത്തിനും ഉപജീവനത്തിനും സഹായകമായ പരിശീലനം സിദ്ധിക്കുന്ന കേന്ദ്രമായി സ്കൂളുകളെ വികസിപ്പിക്കേണ്ടതുണ്ട്. നിലവിലുള്ള സ്കൂളുകളുടെ സമയക്രമം ഇങ്ങനെത്തന്നെ തുടരേണ്ടതുണ്ടോ എന്നത് വൈചാരികമായി പരിഗണിക്കണം.

തദ്ദേശഭരണ സംവിധാനങ്ങളുടെ സാധ്യതകൾ വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പ്രയോജനപ്പെടുത്താൻ ഇനിയും കഴിയേണ്ടതുണ്ട്.

നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും ജനാധിപത്യ വിദ്യാഭ്യാസ ക്രമം പടുത്തുയർത്തുന്നതിന് സഹായകമല്ല. പലപ്പോഴും വിദ്യാഭ്യാസേതര താല്പര്യങ്ങളെയാണ് പ്രോത്സാഹിപ്പിക്കുന്നതും പിന്തുണയ്ക്കുന്നതും. സ്കൂൾ തലം മുതൽ സെക്രട്ടേറിയറ്റ് തലം വരെ ഇന്ന് കൈകാര്യം ചെയ്യുന്ന രീതിയ്ക്ക് മാറ്റങ്ങൾ അനിവാര്യമാണ്. പൊതുമുതൽ ശരിയായ രീതിയിൽ വിനിയോഗിക്കുന്നു എന്ന് ഉറപ്പാക്കാൻ ഭരണതലത്തിൽ മാത്രമല്ല സാമൂഹ്യതലത്തിലും ഓഡിറ്റിംഗ് രീതികൾ കൊണ്ടുവരേണ്ടതുണ്ട്. നിലവിലുള്ള വിവിധങ്ങളായ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഡിപ്പാർട്ടുമെന്റുകളും എങ്ങിനെ പുനഃക്രമീകരിക്കണമെന്നതും അടിയന്തിരമായി തീരുമാനിക്കണം.

# REDESIGNING TEACHER EDUCATION IN KERALA TO DEVELOP CONTEXTUALISED MULTIPLE INTELLIGENT SOCIETY

**Dr. Mohamedunni Alias Musthafa**
*Assistant Professor in Education*

The current state of teacher education programmes have come under severe criticism for not addressing the needs of contemporary Indian schools and not preparing teachers who can impart quality education in schools. Their design and practice is based on certain assumptions which impede the progress of ideas and professional and personal growth of the teacher. They train teachers to adjust to a system in which education is seen as transmission of information. They take the school curriculum and text books as a 'given' and train teachers to adjust to the needs of the existing school system through fastidious planning of lessons in standardized formats and fulfilling the ritual of delivering the required number of lessons.

The NCF 2005 has described the current concerns of teacher education as follows: Experiences in the practice of teacher education indicate that knowledge is treated as 'given', embedded in the curriculum and accepted without question; there is no engagement with the curriculum. Curriculum, syllabi and textbooks are never critically examined by the student teacher or the regular teacher. Language proficiency of the teacher needs to be enhanced, but existing programmes do not recognize the centrality of language in the curriculum. Teacher education programmes provide little scope for student teachers to reflect on their experiences. Disciplinary knowledge is viewed as independent of professional training in

Pedagogy. Repeated 'practice' in the teaching of a specified number of isolated lessons is considered a sufficient condition for professional development. It is assumed that links between learning theories and models and teaching methods are automatically formed in the understanding developed by student teachers. There is no opportunity for teachers to examine their own biases and beliefs and reflect on their own experiences as part of classroom discourse and enquiry. Theory courses have no clear articulation with practical work and ground realities. The evaluation system followed in teacher education programmes is too information-oriented, excessively quantitative and lacks comprehensiveness. Apart from conceptual and pedagogical aspects the programme needs to develop certain attitudes, dispositions, habits and

പക-രക്ഷാകർത്തൃ സമിതി, പുതുതായി നിർദ്ദേശിക്കുന്ന സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി എന്നിവയുടെ ധർമ്മം എന്തായിരിക്കണമെന്ന ധാരണ പുതിയ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ വികസിപ്പിക്കേണ്ടതുണ്ട്. ഇത്തരം കാര്യങ്ങളിലെല്ലാം ഇതിന്റെ യഥാർത്ഥ പങ്കാളിയായ വിദ്യാർത്ഥികളുടെ അഭിപ്രായം പരിഗണിക്കാനുള്ള വ്യവസ്ഥ നിർബന്ധിതമാകണം.

അധ്യാപകരുടെ കഴിവ് വികസിപ്പിക്കുന്നതിന് നിലവിലുള്ള ബി.ആർ.സി.കൾ, ഡയറ്റ്, എസ്.സി.ഇ.ആർ.ടി., സീമാറ്റ് തുടങ്ങിയ അക്കാദമിക സ്ഥാപനങ്ങളുടെ പങ്കിനെക്കുറിച്ചുള്ള പുത്തൻ ധാരണകൾ ഉണ്ടാകേണ്ടതുണ്ട്. അധ്യാപക പരിശീലനം സംബന്ധിച്ച ധാരണകളും വികസിപ്പിക്കണം. കോളേജുകൾ അടക്കമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ശാസ്ത്ര ഗവേഷണ കേന്ദ്രങ്ങൾ എന്നിവയ്ക്കെല്ലാം അധ്യാപക പരശീലനത്തിൽ നിർണ്ണായക പങ്ക് വഹിക്കാൻ കഴിയണം.

സമൂഹത്തിൽ നടക്കുന്ന എല്ലാവിധ അധ്വാന രൂപങ്ങളും പരിചയപ്പെടാനുള്ള അവസരം സ്കൂൾ വിദ്യാഭ്യാസ ഘട്ടത്തിൽ കുട്ടികൾക്ക് ഉണ്ടാകേണ്ടതുണ്ട്. നിലവിൽ സ്കൂളുകൾ കേവലം വിദ്യാർത്ഥികളുടെ പഠനകേന്ദ്രങ്ങൾ മാത്രമാണ്. സമൂഹ വിദ്യാഭ്യാസത്തിന് സഹായകമാകുന്ന സമൂഹ പഠന കേന്ദ്രങ്ങളായി സ്കൂളുകളെ മാറ്റണം. കേവലം പാഠപുസ്തകങ്ങൾക്കകത്തെ വസ്തുതകൾ മനസ്സിലാക്കാനുള്ള കേന്ദ്രമായി സ്കൂളുകളെ പരിഗണിക്കുന്നതിലപ്പുറത്തേയ്ക്ക് അതിജീവനത്തിനും ഉപജീവനത്തിനും സഹായകമായ പരിശീലനം സിദ്ധിക്കുന്ന കേന്ദ്രമായി സ്കൂളുകളെ വികസിപ്പിക്കേണ്ടതുണ്ട്. നിലവിലുള്ള സ്കൂളുകളുടെ സമയക്രമം ഇങ്ങനെത്തന്നെ തുടരേണ്ടതുണ്ടോ എന്നത് വൈചാരികമായി പരിഗണിക്കണം.

തദ്ദേശഭരണ സംവിധാനങ്ങളുടെ സാധ്യതകൾ വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പ്രയോജനപ്പെടുത്താൻ ഇനിയും കഴിയേണ്ടതുണ്ട്.

നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും ജനാധിപത്യ വിദ്യാഭ്യാസ ക്രമം പടുത്തുയർത്തുന്നതിന് സഹായകമല്ല. പലപ്പോഴും വിദ്യാഭ്യാസേതര താല്പര്യങ്ങളെയാണ് പ്രോത്സാഹിപ്പിക്കുന്നതും പിന്തുണയ്ക്കുന്നതും. സ്കൂൾ തലം മുതൽ സെക്രട്ടേറിയറ്റ് തലം വരെ ഇന്ന് കൈകാര്യം ചെയ്യുന്ന രീതിയ്ക്ക് മാറ്റങ്ങൾ അനിവാര്യമാണ്. പൊതുമുതൽ ശരിയായ രീതിയിൽ വിനിയോഗിക്കുന്നു എന്ന് ഉറപ്പാക്കാൻ ഭരണതലത്തിൽ മാത്രമല്ല സാമൂഹ്യതലത്തിലും ഓഡിറ്റിംഗ് രീതികൾ കൊണ്ടുവരേണ്ടതുണ്ട്. നിലവിലുള്ള വിവിധങ്ങളായ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഡിപ്പാർട്ടുമെന്റുകളും എങ്ങിനെ പുന:ക്രമീകരിക്കണമെന്നതും അടിയന്തിരമായി തീരുമാനിക്കണം.

# REDESIGNING TEACHER EDUCATION IN KERALA TO DEVELOP CONTEXTUALISED MULTIPLE INTELLIGENT SOCIETY

**Dr. Mohamedunni Alias Musthafa**
*Assistant Professor in Education*

The current state of teacher education programmes have come under severe criticism for not addressing the needs of contemporary Indian schools and not preparing teachers who can impart quality education in schools. Their design and practice is based on certain assumptions which impede the progress of ideas and professional and personal growth of the teacher. They train teachers to adjust to a system in which education is seen as transmission of information. They take the school curriculum and text books as a 'given' and train teachers to adjust to the needs of the existing school system through fastidious planning of lessons in standardized formats and fulfilling the ritual of delivering the required number of lessons.

The NCF 2005 has described the current concerns of teacher education as follows: Experiences in the practice of teacher education indicate that knowledge is treated as 'given', embedded in the curriculum and accepted without question; there is no engagement with the curriculum. Curriculum, syllabi and textbooks are never critically examined by the student teacher or the regular teacher. Language proficiency of the teacher needs to be enhanced, but existing programmes do not recognize the centrality of language in the curriculum. Teacher education programmes provide little scope for student teachers to reflect on their experiences. Disciplinary knowledge is viewed as independent of professional training in

Pedagogy. Repeated 'practice' in the teaching of a specified number of isolated lessons is considered a sufficient condition for professional development. It is assumed that links between learning theories and models and teaching methods are automatically formed in the understanding developed by student teachers. There is no opportunity for teachers to examine their own biases and beliefs and reflect on their own experiences as part of classroom discourse and enquiry. Theory courses have no clear articulation with practical work and ground realities. The evaluation system followed in teacher education programmes is too information-oriented, excessively quantitative and lacks comprehensiveness. Apart from conceptual and pedagogical aspects the programme needs to develop certain attitudes, dispositions, habits and

interests in a teacher. The present evaluation protocol has no place for evaluating them.

Teacher Education at all levels of school education be gradually replaced by Models of Teacher Education that integrate general education with professional development along with an intensive internship with schools. These Integrated Models should be designed using the specific features outlined in the curricular areas and transaction process. The time-frame recommended to ensure the institutionalization of these models would be between 4-6 years. As an interim measure, current models of Teacher Education such as the BEd and DEd are required to redesign their courses as well as the Programme Structure to include the specific features and structural mechanisms proposed in the new framework in terms of curricular areas and transaction processes.

The recently submitted Yashpal committee report if implemented can give a great impetus to the teacher educators and as a result revamp the educational system. The report holds that the preparation of teachers for all levels of school education should be the responsibility of higher education. For historical reasons the involvement of universities in school level teacher education has been confined to secondary and senior secondary level –school teachers pre- service training under the B Ed programme.. Although these levels have been recognised as being fundamental to the development of children and the nation , the absence of university level interest has resulted poor academic quality. The current status of quality in -service education in higher education by academic staff colleges of the country is away from satisfactory. There should be serious efforts to orient the teachers towards the new curriculum and to impart communication and assessment.

The observations made by the committee cited above depicts the isolation that the teacher education institutions in India suffers and the need to have collaboration between the different stake holders for the initial and continuous professional development of teachers.

**On reframing the educational research to nurture higher educational reforms**

It is to be emphatically state that the trends in teacher education and teacher education research still remains in the paradigms such as:- probing approach, Reality-as-externally controlled notion of pedagogical perspectives: Experimental research, control of variables, focus on transmission model teaching, focus on Knowledge base of teaching rather than transferability and constructability of knowledge, focus on what rather than how, prescriptive, impositional external interventionalism and value free research.

In order to revamp our higher educational system there must be a progressive shift in educational research internalizing the new paradigms like classroom as hyper reality .... Research for pedagogical thoughtfulness rather than pedagogical imposition. Contextualism versus universalism. Praxis oriented research rather than purely academic one: Use of sociological and anthropological perspectives in designing teacher education research.

# HIGHER EDUCATION IN KERALA: RESOURCE DEPLOYMENT IN TIMES OF GLOBALIZATION

**Dr.Shaji Varkey**

*Associate professor, Dept. of Political Science, University of Kerala*

The state of Kerala had earned international attention in terms of high literacy, near universal access, equity and affordability. Periodic curricular interventions with civil society support had been attempted with certain exemplar models for the rest of the country. Local government institutions to which the administration has been recently ceded had also played a major transformatory role.

The strides that the state made in school education however could not be extended in the field of higher education. The system lacked a philosophy and long term social vision, but nevertheless produced better average results. One of the major initial concerns for the state and private educationists was the horizontal spread of higher education across the state that helped erase the rural-urban disparity to a considerable extent. A number of general educational institutions thus established under private and public control had produced thousands of graduates, many of whom were absorbed into the system as bureaucrats and technocrats.

Institutions of higher education under state control were a mess for decades together with high student unrest, lack of accountability and managerial oversight. A free-for-all situation prevailed on campus where not even the basic tasks of higher education were fulfilled. For the private management, education was considered as a fiefdom which they assiduously guarded against the state control and social interventions. The' efficiency' that some of the private educational institutions produced had seldom crossed the standard disciplinary structure.

When the mandate of higher education was self-limited by organized groups and interests, the chance for dynamism, excellence and even institution-building appeared to be dim. No system of higher education can remain recluse and declare itself to be insulated from the larger socio-economic processes taking place in the society. However the success lies in how proper gate keeping is ensured and the outside processes are accepted after proper distillation.

Higher education is a realm that refuses to be brought under the social control and scrutiny easily. The social production of knowledge and the structures established to accomplish it reflect the dominant trends of capital. Democratization of the

higher education institutions, the processes and the stakeholders is therefore a continuing task which the left has not addressed properly. Globalization has created a new governance paradigm in higher education. While further marginalizing the marginalized; the new self help structure creates 'islands of excellence'. The intrinsic worth of science education is increasingly discredited while the assembly line production of half-baked stereotyped technocrats is the order of the day. The social sciences and humanities receive a cursory glance from the state and private educationists. Academic excellence, independence and democracy are fine words but do not fit well with a commercialized system developing in the state.

# സ്കൂൾ വിദ്യാഭ്യാസ നവീകരണം: ഇനി എന്ത് ?

**പി.വി പുരുഷോത്തമൻ**
*സീനിയർ ലക്ചറർ, ഡയറ്റ് കണ്ണൂർ*

സ്കൂൾ വിദ്യാഭ്യാസരംഗത്ത് ചടുലവും ധീരവുമായ ചില ഇടപെടലുകളാണ് കഴിഞ്ഞ 5 വർഷങ്ങൾക്കുള്ളിൽ നടന്നത്. ഇതിന് അടിത്തറയായത് 199697 ൽ ആരംഭിച്ച പാഠ്യാപദ്ധതി പരിഷ്കരണമാണ്.

ഈ ഇടപെടലുകളെ വിലയിരുത്തുമ്പോൾ 3 കാര്യങ്ങൾ സവിശേഷമായി അനുഭവപ്പെടുന്നു.

1. ഇത്രയും കാലം ദേശീയ പരിഷ്കരണങ്ങൾക്ക് ചുവടു പിടിച്ചായിരുന്നു കേരളത്തിൽ മാറ്റങ്ങൾ വന്നിരുന്നത്. എന്നാൽ ഇതാദ്യമായി കേരളത്തിലെ വിദ്യാഭ്യാസ നവീകരണങ്ങൾ ദേശീയതലത്തിലുള്ള മാറ്റങ്ങൾക്ക് ദിശാസൂചകമായി മാറി.
2. വ്യവഹാരവാദം, ജ്ഞാതൃപര വ്യവഹാരവാദം, എന്നിവയാൽ നിർണയിക്കപ്പെട്ടിരുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങളെ സൈദ്ധാന്തികമായെങ്കിലും നിരാകരിക്കാനും ജ്ഞാതൃവാദം, സാമൂഹ്യജ്ഞാതൃവാദം, വിമർശനാത്മകബോധനം എന്നിവയാൽ നിർണയിക്കപ്പെടുന്ന മറ്റൊരു കൂട്ടം പ്രവർത്തനങ്ങളെ പരിചയപ്പെടുത്താനും കഴിഞ്ഞു.
3. അക്കാദമികതലം, മാനേജ്മെന്റ് തലം, ഭരണനിർവ്വഹണതലം തുടങ്ങിയവയെ ഒന്നായിക്കണ്ടു കൊണ്ടുള്ള ഒരു ഇടപെടൽ രീതി ആവിഷ്കരിച്ചു നടപ്പിലാക്കാൻ ശ്രമിച്ചു.

ഇവയോടൊപ്പം ചേർത്തു കാണേണ്ട മറ്റു ചില മുന്നേറ്റങ്ങളും പ്രവണതകളും ഇവയാണ്.

- പാഠ്യപദ്ധതി, പാഠപുസ്തകം , അധ്യാപക സഹായി, മൂല്യനിർണയ ഉപാധികൾ എന്നിവയുടെ നിർമാണം അധ്യാപകരും അക്കാദമികരംഗത്തെ വിദ്ഗധരും സംയുക്തമായി നടത്തുന്ന ദീർഘകാല പ്രക്രിയയായി മാറി.
- വിവരസാങ്കേതികവിദ്യയെ പാഠ്യവസ്തു, പഠനസഹായി, നിർവഹണസംവിധാനം എന്നീ നിലകളിൽ വ്യാപകമായി ഉൾച്ചേർത്തു.
- SCERT, SIEMAT, SIET, SSA, DIET എന്നീ അക്കാദമിക സംവിധാനങ്ങളും DPI തൊട്ടുള്ള അഡ്മിനിസ്ട്രേറ്റീവ് സംവിധാനവും മുമ്പ് ഉണ്ടായിരുന്നതിനെക്കാളും ശാക്തീകരിക്കപ്പെടുകയും അവയുടെ കാര്യക്ഷമത വർധിക്കുകയും ചെയ്തു.
- BRC, പഞ്ചായത്ത്, സ്കൂൾ, ക്ലാസ് തലങ്ങളിൽ പുതിയ അന്വേഷണങ്ങളും മുൻകൈകളും മാതൃകകളും ധാരളമായി ഉണ്ടായി.
- പാഠ്യപദ്ധതി രൂപരേഖ, KER കലോത്സവ-കായിക മാനുവലുകൾ തുടങ്ങിയവയിൽ പരിഷ്കരണനിർദ്ദേശങ്ങളും റിപ്പോർട്ടുകളും ഉണ്ടായി.
- പാഠ്യപദ്ധതിയിൽ വന്ന മാറ്റം ബാലസാഹിത്യം, ബാലപ്രസിദ്ധീകരണം, വാർത്താപത്രങ്ങൾ എന്നിവയുടെ ഉള്ളടക്കത്തിൽ മുമ്പില്ലാത്ത വിധത്തിലുള്ള പല മാറ്റങ്ങൾക്കും നിമിത്തമായി.
- ശാരീരികമായും മാനസികമായും വ്യത്യസ്തമായ കഴിവുള്ളവരെ പരിഗണിക്കുന്നതിനുള്ള ചില പരിശ്രമങ്ങൾ ഉണ്ടായി.

ഇങ്ങനെ എണ്ണിപ്പറയാവുന്നതും അല്ലാത്തതുമായി നിരവധി മുന്നേറ്റങ്ങൾ ഉണ്ടായെങ്കിലും വിദ്യാഭ്യാസ നവീകരണപ്രവർത്തനങ്ങൾ സർവതല സ്പർശിയും ഉദ്ഗ്രഥിതവുമായ ഒരു പരിവർത്തനമായി മാറിയില്ല. പല പോരായ്മകളും ദൗർബല്യങ്ങളും ഈ മാറ്റത്തിന്റെ സാധ്യതകളെ പരിമിതപ്പെടുത്തി. അവയിൽ ചിലത് താഴെ ചേർക്കുന്നു.

1. വിജ്ഞാനത്തിന്റെ ഘടനയെയും സാമൂഹ്യ പ്രശ്നങ്ങളെയും പരസ്പരം ചേർത്തുകൊണ്ടുള്ള സിലബസ് ഘടന ഒട്ടേറെ സങ്കീർണതകൾ ഉയർത്തി. പ്രശ്നങ്ങളെ മുന്നിൽ നിർത്തിയപ്പോൾ അറിവിന്റെ പല അടരുകളും വിട്ടുപോയതായി പരാതി ഉണ്ടായി. പ്രശ്ന മേഖലകൾ പ്രശ്നമായും ചിലപ്പോൾ ചുരുങ്ങി. ഇത്തരം സമസ്യകളെ ഗവേഷണബുദ്ധ്യാ പരിഹരിക്കുന്നതുനുള്ള സംവിധാനം ഉണ്ടായില്ല.
2. ഭാഷാവ്യവഹാരങ്ങളിൽ ഊന്നിയുള്ള ഭാഷാപഠനം ഭാഷാപ്രയോഗങ്ങളിൽ വരുന്ന പിഴവുകൾ തീർക്കുന്നതിൽ വേണ്ടത്ര വിജയിക്കുന്നില്ലെന്ന നിരീക്ഷണം ഇപ്പോഴും നിലനിൽക്കുന്നു.
3. ഗണിതത്തെ പ്രശ്നാധിഷ്ഠിത പാഠ്യപദ്ധതിയിൽ എങ്ങനെ കൂട്ടിയിണക്കുമെന്നതിൽ അവ്യക്തത നിലനിൽക്കുന്നു.
4. സാമൂഹികമായ ആശയനിർമാണമെന്ന പദ്ധതി വിജയിപ്പിക്കുന്നതിന് അവശ്യം വേണ്ട ആൾസഹായവും സാമഗ്രികളുടെ ലഭ്യതയും സഹവർത്തിതമായ പഠനരീതിയും മതിയായ തോതിൽ വികസിച്ചില്ല.
5. പുതിയ പഠനരീതിക്ക് ഉചിതമായ ക്ലാസ് റൂം സാഹചര്യം ഇരിപ്പിടസൗകര്യം, പിരീഡ് സംവിധാനം, പ്രവൃത്തി സമയലഭ്യത, സ്കൂൾ സംവിധാനങ്ങൾ എന്നിവയിൽ ലഘുവായ മാറ്റമേ ഇനിയും ഉണ്ടായിട്ടുള്ളൂ.
6. ഹെഡ്മാസ്റ്റർ, വിദ്യാഭ്യാസ ഓഫീസർമാർ, വിദഗ്ധാധ്യാപകർ എന്നിവരുടെ ക്ലാസ്റൂം മോണിറ്ററിങ് തുടങ്ങിയേടത്തു തന്നെ നിൽക്കുന്നു.
7. തത്സമയ വിലയിരുത്തൽ, അതിന്റെ ഭാഗമായ തത്സമയ ഇടപെടലുകൾ, മെച്ചപ്പെടുത്തൽ എന്ന നിലയിൽ CCE യാഥാർഥ്യമാക്കാൻ ഇനിയും ഒട്ടേറെ മുന്നോട്ടു പോകേണ്ടതുണ്ട്.
8. പരിശീലനങ്ങളിൽ തീരുമാനിക്കപ്പെടുന്നതിന്റെ കാൽഭാഗം പോലും ക്ലാസ്മുറികളിൽ എത്തിച്ചേരുന്നില്ല. പരിശീലനങ്ങൾ ഒരു അനുഷ്ഠാനമായി മാറിക്കഴിഞ്ഞു.
9. പിന്നാക്ക- മുന്നാക്ക കുടുംബപശ്ചാത്തലവും പഠനനേട്ടവും തമ്മിലുള്ള ബന്ധത്തിൽ പുതിയ മാറ്റങ്ങൾ കാര്യമായ ഒരു ചലനവും ഉണ്ടാക്കിയില്ല. പിന്നാക്ക കുടുംബങ്ങളിൽ നിന്നും വരുന്ന കുട്ടികൾ പഴയപടി പിന്നാക്കമായി തുടരുന്നു.
10. രക്ഷാകർത്താക്കൾ ഇന്നും PTA യോഗത്തിലെ നിശ്ശബ്ദ ശ്രോതാക്കൾ മാത്രം .കുട്ടിയുടെ പഠനത്തിലോ സ്കൂൾ പ്രവർത്തനങ്ങളിലോ തിരിച്ചറിവുകളോടെ ഇടപെടാൻ ഇന്നും ഭൂരിപക്ഷത്തിനും കഴിയുന്നില്ല.
11. പഞ്ചായത്തിന്റെ വിദ്യാഭ്യാസ പദ്ധതികൾ ഭാവനാപൂർണമോ, സമഗ്രമോ ആവാതെ, പലപ്പോഴും ചടങ്ങായി തീരുന്നു.
12. വിദ്യാഭ്യാസത്തെ കുറിച്ച് സമൂഹത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന പ്രതിലോമധാരണകളെ ഫലപ്രദമായി പ്രതിരോധിക്കാൻ സംവിധാനത്തിന് സാധിക്കുന്നില്ല.
13. കല, കായിക പ്രവൃത്തിപരിചയ മേഖലകൾ ഇന്നും മുഖ്യപരിഗണനയിൽ വരുന്നില്ല. അവയുടെ പഠനവും മൂല്യനിർണയവും മെച്ചപ്പെട്ടിട്ടില്ല.

സംസ്ഥാനം തൊട്ട് ക്ലാസ്മുറി വരെയുള്ള വിവിധ തലങ്ങളിൽ പരസ്പര ബന്ധിതവും ഏകോപിതവുമായ ഒരു നവീകരണപദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിക്കൊണ്ട് ഇപ്പോഴത്തെ പ്രതിസന്ധികളെ മറികടക്കാം . വിമർശനങ്ങളെ തുറന്ന മനസ്സോടെ പരിഗണിക്കാനും മുൻധാരണകൾ മാറ്റിവെച്ചുള്ള വിമർശന വിശകലനങ്ങളിൽ ഏർപ്പെടാനും ഓരോ തട്ടിലുമുള്ളവർ സന്നദ്ധരായാലേ ഈ നവീകരണം ഫലപ്രദമാവൂ.

**സംസ്ഥാനം**

**1. സ്ഥാപന ശാക്തീകരണം**

- SCERT, SIEMAT, SIET തുടങ്ങിയ സ്ഥാപന

ങ്ങളിൽ അതാത് രംഗങ്ങളിൽ ഏറ്റവും പ്രഗ്ത്ഭരായ വ്യക്തികൾ മാത്രം എത്തിച്ചേരുന്നുവെന്ന് ഉറപ്പുവരുത്തുക.

- SCERT-ക്ക് റസിഡൻഷ്യൻ വർക്ക്ഷോപ്പുകൾ നടത്താനുള്ള സൗകര്യങ്ങൾ, വിവിധ രാജ്യങ്ങളിലെ പാഠ്യപദ്ധതിയുടെ ശേഖരങ്ങൾ, ദേശീയ-അന്തർദേശീയ വൈദഗ്ധ്യം പ്രയോജനപ്പെടുത്താനുള്ള സാധ്യതകൾ, വർഷം തോറും പാഠ്യപദ്ധതി സെമിനാറുകൾ/ ശില്പശാലകൾ നടത്താനുള്ള പദ്ധതി, ഫീൽഡ് സ്റ്റഡി തുടങ്ങിയ ഉറപ്പുവരുത്തുക
- SIEMAT ൽ മെച്ചപ്പെട്ട ഭൗതികസൗകര്യം, വിദഗ്ധരായ സ്ഥിരം ഫാക്കൽട്ടി, പരിശീലന കേന്ദ്രം എന്നിവ ലഭ്യമാക്കുക.
- SIEMAT-ൽ ഏറ്റവും നവീകൃതമായ സാങ്കേതിക സൗകര്യങ്ങൾ, മറ്റ് സംസ്ഥാനതല സ്ഥാപനങ്ങളുമായി ചേർന്ന് ഡിജിറ്റൽ സാമഗ്രികൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ തുടങ്ങിയവ ഉണ്ടാവുക.

**2. പാഠ്യപദ്ധതി നവീകരണം**

- നിലവിലുള്ള പാഠ്യപദ്ധതി രൂപരേഖ തുറന്നതും വിമർശനാത്മകവുമായി ഒരു വിശകലനത്തിലൂടെ നവീകരിക്കുക.
- എല്ലാ കുട്ടികൾക്കും വേണ്ട അടിസ്ഥാന വിവരങ്ങൾ ലഭിക്കുന്ന തരത്തിൽ പാഠപുസ്തകങ്ങൾ പുനർരചിക്കുക.
- അധ്യാപക സഹായികളെ അധ്യാപകർക്കുള്ള റഫറൻസ് പുസ്തകമാക്കി മാറ്റുക
- ഭാഷാപഠനത്തിൽ ആശയവിനിമയശേഷിക്കൊപ്പം, തെറ്റു കൂടാതെയുള്ള ഭാഷാപ്രയോഗം, സാർഗാത്മകത, സാഹിത്യസംബന്ധമായ അറിവുകൾ, തിരിച്ചറിവുകൾ തുടങ്ങിയവ ഉറപ്പുവരുത്തുക.
- പ്രശ്നാധിഷ്ഠിത പഠനരീതിയിൽ തന്നെ വിവിധ വിഷയങ്ങളിൽ ആഴത്തിലുള്ളതും ക്രമീകൃതവും വിടവില്ലാത്തതുമായ പഠനം ഉറപ്പുവരുത്തുക
- കല-കായിക- പ്രവൃത്തിപരിചയ മേഖലകളെ മറ്റു വിഷയങ്ങൾക്കൊപ്പം പരിഗണിക്കുകയും അവയിൽ വിശേഷപഠനത്തിനുള്ള സാധ്യതകൾ ഉറപ്പുവരുത്തുകയും ചെയ്യുക
- CCE പ്രയോഗികവും സമഗ്രവും കുറ്റമറ്റതുമാക്കുക
- മേളകൾ, കായികമത്സരങ്ങൾ, സെമിനാറുകൾ തുടങ്ങിയവയുടെ എണ്ണം, ആവർത്തനം എന്നിവ പരിശോധിച്ച് ഏകീകരിക്കുകയും അവധിക്കാലത്തേക്ക് മാറ്റുകയും ചെയ്യുക.
- KER നടപ്പിലാക്കുക.
- മുഴുവൻ സംസ്ഥാന ഏജൻസികളെയും സ്ഥാപനങ്ങളെയും ഒറ്റ കുടക്കീഴിലാക്കുകയും ഏകോപനം ഉറപ്പുവരുത്തുകയും ചെയുക.

**ജില്ല**

- DDE, DIET, SSA, IT@School, തുടർസാക്ഷരത തുടങ്ങിയവയെ ജില്ലാപഞ്ചായത്തിന്റെ കീഴ്ഘടകങ്ങളാക്കി ഏകോപിപ്പിക്കുക.
- ജില്ലയുടെ സവിശേഷപ്രശ്നങ്ങൾക്കു മുൻതുക്കം നൽകിയുള്ള വികസനപദ്ധതികൾ ആവിഷ്കരിച്ച് വിവിധ സ്ഥാപനങ്ങൾ/ ഏജൻസികളുടെ ഏകോപനത്തോടെ നടപ്പിലാക്കുക.
- ഹൈസ്കൂൾ, HSS എന്നിവയുടെ പരിശീലനാവശ്യങ്ങൾ കൂടി ഏറ്റെടുക്കും വിധം ജില്ലാതല സ്ഥാപനസംവിധാനം ഉണ്ടാക്കുക.
- മോണിറ്ററിങ്ങിന് സുശക്തമായ സംവിധാനം രൂപപ്പെടുത്തുക
- പ്രതിമാസ വിലയിരുത്തൽ, ആസൂത്രണം ഉറപ്പുവരുത്തുക.
- ജില്ലാവിദ്യാഭ്യാസ സമിതിയെ വിപുലപ്പെടുത്തുക

**പഞ്ചായത്ത് തലം**

- സംസ്ഥാന വിദ്യാഭ്യാസ പദ്ധതിയോട് ചേർന്നു പോകുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ മാത്രം പഞ്ചായത്ത് ഏറ്റെടുക്കുക.
- ഓരോ വർഷവും പഞ്ചായത്ത് തലത്തിൽ പ്രവർത്തനങ്ങളെ ക്വാളിറ്റി ഓഡിറ്റിങ്ങിനു കൂടി വിധേയമാക്കുക.

**സ്കൂൾ**

പുതിയ സമീപനമനുസരിച്ചുള്ള ജ്ഞാനനിർമിതി നടക്കണമെങ്കിൽ സ്കൂൾ സംവിധാന

ത്തിൽ ഒട്ടേറെ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്.

- ഏപ്രിൽ മാസത്തിൽ സമഗ്രമായ വാർഷിക പദ്ധതി തയ്യാറാക്കുക. ജഠത്താ, ടടന്റ്ള, ടണ്ടെന്റ്ള എന്നിവയുടെ കൂട്ടായ്മയിലാണ് ഇത് ചെയ്യേണ്ടത്.
- സ്കൂളിൽ വരുത്തേണ്ട വിവിധ മാറ്റങ്ങൾ (ഭൗതികം, അക്കാദമികം, ജനകീയം) നിർണയിക്കുകയും ചുമതലകൾ, സാമ്പത്തികകാര്യങ്ങൾ എന്നിവ ഉറപ്പു വരുത്തുകയും ചെയ്യുക.
- കേരളത്തിലെ വിവിധ വിദ്യാലയങ്ങളിൽ പുതിയ പഠനരീതിക്ക് അനുസൃതമായ രീതിയിൽ ഉയർന്നുവന്നിട്ടുള്ള വിവിധ ഭൗതിക നിർമിതികളിൽ നിന്ന് ഉചിതമായവ ഉൾപ്പെടുത്തി എല്ലാ സ്കൂളിലും ഉറപ്പുവരുത്തേണ്ട മിനിമം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.
- 20ൽ20 ക്ലാസ് മുറികൾ, സംഘപ്രവർത്തനത്തിന് സഹായകമായ ഫർണിച്ചറുകൾ, പഠനസാമഗ്രികളും പഠനോത്പന്നങ്ങളും സൂക്ഷിക്കുന്നതിനുള്ള സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുക.
- സംഘപ്രവർത്തനത്തിന് ആവശ്യമായ എണ്ണം പഠനോപകരണങ്ങൾ, പുസ്തകങ്ങൾ, വർക്കുഷീറ്റുകൾ തുടങ്ങിയവ ലഭ്യമാക്കുക.
- ഘജ ഉൾപ്പെടെ എല്ലാ സ്കൂളുകളിലും നെറ്റ് സൗകര്യവും കമ്പ്യൂട്ടർ സൗകര്യങ്ങളും സി.ഡി ശേഖരവും പ്രൊജക്റ്ററും ഉണ്ടാവുക.
- 220 പ്രവൃത്തിദിവസം, 1 മണിക്കൂർ പിരീഡുകൾ, ശനിയാഴ്ചകളെ സെമിനാർ ദിവസങ്ങളാക്കി മാറ്റൽ എന്നിവ പ്രയോഗത്തിൽ വരുത്തുക

മറ്റുള്ളവ

**1. പ്രീപ്രൈമറി**

പ്രീപ്രൈമറിക്കും പാഠ്യപദ്ധതി, ടെക്സ്റ്റ്ബുക്ക്, സ്ഥാപനങ്ങളിലെ സൗകര്യങ്ങൾ, അധ്യാപക പരിശീലനം, മോണിറ്ററിങ് എന്നിവ യാഥാർഥ്യമാക്കുക

**2. പ്രത്യേക സഹായം വേണ്ടവരുടെ വിദ്യാഭ്യാസം**

- ശാരീരിക-മാനസിക പ്രയാസങ്ങൾ ഉള്ളവർക്ക് പഠനത്തിനു വേണ്ട എല്ലാ സാമഗ്രികളും സൗജന്യമായി നൽകുകയോ സ്കൂളിൽ ലഭ്യമാക്കുകയോ ചെയ്യുക.
- രക്ഷിതാവിന് ശരിയായ രക്ഷാകർത്തൃവിദ്യാഭ്യാസം നൽകുക.
- പിന്നോക്കക്കാർക്ക് പ്രത്യേക പഠനസഹായം ആവശ്യമെങ്കിൽ അത് നൽകാൻ സൗകര്യമൊരുക്കുക.

**3. അധ്യാപകപരിശീലനം**

- പരിശീലനങ്ങൾ അധ്യാപകരുടെ ആവശ്യങ്ങൾക്ക് യോജിച്ചതാവുക.
- ഒരു വർഷത്തെ പരിശീലനങ്ങൾക്ക് തുടർച്ച, സമഗ്രത എന്നിവ ഉണ്ടാക്കുക.
- ഏറ്റവും മികച്ച അധ്യാപകരെ മാത്രം പരിശീലകരായി നിയോഗിക്കുക

**4. രക്ഷാകർത്തൃവിദ്യാഭ്യാസം**

- രക്ഷാകർത്താക്കൾക്ക് വർഷാരംഭത്തിൽ തന്നെ കൃത്യമായ ക്ലാസുകൾ നൽകുക.
- അവരുടെ പങ്കാളിത്തം പഠനത്തിലും മറ്റുള്ളവയിലും ഉറപ്പുവരുത്തുക
- യോഗങ്ങൾ രക്ഷാകർത്താക്കൾ എത്തിച്ചേരാൻ കഴിയുന്ന സമയത്താക്കുക.

# വിദ്യാഭ്യാസ രംഗത്തെ അധികാര വികേന്ദ്രീകരണം: ഇനി ചെയ്യേണ്ടത്

ടി.ഗംഗാധരൻ

കഴിഞ്ഞ ഒന്നര പതിറ്റാണ്ട് കാലത്തെ പ്രവർത്തനാനുഭവങ്ങളുടെ പശ്ചാത്തലത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഇന്നത്തേതിലും കൂടുതൽ പ്രവർത്തനാധികാരങ്ങൾ നൽകാൻ കഴിയുമെന്ന കാര്യം നിസ്സ്തർക്കമാണ്. അതിലേക്കുള്ള ചില നിർദ്ദേശങ്ങളാണ് ചുവടെ കൊടുക്കുന്നത്.

1. **ഭരണ യൂണിറ്റിന്റെ വികേന്ദ്രീകരണവും പുന:സംഘാടനവും:** വിദ്യാലയ ഭരണ സംവിധാനത്തിൽ നിലവിലുള്ള അടിസ്ഥാന യൂണിറ്റ് ഉപജില്ലകളാണ്. റവന്യു ജില്ലയ്ക്ക താഴെ വിദ്യാഭ്യാസ ജില്ല, ഉപജില്ല എന്നിവയുടെ വിസ്തൃതി പുന:സംഘടിപ്പിക്കാനുള്ള നിർദ്ദേശം വളരെക്കാലമായി നിലവിലുണ്ട്. ഇന്നിപ്പോൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും കൂടുതൽ വിദ്യാഭ്യാസ അധികാരങ്ങൾ ലഭിച്ച സാഹചര്യത്തിൽ അവയുടെ തലത്തിൽ തന്നെ വിദ്യാഭ്യാസ ഓഫീസുകളും ഓഫീസർമാരും ഉണ്ടാകാണ്ടേതുണ്ട്. പഞ്ചായത്ത് വിദ്യാഭ്യാസ ഓഫീസുകലും മുനിസിപ്പൽ വിദ്യാഭ്യാസ ഓഫീസുകളും സ്ഥാപിക്കുകയും ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിലും ഒരു വിദ്യാഭ്യാസ ഓഫീസർ തസ്തിക അനുഭവിക്കുകയും വേണം.

2. **എയിഡഡ് വിദ്യാലയങ്ങൾക്കുമേൽ നിയന്ത്രണം:** എയിഡഡ് വിദ്യാലയങ്ങളേയും അംഗീകൃത അൺ എയിഡഡ് വിദ്യാലയങ്ങളേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാൻ നിയമപരമായി സാധ്യമല്ലെങ്കിലും അവയുടെ ഭരണപരമായ നിയന്ത്രണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇന്നത്തേക്കാൾ കൂടുതൽ ചുമതലകൾ നൽകേണ്ടതുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ അല്ലാത്ത ഒരു വിദ്യാലയവും പഞ്ചായത്തിനകത്ത് പ്രവർത്തിക്കേണ്ടതില്ല എന്നതായിരിക്കണം സമീപനം.

3. **എല്ലാ വിദ്യാലയത്തിലും പ്രീ സ്ക്കൂളുകൾ സ്ഥാപിക്കുക:** അങ്കണവാടികൾക്ക് ശേഷം സ്ക്കൂൾ വിദ്യാഭ്യാസത്തിനിടയിൽ പ്രീ സ്ക്കൂളുകൾക്ക് വലിയ പ്രസക്തിയുണ്ട്. നിലവിലുള്ള എല്ലാ പ്രൈമറി വിദ്യാലയങ്ങളോടൊപ്പവും പ്രീസ്ക്കൂൾ ക്ലാസ്സുകൾ ആരംഭിക്കുന്നത് സ്ക്കൂൾ വിദ്യാഭ്യാസ രംഗത്ത് സമഗ്ര സമീപനത്തെ സഹായിക്കും.

4. **പ്രൈമറി വിദ്യാലയങ്ങളിൽ ക്ലറിക്കൽ തസ്തിക:** പ്രധാനാധ്യാപകന്റെ പൂർണ്ണ സമയ സേവനം അക്കാദമിക ഭരണരംഗത്ത് ലഭിക്കാത്തത് സ്ക്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം കുറയാൻ കാരണമാകുന്നുണ്ട്. ഇതിനുള്ള പ്രധാന കാരണം പ്രാഥമിക വിദ്യാലയങ്ങളിൽ ക്ലറിക്കൽ സ്റ്റാഫ് ഇല്ല എന്നതാണ്. ഇത് എത്രയും വേഗത്തിൽ പരിഹരിക്കേണ്ടതുണ്ട്.

5. **വിദ്യാലയ മാപ്പുകൾ തയ്യാറാക്കുക:** പുതിയ വിദ്യാലയങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ചും മറ്റുമുള്ള തീരുമാനങ്ങൾ എടുക്കുന്നതിൽ വിദ്യാലയങ്ങൾ തമ്മിലുള്ള ദൂര

പരിധി ഒരു പ്രധാന ഘടകമാണ്. ഭരണ സൗകര്യത്തിനായി ഓരോ തദ്ദേശഭരണ സ്ഥാപനവും അതിന്റെ പരിധിയ്ക്കകത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥാനം വ്യക്തമാക്കുന്ന മാപ്പുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. ഇത് കാലാകാലമായി പുതുക്കുകയും വേണം.

6. **പി.ടി.എ, എം.പി.ടി.എ തുടങ്ങിയവ ചിട്ടപ്പെടുത്തുക:** ഓരോ വിദ്യാലയത്തിലും പി.ടി.എ, എം.പി.ടി.എ, എസ്.എസ്.ജി, എസ്.ആർ.ജി തുടങ്ങി പലവിധ സംഘടനാ സംവിധാനങ്ങളുണ്ട്. കൂടാതെ പലവിധ ക്ലബ്ബുകളും പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ എല്ലാം ഏകോപിത പ്രവർത്തനം സ്കൂൾ പ്രവർത്തനം മെച്ചപ്പെടുത്താൻ ആവശ്യമാണ്. ഇവയുടെ രൂപീകരണവും ദൈനംദിന പ്രവർത്തനവും കൂടുതൽ ചിട്ടപ്പെടുത്തുകയും വിദ്യാലയ പ്രവർത്തനങ്ങളെ വികേന്ദ്രീകരിക്കുന്നതിനുള്ള ഉപാധികളാക്കി മാറ്റുകയും ചെയ്യേണ്ടതാണ്.

7. **സ്കോളർഷിപ്പുകൾ, ഗ്രാന്റുകൾ തുടങ്ങിയവയുടെ വിതരണം:** കുട്ടികൾക്ക് നൽകുന്ന വിവിധയിനം സ്കോളർഷിപ്പുകളും ഗ്രാന്റുകളും മറ്റു ധനസഹായങ്ങളും ഇന്ന് പലവിധ ഏജൻസികൾ വഴിയാണ് വിതരണം ചെയ്യപ്പെടുന്നത്. ഇത് ഏകീകരിക്കുകയും കുട്ടികൾക്കുള്ള എല്ലാ ആനുകൂല്യങ്ങളുടേയും വിതരണം തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി ക്രമീകരിക്കുകയും ചെയ്യണം.

8. **വിഭവ സ്രോതസ്സുകൾ മെച്ചപ്പെടുത്തുക :** വിദ്യാലയങ്ങൾക്ക് സ്വന്തമായ വിഭവ സ്രോതസ്സുകൾ വളരെക്കുറവാണ്. ഉള്ളവ തന്നെ വളരെ പരിമിതവുമാണ്. ഉദാഹരണമായി സ്പെഷൽ ഫീസുകൾ എത്രയോ ദശകങ്ങൾക്ക് മുമ്പ് നിർണ്ണയിച്ചയവയാണ്. ഇവയുടെ നിരക്കുകൾ കാലാനുസൃതമായി പരിഷ്കരിക്കുകയും ഇവയുടെ വിനിയോഗത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണം കൊണ്ടുവരികയും വേണം.

9. **മേളകളുടെ നടത്തിപ്പ് :** സ്കൂൾ വിദ്യാഭ്യാസ രംഗത്ത് ഒട്ടേറെ മേളകൾ പലതലങ്ങളിലായി നടക്കുന്നുണ്ട്. പലതിലും ആവർത്തനവും ഉണ്ട്. മേളകളുടെ നടത്തിപ്പ് ഏകീകരിക്കുകയും പ്രാഥമിക വിദ്യാലയങ്ങളുമായി ബന്ധപ്പെട്ട എല്ലാ മേളകളും പഞ്ചായത്ത് തലത്തിൽ മാത്രമാക്കുകയും ചെയ്യുന്നത് ഉചിതമായിരിക്കും.

10. **പഞ്ചായത്തുതല വിദ്യാഭ്യാസ മാസ്റ്റർ പ്ലാൻ:** കേരളത്തിലെ മുഴുവൻ പഞ്ചായത്തുകൾക്കും വിദ്യാഭ്യാസ മാസ്റ്റർ പ്ലാനുകൾ രൂപീകരിക്കേണ്ടതുണ്ട്. ഈ രംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന ആധുനികവൽക്കരണ പ്രവണതകളെല്ലാം പരിഗണിച്ചുകൊണ്ടായിരിക്കണം മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നത്. സർക്കാരെന്നോ എയിഡഡ് എന്നോ അൺ എയിഡഡ് എന്നെ വ്യത്യാസമില്ലാത്ത തരത്തിൽ പശ്ചാത്തല സൗകര്യങ്ങളും മറ്റു സംവിധാനങ്ങളും വിഭാവനം ചെയ്യാനും അത് എല്ലാവരെക്കൊണ്ടും നടത്തിക്കാനും സാധിക്കണം. വിദ്യാഭ്യാസ രംഗത്തെ ഇ–ഗവേണൻസ് ഇതിൽ പ്രധാനപ്പെട്ട ഒരു ഘടകമായിരിക്കണം.

11. **പഞ്ചായത്ത് സ്കൂൾ കോമ്പ്ളക്സുകൾ:** മുഴുവൻ പഞ്ചായത്തുകളിലും പഞ്ചായത്ത് സ്കൂൾ കോംപ്ലക്സുകൾ ആരംഭിക്കുകയും എല്ലാ പരിശീലനങ്ങളും പരീക്ഷകളും അവയുടെ ആഭിമുഖ്യത്തിലാവുകയും ചെയ്യുക.

മേൽപ്പറഞ്ഞ കാര്യങ്ങളെല്ലാം സാധ്യമാകണമെങ്കിൽ വിദ്യാഭ്യാസ ഭരണത്തിൽ ഘടനാപരമായ മാറ്റങ്ങൾ ഉണ്ടാകുകയും അതനുസരിച്ച് ഭരണപരമായും സാമ്പത്തികവുമായുമുള്ള അധികാരങ്ങൾ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് ലഭ്യമാക്കുകയും വേണം.

# ഉന്നതവിദ്യാഭ്യാസത്തിലെ ജനാധിപത്യവികേന്ദ്രീകരണം

**പി. ബിജു**

*സെക്രട്ടറി, എസ്.എഫ്.ഐ കേരള സംസ്ഥാന കമ്മിറ്റി*

**കേ**രളത്തിന്റെ വിദ്യാഭ്യാസമേഖല വിപുലമായിക്കൊണ്ടിരിക്കുകയാണ്. 1957-ലെ ഇ.എം.എസ്. സർക്കാരിന്റെ ഭൂപരിഷ്കരണ നിയമവും വിദ്യാഭ്യാസ പരിഷ്കാരങ്ങളുമാണ് കേരളത്തിലെ വിദ്യാഭ്യാസ മേഖലയുടെ ജനാധിപത്യവത്കരണത്തിന് തുടക്കം കുറിക്കുന്നത്. പാവപ്പെട്ടവനും വിദ്യാഭ്യാസം നേടാൻ കഴിയുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടത്.ഇതുവഴിയാണ് അതിന്റെ ഭാഗമായി ഇന്ന് സംസ്ഥാനത്ത് വിദ്യാഭ്യാസ, സാമൂഹിക രംഗങ്ങളിലൊക്കെ വ്യക്തിമുദ്ര പതിപ്പിച്ച് നേതൃത്വം കൊടുക്കുന്നവർക്ക് വിദ്യാഭ്യാസം നേടാൻ കഴിഞ്ഞ ഒരു സാഹചര്യം ഇവിടെയുണ്ടായിരുന്നു. സമൂഹത്തിലെ സമ്പന്ന വിഭാഗത്തിൽപ്പെട്ടവരായതുകൊണ്ടല്ല മറിച്ച് നമ്മുടെ സംസ്ഥാനത്ത് വിദ്യാഭ്യാസം സാധാരണക്കാരനും നേടാൻ കഴിയുന്ന ഒരു സാമൂഹികാവസ്ഥ നിലനിന്നതുകൊണ്ടാണ് ഇത് സൃഷ്ടിക്കപ്പെട്ടത്. വിദ്യാഭ്യാസ മേഖലയുടെ ജനാധിപത്യവത്കരണത്തിന്റെ ഭാഗമായാണ് സർവ്വകലാശാല ഭരണസമിതികളിൽപോലും വിദ്യാർത്ഥി പ്രാതിനിധ്യം കൊണ്ടുവന്നത്. ഇതിന്റെ ഭാഗമായാണ് ഇന്ത്യയിൽ ആദ്യമായി സർവ്വകലാശാല ഭരണസമിതിയിൽ വിദ്യാർത്ഥി പ്രാതിനിധ്യം കൊണ്ടുവന്നത് കേരളത്തിലും, കേരള സർവ്വകലാശാലയിലുമാണ്. സമൂഹത്തിലെ എല്ലാ വിഭാഗത്തിലുമുള്ളവരുടെ പ്രാതിനിധ്യം ഉന്നതവിദ്യാഭ്യാസ മേഖലയുടെ ജനാധിപത്യവത്കരണത്തിന് ആവശ്യമാണ്. ഇപ്പോൾ പുതിയ സിദ്ധാന്തങ്ങൾ ഉയർന്നുവരുന്നുണ്ട്. വിദ്യാർത്ഥികൾ അടക്കമുള്ള വിഭാഗങ്ങളെ മാറ്റിനിർത്തി ഇത്തരം സമിതികളൊക്കെ വിദഗ്ദ്ധരടങ്ങുന്ന സമിതികളാക്കണമെന്നതാണ് പുതിയ വാദം. അതിന്റെ ഭാഗമായി സർവ്വകലാശാല ഭരണസമിതികളിൽ നോമിനേറ്റഡ് അംഗങ്ങളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാക്കാനുള്ള പരിശ്രമങ്ങൾ ജനാധിപത്യവത്കരണത്തിന് വിഘാതമാണ്. സർവ്വകലാശാല ഭരണസമിതിയിലെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവരെ ജനാധിപത്യ പ്രക്രിയയിലൂടെ തെരഞ്ഞെടുക്കുന്ന രീതി അവലംബിക്കണം.

അതോടൊപ്പം തന്നെ സെനറ്റ് കേരളത്തിലെ രണ്ട് സർവ്വകലാശാലകളിൽ (കേരള, കാലിക്കറ്റ്) മാത്രമാണ് പരമോന്നത അധികാരമുള്ള സമിതിയായി നിലനിർത്തിയിരിക്കുന്നത്.

സമൂഹത്തിന്റെ വിവിധ മേഖലയിലുള്ളവരുടെ പരിച്ഛേദമെന്നാണ് സെനറ്റിനെ വിശേഷിപ്പിക്കുന്നത്. അതിന്റെ ഘടനയും സമൂഹത്തിന്റെ എല്ലാ മേഖലയിലുമുള്ളവരുടെ അഭിപ്രായം സർവ്വകലാശാല നയങ്ങളിലും പ്രവർത്തനങ്ങളിലും ഉണ്ടാകണമെന്ന കാഴ്ചപ്പാടാണ് സെനറ്റുമായി ബന്ധപ്പെട്ട് ഉള്ളത്. എന്നാൽ കേരള കാലിക്കറ്റ് സർവ്വകലാശാലകൾ ഒഴിച്ചുള്ളടത്ത് പരമോന്നത അധികാരം സെനറ്റിന് നൽകിയിട്ടില്ല. ഇതിലൊരു മാറ്റം അനിവാര്യമാണ്. കേരളത്തിലെ എല്ലാ സർവ്വകലാശാല സെനറ്റും പരമോന്നത അധികാരമുള്ള വേദിയായി കൊണ്ടുവരേണ്ടത് അനിവാര്യമാണ്. സർവ്വകലാശാലകളിലെ മറ്റൊരു പ്രധാന സമിതി അക്കാദമിക് കൗൺസിലുക

ളാണ്. സർവ്വകലാശാല അക്കാദമികമായ കാര്യങ്ങളുടെ അവസാന വാക്ക് നിലവിൽ അക്കാദമിക് കൗൺസിലുകളാണ്. അക്കാദമിക് കൗൺസിലുകളുടെ ഘടന കൂടുതൽ ജനാധിപത്യവത്കരിക്കണം. അക്കാദമിക് കൗൺസിലുകളിൽ അക്കാദമിക് വിദഗ്ദ്ധൻമാർ മാത്രമാകുന്നത് അപകടം ഉണ്ടാക്കുന്നതാണ്. വിദ്യാഭ്യാസ സാമൂഹികനീതിയിൽ അടിസ്ഥാനപ്പെടുത്തി മുന്നോട്ടുപോകണമെങ്കിൽ, വിദഗ്ദ്ധൻമാർക്ക് പ്രാതിനിധ്യം നൽകുന്നതോടൊപ്പം ഈ മേഖലയിൽ ഇടപെടാൻ കഴിയുന്ന മറ്റു വിഭാഗങ്ങളേയും ഉൾപ്പെടുത്തി ശക്തിപ്പെടുത്തണം. സാമൂഹിക കാഴ്ചപ്പാടോടുകൂടി അക്കാദമിക് മേഖലയിൽ ഇടപെടേണ്ടത് അനിവാര്യമായിരിക്കുകയാണ്. പുതിയ കോഴ്സുകളുടെ ഘടനയും, കോളേജുകളുടെ പ്രവർത്തനങ്ങളിൽ വന്ന മാറ്റവും, അദ്ധ്യാപക-വിദ്യാർത്ഥി ബന്ധങ്ങളിൽ വന്ന വ്യത്യാസവും, നിരന്തരമൂല്യനിർണ്ണയ സമ്പ്രദായവുമൊക്കെ നടപ്പിൽ വന്നതോടുകൂടി അതിനാവശ്യമായ ഘടനാപരമായ മാറ്റം അക്കാദമിക് കൗൺസിലുകളിൽ ഉണ്ടാവേണ്ടത് അനിവാര്യമാണ്. അക്കാദമിക് കൗൺസിലിലെ വിദ്യാർത്ഥി പ്രാതിനിധ്യവും വർദ്ധിപ്പിക്കണം. അതോടൊപ്പം ആറുമാസത്തിൽ ഒരു തവണ അക്കാദമിക് കൗൺസിൽയോഗമെന്നതിൽ മാറ്റം വരുത്തണം. നിലവിലുള്ള അടിയന്തിര സാഹചര്യങ്ങളിൽ വൈസ് ചാൻസിലർ പ്രത്യേക ഉത്തരവുകൾ ഇറക്കുന്നുണ്ടെങ്കിലും, ഇത് പലപ്പോഴും നിക്ഷിപ്തമായ താല്പര്യങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമാകുന്നു എന്നത് ഒഴിവാക്കാൻ 2 മാസത്തിലൊരിക്കലെങ്കിലും അക്കാദമിക് കൗൺസിൽ യോഗം ചേരുന്ന സ്ഥിതി ഉണ്ടാവണമെന്നത് അനിവാര്യമായിരിക്കുന്നു.

അതോടൊപ്പം ആഗോളവത്കരണനയത്തിന്റെ ഭാഗമായിട്ടുള്ള വെല്ലുവിളികളെ പ്രതിരോധിക്കുകയും അനിവാര്യമാണ്. വിദ്യാഭ്യാസവും ആരോഗ്യവും, സേവന മേഖലയായി നിലനിർത്തേണ്ടത് ക്ഷേമരാഷ്ട്രസങ്കല്പം നിലനിൽക്കുന്ന നമ്മുടെ രാജ്യത്ത് ആവശ്യമാണ്. വിദ്യാഭ്യാസവും, ആരോഗ്യവും, നൽകേണ്ട ഉത്തരവാദിത്വം സർക്കാരിനുണ്ട്. പൊതു ഖജനാവിൽ നിന്ന് വിദ്യാഭ്യാസം നൽകുക എന്ന കാഴ്ചപ്പാട് മാറി ഇന്ന് വിദ്യാഭ്യാസ മേഖല പൂർണ്ണമായി കച്ചവടവത്ക്കരിക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ചുള്ള പുതിയ സങ്കല്പങ്ങൾ വിദ്യാഭ്യാസ മേഖലയുടെ ജനാധിപത്യവത്കരണത്തിന് തടസ്സമായി നിലനിൽക്കുന്നു. അതോടൊപ്പം തന്നെ ആധുനിക വിദ്യാഭ്യാസം സ്വകാര്യമേഖലയിൽ മാത്രമായി ഒതുങ്ങുന്ന രീതിയും തടയപ്പെടേണ്ടതാണ്. പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളടക്കം സ്വകാര്യമേഖലയിൽ മാത്രം പുതിയ സ്ഥാപനങ്ങൾ വരുന്നത് സാധാരണക്കാരന് ഉന്നതവിദ്യാഭ്യാസ രംഗത്തേയ്ക്ക് കടന്നുവരുന്നത് നിഷേധിക്കപ്പെടുന്നുണ്ട്.

പൊതുമേഖലയിലും ആധുനിക കോഴ്സുകൾ കൊണ്ടുവരാനും, സാധാരണക്കാരന് കടന്നുവരുവാനും കഴിയുന്ന സാഹചര്യം കൊണ്ടുവരേണ്ടത് അനിവാര്യമാണ്. ഉന്നതവിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട എല്ലാ സംവിധാനങ്ങളും ജനാധിപത്യവത്കരിച്ചുകൊണ്ടുമാത്രമേ വിദ്യാഭ്യാസപരമായ മുന്നേറ്റം ഉണ്ടാക്കാൻ കഴിയുകയുള്ളൂ.

# പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങളും വെല്ലുവിളികളും

**ജി. ഹൃഷികേശൻ നായർ**
*കൊല്ലം*

കേന്ദ്ര സംസ്ഥാന സർക്കാരുകൾ പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസ ഉന്നതിക്കായി ധാരാളം പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുന്നുണ്ട്. സംസ്ഥാന സർക്കാർ പട്ടികവർഗ്ഗ വികസനത്തിനു ചെലവഴിക്കുന്ന തുകയുടെ 60 ശതമാനവും വിദ്യാഭ്യാസ മേഖലയിലാണ്.

പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിലെ രക്ഷിതാക്കൾക്കു വിദ്യാഭ്യാസത്തിന്റെ ആവശ്യകത വ്യക്തമായറിയുന്നില്ല. അവരുടെ നിരക്ഷരത, അമിത മദ്യപാനം, പാരമ്പര്യ ജീവിത രീതിയുടെ ആലസ്യം, ജോലിക്കും ഉപജീവനത്തിനും വീടുവിട്ടു വളരെ ദൂരം മുഴുവൻ കുടുംബാംഗങ്ങളുമായി പോകേണ്ട അവസ്ഥ, കൂട്ടമായി താമസിക്കുന്നതിനാൽ ഒരു വീട്ടിലെ അവസ്ഥ മറ്റു വീടുകളിലും ബാധിക്കുന്നത്, വിപുലമായ ആചാരാനുഷ്ഠാനങ്ങൾ, അതിൽ മുഴുവൻ കുടുംബാംഗങ്ങളും/ബന്ധുക്കളും പങ്കെടുക്കണമെന്ന നിഷ്ഠ, അത്തരം ചടങ്ങുകൾക്കു ഒരു സങ്കേതത്തിൽ നിന്നും മറ്റു സങ്കേതങ്ങളിലേക്കു യാത്ര പോകേണ്ട അവസ്ഥ ഇവയെല്ലാം തന്നെ കുട്ടികളുടെ ശരിയായ വിദ്യാഭ്യാസത്തിനു തടസ്സമാകുന്നു. ചെറിയ കുട്ടികളുടെ സംരക്ഷണ ചുമതല മൂലം മുതിർന്ന കുട്ടികൾക്കു പഠിക്കാനാകാത്ത സാഹചര്യവും ചെറുപ്രായത്തിൽ വിവാഹം കഴിക്കുന്നതു മൂലവും പഠനം തുടരാനാകാത്ത സാഹചര്യവുമുണ്ട്. സ്കൂളിലേക്കുള്ള ദൂരം, തങ്ങളുടെ സംസാരഭാഷയും സ്കൂളിലെ ഭാഷയും രണ്ടായതിനാൽ അദ്ധ്യാപകരും മറ്റു സഹപാഠികളുമായും ഇടപെടുന്നതിനും അവരുടെ ശ്രദ്ധ പിടിച്ചുപറ്റുന്നതിനും കഴിയാത്ത അവസ്ഥ, ക്ലാസിൽ പഠിപ്പിക്കുന്നതു ഉൾക്കൊള്ളുന്നതിനുള്ള പ്രയാസം, ക്ലാസിൽ മതിയായ സ്വാതന്ത്ര്യവും അംഗീകാരവും ലഭിക്കാത്ത സാഹചര്യം, തന്മൂലം ക്ലാസിലെ പ്രവർത്തനങ്ങളിലുള്ള താൽപ്പര്യക്കുറവ്, ഒരു ഒറ്റപ്പെടൽ ചിന്ത, യൂണിഫോം, ബുക്ക്, മറ്റു പഠനോപകരണങ്ങൾ ശേഖരിക്കുന്നതിനും ഭക്ഷണം ലഭിക്കുന്നതിനും അതു യഥാസമയം ലഭിക്കുന്നതിനുമുള്ള പ്രയാസം തുടങ്ങി സാമ്പത്തിക പരാധീനതയിൽ നിന്നുമുണ്ടാകുന്ന പ്രശ്നങ്ങൾ മൂലം ക്ലാസിൽ സ്ഥിരമായി ഹാജരാകാനാകാത്ത അവസ്ഥ നിലനിൽക്കുന്നു. കൂടെക്കൂടെയുള്ള അസുഖങ്ങൾ, വിശേഷിച്ച് ചൊറി, ചിരങ്ങു തുടങ്ങിയവയും ക്ലാസിൽ കൃത്യമായി എത്തുന്നതിനു തടസ്സമാകുന്നുണ്ട്.

പട്ടികവർഗ്ഗ പ്രദേശങ്ങളിലെ അദ്ധ്യാപക തസ്തിക യഥാസമയം നികത്തപ്പെടുന്നില്ല, അദ്ധ്യാപകരെ നിയോഗിച്ചാൽ അവർ എല്ലാ ദിവസവും ഹാജരായി ക്ലാസുകൾ ശരിയായ നിലയിൽ നടത്തുന്നില്ല, വീട്ടിൽ പഠിക്കാനുള്ള സൗകര്യമില്ലായ്മ ഇവയെല്ലാം കുട്ടിയുടെ പഠനത്തെ പ്രതികൂലമായി ബാധിക്കുന്നു.

ടി.ടി.സി. കോഴ്സിനു ഭിന്നതല പഠനകേന്ദ്രം എന്ന ആശയമനുസരിച്ച് പരിശീലനം നടക്കാത്തതിനാൽ ടി.ടി.സി. പാസായവർക്കും ഭിന്നതല പഠനകേന്ദ്രം ഭംഗിയായി നടത്താനാകുന്നില്ല. പട്ടികവർഗ്ഗക്കാരിലെ യോഗ്യതയുള്ളവരിൽ നിന്നും അവരുടെ താൽപര്യംകൂടി കണക്കിലെടുത്ത്

ളാണ്. സർവ്വകലാശാല അക്കാദമികമായ കാര്യങ്ങളുടെ അവസാന വാക്ക് നിലവിൽ അക്കാദമിക് കൗൺസിലുകളാണ്. അക്കാദമിക് കൗൺസിലുകളുടെ ഘടന കൂടുതൽ ജനാധിപത്യവത്കരിക്കണം. അക്കാദമിക് കൗൺസിലുകളിൽ അക്കാദമിക് വിദഗ്ദ്ധൻമാർ മാത്രമാകുന്നത് അപകടം ഉണ്ടാക്കുന്നതാണ്. വിദ്യാഭ്യാസ സാമൂഹികനീതിയിൽ അടിസ്ഥാനപ്പെടുത്തി മുന്നോട്ടുപോകണമെങ്കിൽ, വിദഗ്ദ്ധൻമാർക്ക് പ്രാതിനിധ്യം നൽകുന്നതോടൊപ്പം ഈ മേഖലയിൽ ഇടപെടാൻ കഴിയുന്ന മറ്റു വിഭാഗങ്ങളേയും ഉൾപ്പെടുത്തി ശക്തിപ്പെടുത്തണം. സാമൂഹിക കാഴ്ചപ്പാടോടുകൂടി അക്കാദമിക് മേഖലയിൽ ഇടപെടേണ്ടത് അനിവാര്യമായിരിക്കുകയാണ്. പുതിയ കോഴ്സുകളുടെ ഘടനയും, കോളേജുകളുടെ പ്രവർത്തനങ്ങളിൽ വന്ന മാറ്റവും, അദ്ധ്യാപക-വിദ്യാർത്ഥി ബന്ധങ്ങളിൽ വന്ന വ്യത്യാസവും, നിരന്തരമൂല്യനിർണ്ണയ സമ്പ്രദായവുമൊക്കെ നടപ്പിൽ വന്നതോടുകൂടി അതിനാവശ്യമായ ഘടനാപരമായ മാറ്റം അക്കാദമിക് കൗൺസിലുകളിൽ ഉണ്ടാവേണ്ടത് അനിവാര്യമാണ്. അക്കാദമിക് കൗൺസിലിലെ വിദ്യാർത്ഥി പ്രാതിനിധ്യവും വർദ്ധിപ്പിക്കണം. അതോടൊപ്പം ആറുമാസത്തിൽ ഒരു തവണ അക്കാദമിക് കൗൺസിൽയോഗമെന്നതിൽ മാറ്റം വരുത്തണം. നിലവിലുള്ള അടിയന്തിര സാഹചര്യങ്ങളിൽ വൈസ് ചാൻസിലർ പ്രത്യേക ഉത്തരവുകൾ ഇറക്കുന്നുണ്ടെങ്കിലും, ഇത് പലപ്പോഴും നിക്ഷിപ്തമായ താല്പര്യങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമാകുന്നു എന്നത് ഒഴിവാക്കാൻ 2 മാസത്തിലൊരിക്കലെങ്കിലും അക്കാദമിക് കൗൺസിൽ യോഗം ചേരുന്ന സ്ഥിതി ഉണ്ടാവണമെന്നത് അനിവാര്യമായിരിക്കുന്നു.

അതോടൊപ്പം ആഗോളവത്കരണനയത്തിന്റെ ഭാഗമായിട്ടുള്ള വെല്ലുവിളികളെ പ്രതിരോധിക്കുകയും അനിവാര്യമാണ്. വിദ്യാഭ്യാസവും ആരോഗ്യവും, സേവന മേഖലയായി നില നിർത്തേണ്ടത് ക്ഷേമരാഷ്ട്രസങ്കല്പം നിലനിൽക്കുന്ന നമ്മുടെ രാജ്യത്ത് ആവശ്യമാണ്. വിദ്യാഭ്യാസവും, ആരോഗ്യവും, നൽകേണ്ട ഉത്തരവാദിത്വം സർക്കാരിനുണ്ട്. പൊതു ഖജനാവിൽ നിന്ന് വിദ്യാഭ്യാസം നൽകുക എന്ന കാഴ്ചപ്പാട് മാറി ഇന്ന് വിദ്യാഭ്യാസ മേഖല പൂർണ്ണമായി കച്ചവടവത്ക്കരിക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ചുള്ള പുതിയ സങ്കല്പങ്ങൾ വിദ്യാഭ്യാസ മേഖലയുടെ ജനാധിപത്യവത്കരണത്തിന് തടസ്സമായി നിലനിൽക്കുന്നു. അതോടൊപ്പം തന്നെ ആധുനിക വിദ്യാഭ്യാസം സ്വകാര്യമേഖലയിൽ മാത്രമായി ഒതുങ്ങുന്ന രീതിയും തടയപ്പെടേണ്ടതാണ്. പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളടക്കം സ്വകാര്യമേഖലയിൽ മാത്രം പുതിയ സ്ഥാപനങ്ങൾ വരുന്നത് സാധാരണക്കാരന് ഉന്നതവിദ്യാഭ്യാസ രംഗത്തേയ്ക്ക് കടന്നുവരുന്നത് നിഷേധിക്കപ്പെടുന്നുണ്ട്.

പൊതുമേഖലയിലും ആധുനിക കോഴ്സുകൾ കൊണ്ടുവരാനും, സാധാരണക്കാരന് കടന്നുവരുവാനും കഴിയുന്ന സാഹചര്യം കൊണ്ടുവരേണ്ടത് അനിവാര്യമാണ്. ഉന്നതവിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട എല്ലാ സംവിധാനങ്ങളും ജനാധിപത്യവത്കരിച്ചുകൊണ്ടുമാത്രമേ വിദ്യാഭ്യാസപരമായ മുന്നേറ്റം ഉണ്ടാക്കാൻ കഴിയുകയുള്ളു.

# പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങളും വെല്ലുവിളികളും

**ജി. ഹൃഷികേശൻ നായർ**
*കൊല്ലം*

കേന്ദ്ര സംസ്ഥാന സർക്കാരുകൾ പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസ ഉന്നതിക്കായി ധാരാളം പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുന്നുണ്ട്. സംസ്ഥാന സർക്കാർ പട്ടികവർഗ്ഗ വികസനത്തിനു ചെലവഴിക്കുന്ന തുകയുടെ 60 ശതമാനവും വിദ്യാഭ്യാസ മേഖലയിലാണ്.

പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിലെ രക്ഷിതാക്കൾക്കു വിദ്യാഭ്യാസത്തിന്റെ ആവശ്യകത വ്യക്തമായറിയുന്നില്ല. അവരുടെ നിരക്ഷരത, അമിത മദ്യപാനം, പാരമ്പര്യ ജീവിത രീതിയുടെ ആലസ്യം, ജോലിക്കും ഉപജീവനത്തിനും വീടുവിട്ടു വളരെ ദൂരം മുഴുവൻ കുടുംബാംഗങ്ങളുമായി പോകേണ്ട അവസ്ഥ, കൂട്ടമായി താമസിക്കുന്നതിനാൽ ഒരു വീട്ടിലെ അവസ്ഥ മറ്റു വീടുകളിലും ബാധിക്കുന്നത്, വിപുലമായ ആചാരാനുഷ്ഠാനങ്ങൾ, അതിൽ മുഴുവൻ കുടുംബാംഗങ്ങളും/ബന്ധുക്കളും പങ്കെടുക്കണമെന്ന നിഷ്ഠ, അത്തരം ചടങ്ങുകൾക്കു ഒരു സങ്കേതത്തിൽ നിന്നും മറ്റു സങ്കേതങ്ങളിലേക്കു യാത്ര പോകേണ്ട അവസ്ഥ ഇവയെല്ലാം തന്നെ കുട്ടികളുടെ ശരിയായ വിദ്യാഭ്യാസത്തിനു തടസ്സമാകുന്നു. ചെറിയ കുട്ടികളുടെ സംരക്ഷണ ചുമതല മൂലം മുതിർന്ന കുട്ടികൾക്കു പഠിക്കാനാകാത്ത സാഹചര്യവും ചെറുപ്രായത്തിൽ വിവാഹം കഴിക്കുന്നതു മൂലവും പഠനം തുടരാനാകാത്ത സാഹചര്യവുമുണ്ട്. സ്കൂളിലേക്കുള്ള ദൂരം, തങ്ങളുടെ സംസാരഭാഷയും സ്കൂളിലെ ഭാഷയും രണ്ടായതിനാൽ അദ്ധ്യാപകരും മറ്റു സഹപാഠികളുമായും ഇടപെടുന്നതിനും അവരുടെ ശ്രദ്ധ പിടിച്ചുപറ്റുന്നതിനും കഴിയാത്ത അവസ്ഥ, ക്ലാസിൽ പഠിപ്പിക്കുന്നതു ഉൾക്കൊള്ളുന്നതിനുള്ള പ്രയാസം, ക്ലാസിൽ മതിയായ സ്വാതന്ത്ര്യവും അംഗീകാരവും ലഭിക്കാത്ത സാഹചര്യം, തന്മൂലം ക്ലാസിലെ പ്രവർത്തനങ്ങളിലുള്ള താൽപ്പര്യക്കുറവ്, ഒരു ഒറ്റപ്പെടൽ ചിന്ത, യൂണിഫോം, ബുക്ക്, മറ്റു പഠനോപകരണങ്ങൾ ശേഖരിക്കുന്നതിനും ഭക്ഷണം ലഭിക്കുന്നതിനും അതു യഥാസമയം ലഭിക്കുന്നതിനുമുള്ള പ്രയാസം തുടങ്ങി സാമ്പത്തിക പരാധീനതയിൽ നിന്നുമുണ്ടാകുന്ന പ്രശ്നങ്ങൾ മൂലം ക്ലാസിൽ സ്ഥിരമായി ഹാജരാകാനാകാത്ത അവസ്ഥ നിലനിൽക്കുന്നു. കൂടെക്കൂടെയുള്ള അസുഖങ്ങൾ, വിശേഷിച്ച് ചൊറി, ചിരങ്ങു തുടങ്ങിയവയും ക്ലാസിൽ കൃത്യമായി എത്തുന്നതിനു തടസ്സമാകുന്നുണ്ട്.

പട്ടികവർഗ്ഗ പ്രദേശങ്ങളിലെ അദ്ധ്യാപക തസ്തിക യഥാസമയം നികത്തപ്പെടുന്നില്ല, അദ്ധ്യാപകരെ നിയോഗിച്ചാൽ അവർ എല്ലാ ദിവസവും ഹാജരായി ക്ലാസുകൾ ശരിയായ നിലയിൽ നടത്തുന്നില്ല, വീട്ടിൽ പഠിക്കാനുള്ള സൗകര്യമില്ലായ്മ ഇവയെല്ലാം കുട്ടിയുടെ പഠനത്തെ പ്രതികൂലമായി ബാധിക്കുന്നു.

ടി.ടി.സി. കോഴ്സിനു ഭിന്നതല പഠനകേന്ദ്രം എന്ന ആശയമനുസരിച്ച് പരിശീലനം നടക്കാത്തതിനാൽ ടി.ടി.സി. പാസായവർക്കും ഭിന്നതല പഠനകേന്ദ്രം ഭംഗിയായി നടത്താനാകുന്നില്ല. പട്ടികവർഗ്ഗക്കാരിലെ യോഗ്യതയുള്ളവരിൽ നിന്നും അവരുടെ താൽപര്യംകൂടി കണക്കിലെടുത്ത്

പ്രത്യേക ടി.ടി.സി. കോഴ്സ് നടത്തുകയും കോഴ്സ് വിജയകരമായി പൂർത്തിയാക്കിയാൽ കഴിയുന്നതും അവരവരുടെ സങ്കേതത്തിനടുത്ത് ജോലിയിൽ പ്രവേശിപ്പിക്കുന്നതിനും അവസരമൊരുക്കണം. ഇന്നത്തെ പാഠ്യപദ്ധതി അനുസരിച്ച് കുട്ടികൾക്ക് ശരിയായ നിലയിൽ പഠിക്കുന്നതിനും ക്ലാസിനു പുറത്തുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും രക്ഷിതാക്കളുടെ വലിയ സഹായം ആവശ്യമാണ്. അതിനനുസൃതമായ ബൗദ്ധികമായ പിന്തുണ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു അവരുടെ രക്ഷിതാക്കളിൽ നിന്നും ലഭിക്കുന്നില്ല. ഇത്തരം കുറവുകൾ സ്കൂൾ തലത്തിൽ പരിഹരിക്കുന്നതിനു അദ്ധ്യാപകർ പ്രത്യേക താൽപ്പര്യമെടുത്ത് പ്രവർത്തിക്കണം.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പ്രാഥമിക വിദ്യാഭ്യാസം വ്യാപിപ്പിക്കുന്നതിനും അതിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും താഴെപ്പറയുന്ന പ്രവർത്തനങ്ങൾ അനിവാര്യമാണ്.

- പ്രീപ്രൈമറി വിദ്യാഭ്യാസം ശക്തിപ്പെടുത്തണം
- പോഷകാഹാര വിതരണം നല്ലനിലയ്ക്കു നടത്തണം
- വൈദ്യശുശ്രൂഷ യഥാസമയം നൽകണം
- പട്ടികവർഗ്ഗക്കാരുടെ സവിശേഷ പ്രശ്നങ്ങൾ റ്റി.റ്റി.സി കോഴ്സിന്റെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം
- നിശ്ചിത യോഗ്യതയും അദ്ധ്യാപനത്തിൽ താൽപ്പര്യവുമുള്ള പട്ടികവർഗ്ഗക്കാർക്കായി പ്രത്യേകം ടി.ടി.സി കോഴ്സ് നടത്തുകയും വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഉടൻ ജോലി നൽകുകയും വേണം
- ഏകാദ്ധ്യാപക-ഭിന്നതല പഠന കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തി ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകാനാകും വിധം പുനഃസംഘടിപ്പിക്കണം
- പട്ടികവർഗ്ഗ മേഖലകളിലെ പൊതു വിദ്യാലയങ്ങളിൽ അദ്ധ്യാപക ഒഴിവ് യഥാസമയം നികത്തുകയും നിശ്ചിത കാലയളവിൽ അവിടെ പ്രവർത്തിക്കുന്നവർക്ക് പ്രൊമോഷനിലും സ്ഥലം മാറ്റത്തിലും മുൻഗണന അടക്കം ഇൻസന്റീവു നൽകണം
- അദ്ധ്യാപകരുടെ ഹാജർ ഉറപ്പുവരുത്തണം
- പട്ടികവർഗ്ഗ പ്രദേശങ്ങളിൽ നിയമിതരാകുന്ന അദ്ധ്യാപകർക്കു പട്ടികവർഗ്ഗക്കാരുടെ സ്വഭാവ വിശേഷങ്ങളെക്കുറിച്ചും ആചാരാനുഷ്ഠാനങ്ങളെക്കുറിച്ചും ഭാഷയെക്കുറിച്ചും പരിശീലനം നൽകണം.
- വിദ്യാഭ്യാസത്തിന്റെ ആവശ്യകത രക്ഷിതാക്കളെ ബോദ്ധ്യപ്പെടുത്തുന്നതിനു ക്യാമ്പയിനുകൾ നടത്തണം. കുട്ടിയും രക്ഷിതാവുമായി അദ്ധ്യാപകനെന്ന നിലയിൽ നല്ല ബന്ധം സ്ഥാപിക്കണം.
- പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത അറിവ്, കഴിവ്, കല, സംസ്കാരം ഇവ മനസിലാക്കുന്നതിനും ഡോക്യുമെന്റുകൾ ചെയ്യുന്നതിനും അവയിൽ നിന്നും ലോകാരോഗ്യ സംഘടന വിഭാവനം ചെയ്യുന്ന സോഫ്ട് സ്കിൽസ് ആർജ്ജിക്കുന്നതിനു കുട്ടിയെ പ്രാപ്തമാക്കണം.
- പട്ടികവർഗ്ഗ വികസന വകുപ്പു നടത്തുന്ന പ്രീമെട്രിക് ഹോസ്റ്റലുകൾ / മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ കൂടുതൽ ശിശു സൗഹൃദ കേന്ദ്രങ്ങളാക്കി പരിവർത്തനം ചെയ്യണം. രക്ഷിതാക്കളുടെ വർദ്ധിച്ച പങ്കാളിത്തം ഉറപ്പുവരുത്തണം.
- മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും അദ്ധ്യാപകരെ നിയമിക്കണം. നിലവിലുള്ള അദ്ധ്യാപകർ സ്ഥലംമാറ്റം മുഖേന വരുന്നതിന് സന്നദ്ധമല്ലെങ്കിൽപി.എസ്സ്.സി മുഖേന പുതിയ നിയമനം നടത്തണം. ഒരിക്കൽ നിയമിക്കുന്നവർ നിശ്ചിത കാലയളവ് അവിടെ പ്രവർത്തിക്കണമെന്ന് നിഷ്കർഷിക്കുകയും ടി സേവന കാലയളവിന് അനുയോജ്യമായ വെയിറ്റേജ്/ ഇൻസന്റീവ് നൽകുകയും വേണം.
- മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ അക്കാഡമി നിലവാരം ഉയർത്തി മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റണം

**ഉന്നതവിദ്യാഭ്യാസരംഗത്തെ നിലവിലുള്ള അവസ്ഥ**

പട്ടികവർഗ്ഗക്കാരുടെ ഉന്നതവിദ്യാഭ്യാസ രംഗത്തെ പ്രകടനം തീർത്തും ശോഭനകരമല്ല. പ്രൈമറി ക്ലാസുകളിൽ എത്തുന്ന എല്ലാവരും

എസ്.എസ്.എൽ.സി. വരെയും എസ്.എസ്.എൽ.സി. ജയിക്കുന്ന എല്ലാവരും ഉപരിപഠനത്തിനും എത്തുന്നില്ല. 15-59 പ്രായത്തിൽ 25592 പേർ എസ്.എസ്.എൽ.സി. വരെയും 14069 പേർ പ്രീഡിഗ്രി/ പ്രസ് ടു/ തത്തുല്യ കോഴ്സുകളും ജയിച്ചവരായുണ്ട്. ബിരുദം നേടിയ 3314 പേരും ബിരുദാനന്തര ബിരുദം നേടിയ 547 പേരും മാത്രമാണുള്ളത്. തീർച്ചയായും ശക്തമായ അടിസ്ഥാന വിദ്യാഭ്യാസം നേടിയാൽ മാത്രമേ ഉന്നത വിദ്യാഭ്യാസ രംഗത്ത് ശോഭിക്കുവാനാകുകയുള്ളൂ. എന്തായാലും പട്ടികവർഗ്ഗക്കാരുടെ ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രകടനം മെച്ചപ്പെടുത്തുന്നതിനു ബോധപൂർവ്വമായ ഇടപെടലുകൾ അനിവാര്യമാണെന്നു കാണുന്നു.

ഇത്തരുണത്തിൽ സവിശേഷ ശ്രദ്ധയാകർഷിക്കുന്ന രണ്ടു കാര്യങ്ങൾ ഉണ്ട്. പൊതു പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന എഞ്ചിനീയറിംഗ്/ മെഡിക്കൽ പ്രവേശനത്തിനായുള്ള പൊതുപ്രവേശന പരീക്ഷയും മറ്റു കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷയും വിജയിച്ചു പ്രവേശനം നേടുന്നവർക്കു പ്രസ്തുത കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കുവാൻ പല കാരണങ്ങളാൽ കഴിയാതെ വരുന്ന അവസ്ഥയുണ്ട്. അതുപോലെ എം.ബി.ബി.എസ്. / ബി.ഡി.എസ്. പ്രവേശനത്തിനു ഓൾ ഇന്ത്യാ മെഡിക്കൽ കൗൺസിൽ, പ്രവേശന പരീക്ഷയ്ക്കു 40 ശതമാനം മാർക്ക് പട്ടികവർഗ്ഗ വിഭാഗക്കാർ നേടിയിരിക്കണമെന്ന നിബന്ധന ഏർപ്പെടുത്തിയതുമൂലം ഉളവായ പ്രശ്നങ്ങളും നിലവിലുണ്ട്.

എൻ.ആർ.ഐ. ക്വാട്ടാ പ്രകാരം പ്രവേശനം നൽകുന്നതിന് ഈ നിബന്ധന ബാധകമാക്കിയിട്ടില്ല. അതുപോലെ സ്വകാര്യ സ്വാശ്രയ കോളേജുകൾ നടത്തുന്ന പ്രവേശന പരീക്ഷയിലും ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയ ക്രമത്തിൽ 3 പേപ്പർ എഴുതുകയും അവയ്ക്കാകെ 40 ശതമാനം മാർക്ക് നേടണമെന്ന നിബന്ധന ബാധകമാക്കിയിട്ടില്ല. എന്നാൽ ഭരണഘടനാനുസൃതമായി തങ്ങൾക്കവകാശപ്പെട്ട ആനുകൂല്യം ലഭിക്കുന്നതിനു ഓൾ ഇന്ത്യാ മെഡിക്കൽ കൗൺസിൽ നിബന്ധന പട്ടികവർഗ്ഗക്കാർക്ക് തടസ്സമാകുന്നുണ്ട്. ഈ ഗുരുതരമായ പ്രശ്നത്തിന് പരിഹാരം കാണേണ്ടതായുണ്ട്. ശരിയായ നിലയിൽ പ്രീപ്രൈമറി, പ്രൈമറി, ഹൈസ്കൂൾ തലത്തിലും ഉന്നത വിദ്യാഭ്യാസ രംഗത്തും ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകിക്കൊണ്ടു മാത്രമേ ഈ പിന്നോക്കാവസ്ഥയ്ക്കു പരിഹാരം കാണുവാനാകുകയുള്ളൂ.

അവസാനമായി പട്ടികവർഗ്ഗ സങ്കേതങ്ങളിൽ അഭ്യസ്ത വിദ്യരായവർക്കു സായാഹ്നം ചെലവഴിക്കുന്നതിനും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഒത്തുചേരുന്നതിനും വിനോദത്തിനും നിലവിൽ സൗകര്യമില്ല. ഡോ. ബാബാസാഹിബ് അംബേദ്ക്കറുടെ ജന്മശതാബ്ദി ആഘോഷ വേളയിൽ 1990ൽ ആരംഭിച്ച സ്റ്റഡി കം റിക്രിയേഷൻ സെന്ററുകൾ ഒരു പരിധിവരെ ഇത്തരം ആവശ്യങ്ങൾ നിർവ്വഹിച്ചിരുന്നു. രണ്ടു ദശാബ്ദം പിന്നിട്ട വർത്തമാനകാലത്തിനനുസൃതമായി സമാന മാതൃകയിൽ ഒരു സംവിധാനം അനിവാര്യമാണ്.

12 ാം പദ്ധതിയിൽ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വ്യാപകമായി ഇത്തരത്തിലൊരു സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്. അവ മുഖേന നടക്കേണ്ട പ്രവർത്തനങ്ങൾ താഴെ പറയും പ്രകാരം സംഗ്രഹിക്കാം.

- സ്വന്തമായി അടച്ചുറപ്പുള്ള കെട്ടിടം വേണം
- ഊരുക്കൂട്ടത്തിന്റെ ആസ്ഥാനമായിരിക്കണം, ഊരുക്കൂട്ടം സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നതിനു ബന്തവസ്സുള്ള ഫർണിച്ചർ ഉണ്ടാകണം, ഊരുക്കൂട്ട ശാക്തീകരണം മുഖ്യ അജണ്ടയാകണം.
- കുടുംബശ്രീ/ അയൽക്കൂട്ട പ്രവർത്തനത്തിന്റെ വേദിയാകണം
- അംഗൻവാടി പ്രവർത്തനം നടത്താവുന്നതാണ്
- ആരോഗ്യ/ മെഡിക്കൽ ക്യാമ്പുകൾ/ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്
- ലൈബ്രറി, റീഡിംഗ് റൂം അടക്കം സാമൂഹ്യ സാംസ്കാരിക വിനിമയ കേന്ദ്രമായും പരമ്പരാഗത കലാരൂപങ്ങൾ ആവിഷ്കരിക്കുന്നതിനുള്ള വേദിയായും മാറണം.
- സ്കൂൾ വിദ്യാർത്ഥികൾക്ക് ഒത്തു ചേരുന്നതിനും ട്യൂഷൻ, അധിക പഠന സൗകര്യം,

ഹോംവർക്ക്, അസൈൻമെന്റ് ശേഖരണം, പ്രോജക്ട് വർക്ക് ഇവയ്ക്ക് വേണ്ട സഹായം, ആഹ്ലാദകരമായ കൂടിച്ചേരലിനും വിനോദത്തിനും അവസരമൊരുക്കി ഗൃഹസമാനമായ അന്തരീക്ഷം സൃഷ്ടിച്ച് അവരുടെ വിദ്യാഭ്യാസവും പൊതുകഴിവും വളർത്തുന്ന സ്ഥാപനമാകണം

- സമൂഹത്തിന്റെ ആകെ പങ്കാളിത്തം ഉറപ്പാക്കി രക്ഷിതാക്കളെ ബോധവൽക്കരിക്കുകയും ശാക്തീകരിക്കുകയും വേണം. ഭരണഘടനാപരമായും നിയമപരമായുമുള്ള പരിരക്ഷകളെക്കുറിച്ചും ചൂഷണത്തിനെതിരെ ജാഗ്രത പാലിക്കേണ്ടതിന്റെ ആവശ്യകതയും ബോദ്ധ്യപ്പെടുത്തണം
- കുട്ടികൾക്ക് ഗൈഡൻസ് ആന്റ് കൗൺസിലിംഗ്, കരിയർ ഗൈഡൻസ് ഇവ് നടത്തണം

ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം ഓരോ കേന്ദ്രങ്ങളും രജിസ്റ്റർ ചെയ്യുകയും ജനാധിപത്യ രീതിയിൽ ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ ഒരു ഭരണസംവിധാനം ഏർപ്പെടുത്താവുന്നതുമാണ്. എസ്.ടി. പ്രമോട്ടറെ സ്ഥാപന നടത്തിപ്പ് ചുമതല ഏൽപ്പിക്കാവുന്നതാണ്. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ മേൽനോട്ടം വഹിക്കുകയും ജില്ലാ തലത്തിൽ ജില്ലാ കലക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു സമിതി ഇവയുടെ പ്രവർത്തനം കാലാകാലം നിരീക്ഷിക്കാവുന്നതുമാണ്.

# അധികാര വികേന്ദ്രീകരണം സുസ്ഥാപിതമാക്കാൻ ലക്ഷ്യബോധത്തോടെയുള്ള പരിശീലനങ്ങൾ

**പ്രൊഫ.എൻ. രമാകാന്തൻ**
*ഡയറക്ടർ, കില*

അധികാര വികേന്ദ്രീകരണം സുസ്ഥാപിതമാക്കുന്നതിൽ പരിശീലനത്തിന്റെ സുസ്ഥാപനത്തിന് മുഖ്യമായൊരു പങ്ക് വഹിക്കാനുണ്ട്. പരിശീലന-കാര്യപ്രാപ്തി വികസന പ്രവർത്തനങ്ങൾ കൂടുതൽ ഫലക്ഷമതയും പ്രയോഗക്ഷമതയും കൈവരിക്കേണ്ടതുണ്ട്. അധികാര വികേന്ദ്രീകരണം സുസ്ഥാപിതമാക്കുന്നതിന് പരിശീലന-കാര്യപ്രാപ്തി വികസന പ്രവർത്തനങ്ങളിൽ താഴെ പറയുന്ന കാര്യങ്ങളിൽ ശ്രദ്ധിക്കേണ്ടതുണ്ടെന്നാണ് അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നത്.

- പ്രാദേശിക ഭരണനിർവഹണവുമായി ബന്ധപ്പെട്ടവരും ഭരണാധികാരം കയ്യാളുന്നവരുമായ മുഴുവൻ ആളുകൾക്കും സമയബന്ധിതമായ പരിശീലനം നൽകേണ്ടതുണ്ട്.
- പരിശീലനം ഒരു തുടർപ്രക്രിയ ആയിരിക്കണം. ഓരോ പരിശീലനത്തിന്റെയും പ്രയോഗക്ഷമത വിലയിരുത്തി ആവശ്യമായ തുടർ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.
- പരിശീലനം ആവശ്യാധിഷ്ഠിതവും പ്രായോഗിക സാധ്യതയുളളതുമായിരിക്കണം. പരിശീലനത്തിൽ നിന്ന് ആർജ്ജിക്കുന്ന വൈദഗ്ദ്ധ്യം പ്രയോഗവൽക്കരിക്കുന്നതിന് ശ്രമിക്കുമ്പോൾ നേരിടുന്ന ബുദ്ധിമുട്ടുകളും പ്രയാസങ്ങളും പരിഹരിക്കുന്നതിനാവശ്യമായ പിന്തുണാ സംവിധാനം ഏർപ്പെടുത്തണം.
- ഏതാനും ചില നൈപുണ്യങ്ങളും വൈദഗ്ദ്ധ്യവും നേടുന്നതിനപ്പുറം സാമൂഹ്യപരിവർത്തനത്തിനു സഹായകമായ ശാക്തീകരണത്തിലേക്കും പരിശീലനങ്ങൾ നയിക്കേണ്ടതാണ്.
- അധികാര വികേന്ദ്രീകരണത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി നൂതനമായ വികസന പരീക്ഷണങ്ങൾ നടത്തി വിജയം കൈവരിച്ച തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനുഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള പഠന-പരിശീലനങ്ങൾക്ക് പ്രാധാന്യം നൽകണം.
- വിവിധ വികസന വകുപ്പുകളുടെ സഹകരണവും പങ്കാളിത്തവും പരിശീലനത്തിൽ ഉറപ്പാക്കുകയും വകുപ്പുതല പരിശീലനസ്ഥാപനങ്ങളുടെ പാഠ്യപദ്ധതിയിൽ അധികാരവികേന്ദ്രീകരണവും പ്രാദേശിക വികസനവും ഉൾപ്പെടുത്തുകയും ചെയ്യുക.
- വിവിധ പരിശീലനസ്ഥാപനങ്ങളുടെ പാഠ്യപദ്ധതിയിൽ ഏകോപനം ഉണ്ടാക്കുകയും ആവർത്തനം ഒഴിവാക്കുകയും ചെയ്യുക.
- പരിശീലനാനന്തരം പരിശീലകരുടെ സേവനവും വൈദഗ്ദ്ധ്യവും തദ്ദേശഭരണ സ്ഥാനപങ്ങൾക്ക് ലഭിക്കുന്നതിന് ആവശ്യമായ സംവിധാനം ഉണ്ടാക്കുക.
- പ്രാദേശിക വികസന പദ്ധതിയുമായി ബന്ധപ്പെട്ട സാങ്കേതിക-പ്രൊഫഷണൽ വൈദ

ഗ്ധ്യവും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിനാവശ്യമായ റിസോഴ്സ് ടീമിനെയും റിസോഴ്സ് സെന്ററിനെയും ജില്ലാതലത്തിൽ സജ്ജമാക്കുകയും സേവനം ലഭ്യമാക്കുകയും ചെയ്യുക.

- സംശയനിവാരണത്തിനുള്ള ഓൺലൈൻ സംവിധാനം ലഭ്യമാക്കുകയും പ്രധാനപ്പെട്ട സംശയങ്ങളും മറുപടികളും ക്രോഡീകരിച്ച് ഓൺലൈനായി ലഭ്യമാക്കുകയും ചെയ്യുക.
- പരിശീലനത്തിന് ശേഷമുള്ള തുടർസഹായങ്ങൾക്കായി വിദൂര പഠന സംവിധാനത്തെ പ്രയോജനപ്പെടുത്തുക.
- പരിശീലന നേട്ടങ്ങൾ നിരന്തരം വിലയിരുത്തുകയും ആവശ്യമായ പരിഹാര ബോധനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുക .
- വനിതാ ജനപ്രതിനിധികളുടെയും സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന ജനപ്രതിനിധികളുടെയും സവിശേഷമായ പിന്നോക്കാവസ്ഥ കണക്കിലെടുത്തുകൊണ്ടുള്ള പ്രത്യേക കാര്യപ്രാപ്തി വികസന പരിപാടികൾ നടപ്പിലാക്കുക.
- തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിജയകരമായ അനുഭവങ്ങൾ കൈമാറുന്നതിനാവശ്യമായ പൊതുവേദികൾ സജ്ജമാക്കുകയും അനുഭവപഠനത്തിന് അവസരം ഒരുക്കുകയും ചെയ്യുക.
- പരിശീലനം കൂടുതൽ ആസ്വാദ്യമാക്കുന്നതിനും ഉപയോഗക്ഷമമാക്കുന്നതിനും സഹായകമായ സംവേദന ബോധന രീതികൾ പ്രയോജനപ്പെടുത്തുക.
- ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഫലപ്രദമായ വിവര വിനിമയ സൗകര്യങ്ങൾ പരിശീലനത്തിന്റെ ഭാഗമായി പ്രയോജനപ്പെടുത്തുക.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണ നിർവഹണവും പ്രാദേശിക വികസനവുമായി ബന്ധപ്പെട്ട് നിരന്തരം പഠന-ഗവേഷണങ്ങൾ ഏറ്റെടുക്കുകയും ഗവേഷണഫലങ്ങളിലൂടെ ബോദ്ധ്യപ്പെടുന്ന അറിവുകളെയും കണ്ടെത്തലുകളെയും തുടർന്നുള്ള പരിശീലനത്തിനും കാര്യപ്രാപ്തി വികസനത്തിനാവശ്യമായ നയരൂപീകരണത്തിനും പ്രയോജനപ്പെടുത്തുക.

# DECENTRALISATION: THE WAY FORWARD

**George Mathew**

E. M. S. Namboodiripad, in his note on the *Report of the Committee on Panchayati Raj Institution* (1978), popularly known as Asoka Mehta Committee Report, had stated that what we have today is: "Democracy at the Central and State levels, but bureaucracy at all lower levels – this is the essence of Indian polity ...". He underlined the proposal of the Committee that "both from the political and socio-developmental angles, it is imperative to decentralize power, planning process and developmental activities below the state level." E.M.S. further stated that if the Asoka Mehta Committee Recommendations were "accepted and implemented by the Central and State Governments, [it] would go a long way to transform democratic decentralization from a dream to reality."

Since then it took more than 14 years for our Parliament to pass the 73rd and 74th Constitution Amendments to create the new generation of Panchayats.

The new generation of Panchayats has traversed a long journey. One can see the balance sheet at the end of eighteen years is rather bleak. It is an irony of sorts that the very hands which created the new panchayats and municipalities, are now trying to render them dysfunctional.

I am extremely concerned about the fact that the local government system in this country, which was inaugurated with great enthusiasm, is facing enormous problems and powerful enemies. The intensity of these negative forces vary from State to State

Neither Members of Parliament (MPs) nor the Members of Legislative Assemblies (MLAs) are giving the panchayats and municipalities their due. In fact, the MPs and MLAs are trying to appropriate to themselves the local self-government institutions' legitimate space. The MPs Local Area Development Schemes (MPLADS) and the MLA's funds running into thousands of crores is the best example of how MPs and MLAs betray the local bodies. After creating panchayats to prepare plans and to implement the schemes for economic development and social justice, why should the MPs and MLAs get crores of rupees from the exchequer for local area development?

In accordance with the procedures spelt out in Article 243 ZD of Part IXA of the Constitution, it is mandatory for all States to constitute District Planning Committees (DPCs). Micro-level planning is required constitutionally to be undertaken at each level of the PRIs, including the village panchyat, the intermediate panchayat and the district panchayat. Similarly, nagar

panchayats and municipalities are required to prepare their own plans. The 'consolidation' of all these separate plans of the panchayats and municipalities is required to be undertaken by the DPC, as set out in Article 243ZD. The consolidated district plan is then to be forwarded to the State authority. However, no state other than Kerala has institutionalized a system of decentralized planning from the gram panchayat level to the district level, as envisaged in the Constitution.

What is lacking is the political will to empower the local government institutions and to build their capacities. Is it not surprising that, as E. M. S. Namboodiripad had stated, we have retained an administrative system at the local level that was built up by our imperial rulers to rule a colony? Has not the time come to expand our democracy at the grassroots level and replace the collector raj by panchayati raj?

My submission is that we need a new deal for the panchayats and municipalities in India, that will open a new chapter for nearly 30 lakhs men and women who are getting elected every five years to the panchayats and municipalities. This new deal will:

- make the panchayats and municipalities "Institutions of self-governments" as envisaged by the Constitution of India.
- ensure ways and means to make Panchayats and Municipalities (i.e., district and below) the third tier of government in the country, thus saying goodbye to the Collector Raj.
- give freedom to implement the policies and programmes to eradicate poverty in this country later than 20 years, since by 2025 poverty line will become totally irrelevant for India.

The institutions of local self-governments (Articles 243 (d), 243 G, 243 P(e)) now accepted *de jure* as the third tier of governance. Therefore, we need the Ministry of Local Government should be the coordinating and facilitating ministry. The other core ministries, which are closely associated with the functions under 11th and 12th Schedules should function in liaison with the Ministry of Local Government, ensuring better planning and monitoring of local development programmes for their efficient implementation.

I would like to underline the fact that if we slacken our efforts to keep the institutions of local self government at the center stage, as well as on top of the agenda of the policy makers and practitioners, the best chance we got through the 73rd and 74th Amendments will be in peril.

# PRAXIS OF DEMOCRATIC DECENTRALISATION AND PARTICIPATION - A CASE OF KERALA MODEL OF DEVELOPMENT

**Suresh Babu GS**

*Asst. Professor, Department of Sociology, University of Jammu*

In the backdrop of the new regimes of the political economy world over, third world countries were constrained by the new challenges to the quest for democracy and development both in terms evolving conceptual frame work and potential operational tools. However, the fundamental question is how to form appropriate strategies for strengthening democratic institutions and envisaging developmental strategies. Notwithstanding the exogenous structural changes, the development model initiated in Kerala, southern state of India, has already been laid remarkable changes in the road to social transformation and development. The on going saga of democratic decentralization, a new governing strategy, did underline a potential epistemological sight in the frontiers of democratic practice and reclaim citizenship and above all, become model in the rest of the world. Through times, academic enquiry onto the process of development proved this fact. The line of enquiry from a disciplinary domain of political sociology examines the praxis of democratic decentralization and culture of participation in Kerala to be analysed as systemic as well as transformative stages of growth. Systemic problems are much complex in a context like India. In fact, more fluidity is required for the structural changes. It is the fluidity of the structure that perpetually seeks to ensure modern outlook of society deviates from its past and move towards future. The values of modernity embodied both structurally and functionally, certainly play crucial role for the successive stages of development and active citizenship. Although, attitudinal change is prerequisite, circulation of ideas followed by resource allocation is fundamental to democratic principle. True, circulation and practices of modernity among diverse sectors of society makes the development process reliable, acceptable and sustainable.

This paper seeks to examine the praxis to foreground the Kerala Model of Development as theoretically sound alternative world view as well as appropriate conceptual tool for pragmatism. Having understood the successive stages of development, the study is located into two topical issues in this context. To begin with, democratic

decentralization in the backdrop of the 73rd and 74th amendment of the Indian constitution ensures legal and political legitimacy to the local self-governing institutions through which power and resources flow from above. Second, notions of participation in term of decision making, implementation of the felt needs of the targeted groups, its evaluation and monitoring expected to be evolved from below, particularly lower rungs of society. Conjointly both these processes circulate side by side when participation was ensured in the entire domains of development. It is the praxis that makes the model successive and informs the relevance of theory construction as a world view as well as pragmatically promising. In other words, participatory democracy becomes a conceptual framework and operational tool that brings about governing institutions close to the governed both in spatial and institutional terms.

# അധികാരവികേന്ദ്രീകരണം: നിയമ-ചട്ട പരിഷ്കരണവും നിർവ്വഹണവും

**എ സുഹൃത്കുമാർ**
*അസോസിയേറ്റ് പ്രൊഫസർ, ഗവ. കോളേജ് ഓഫ് ലോ, തിരുവനന്തപുരം*

73, 74 ഭരണഘടന ഭേദഗതികൾ പ്രാവർത്തികമാക്കാൻ രണ്ട് ദശകം എത്തുന്നു. കേരളത്തിൽ പഞ്ചായത്ത് രാജ്, മുൻസിപ്പാലിറ്റി നിയമനിർവഹണം 15 വർഷം പിന്നിട്ടിരിക്കുന്നു. ഈ കാലയളിവിലെ അനുഭവപാഠം ഉൾക്കൊണ്ടും, വിവധ സംസ്ഥാനങ്ങളിലെ നേട്ട കോട്ടങ്ങൾ വിശകലനം ചെയ്ത്, രാഷ്ട്രീയ- സാമൂഹ്യ- നിയമ വിദഗ്ദ്ധരുടെ അഭിപ്രായനിർദ്ദേശങ്ങൾ പരിഗണിച്ചും തദ്ദേശഭരണ സംബന്ധമായ ഭരണഘടനാ വ്യവസ്ഥകളിൽ അനുപേക്ഷികമായ മാറ്റം ഉണ്ടാകണം. ഭരണഘടനാ ചട്ടക്കൂട് വ്യവസ്ഥകളിൽ അനിവാര്യമായ പരിഷ്കരണം നിർദ്ദേശിക്കപ്പെടണം.

ഒരു വ്യാഴവെട്ടത്തിനിടയിൽ മൗലികവും ഗൗരവതരവുമായ ഒട്ടേറെ ഭേദഗതികൾക്ക് കേരളാ പഞ്ചായത്ത് രാജ് – മുൻസിപ്പാലിറ്റി നിയമങ്ങൾ വിധേയമായിട്ടുണ്ട്. മൗലികമായ വിവിധ പ്രശ്നങ്ങളും പരിമിതികളും ഇപ്പൊഴും തുടരുകയാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ചെറുവാർപ്പ് മാതൃകയായി തദ്ദേശഭരണ സ്ഥാപനങ്ങളെയും സർക്കാർവകുപ്പ് സമ്പ്രദായത്തിൽ ഘടക സ്ഥാപനങ്ങളെയും രൂപപ്പെടുത്തുന്നതിന്റെ അപാകവും തുടരുകയാണ്. ഇതിന് വിപരീതമായി വിപുലവും ശക്തവും ജനകീയവുമായ ജനാധിപത്യതലമായി തദ്ദേശഭരണ സ്ഥാപനങ്ങളെ വ്യവസ്ഥാപിതമാക്കാനുതകുന്ന, നിയമ- ചട്ട ഭേദഗതികൾ അനുവർത്തിക്കേണ്ടിയിരിക്കുന്നു. വിശേഷിച്ച് അധികാര വികേന്ദ്രീകരണം സ്ഥായിവല്കരിക്കുക, ജനപങ്കാളിത്തം, സാമൂഹ്യാവലോകനം, ഭരണസുതാര്യത, സാമൂഹ്യനിയന്ത്രണം, നഷ്ടോത്തരവാദിത്വം, പരാതി പരിഹാരം തുടങ്ങിയവയ്ക്കു പ്രാബല്യം നൽകാൻ തക്ക പരിഷ്കരണങ്ങൾ നിയമ-ചട്ടങ്ങളിൽ പ്രാവർത്തികമാക്കണം. അതിനുളള നിർദ്ദേശങ്ങളുടെ ചുരുക്കം ഇവിടെ ചേർക്കുന്നു.

- റവന്യൂ ജില്ലാതല ഭരണ വ്യവസ്ഥ ഗ്രാമ-നഗര അന്തരം ഒഴിവാക്കി വ്യവസ്ഥാപിതമാക്കുന്നതിന് ഭരണഘടന ഭേദഗതി നിർദ്ദേശിക്കണം. ഇത്തരം ജില്ലാ ഭരണസംവിധാനത്തിൽ ശാഖാഘടകങ്ങളായി ഗ്രാമ- നഗര സ്ഥാപനങ്ങൾ വ്യവസ്ഥാപിതമാക്കണം.
- ജനാധിപത്യ ഭരണസ്ഥാപനത്തിന്റെ പൂർണ അവകാശങ്ങൾ, നയരൂപീകരണം, നിർവ്വഹണം, നിയന്ത്രണം, നീതിന്യായം എന്നിവ തദ്ദേശഭരണ സ്ഥാപനങ്ങളെ ഭരണമേല്പിച്ച് ഭരണഘടനാ ഭേദഗതി ഉൾപ്പെടുത്തണം.
- ഭരണഘടനയിലെ ഉത്തരവാദിത്വ കൈമാറ്റ പട്ടികകൾ പ്രായോഗിക നിർവ്വഹണത്തിനുതകുന്ന വിധം വ്യക്തതയും പരിധിയും നിർണയിച്ച് പുനക്രമീകരിക്ക്പ്പെടണം.
- തദ്ദേശഭരണ തലങ്ങൾ സംസ്ഥാനാടിസ്ഥാനത്തിൽ നിർണയിക്കപ്പെടുന്നതിന് സഹായകമായവിധം ജനസംഖ്യാനുപാതി വ്യവസ്ഥ ഉൾപ്പെടുത്തണം.

- ജില്ലാ ആസൂത്രണ സമിതി ഘടനയിലെ ജില്ലാ പഞ്ചായത്ത് അതിപ്രാതിനിധ്യം ഒഴിവാക്കിക്കൊണ്ട് ഇതരതലങ്ങൾക്കുള്ള പ്രാതിനിധ്യം സാധ്യമാക്കാൻ തക്ക ഭേദഗതി നിർദ്ദേശിക്കണം.
- കേന്ദ്രാവിഷ്കൃത പദ്ധതികൾ ഗ്രാമവികസനം, പഞ്ചായത്ത് രാജ്, ക്ഷേമകാര്യം എന്നീ വകുപ്പുകളിൽ വിഭജിച്ച് പോകുന്നതിനു പകരം പൂർണമായും സംസ്ഥാനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയെ ഫെഡറൽ ഘടനയിൽ ഏകോപിപ്പിച്ച് ധനവിഭവം ബന്ധപ്പെട്ടു തദ്ദേശഭരണസ്ഥാപനം വഴിമാത്രം ചെലവഴിക്കപ്പെടും വിധം പദ്ധതിയധിഷ്ഠിത വിഭവവിതരണം വ്യവസ്ഥ ചെയ്യണം.
- കേരളത്തിൽ ജില്ലാ ആസൂത്രണ സമിതി ഘടന ഭേദഗതി ചെയ്ത് ഗ്രാമ- ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി പ്രതിനിധികളെ നിയാവക അംഗങ്ങളായി ഉൾപ്പെടുത്തണം.
- ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവാദിത്വം, ചുമതല, അധികാരം എന്നിവ പുനർക്രമീകരിച്ചു മാതൃകാ പദ്ധതി ആവിഷ്കരണം, ജില്ലാ മാസ്റ്റർ പ്ലാൻ നവീകരണം, പദ്ധതിയംഗീകരണം, നിർവ്വാഹണ പിന്തുണ, നിർവ്വഹണ നിരീക്ഷണം, പദ്ധതിപരിഷ്കരണം, തുടർപരിപാലനം എന്നിവയ്ക്ക് സഹായകവുമായ ഘടകമാക്കി വ്യവസ്ഥപ്പെടുത്തണം.
- ജില്ലാതല ഗ്രാമ- നഗരാസൂത്രണം, സ്ഥിതി വിവരം, ഗ്രാമവികസനം, പഞ്ചായത്ത്- മുൻസിപ്പൽ ഭരണസംവിധാനങ്ങളിലെ ഉദ്യോഗസ്ഥ സംവിധാനം സംയോജിപ്പിച്ച് ഡി.പി.സി സെക്രട്ടറിയേറ്റ്- സാങ്കേതിക പിന്തുണ സംവിധാനമാക്കി വ്യവസ്ഥാപിതമാക്കണം.
- കൈമാറ്റിയ സ്ഥാപനങ്ങളുടെ പരിപാലനം, നടത്തിച്ച്, ഉദ്ധ്യോഗസ്ഥ പരിപാലനം, നിയന്ത്രണം, ജനപ്രതിനിധി,- ഉദ്ധ്യോഗസ്ഥ പാരസ്പര്യം, സേവന- വേതനക്രമം എന്നിവ നിയമ- ചട്ട പ്രകാരം തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് ചുമതലപ്പെടുത്തണം.
- ഗ്രാമസഭ / വാർഡ്സഭ, അവയുടെ നിർവാഹക സമിതികൾ, അയൽക്കൂട്ട സമിതികൾ, പ്രത്യേക വിഭാഗഉപസമിതികൾ, സാമൂഹ്യ-സന്നദ്ധസംഘടനാ പങ്കാളിത്തം, സാമൂഹ്യാവലോകന നടപടികമം, പരാതിപരിഹാര സംവിധാനം എന്നിവ നിയമപരമായി വ്യവസ്ഥപ്പെടുത്തണം.
- തദ്ദേശഭരണ നിയമ- ചട്ടങ്ങൾ, ഉത്തരവുകൾ, പട്ടികകൾ, മാർഗരേഖകൾ എന്നിവ സമഗ്രമായി സംയോജിപ്പിച്ചു ക്രോഡീകരിച്ച് മാന്വൽ തയ്യാറാക്കി പ്രാബല്യം നല്കണം.
- 2000 ലെ അധികാരവികേന്ദ്രീകരണ നിയമത്തിന് അനുശോധമായ ചട്ട വ്യവസ്ഥകൾക്ക് രൂപം നൽകി നടപ്പാക്കണം.
- ബഡ്ജറ്റ്- അക്കൗണ്ട്സ്- ഓഡിറ്റ് മാന്വൽ രൂപപ്പെടുത്തി പ്രാബല്യം നല്കണം.
- ഓഡിറ്റ് കമ്മീഷൻ രൂപീകരിച്ച് സാധുതയും പ്രാബല്യവും നൽകണം.
- നിർവഹണ ഓഡറ്റ്, സാമൂഹ്യ ഓഡിറ്റ് എന്നിവയ്ക്ക് നടപടിക്രമം നിശ്ചയിച്ച് നിരന്തര നടത്തിപ്പും സാമൂഹ്യ പങ്കാളിത്തവും സാധ്യമാക്കണം.
- ഈ-ഗവേർണൻസ് പ്രക്രിയയ്ക്ക് അനുശോധമായി നിലവിലുള്ള ചട്ട വ്യവസ്ഥകൾ പരിഷ്കരിച്ച നടപ്പാക്കണം.
- ജനപ്രതിനിധികൾ- ഉദ്ധ്യോഗസ്ഥർ- ഭരണാധികാരസ്ഥർ എന്നിവരുടെ നഷ്ടോത്തരവാദിത്ത വ്യവസ്ഥ അവ്യക്തത പരിഹരിച്ച് പ്രാബല്യം നല്കണം.
- തദ്ദേശഭരണ ട്രിബ്യൂണൽ, ഓംബുഡ്സ്മാൻ എന്നിവ പുനസംഘടിപ്പിച്ച് പ്രായോഗികമായി ഗുണാത്മകമാക്കണം.
- സ്റ്റാന്റിംഗ് കമ്മിറ്റി, സ്റ്റിയറിംഗ് കമ്മിറ്റി, സംസ്ഥാനവികസന കൗൺസിൽ, ഗ്രാമ- വാർഡ് സഭാ നിർവാഹകസമിതി എന്നിവയുടെ അധികാരം ചുമതല, ഉത്തരവാദിത്വം എന്നിവ നിർവചിച്ച് ചേർക്കുക.
- സംസ്ഥാന ധനകാര്യ കമ്മീഷൻ അവാർഡിന് നിയാമക പ്രാബല്യവും തദനുസൃത വിഭവസമാഹകരണ- വിതരണ ക്രമത്തിന് പ്രാബല്യവും ഉറപ്പാക്കുക.

# ഭരണപരിഷ്കാരം

**എ. ശ്രീകുമാർ,**
*ജനറൽ സെക്രട്ടറി, കേരള എൻജിഒ യൂണിയൻ*

ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിർവ്വഹിച്ചുകൊടുക്കാൻ രാജഭരണകാലത്ത് തന്നെ കേരളത്തിൽ ഇടപെടൽ ഉണ്ടായിരുന്നതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ട്. കരം പിരിവും ക്രമസമാധാനപാലനവും മാത്രമാണ് സിവിൽ സർവ്വീസിന്റെ മുഖ്യചുമതല എന്ന കാഴ്ചപ്പാടിന് സ്വാതന്ത്ര്യ പ്രാപ്തിയോടെ മാറ്റം വന്നു. 1957 ൽ അധികാരത്തിൽ വന്ന ഇഎംഎസ് മന്ത്രിസഭ ഭൂപരിഷ്കരണത്തിനും ആരോഗ്യ-വിദ്യാഭ്യാസമേഖലകൾക്കും പൊതുവിതരണത്തിനും സഹകരണ മേഖലയ്ക്കുമെല്ലാം പ്രത്യേക പരിഗണന നൽകിയതോടെ ഈ രംഗത്തെ നയങ്ങളും തീരുമാനങ്ങളും നടപ്പിലാക്കുന്നതിനുള്ള ശക്തമായ ഒരു സിവിൽസർവ്വീസ് രൂപപ്പെട്ടു.

വികസനപ്രവർത്തനങ്ങളിൽ ഇടപെടേണ്ടതും ക്ഷേമരാഷ്ട്ര സങ്കൽപ്പത്തിലൂന്നി പ്രവർത്തിക്കേണ്ടതുമാണെന്ന ധാരണയോടെ ഭരണസംവിധാനം വിപുലപ്പെടുത്തിയതിന്റെ ഫലമായി മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഉയർന്ന ജീവിത നിലവാരം നേടിയെടുക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. അഭിമാനകരമായ ഈ നേട്ടം കൈവരിക്കുന്നതിൽ സംസ്ഥാനത്ത് അധികാരത്തിൽ വന്നിട്ടുള്ള ഇടതുപക്ഷ സർക്കാരുകൾ നടപ്പിലാക്കിയ ജനപക്ഷനയങ്ങളുടെ പങ്ക് വളരെ പ്രധാനമാണ്.

ഭരണസംവിധാനത്തെ ജനാഭിമുഖ്യമുള്ളതും സുതാര്യവും ഉത്തരവാദിത്വബോധമുള്ളതും (Accountability) ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഉതകുന്നതും അഴിമതിരഹിതവും പ്രാപ്തവുമായ ഒരു ഉപകരണമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ഭരണപരിഷ്കാര നടപടികളാരംഭിച്ചത്. 1957 ൽ മുഖ്യമന്ത്രി ഇഎംഎസ് ചെയർമാനായുള്ള കമ്മിറ്റിയും 1965 ൽ എം.കെ. വെള്ളോടി ചെയർമാനായുള്ള കമ്മിറ്റിയും 1997 ൽ മുഖ്യമന്ത്രി ഇ.കെ. നായനാർ ചെയർമാനായുള്ള കമ്മിറ്റിയും 1967 ൽ ആർ. ശങ്കരനാരായണൻ തമ്പിയുടെ അധ്യക്ഷതയിലുള്ള റൂൾസ് റിവിഷൻ കമ്മിറ്റിയും ഭരണപരിഷ്കാരം സംബന്ധിച്ച് റിപ്പോർട്ടുകൾ നൽകുകയുണ്ടായി.

വിലപ്പെട്ട ഒട്ടനവധി നിർദ്ദേശങ്ങൾ ഉണ്ടായിരുന്നെങ്കിലും ഒന്നും രണ്ടും റിപ്പോർട്ടുകൾ മാത്രമാണ് ഭാഗികമായിട്ടെങ്കിലും നടപ്പിലാക്കിയത്. ഇ.കെ. നായനാർ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ പൂർണ്ണമായി നിരാകരിച്ചുകൊണ്ടാണ് 2001 ലെ യുഡിഎഫ് സർക്കാർ എ.ഡി.ബി. നിർദ്ദേശങ്ങൾക്കനുസൃതമായി ഭരണനവീകരണ പരിപാടി ആരംഭിച്ചത്. സിവിൽസർവ്വീസ് മുഖേന ജനങ്ങൾക്ക് ലഭിച്ചുവരുന്ന സേവനങ്ങൾ തുടരേണ്ടതില്ലെന്ന വീക്ഷണമാണ് യുഡിഎഫ് സർക്കാർ അവതരിപ്പിച്ചത്. വികസനക്ഷേമപ്രവർത്തനങ്ങളിൽ നിന്നുള്ള സർക്കാർ പിന്മാറ്റം യാഥാർത്ഥ്യമാക്കുക എന്നതായിരുന്നു ഭരണനവീകരണ പരിപാടിയുടെ ലക്ഷ്യം.

2006 മേയ് മാസം അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ സിവിൽ സർവ്വീസിന്റെ വിപുലീകരണത്തിനും കാര്യക്ഷ

മതയ്ക്കും ഊന്നൽ നൽകുന്ന പ്രവർത്തന പദ്ധതി ആവിഷ്കരിച്ചു. അധികാര വികേന്ദ്രീകരണത്തിന്റെ ഫലപ്രദമായ നടത്തിപ്പിന് സഹായകമായ നിലയിൽ സെൻ കമ്മിറ്റി നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിലും എൽഡിഎഫ് സർക്കാർ മാതൃകാപരമായി പ്രവർത്തിച്ചു. സിവിൽസർവ്വീസിന്റെ ജനാധിപത്യവൽകരണം ലക്ഷ്യമിട്ട് ഇ.കെ. നായനാർ കമ്മീഷൻ റിപ്പോർട്ട് മുന്നോട്ട് വെച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കാനുള്ള ആത്മാർത്ഥമായ പരിശ്രമങ്ങൾ നടത്തി. ഇന്നത്തെ ലോക സാഹചര്യത്തിൽ സിവിൽ സർവ്വീസിനെയും അതുവഴി ജനങ്ങൾക്കും നൽകിവരുന്ന സേവനങ്ങളെയും എങ്ങനെ സംരക്ഷിക്കാം എന്ന ചോദ്യമാണ് സർക്കാരിന്റെയും സംഘടനകളുടെയും മുന്നിലുള്ളത്. സമൂഹത്തോടുള്ള പ്രതിബദ്ധത, സുതാര്യത, കാര്യശേഷി, വേഗത, സേവനത്തിന്റെ ഗുണനിലവാരം എന്നിവ ഉറപ്പുവരുത്താൻ കഴിയേണ്ടതുണ്ട്.

പൗരന്മാർക്ക് സേവനങ്ങളുടെ ഗുണമേന്മയും കാര്യക്ഷമതയും സമയക്ലിപ്തതയും ഉറപ്പുവരുത്തുന്ന സിറ്റിസൺ ചാർട്ടർ എല്ലാ വകുപ്പുകളിലും പ്രസിദ്ധീകരിക്കേണ്ടതാണ്.

സിറ്റിസൺ ചാർട്ടർ ഉറപ്പുനൽകുന്ന സേവനങ്ങളുടെ ലഭ്യത സോഷ്യൽ ആഡിറ്റിംഗിന് വിധേയമാക്കണം. വാണിജ്യനികുതി വകുപ്പിൽ വാളയാർ ചെക്ക് പോസ്റ്റിലും ട്രഷറി വകുപ്പിലും സോഷ്യൽ ആഡിറ്റ് നടത്തിയിട്ടുണ്ട്. സോഷ്യൽ ആഡിറ്റിംഗിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് ഊന്നൽ നൽകണം.

സുതാര്യതയാണ് ഭരണത്തിൽ ജനങ്ങൾക്കുള്ള വിശ്വാസം. ഭരണനയങ്ങളും നടപടികളും ജനങ്ങൾക്ക് നേരിട്ട് അറിയാനും ഭരണതലത്തിലെ അഴിമതി ഉൾപ്പെടെ സൂക്ഷ്മ നിരീക്ഷണത്തിന് വിധേയമാക്കാനും കഴിയണം. ജനങ്ങളുടെ അറിയാനുള്ള അവകാശം ജനാധിപത്യ ഉത്തരവാദിത്വ ഭരണത്തിലെ മുഖ്യഘടകമായി മാറുകയും ഭരണത്തിലെ പങ്കാളിത്തം വർദ്ധിപ്പിക്കുകയും ചെയ്യും. ഭരണനടപടികൾ, ഉത്തരവുകൾ, റിപ്പോർട്ടുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ജനങ്ങൾക്ക് വേഗം ലഭ്യമാക്കാൻ കഴിയണം.

കാര്യക്ഷമതയും കൃത്യതയും ഉറപ്പുനൽകുന്ന പ്രശ്നപരിഹാര സംവിധാനം ഉത്തരവാദിത്വ ഭരണത്തിന്റെ അവിഭാജ്യ ഘടകമാകണം. കമ്പ്യൂട്ടർവൽകൃത ഇൻഫർമേഷൻ കൗണ്ടറുകൾ (ഫ്രണ്ട് ഓഫീസ്) നടപ്പാക്കണം. ഹർജികൾക്ക് കൈപ്പറ്റ് രസീത് നൽകണം. ഫലപ്രദമായ മേൽനോട്ടം ഉറപ്പുവരുത്തണം.

ഫയലുകൾ കെട്ടിക്കിടക്കുന്നതും നടപടിയില്ലാതെ നീട്ടിക്കൊണ്ടുപോകുന്നതും ഒഴിവാക്കണം. ജീവനക്കാരുടെ പ്രവർത്തനക്ഷമത (ഔട്ട്പുട്ട്) നിശ്ചയിക്കണം. കാര്യശേഷിയും അറിവും വർദ്ധിപ്പിക്കുന്നതിന് പരിശീലനത്തിന് പൊതു നയം രൂപീകരിക്കണം. ട്രെയിനിംഗ് സ്ഥാപനങ്ങൾ ശക്തിപ്പെടുത്തണം. ചട്ടങ്ങളിൽ കാലോചിതമായ മാറ്റം വരുത്തണം. ഭരണഭാഷ മലയാളത്തിലാക്കണം. പരിശോധനാസംവിധാനങ്ങൾ കാര്യക്ഷമമാക്കണം. ഹാജർ ഉറപ്പുവരുത്തുന്നതിന് സംവിധാനം ഏർപ്പെടുത്തണം. ഐഡന്റിറ്റി കാർഡുകൾ/ബാഡ്ജുകൾ ഏർപ്പെടുത്തണം. വിജിലൻസ് സംവിധാനങ്ങൾ കാര്യക്ഷമമാക്കണം. കാര്യക്ഷമവും സുതാര്യവും ധൃതഗതിയിലുമുള്ള പൊതു നിയമനരീതി ഉറപ്പാക്കണം.

സിവിൽ സർവീസ് ബോർഡ് രൂപീകരിച്ച് നിയമനം, സ്ഥലംമാറ്റം സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ നടപ്പാക്കുന്നത് വിലയിരുത്തണം. പുതിയതായി രൂപീകരിക്കപ്പെട്ട സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന് സർവ്വീസ് പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയും. കേരള സിവിൽസർവ്വീസ് രൂപീകരിക്കണം. രണ്ടാമത്തെ ഗസറ്റഡ് തസ്തിക മുതൽ പരിഗണിക്കണം. നിയമനരീതി നിശ്ചയിക്കണം. കേരള പെൻഷൻ നിയമത്തിന് രൂപം നൽകണം. പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിലെ കാലതാമസം ഒഴിവാക്കണം. പെരുമാറ്റ ചട്ടത്തിൽ കാലോചിതമായ പരിഷ്കാരങ്ങൾ കൊണ്ടുവരണം. കെഎസ്&എസ്എസ്ആർ ചട്ടങ്ങളിലെ പൊതുചട്ടങ്ങൾ ഉൾചേർത്ത് കേരളാ പബ്ലിക് സർവ്വീസ് ആക്ടിന് രൂപം നൽകണം.

പിന്നോക്ക ജില്ലകളിലേക്കുള്ള സ്ഥലംമാറ്റത്തിന് കാലദൈർഘ്യം കുറയ്ക്കണം. യാത്ര, മെഡിക്കൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.

സ്റ്റാഫ് ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിന് നടപടികൾ ഉണ്ടാകണം. അടിസ്ഥാന സൗകര്യവികസനം പൂർത്തിയാക്കണം. സ്ഥാപനങ്ങൾ വൃത്തിയായും ഭംഗിയായും സൂക്ഷിക്കണം. വിശ്രമമുറി, കുടിവെള്ളം, ടോയിലറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തണം. സന്ദർശക മുറികൾ, റിക്രിയേഷൻ സൗകര്യങ്ങൾ ഏർപ്പെടുത്തണം. ഉപയോഗശൂന്യമായ വസ്തുക്കൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾക്ക് താഴെതലത്തിൽ അധികാരം നൽകണം.

പഞ്ചായത്ത് രാജ്, മുനിസിപ്പൽ ആക്ടിന്റെ ഭാഗമായി വികേന്ദ്രീകരിക്കപ്പെട്ട എല്ലാ വകുപ്പുകളും അധികാരങ്ങളും കൈമാറണം. സാമ്പത്തിക അധികാരങ്ങൾ വികേന്ദ്രീകരിക്കണം. ധനവിനിയോഗവും നിയന്ത്രണവും സംബന്ധിച്ച് ധനകാര്യവകുപ്പും ഭരണവകുപ്പും തമ്മിലുള്ള നടപടികൾ ലളിതമാക്കണം. സാമ്പത്തിക അനുമതി വേഗത്തിൽ ലഭ്യമാക്കുകയും വേണം.

സെക്രട്ടറിയേറ്റ് പ്രവർത്തനത്തെ സംബന്ധിച്ച് വർക്ക് സ്റ്റഡി നടത്തണം. പദ്ധതി നടത്തിപ്പിനുള്ള പ്രധാന കാലതാമസം ഭരണാനുമതി ലഭിക്കുന്നതിനുള്ള കാലതാമസമാണ്. ബഡ്ജറ്റ് തയ്യാറാക്കുന്ന ഘട്ടത്തിൽ തന്നെ പ്രോജക്ട് റിപ്പോർട്ടുകളും തയ്യാറാക്കി നൽകേണ്ടതാണ്.

സമാന സ്വഭാവമുള്ള വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതാണ്. വികസന പ്രവർത്തനങ്ങളുടെ നടത്തിപ്പും ചുമതലയും ജില്ലകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരിൽ പൂർണ്ണമായും നിക്ഷിപ്തമാക്കണം. പഞ്ചായത്ത്, മുനിസിപ്പാലിറ്റി, ഗ്രാമവികസനം, നഗരവികസനവകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് തദ്ദേശവകുപ്പിന്റെ ചുമതലയിലാക്കണം. ഫണ്ട് വിനിയോഗം സംബന്ധിച്ച് ഫലപ്രദമായ മേൽനോട്ടം വേണം. കൃഷി, മൃഗസംരക്ഷണം, ഡയറി, മണ്ണു സംരക്ഷണം ഉൾപ്പെടെയുള്ള വകുപ്പുകൾക്ക് ഏകോപിപ്പിച്ച പ്രവർത്തനം ഉണ്ടാകണം. ഇ-ഗവേണൻസ് സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തണം.

# ഇ-ഗവേണൻസ്

**എ. ശ്രീകുമാർ,**
*ജനറൽ സെക്രട്ടറി, കേരള എൻജിഒ യൂണിയൻ*

സുതാര്യതയും, മെച്ചപ്പെട്ട ഭരണനിർവ്വഹണവും, ഉത്തരവാദിത്വപൂർണ്ണമായ സേവനങ്ങളും, ജനാധിപത്യസമൂഹം കെട്ടിപ്പടുക്കലും ഇ-ഗവേണൻസ് മുഖ്യമായും ലക്ഷ്യമിടുന്നു.

കേരളത്തിലെ ഇടതുപക്ഷ മുന്നണി സർക്കാർ ഇ-ഗവേണൻസിന് മുന്തിയ പരിഗണനയാണ് നൽകുന്നത്.

ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിന് സ്റ്റേറ്റ് ഡാറ്റ സെന്റർ തിരുവനന്തപുരത്ത് സ്ഥാപിച്ചു. നെറ്റ്‌വർക്കിംഗ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്കും (KSWAN), നെറ്റ്‌വർക്ക് വിപുലീകരിക്കുന്നതിന്റെ നടപടികളും പൂർത്തിയായി വരുന്നു. ഇ-ഗവേണൻസ് മുഖേനയുള്ള സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങളും അക്ഷയകേന്ദ്രങ്ങളും വ്യാപകമാക്കിയിട്ടുണ്ട്. സമ്പൂർണ്ണ കമ്പ്യൂട്ടർ സാക്ഷരത എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി e-district പദ്ധതിക്ക് രൂപം നൽകി കഴിഞ്ഞു.

നാല് ഘടകങ്ങളിൽ കൂടിയാണ് മെച്ചപ്പെട്ട സേവനം നൽകുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളത്.

**1. Govt. to Citizen. 2. Govt. to Govt. 3. Govt. to Business. 4. Govt. to Employees.**

പൗരന്മാർക്ക് മെച്ചപ്പെട്ട സേവനം ത്വരിതഗതിയിൽ ലഭ്യമാക്കുന്നതിനാണ് ഇതുവഴി ലക്ഷ്യമിട്ടിരിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിലായി 17 മിഷൻ വഴിയാണ് ഇത് നടപ്പിലാക്കിവരുന്നത്.

**1. സുതാര്യകേരളം**

പൊതുജനങ്ങൾക്കുള്ള പരാതികളും, നിർദ്ദേശങ്ങളും സർക്കാരിന്റെയും മുഖ്യമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തി ധൃതഗതിയിൽ പരിഹാരം കാണുന്നതിനുള്ള സംവിധാനമാണ് സുതാര്യകേരളം. ഇതിനായി ഇ-പോസ്റ്റ്, മൊബൈൽ സാങ്കേതികവിദ്യ തുടങ്ങിയവ ഉപയോഗിക്കുന്നു.

**2. സെക്രട്ടറിയേറ്റ് വിസിറ്റേഴ്സ് ഫെസിലിറ്റേഷൻ സെന്റർ**

സെക്രട്ടറിയേറ്റിൽ നോർത്ത് ബ്ലോക്ക്, സൗത്ത് ബ്ലോക്ക്, അനക്സ് ക്യാമ്പസ് എന്നീ സ്ഥലങ്ങളിലായി വിസിറ്റേഴ്സ് ഫെസിലിറ്റേഷൻ സെന്റർ ഇതിന്റെ ഭാഗമായി പ്രവർത്തനമാരംഭിച്ചു. പൊതുജനങ്ങൾ നൽകുന്ന അപേക്ഷകൾ ഡിജിറ്റലൈസ് ചെയ്ത് കമ്പ്യൂട്ടറിലാക്കി, അതിന്റെ തുടർ നടപടികളുടെ പൂർണ്ണവിവരം അപേക്ഷകന് ലഭ്യമാക്കുന്നു. ഇത്തരം സേവനങ്ങൾ ഫ്രണ്ട് ഓഫീസ് സംവിധാനം വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും, വിവിധ വകുപ്പുതല ആഫീസുകളിലും നൽകിവരുന്നു.

**സിവിൽ സപ്ലൈസ്**

റേഷൻ കാർഡ് ലഭ്യമാകുന്നതിനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സൗകര്യം അക്ഷയകേന്ദ്രങ്ങൾ വഴി സിവിൽസപ്ലൈസ് വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

**ഡോ: എസ്എംഎസ്**

രോഗികൾക്ക് അത്യാവശ്യ ഘട്ടങ്ങളിൽ ചികിത്സാ സംബന്ധമായി പൂർണ്ണവിവരങ്ങൾ എസ്എംഎസ് സംവിധാനത്തിലൂടെ ലഭിക്കുന്ന

സംവിധാനമാണിത്.

**പട്ടികജാതി, പട്ടികവർഗ്ഗ വികസനവകുപ്പ്**

പട്ടിക വിഭാഗത്തിൽപ്പെടുന്ന കോളേജ് വിദ്യാർത്ഥികൾക്ക് നൽകിവരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന്, അവർക്ക് സൗജന്യമായി നൽകിയിട്ടുള്ള എടിഎം കാർഡ് വഴി എസ്ബിഐ/എസ്ബിടി ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന പദ്ധതിയാണ് e-grantz.

**മോട്ടോർ വാഹനവകുപ്പ്**

ഈ വകുപ്പിൽ ഇ-ഗവേണൻസ് നടപ്പിലാക്കി യതുവഴി ലേണേഴ്സ് ലൈസൻസിന് ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യാൻ കഴിയും. വാഹനങ്ങളെ സംബന്ധിച്ച പൂർണ്ണവിവരങ്ങൾ കമ്പ്യൂട്ടർ വഴി ലഭ്യമാകുന്നു.

**ഇ-കൃഷി**

കിസാൻ കൃഷിദീപം എന്ന പ്രോഗ്രാം, വെബ് സൈറ്റ്, മൊബൈൽ വഴി കർഷകർക്ക് കാർഷിക സംബന്ധമായ ഉപദേശം എന്നിവ ഇ-കൃഷിയുടെ ഭാഗമായി കൃഷിവകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.

**രജിസ്ട്രേഷൻ വകുപ്പ്**

സ്ഥലത്തെ സംബന്ധിച്ച വിവരങ്ങൾ, ഫെയർ വാല്യു, ബാധ്യത സർട്ടിഫിക്കറ്റ് നൽകൽ തുടങ്ങിയവ സുതാര്യമായി ഇ-ഗവേണൻസ് മുഖേന രജിസ്ട്രേഷൻ വകുപ്പ് നടപ്പിലാക്കി.

**തദ്ദേശ സ്വയംഭരണം**

ജനന-മരണ സർട്ടിഫിക്കറ്റുകൾ കാലതാമസലി ല്ലാതെ നൽകുന്നതിന് കഴിയുന്ന തരത്തിൽ ചിട്ടപ്പെ ടുത്താൻ ഇ-ഗവേണൻസ് മുഖ്യപങ്ക് വഹിക്കുന്നു.

**പി.ഡബ്ല്യു.ഡി.**

e-tendering വഴി പൊതുമരാമത്ത് വകുപ്പു കൾ ഏറ്റെടുക്കുന്ന പദ്ധതികൾ സുതാര്യമാക്കി യിരിക്കുന്നു.

**e-procurement**

ആരോഗ്യവകുപ്പിലെ മെഡിക്കൽ കോർപ്പറേ ഷൻ, സിവിൽസപ്ലൈസ്, സ്റ്റേഷനറി, പി.ഡബ്ല്യു. ഡി. തുടങ്ങിയ വകുപ്പുകളിലേക്കുള്ള പർച്ചേയ്സു കൾ e-procurement വഴി നടത്തുന്നതിനുള്ള നട പടികൾ പുരോഗമിക്കുകയാണ്.

**ഐടി@സ്കൂൾ**

വിദ്യാഭ്യാസ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങ ളാണ് ഐടി@സ്കൂൾ പദ്ധതിയിലൂടെ നടപ്പിലാ ക്കുന്നത്.

**വാണിജ്യനികുതി**

വാണിജ്യനികുതി വകുപ്പിൽ വ്യാപാരികൾക്ക് e-filing സൗകര്യം നൽകിക്കഴിഞ്ഞു.

**ട്രഷറി**

സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷൻ മുഖേന ട്രഷറി ഇടപാടുകൾ, സെൻട്രൽ സെർവർ വഴി ബന്ധിപ്പിച്ച് ദൈനം ദിന ഇടപാടുകളുടെ പൂർണ്ണ വിവരങ്ങൾ സർക്കാരിന് ലഭ്യമാക്കിയിരിക്കുന്നു. ശമ്പളവും പെൻഷനും എടിഎം മുഖേന നൽകു ന്നതിനുള്ള പ്രവർത്തനവും പുരോഗമിക്കുന്നു.

**പൊതുവിദ്യാഭ്യസവകുപ്പ്**

അധ്യാപകരുടെ സേവന സംബന്ധമായ എല്ലാ വിവരങ്ങളും കമ്പ്യൂട്ടർ വഴി ലഭ്യമാക്കിയി ട്ടുണ്ട്. സ്ഥലംമാറ്റം ഓൺലൈൻ ആയി നടപ്പാ ക്കി. ഹയർസെക്കന്ററി പ്രവേശനം, എൻട്രൻസ് പരീക്ഷകൾ എന്നിവ ഓൺലൈൻ സമ്പ്രദാ യത്തിലായി.

**സ്പാർക്ക്**

ജീവനക്കാരുടെ സേവന സംബന്ധമായ പൂർണ്ണ വിവരങ്ങളും, ശമ്പളവും മറ്റാനുകൂല്യ ങ്ങളും സ്പാർക്ക് സംവിധാനത്തിലൂടെ നടപ്പി ലാക്കിവരുന്നു.

**ഓൺലൈൻ അറ്റൻഡൻസ് മോണിറ്ററിംഗ് സിസ്റ്റം**

ബയോ മെട്രിക് സംവിധാനത്തിലൂടെ ജീവ നക്കാരുടെ ഹാജർ രേഖപ്പെടുത്തുന്ന സംവി ധാനം നിലവിൽ വന്നുകഴിഞ്ഞു. ഇപ്രകാരം വിവിധ വകുപ്പുകളിലായി ഈ പദ്ധതികൾ പൂർത്തിയാക്കുമ്പോൾ ജനങ്ങൾക്ക് ആവശ്യമായ എല്ലാ സേവനങ്ങളും തങ്ങളുടെ വിരൽ തുമ്പിൽ തന്നെ ലഭ്യമാക്കുക എന്നതാണ് സർക്കാർ ലക്ഷ്യം. ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി, സേവനങ്ങൾ കുടുതൽ മെച്ചപ്പെടുത്താനാവശ്യ മായ നിർദ്ദേശങ്ങളും ചർച്ചകളും അനിവാര്യമാ ണ്. ജീവനക്കാരുടെ മേഖലയിൽ നിന്നും മെച്ച പ്പെട്ട സേവനം ലഭ്യമാകുന്നതിന് കപ്പാസിറ്റി ബിൽഡിംഗിന്റെ ഭാഗമായി ഐഎംജിയും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫോർമേഷൻ ടെക്നോളജി & മാനേജ്മെന്റ് ഓഫ് കേരളയും സംയുക്തമായി ടെക്നോപാർക്കിൽ തെരഞ്ഞെ ടുക്കപ്പെടുന്ന ജീവനക്കാർക്ക് ക്ലാസ് സംഘടിപ്പി ച്ചുവരുന്നു.

# വികേന്ദ്രീകൃത ഭരണനിർവ്വഹണവും ഈ ഗവേണൻസും

**പി.പി. ബാലൻ,**
*ഡയറക്ടർ, ഗ്രാമവികസന ഗവേഷണ കേന്ദ്രം, ചണ്ഡിഗഢ്.*

പ്രാദേശിക സദ്ഭരണം ഉറപ്പുവരുത്തുകയാണല്ലൊ അധികാര വികേന്ദ്രീകരണത്തിലൂടെ ലക്ഷ്യമിടുന്നത്. ഇതിനായി ഭരണം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനുള്ള സംവിധാനങ്ങൾ ഇനിയും മെച്ചപ്പെടുത്തേണ്ടതായുണ്ട്. വിവര സാങ്കേതിക വിദ്യയുടെ വർദ്ധമാനായ പ്രയോഗമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. പ്രാദേശിക വികസന പദ്ധതികളെ ഓൺലൈൻ സംവിധാനവുമായി ബന്ധപ്പെടുത്തുന്ന രീതി പ്രാധാന്യമർഹിക്കുന്നു. കേന്ദ്രപഞ്ചായത്ത് രാജ് മന്ത്രാലയം രൂപം നൽകിയ പിന്നോക്ക മേഖലാ വികസന ഫണ്ടിന്റെ (BRGF) നടത്തിപ്പുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ പ്ലാൻ പ്ലസ് സോഫ്റ്റ് വേർ ചില സംസ്ഥാനങ്ങളിലെങ്കിലും ഫലപ്രദമായി ഉപയോഗിച്ച് വരുന്നതായികാണാം. പദ്ധതി ആസൂത്രണം, നിർവ്വഹണം, ഫണ്ട് വിനിയോഗം തുടങ്ങിയ വിശദാംശങ്ങൾ ഇവ ഉൾക്കൊള്ളുന്നു. എന്നാൽ ജില്ലാ പദ്ധതി രൂപീകരണം എന്ന ആശയം ഡാറ്റാലഭ്യതയുടെ അഭാവം മൂലം ഈ സോഫ്റ്റ് വേറിലൂടെ നടക്കാതെ പോയി. ഓരോ പഞ്ചായത്തിലെയും വിവിധ സ്ഥാപനങ്ങളിലെയും ഡാറ്റാ ബേസ് തയ്യറാക്കി രജിസ്റ്ററുകളിലും ഫയലുകളിലുമുള്ള വിവരങ്ങൾ ലഭ്യമാക്കാനുള്ള സംവിധാനമൊരുക്കിയും മന്ത്രാലയം തന്നെ രൂപം നൽകിയ പഞ്ചായത്ത് പോർടെൽ ഏറെ പ്രാധാന്യമർഹിക്കുന്നു. കേരളത്തിൽ ഐ. കെ. എം. ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് ഈ രംഗത്ത് നടത്തിവരുന്നത്. എന്നാൽ പ്രശ്നങ്ങൾ ഇനിയും ബാക്കിയാണ്. ഭരണ നടപടി ക്രമങ്ങളിലെ സങ്കീർണ്ണതയാണ് ഇ- ഗവേൺസിലെ പ്രധാന തടസ്സം. ഇതിനായി ഭരണനടപടി ക്രമ ചട്ടങ്ങളിൽ ലഘൂകരണവും പരിഷ്ക്കരണവും പ്രായോഗിക നിർദ്ദേശവും ഉണ്ടാകണം. ദേശീയ ഈ ഗവേൺസ് നയം തന്നെ പൗരസേവനങ്ങൾ കാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെയാണ് രൂപം നൽകിയത്. ദേശീയ തൊഴിലുറപ്പു പദ്ധതി നടത്തിപ്പിലെ പോരായ്മകൾ പരിഹരിക്കുന്നതിന് ഹാജർ, വേതന വിതരണം തുടങ്ങിയവയിൽ ബയോമെട്രിക്ക്, ഈ പേയ്മെന്റ് തുടങ്ങിയ രീതികൾ അവലംബിക്കേണമെന്ന നിർദ്ദേശം വന്നത് ഈ ഒരു പശ്ചാതലത്തിലാണ്. ഇത്തരം കാര്യങ്ങൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലൂടെ നടത്തുന്ന മറ്റു വികസന പരിപാടികളിലേക്കും വ്യാപിക്കാവുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതായുണ്ട്. ഓരോ ഗ്രാമങ്ങളേയും സാങ്കേതിക വിവരാധിഷ്ഠിത വിവരകേന്ദ്രങ്ങളാക്കുക (knowledge centre) എന്ന നിർദ്ദേശത്തിന് ഏറെ പ്രസക്തിയുണ്ട്. പരമ്പരാഗതമായ അറിവും പരിജ്ഞാനവും നില നിർത്തുന്നതിനോടൊപ്പം തന്നെ അഭ്യസ്ഥ വിദ്യരായ യുവജനങ്ങളെ പ്രാദേശിക ഭരണം, പരിസ്ഥിതി സംരക്ഷണം, വിഭവ മാനേജ്മെന്റ്, മൈക്രോ സംരംഭങ്ങൾ എന്നിവയിൽ പ്രാപ്തരാക്കുകയും വേണം. രണ്ടാം ഭരണ പരിഷ്ക്കരണ കമ്മീഷൻ മുന്നോട്ട് വച്ചിട്ടുള്ളത് പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് പൊതു സേവന കേന്ദ്രങ്ങൾ (common service centre) തുടങ്ങുന്ന കാര്യമാണ്. ഈ കേന്ദ്രങ്ങളെ ആഗോളതല വെബുമായി (world wide web) ബന്ധിതമാക്കു

കയെന്ന വിശാല ലക്ഷ്യവും ഇവിടെ കാണാം. വിജ്ഞാന വ്യാപനത്തിന് നല്ലൊരുപാധിയാണിത്. നാഷണൽ ഇൻഫർമേറ്റിക് സെന്റ്റിന്റെ സഹായത്തോടെ (NIT) ഒറ്റപ്പെട്ട പ്രവർത്തനങ്ങൾ ചില സംസ്ഥാനങ്ങളിൽ നടന്നു വരുന്നുണ്ട്. നികുതി നിർണ്ണയം, സമാഹരണം, ഓഡിറ്റ് പരിഷ്ക്കരണം, പെൻഷൻ, സർട്ടിഫിക്കറ്റ് വിതരണം, ഗുണഭോക്താക്കളെ സംബന്ധിച്ച വിവരണങ്ങൾ, അക്കൗണ്ടിംഗ് മൊഡ്യൂളുകൾ, ഇതിനായുള്ള കിയോസ്കകൾ, ജനങ്ങളും പഞ്ചായത്തുകളും തമ്മിലുള്ള വെബ് ബന്ധിതമായ മുഖാമുഖം എന്നിവ ഇവയിൽ പ്രധാനമാണ്. പ്രവർത്തനങ്ങളുടെ ഐക്യരൂപം ഉണ്ടാവേണ്ടത് പദ്ധതിയുടെ വിജയത്തിന് വളരെ ആവശ്യമാണ്. ഇ-ഗവേൺസിൽ വ്യക്തമായ തന്ത്രം ആവിഷ്ക്കരിക്കലായിരിക്കണം ആദ്യപടി. തുടർന്ന് അടിസ്ഥാന വിവരങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുകയാണ് ചെയ്യേണ്ടത്. പഞ്ചായത്ത് എടുക്കുന്ന ഏതൊരു തീരുമാനവും ഈ ഡാറ്റയുടെ അടിസ്ഥാനത്തിലായിരിക്കണം. ഇവിടെയാണ് ഈ സാക്ഷരതയുടെ പ്രസക്തി ഒരു ക്യാംപയിൻ രീതിയിലാണ് ഇതിന് തുടക്കമിടേണ്ടത്. ഗ്രാമസഭാ സംഘാടനം, ഗുണഭോക്തൃ പട്ടിക തയ്യാറാക്കൽ, പദ്ധതി രൂപീകരണം, മോണിറ്ററിംഗ്, സോഷ്യൽ ഓഡിറ്റ്, പ്രശ്ന പരിഹാരം, പൊതുപ്ളാറ്റ്ഫോമുകളുടെ രൂപീകരണം എന്നിവയിലെല്ലാം വിവര സാങ്കേതിക വിദ്യയുടെ ഉയർന്ന പ്രയോഗം ആവശ്യമാണ്. ചുരുക്കത്തിൽ ഈ ഗവേണൻസ് പ്രാദേശിക വികസന പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയും സേവന കാര്യക്ഷമതയും ഉറപ്പുവരുത്തുന്നതിൽ നിർണ്ണായകമായ പങ്ക് വഹിക്കുക തന്നെ ചെയ്യും.

# A proposal on viable agricultural marketing and value addition under the decentralised planning context in Kerala

**Dr S. Mothilal Nehru & T. Paul Lazarus**

*Associate Director of Extension Kerala Agricultural University, Vellayani*

*&*

*Ph.D. Scholar, Kerala Agricultural University, Vellayani*

It is felt essential to ensure fair price to the farming community who are left behind in the competitive marketing scenario and the mission of achieving this is by enforcing the existing act and rules most effectively and also by devising, implementing new technologies aimed at reducing pre and post harvest losses through appropriate methods and encourage value addition. Green Revolution initiatives achieved self-sufficiency by increasing food grains production. Simultaneously, several initiatives have been taken to promote agricultural marketing in the state. Agricultural Marketing infrastructure plays a pivotal role in fostering and sustaining the tempo of rural economic development. Marketing is as critical to better performance in agriculture as farming itself.

It is a process, which starts with a decision to produce a saleable farm commodity and it involves all the aspects relating to pre and post-harvest operations including grading, value addition, packaging, processing and transportation. These operations add value to farm produce.

**Thrust areas**

1. Establishment and maintenance of VFPCK model Farmer Markets for the benefit of farmers as well as consumers.
2. Special thrust on SHG concept - create marketing opportunities to small and marginal farmers in crop and livestock production area by formation of groups ranges from production to export.
3. A critical review of establishing regulated markets in order to facilitate buying and selling of agricultural produce for the benefit of the farming community.
4. To create awareness among the farmers about the benefits of grading, marketing, value addition and processing their produce by taking up training, publicity and propaganda in the decentralized planning context.
5. Promoting export of agricultural produce by increasing the area under exportable crops, providing necessary post harvest management and other infrastructure required and information on prices prevailing at international markets as an integrated approach.

6. To take up Agmark grading of agricultural, animal husbandry and forestry products for the benefit of the consumers.
7. To set up modern cold storage facilities to enable the farmers to store and sell their produce at favourable price and to help consumers to get quality food products at affordable price.
8. Production centred food Processing Industries are to be promoted to minimise wastage of agricultural products,
9. To increase employment opportunities at local level and to enhance net income.
10. To develop appropriate information support service system and establish Agricultural Production and Marketing Information Centre with the participation of State Agricultural University and development departments with thrust on producer and consumer demand.
11. To document successful initiatives in the sector at the local level, refine them, validate and replicate at large.
12. Encourage establishment of terminal markets.

In the present context organised and concerted efforts should be taken to inculcate the entrepreneurship traits to the producer and he should be supported in a meaningful way. Subsequently he should be encouraged, particularly marginal farmers and farm women, to venture marketing activities in a group approach. These inititatives should be supported by district level decentralised planning institutions by way of establishing business hubs and other support service systems. Some of the succesful inititatives in this field are to be tested, refined, validated and replicated to ensure the local participation.

# സംസ്കാരം മാധ്യമം വികസനം

പി.വത്സല

*നോവലിസ്റ്റ്*

ഒരു സമൂഹത്തിന്റെ സംസ്കാരത്തിന്റെ സാരാംശം കണ്ടെത്താനാവുക, ആ കാലഘട്ടത്തിലെ ജനങ്ങൾ പരീക്ഷിച്ച ഭാഷയിലും കലകളിലും ആകുന്നു. കാരണം സാഹിത്യമടക്കമുള്ള എല്ലാ കലകളും അതത് കാലത്ത് പരമാവധി ആത്മപ്രകാശനത്തിനുള്ള സ്വാതന്ത്ര്യം അനുഭവിക്കുന്നുണ്ട്. പ്രത്യേകിച്ചും സാഹിത്യം. സാഹിത്യരചനയെ പ്രസാധനസംവിധാനവും വിതരണവ്യവസ്ഥയുമാണ് നിയന്ത്രിക്കുന്നത്. രചനാസ്വാതന്ത്ര്യത്തിന് ഇന്ന് കുറവൊന്നുമില്ല. വ്യക്തമായി, ജനങ്ങളുടെ ഭാഷയിൽ റിക്കാർഡ് ചെയ്യപ്പെടുന്നതാണ് സൃഷ്ടിക്കപ്പെടുന്ന രചന. കേരളത്തിലെ എഴുത്തുകാരെ സംബന്ധിച്ച് പറയാവുന്ന മറ്റൊരു പ്രധാന പരാതി, അവർക്ക് കൃതികൾ വിറ്റഴിക്കാനുള്ള മാർക്കറ്റിന്റെ പരിമിത വൃത്തമാണ്. മലയാളികൾ ലോകമെങ്ങും വ്യാപിച്ചുകിടക്കുന്നുണ്ടെങ്കിലും സാഹിത്യം രചിക്കപ്പെടുന്നതും വ്യാപകമായി മാർക്കറ്റ് ചെയ്യപ്പെടുന്നതും അവർ ജീവിക്കുന്ന ജന്മനാട്ടിലാണ്. കേരളം ഭൂവിസ്തൃതി നന്നെ കുറഞ്ഞ ഒരു പ്രദേശമാണെന്നത് സത്യം.

മലയാളഭാഷ ലോകം മുഴുവനും വേര് പടർത്തിക്കഴിഞ്ഞു എന്നു ഘോഷിക്കുന്നതിൽ വലിയ അർത്ഥമില്ല. കാരണം ഏതു മറുനാട്ടിലും വിദേശത്തും അധിനിവേശത്തിനെത്തിയ മലയാളിയുടെ ആദ്യ തലമുറ മാത്രമാണ് മലയാളത്തെ പുണരുന്നത്. തുടർ തലമുറ അതതു നാട്ടിന്റെ ഭാഷ തനതാക്കുന്നു. മറുനാടൻ മലയാളികളെല്ലാം തന്നെ സഫലമായെഴുതുന്നത് ഇംഗ്ലീഷിലാണെന്നും ഓർക്കുക.

അങ്ങനെ വരുമ്പോൾ കേരളത്തിൽ മലയാളഭാഷയ്ക്ക് ചില പ്രത്യേക ദൗത്യമുണ്ട്. അത് മാതൃഭാഷയുടെ ദൗത്യമാണ്. എന്താണത്? വ്യാപകമായ ഗ്രന്ഥശാലശൃംഖല നമ്മുടെ അഭിമാനകരമായ നേട്ടങ്ങളിലൊന്നാണ്. ഇന്ത്യയിലെ മറ്റൊരു പ്രാദേശികഭാഷയ്ക്കും ഇതവകാശപ്പെടാനാവില്ല. അത്ഭുതകരമായിരിക്കുന്നത് ഇങ്ങനെ സംഭവിച്ചിരിക്കുന്നത്, ഒരു കൊളോണിയൽ ഭാഷയെ ജനം വിദ്യാഭ്യാസത്തിനു മുറകെപ്പിടിച്ചിരിക്കുന്ന സംസ്ഥാനത്തിലാണ് എന്നതാണ്.

എന്തുകൊണ്ട് മലയാളിക്ക് തമിഴനെപ്പോലെ മാതൃഭാഷയോട് പ്രതിപത്തിയില്ല എന്നത് വിദ്യാഭ്യാസത്തിന്റെ പൊതുസംഘാടകർ ചിന്തിക്കേണ്ടതുണ്ട്. നമുക്കൊരു മാതൃഭാഷാസർവ്വകലാശാലയില്ല. സംസ്കൃതത്തിനുവേണ്ടി ആരംഭിച്ച സർവ്വകലാശാലയിൽപ്പോലും സംസ്കൃതവിദ്യാഭ്യാസം മറ്റു വിജ്ഞാനശാഖകൾക്കു സമമായോ കീഴപ്പെട്ടോ കഴിഞ്ഞുകൂടുന്നു. ഭാഷ, ഭാഷയ്ക്കു വേണ്ടിയല്ല. അതൊരു വ്യവഹാര മാർഗ്ഗമാണെന്നും സംസ്കാരികത്തനിമയാണെന്നും ഇത് വെളിപ്പെടുത്തുന്നു.

മലയാളത്തിനുവേണ്ടി നിജപ്പെടുത്തുന്ന ഒരു സർവ്വകലാശാലയുടെ പ്രവർത്തനം എല്ലാ വിജ്ഞാനശാഖകളേയും മാതൃഭാഷാ മാധ്യമത്തിലാക്കണം എന്ന തീരുമാനം എടുക്കേണ്ടിവരും. എൻ.വി.കൃഷ്ണവാരിയരുടെ നേതൃത്വത്തിൽ രൂപം പൂണ്ട് ആരംഭിച്ച് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അതിന്റെ പ്രാരംഭമായി വിജ്ഞാനഗ്രന്ഥങ്ങൾ പല വിഭാഗത്തിലും ഉല്പാദിപ്പിക്കുകയോ ശില്പശാ

ലകൾ വഴി തർജ്ജമ ചെയ്യുകയോ ഉണ്ടായി. ഇതു സഫലമായി മുന്നോട്ടു പോയില്ല. പോകാൻ അനുവദിക്കപ്പെട്ടിട്ടില്ല എനന്നതാണ് സത്യം.

ഭാഷാപോഷണത്തിന്റെ പേരിൽ നടന്ന സംരംഭങ്ങളെല്ലാം തന്നെ, ഇങ്ങനെ പെട്ടെന്ന് വഴികളുടെ ചരമബിന്ദുവിൽച്ചെന്നു മുട്ടി നിൽക്കുന്നതു കാണാം.

ഭാഷ എന്നാൽ വിദ്യാഭ്യാസത്തിന്റെ ഔപചാരിക തലങ്ങളിൽ മാത്രം വർത്തിക്കുന്ന ഒന്നല്ല. അതാരംഭിക്കുന്നത് നിത്യജീവിതവ്യവഹാരത്തിലാണ്. അതിനാൽ നിത്യജീവിതത്തിന്റെ ബൃഹത് മണ്ഡലമായ സമൂഹത്തിന്റെ വ്യവഹാരങ്ങളിൽ ഭാഷ അടിസ്ഥാനപരമായ പങ്ക് വഹിക്കുന്നു ഈ പങ്ക് അതത് കാലത്ത് അതതു സമൂഹത്തിലുണ്ടാക്കുന്ന സാംസ്കാരിക നിലവാരത്തെ കാര്യമായി ബാധിക്കുന്നു. ഒരു ഭാഷ ദുഷിക്കുന്നു എന്നത് സൂചിപ്പിക്കുന്നത് അത് കൈകാര്യം ചെയ്യുന്ന സമൂഹത്തിന്റെ സംസ്കാരത്തെ മലിനപ്പെടുത്തുന്നു എന്നു തന്നെയാണ്.

കേരളീയസംസ്കാരം ദുഷിക്കുന്നു എന്നു നാം സങ്കടപ്പെടുമ്പോൾ നമ്മുടെ ഇടയിൽ കുടുംബബന്ധങ്ങളിലും വ്യക്തിസൗഹൃദങ്ങളിലും സമൂഹക്കൂട്ടായ്മയിലും ദുഷിപ്പ് കടന്നു കൂടി എന്നർത്ഥം.

എന്താണ് ഈ ദുഷിപ്പ്. മനുഷ്യനിൽ മനുഷ്യത്വം ഇല്ലാതാവുന്നു. സമസൃഷ്ടിസ്നേഹം കുറയുന്നു. പിറന്ന മണ്ണിനോടും ഭൂമിയോടും പ്രകൃതിയോടുമുള്ള നാഭിനാളബന്ധം നഷ്ടപ്പെടുന്നു. ആത്യന്തികമായി ജീവിതം ജീവിക്കാൻ വേണ്ടിയുള്ള ഒരു മത്സരക്കൂട്ടയോട്ടം ആയിത്തീരുന്നു. ഈ ഓട്ടത്തിൽ, വൃദ്ധർ, വികലാംഗർ, രോഗികൾ, മറുനാട്ടുകാർ എന്നിവരെല്ലാം പിന്തള്ളപ്പെടുന്നു. ഉള്ളവരും ഇല്ലാത്തവരും തമ്മിൽ വിഭജിക്കപ്പെടുമ്പോൾ ഗോത്ര, ജാതി, മത, വർണ്ണവ്യത്യാസങ്ങളെല്ലാം വിസ്മരിക്കപ്പെടുന്നു. പണമാണ് ചക്രവർത്തി. അതില്ലാത്തവ നിസ്വർ. തൃഷ്ണ വർദ്ധിപ്പിക്കാൻ പുതിയ ഇനം സുഖഭോഗവസ്തുക്കൾ ഉല്പാദിപ്പിക്കപ്പെടും. ഒന്നുകൊണ്ടും തൃപ്തി നേടാനാകാതെ സമൂഹം നിരന്തരം അസ്വസ്ഥമാകും. എല്ലാ ബന്ധങ്ങളുടേയും പിരിമുറുകും. ലോകജീവിതം പലതരത്തിൽ ശിഥിലമാകും.

ആഗോളവത്കരണകാലത്ത് ദേശീയത ചോദ്യം ചെയ്യപ്പെടും. അവകാശികൾ പലതരത്തിൽ അവതരിക്കും. ഉദാഹരണത്തിന് ലോകത്തിലെ മഹാനദികളും പർവ്വതങ്ങളും പൗരാണിക ഈടുവെയ്പ്പുകളും ആരുടേയും കുത്തകയല്ലെന്ന വാദം ഉയരും. അതിന്റെ തുടക്കത്തിലാണ് അമേരിക്ക ലോക പോലീസ് ആകാൻ തുടങ്ങിയതും വിവിധ രാജ്യപ്രതിനിധികൾ മാർക്കറ്റു തേടി ലോകനഗരങ്ങളിലും വനങ്ങളിലും മരുഭൂമികളിൽപോലും പല തരം പര്യവേഷണങ്ങൾ നടത്താൻ തുടങ്ങിയതും. സമുദ്രാന്തരഗവേഷണങ്ങളും പുറംകടൽ മത്സ്യബന്ധനവും ഇങ്ങനെ സംഭവിക്കുന്നു.

ഈ പശ്ചാത്തലത്തിൽ മാത്രമേ നമുക്ക് കേരളഭാഷ, സംസ്കാരങ്ങളുടെ പുരോഗതിയെക്കുറിച്ച് ചിന്തിക്കാനാവൂ. എന്താണ് വികസനം എന്നതിനെപ്പറ്റി ഒരു പുനരാലോചന നടത്താനാവൂ. കഴിഞ്ഞ പത്തു വർഷക്കാലത്തിനിടയിൽ മലയാളഭാഷ പുരോഗമിച്ചു എന്നു പറയാനാവുമോ? അച്ചടിക്കപ്പെടുന്ന പുസ്തകങ്ങളുടെ എണ്ണം എത്രയോ മടങ്ങ് വർദ്ധിച്ച മാർക്കറ്റിൽ പുസ്തകങ്ങൾ പലവിധം ലഭ്യമാകുന്നു. അതിനുവേണ്ടി വിപണിയിൽ മറ്റേതുല്പന്നങ്ങളും പോലെ പുസ്തകങ്ങളും ആനുകാലികങ്ങളും പെരുകുന്നു. കേരളത്തിൽ ഇന്നത്തെ വിപണി സമ്പന്നമായിരിക്കുന്നത് കാറുകൾ, മണ്ണ്, മണൽ, കെട്ടിടനിർമ്മാണസാമഗ്രികൾ, കെട്ടിടങ്ങൾ, പുസ്തകങ്ങൾ, മരുന്നുഷാപ്പുകൾ, ടെക്സ്റ്റൈൽ, പൊന്ന്, ഇരുമ്പ് എന്നിവയാലാണ്.

അടിസ്ഥാനവികാസം സാധാരണക്കാരന്റെ ജീവിതത്തിൽ എത്രകണ്ട് ലഭ്യമാകുന്നു എന്നതാണ് ജനപ്രധാനമായ ഒരു രാജ്യത്തിന്റെ ജനാധിപത്യസംവിധാനത്തിൽ പ്രധാനം. ഭൂമിക്ക് വില കൂടുന്തോറും ഇന്ത്യയിൽ മുഴുവനും ഗ്രാമ-കാർഷിക പ്രദേശങ്ങളെ ഭൂമാഫിയ കൈവശപ്പെടുത്തുകയും ഈ ദേശങ്ങളിൽനിന്നും പുറന്തള്ളപ്പെടുന്ന വമ്പിച്ച ജനവിഭാഗം കൂടുതൽ നിരാശ്രയരാകുകയും അവരിൽ ഭൂരിഭാഗവും സർക്കാരിന്റെ ദാക്ഷിണ്യത്തിലേയ്ക്ക് എറിയപ്പെടുകയും ചെയ്യുന്നു. സാധാരണക്കാരൻ അടിസ്ഥാന ആഹാരത്തിനുവേണ്ടി സബ് ഡിസൈഡഡ് വിപണിയെ ആശ്രയിക്കേണ്ടി വരുന്നു. ജോലിചെയ്യേണ്ട, വിലപിടിച്ച അനേകായിരം മണിക്കൂറുകൾ അങ്ങനെ റേഷൻ കടകൾക്കു മുമ്പിൽ ക്യൂവിൽ നിൽക്കാൻ ചെലവാക്കുന്നു. വിശക്കുന്ന വയറിന്റെ എണ്ണം

പെരുകുന്നതിനനുസരിച്ച് നമ്മൾ എന്തുത്പാദിപ്പിക്കുന്നു എന്ന ചോദ്യം ഇവിടെയാണാരംഭിക്കുന്നത്. കേരളത്തിലേയ്ക്ക് വരുന്ന ചരക്കുലോറികൾ ഒരു ദിവസം പണി മുടക്കുമ്പോൾ നമ്മുടെ വിപണിയിൽ പരിഭ്രമം തിളക്കുന്നു. ജനം അസ്വസ്ഥരാകുന്നു. ആഹാരത്തിനു ഭേദപ്പെട്ട നിലവാരം കണ്ടെത്തിയ കേരളത്തിലെ മദ്ധ്യവർത്തിവർഗ്ഗം പോലും ഈ ഉൽകണ്ഠയ്ക്ക് വിധേയമാകുന്നു. സ്റ്റാർ ഹോട്ടലുകളിലേയ്ക്ക് കപ്പ പുഴുക്കിന് ക്ലാസ് കയറ്റം കിട്ടിയതുകൊണ്ടൊന്നും പരിഹരിക്കപ്പെടാവുന്നതല്ല നമ്മുടെ ഭക്ഷ്യപ്രതിസന്ധി. ഇന്ത്യ മുഴുവനും കാലാവസ്ഥമാറ്റത്തിനു വിധേയമാകുമ്പോൾ നമ്മുടെ ഭേദപ്പെട്ടിരുന്ന ഇന്ത്യൻ ഭക്ഷ്യോത്പന്ന വിപണിയും തകിടം മറിയുന്നു. നൂറു കോടിയിലധികം വരുന്ന ഇന്ത്യൻവയറും അതിന്റെ ഒരു ഭാഗമായ കേരളത്തിന്റെ വിശപ്പും പ്രതിസന്ധിയിലേയ്ക്കു തന്നെയാണ് നീങ്ങുന്നത്. വികസിത ഗതാഗതവും പെരുന്ന വാഹനങ്ങളും ഈ പ്രതിസന്ധിയുടെ അടിത്തറയെ ഉറപ്പിക്കുകയില്ല.

കേരളത്തിന്റെ മണ്ണും ജലവും കുറെയെങ്കിലും ഇന്നും ഭക്ഷ്യോല്പാദനത്തിനു ലഭ്യമാകുന്നു. അല്ലെങ്കിൽ അതിനുവിധേയമാക്കണം. ഭക്ഷ്യത്തെപ്പറ്റി ഇത്രയും പറയാൻ കാരണം, അന്നമുണ്ടെങ്കിലേ അക്ഷരം വിളയൂ എന്നതിനാലാണ്. വിദ്യാരംഗത്തും പാർപ്പിടമേഖലയിലും നാം ഉണ്ടാക്കിയ പുരോഗതി ചീട്ടുകൊട്ടാരം പോലെ തകരാതിരിക്കണമെങ്കിൽ ആഹാരസുരക്ഷിതത്വം നേടാനുള്ള തൊഴിൽ വേണ്ടതുപോലെ വികസിക്കണം.

കേരളത്തിലേയ്ക്ക് തൊഴിലും അന്നവും തേടി കൂട്ടത്തോടെ ഓടിയെത്തുന്ന വലിയൊരു തൊഴിൽ സേനയെ പോറ്റാനുള്ള ആഹാരം നമ്മൾ കണ്ടെത്തേണ്ടതുണ്ട്. അവർ കൂടെ കൊണ്ടുവരുന്ന ഇന്ത്യൻ ഭാഷകൾ നമ്മുടെ മാതൃഭാഷയുമായി ചേരുമ്പോൾ ഭാഷ സമ്പുഷ്ടമാക്കാനുള്ള സാദ്ധ്യത കാണുന്നുണ്ട്. മലയാളഭാഷയുടെ വികാസത്തിനു തടസ്സമായി നിന്ന പ്രധാന ഘടകങ്ങളിലൊന്ന് അതിനു സജീവവും നിരന്തരവുമായ സമ്പർക്കം മറ്റിന്ത്യൻ ഭാഷകളുമായി ഇല്ലാതിരുന്നതാണ്. ഗതാഗതവികസനം ഭാഷാവികസനത്തിനു പ്രോത്സാഹജനകമാണെന്ന് ഇന്ത്യൻ റെയിൽവേ ഒരു നൂറ്റാണ്ടായി തെളിയിച്ചുകൊണ്ടിരിക്കുകയാണ്. അത് തീർത്തും പരിമിതമാണ്.

ഇവിടെ നമ്മൾ വിദ്യാഭ്യാസവും സംസ്കാരവും തമ്മിലുള്ള സംബന്ധത്തെക്കുറിച്ചും ചിന്തിക്കണം. ഉന്നത വിദ്യാഭ്യാസം ഇംഗ്ലീഷിലൂടെ എന്നു തീരുമാനിക്കപ്പെട്ട സ്ഥിതിക്ക് അത് പ്രധാനമാണ്. മാതൃഭാഷയിലൂടെ ആകണമെന്നു ഒരു ചിന്ത മുൻകാലത്ത് മുളച്ചുവന്നതിനെ നാം അപ്പാടെ നിരസിച്ചു. കാരണം വിജ്ഞാനം ഉല്പാദിപ്പിക്കുന്നതും വിതരണം ചെയ്യുന്നതും മറു നാട്ടിലാണെന്ന്, അതും പാശ്ചാത്യരാജ്യങ്ങളിലാണെന്ന ഒരു മുൻധാരണയിലാണ് നാം എത്രയോ കാലമായി എത്തിചേർന്നിരിക്കുന്നത്. ഇന്ത്യ വിജ്ഞാനോത്ലാദത്തിൽ പുറകിലായിരുന്നുവെന്നു നമ്മുടെ ശത്രുക്കൾപോലും പറയുകയില്ല. എന്നാൽ കേരളം വിദ്യാസമ്പന്നരുടെ നാടാണെന്നു അഭിമാനിക്കുമ്പോഴും അതൊരു പൊങ്ങച്ചം മാത്രമാണെന്നു നാം അംഗീകരിക്കുന്നില്ല. ഇപ്പോൾ ഉപരി വിദ്യാഭ്യാസരംഗത്ത് നാം പിന്നിലാണ്.

ഡിഗ്രിയും ഗവേഷണബിരുദങ്ങളുമെല്ലാം ഇവിടെ ശൂന്യമായ അളവു പാത്രങ്ങൾ പോലെയാണ്. പ്രൊഫഷണൽ ബിരുദധാരികളിൽപോലും മാർക്ക് വാങ്ങുന്ന യാന്ത്രികതയാണ് മുന്നിട്ടു നിൽക്കുന്നത്. ഇവർ നമ്മുടെ പൊങ്ങച്ച സംസ്കാരത്തിന്റെ കിരീടത്തിലെ തൂവലുകളാണെന്നു പറയാം. ജീവിതാനുഭവങ്ങളെ നേരിടുന്നതിൽ നമ്മുടെ ഉന്നതവിദ്യാഭ്യാസം നേടിയ കുട്ടികൾ പിറകിലാണ്. അതിനാലാണ് പ്രൊഫഷണൽ മേഖലയിലെ ആണും പെണ്ണും പലപ്പോഴും കുടുംബബന്ധങ്ങളിൽ തോറ്റുപോകുന്നത്. ഉന്നത വിദ്യാഭ്യാസം ഉന്നതമാനുഷികതയെ വളർത്തുന്നില്ല. നമ്മുടെ പി.എച്ച്.ഡി. ബിരുദത്തിന്റെ പൊള്ളത്തരമിന്ന് സാധാരണക്കാർക്കു പോലും തിരിച്ചറിയാവുന്നതാണ്.

ഇവിടെയാണ് മാതൃഭാഷയുടെ പ്രസക്തി. പതിനായിരക്കണക്കിന് പുസ്തകങ്ങൾ പിറന്നു വീഴുന്നവയിൽ ഒട്ടുമുക്കാലും വിപണിയിൽ വിറ്റു പോകുന്നു എന്നത് സത്യം. വായന എത്ര കണ്ടു വളർന്നു എന്ന് ആലോചിക്കുമ്പോൾ പരാജയത്തിൽ ചെന്നെത്തും. നമ്മുടെ സംസ്കാരത്തിന്റെ ഒരു ചിത്രം പുസ്തകങ്ങൾ തരുന്നു. എങ്ങനെ? വായിക്കപ്പെടാതിരിക്കുന്നതിൽ. ഗ്രന്ഥങ്ങൾകൊണ്ട് വീർപ്പുമുട്ടുന്ന വായശാലകളും ഗ്രന്ഥാലങ്ങളും വായനക്കാരെ കാത്തുനിൽപ്പുണ്ട്

ഇന്നും. വൃദ്ധരും കുട്ടികളുമാണ് വായനക്കാർ. കുട്ടികളുടെ വായന ഒരു വാഗ്ദാനമാണ്. എന്നാൽ അവർക്ക് വേണ്ടത്ര പുസ്തകങ്ങൾ കടയിൽ ഇല്ല. വൃദ്ധരുടെ വായന ഒരു പരിമിതിയാണ്. വായിക്കാത്ത ഒരു യുവജനതയാണ് ഇന്ന് കേരളത്തിലുള്ളത്. എഴുതുന്നത് അധികവും യുവാക്കളാണ്. എന്നാൽ അവർ വായിക്കുന്നവരല്ല. വായന ആവശ്യമില്ലെന്നും എഴുതുന്നവർ തന്നെ പ്രഖ്യാപിക്കുകയും ചെയ്യുന്ന ഒരു കാലം! ഒരു നാട്! ഇതും നമ്മുടെ സംസ്കാരത്തിന്റെ വൈചിത്ര്യമാണ്.

സ്കൂൾ വിദ്യാഭ്യാസത്തിന്റെ മീഡിയം മാതൃഭാഷയിലാക്കാത്തതിന്റെ ഫലം പ്രതിഫലിക്കുന്നത് നമ്മുടെ ഗവേഷണരംഗത്താണെന്നു പറയുമ്പോൾ അത്ഭുതം തോന്നാം. സത്യത്തിൽ അതങ്ങനെയാണ്. ഒരു കാലത്ത് ഇന്ത്യയിൽനിന്ന് ഗണിതത്തിലും സയൻസിലും ഭാഷാശാസ്ത്രത്തിലും അതിവിദഗ്ദ്ധരായ യുവാക്കളെ തങ്ങളുടെ ഗവേഷണാലയങ്ങൾക്ക് ഇന്ത്യയിൽ നിന്നു ലഭിച്ചിരുന്നു എന്ന് അമേരിക്കൻ-യൂറോപ്യൻ സർവ്വകലാശാലകൾ പറയുന്നു. അങ്ങനെ പോയവരെല്ലാം അതതു രാജ്യങ്ങളിലെ പൗരത്വം സ്വീകരിച്ചു. കാരണം ഗവേഷണത്തിന്റെ കവാടങ്ങൾ ഇന്ത്യാരാജ്യത്ത് (കേരളത്തിലും) ഇന്നും പാതിയടഞ്ഞും ഇരുട്ടുകേറിയും ഇരിക്കുന്നു. സ്കൂൾ കാലത്താണ് കുട്ടികളുടെ ബുദ്ധിയുടെ കവാടങ്ങൾ തുറക്കേണ്ടത്. അപ്പോഴവർ ഇംഗ്ലീഷിന്റെ പാതയിൽ തപ്പിത്തടയുകയാണ്. യഥാർത്ഥ വിദ്യയുടെ വെളിച്ചം ഏവരുടേയും വഴിയിൽ വീഴുന്നത് വൈകിയാണ്. ഇത് പുതുതലമുറയുടെ ബൗദ്ധി കവളർച്ചയേയും പ്രതിഭയേയും സാരമായി ബാധിക്കുന്നുണ്ട്. ഇന്ന് വിദ്യാലയങ്ങളിൽ നടക്കുന്ന പരീക്ഷണങ്ങൾ കുറെ പുത്തനാണെങ്കിലും അത് ഫലിപ്പിക്കാനുള്ള സംവിധാനം അപര്യാപ്തമാണ്. ഇന്ത്യയിലെ കുട്ടികൾ മികച്ച ബുദ്ധിയും പ്രതിഭയും ഉള്ളവരാണെങ്കിലും അവരോളം മികച്ച പഠനസംവിധാനം നാം ഇനിയും ഉണ്ടാക്കിയിട്ടില്ല. മാതൃഭാഷയുടെ സ്റ്റാറ്റസ് ഉയർത്തിയാലെ അത് വികസിക്കുകയുള്ളൂ. അപ്പോഴേ, അതൊരു ജ്ഞാനസമ്പാദന ഉപകരണവും സംസ്കാരപുരോഗതിയുടെ അടിത്തറയും ആവുകയുള്ളൂ.

ഇന്ത്യയ്ക്ക് ഇന്ത്യയുടെ സാഹിത്യരംഗം വികസിക്കുന്നില്ല. എന്നും മറ്റു നാട്ടിലേയ്ക്ക് പ്രചോദനത്തിനായി ഉറ്റുനോക്കുന്ന എഴുത്തുകാരാണ് ഇവിടെ പാതിയും ഉണ്ടായിരുന്നത്. ഇപ്പോഴും. ഇന്ത്യൻ ജീവിതം എന്തുകൊണ്ട് ഇന്ത്യയിലെ യുവ എഴുത്തുകാർക്ക് പ്രചോദനമാവുന്നില്ല? മേലെക്കിട ലോക സമ്മാനം വാങ്ങുന്ന ചില എഴുത്തുകാർ ഇന്ത്യാക്കാരാണ്. അവരാകട്ടെ ഇംഗ്ലീഷിൽ എഴുതുന്നു. ഇന്ത്യൻഭാഷകളിൽ ഇന്ത്യൻ ലിറ്ററേച്ചർ പുറത്തുവരുന്നത് എണ്ണത്തിൽ ധാരാളമുണ്ടെങ്കിലും ഒരു നോബൽ സമ്മാനം മേടിക്കാൻ മഹാകവി ടാഗോറിനു ശേഷം ഇവിടെ ഇന്ത്യക്കാരുണ്ടായില്ല. സ്വന്തം ജീവിതം കീറിമുറിച്ച് വിശകലനം ചെയ്യാനും അതിസൂക്ഷ്മമായ തന്തുക്കൾ കണ്ടെടുക്കാനും ഇന്ത്യൻ ഭാഷയിലെഴുതുന്നവർക്ക് കഴിയുന്നില്ല. കാരണം അവർ ഇന്ത്യയുടെ വികാരവും ചരിത്രവും ഉൾകൊണ്ടതായി മാറി.

# പുസ്തകപ്രസാധനം

ശിവരാമൻ ചെറിയനാട്

കേരളത്തിൽ വർഷം പ്രതി ആയിരക്കണക്കിനു പുസ്തകങ്ങൾ പ്രസിദ്ധീകൃതമാവുന്നുണ്ട്. ഇതിൽ നോവൽ, കഥ, കവിത, നാടകം, ശാസ്ത്രലേഖനങ്ങൾ, ബാലസാഹിത്യം, ജീവചരിത്രം തുടങ്ങി എല്ലാവിധ പുസ്തകങ്ങളും ഉൾപ്പെടുന്നു.

പൊതുമേഖലയിൽ കേരളസാഹിത്യ അക്കാദമി, ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയവ പുസ്തകപ്രസാധനത്തെ ഗൗരവത്തോടെ സമീപിക്കുന്നു. സഹകരണമേഖലയിലുള്ള സാഹിത്യപ്രവർത്തക സഹകരണസംഘവും ഈ രംഗത്തെ സജീവസാന്നിദ്ധ്യമാണ്.

സ്വകാര്യമേഖലയിൽ ലഭ്യമായ കണക്കുവച്ച് ഏതാണ്ട് 127 പ്രസിദ്ധീകരണസ്ഥാപനങ്ങളുണ്ട്. പ്രസിദ്ധീകരണരംഗത്ത് തങ്ങളുടെ സജീവസാന്നിധ്യമറിയിക്കുന്ന അഞ്ചോ ആറോ പ്രസിദ്ധീകരണങ്ങൾക്കു പുറമെ വർഷത്തിൽ നാലോ അഞ്ചോ പുസ്തകങ്ങൾ മാത്രം പ്രസിദ്ധീകരിക്കുന്ന ചെറുകിടക്കാർ വരെ ഇതിൽ ഉൾപ്പെടുന്നു. പുസ്തകപ്രസിദ്ധീകരണരംഗത്തെ വലിപ്പച്ചെറുപ്പമൊന്നുമല്ല പ്രശ്നം.

പുസ്തക പ്രസിദ്ധീകരണത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ പ്രധാനമായും ആലോചനവിഷയമാക്കേണ്ട ചില വിഷയങ്ങളുണ്ട്.

ഇപ്പോൾ നടക്കുന്നത് എഴുത്തുകാർ തങ്ങൾക്കഭിരുചിക്കനുസരിച്ച് അല്ലെങ്കിൽ താല്പര്യപ്രകാരം പുസ്തകങ്ങൾ എഴുതുന്നു. അവ പ്രസിദ്ധീകരണശാലകൾക്കയയ്ക്കുന്നു. പ്രസാധകർ തങ്ങൾക്കു സ്വീകാര്യമെങ്കിൽ അവ പ്രസിദ്ധീകരിക്കുന്നു. അതാണ് നടക്കുന്നത്. അപൂർവ്വമായി ഏതെങ്കിലും വിഷയത്തെ ആധാരമാക്കിയുള്ള പുസ്തകങ്ങൾ പ്രസാധകർ ആവശ്യപ്പെട്ട് എഴുതിക്കുകയും ചെയ്യുന്നു. അതേറെയും അപ്പപ്പോഴത്തെ വില്പന ലക്ഷ്യമാക്കി ചെയ്യുന്നതുമാണ്. ഇവിടെയൊക്കെ ശ്രദ്ധിക്കപ്പെടാതെ പോകുന്ന ഒരു പ്രധാനവിഷയം വായനക്കാരെ സംബന്ധിച്ചുള്ളതാണ്. വായനക്കാർ ഇഷ്ടപ്പെടുന്ന ഗ്രന്ഥങ്ങളെക്കുറിച്ചോ അഥവാ അവർ തങ്ങളുടെ പൊതുവായനയിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങളേക്കുറിച്ചോ ഒരന്വേഷണമോ നിരീക്ഷണമോ പോലും ഈ മേഖലയിൽ നടക്കുന്നില്ലായെന്നതാണ് സത്യം. അതുണ്ടാവണം.

പുസ്തക പ്രസാധനവുമായി ബന്ധപ്പെട്ട് ആലോചിക്കേണ്ട പ്രധാന വിഷയങ്ങൾ:

1. വായനക്കാരുടെ അഭിരുചി സംബന്ധിച്ച് വ്യക്തമായ ധാരണ എഴുത്തുകാർക്കും പ്രസാധകർക്കും ഉണ്ടാവണം. പുസ്തക പ്രസാധകരും വായനക്കാരുമായി അടുത്ത ബന്ധം സ്ഥാപിക്കാൻ അത് സഹായകമാണ്. ഇപ്പോൾ ഈ ബന്ധം പ്രസാധകരും എഴുത്തുകാരും മാത്രമായി ചുരുങ്ങിപ്പോയിട്ടുണ്ട്.
2. വായനക്കാരുടെ അഭിരുചിയോ പ്രിയമോ മനസ്സിലാക്കുമ്പോൾ തന്നെ അവരുടെ അഭിരുചിയിൽ ഗുണപരമായ മാറ്റം ഉണ്ടാക്കുന്നതിനും ശ്രമിക്കേണ്ടതുണ്ട്. പ്രത്യേകിച്ച് തുടക്കക്കാരിൽ.

3. പുസ്തകം വേഗം വിറ്റഴിയുമെന്ന ഒറ്റക്കാരണംകൊണ്ടുമാത്രം അത്തരം പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നത് ശരിയല്ലായെന്നു മാത്രമല്ല; സാമൂഹിക ദ്രോഹം കൂടിയാണ്.

4. അച്ചടിരംഗത്ത് സാങ്കേതിക വൈദഗ്ധ്യം ഏറിയതുകൊണ്ട് പുസ്തകത്തിന്റെ പുറം മോടി അത്യാകർഷകമാക്കാൻ ഇന്നു കഴിയും. അക്കാര്യത്തിൽ നല്ല മത്സരം തന്നെയാണ് നടക്കുന്നതും. അത് പക്ഷെ ഉഷ്ണപ്പുണ്ണിനെ പട്ടുസാരികൊണ്ട് പൊതിയുന്നതുപോലെ ആകരുത്.

5. കുട്ടികളുടെ പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട് പുറം വായനയ്ക്ക് സഹായകമായവ പ്രസിദ്ധീകരിക്കുന്നതിൽ വേണ്ടത്ര ജാഗ്രത ഇപ്പോഴും നടക്കുന്നില്ലായെന്ന് തോന്നുന്നു. അതുണ്ടാവണം.

6. വലിയ പരസ്യം നൽകി വായനക്കാരെ തെറ്റിദ്ധരിപ്പിച്ച് പുസ്തകം വിൽക്കുന്ന വിപണന തന്ത്രം വർദ്ധിച്ചു വരുന്നതും നിയമംകൊണ്ട് തടയേണ്ടതാണ്. (ഉദാ: ഇരുപത്തിയഞ്ച് രൂപയ്ക്ക് 'കാരമസൗ' സഹോദരന്മാർ, ആർക്കും ഒന്നു വാങ്ങണമെന്ന് തോന്നും. 'സംക്ഷിപ്തം' എന്തെങ്കിലും ആ തലക്കെട്ടിന്റെ ബ്രാക്കറ്റിൽ കൊടുത്താൽ എത്ര നന്ന്)

7. വായനകൂടുതൽ ജനകീയമാക്കുന്നതിന്റെ ഭാഗമായി വിലകുറഞ്ഞ പതിപ്പുകൾ കൂടി പ്രസിദ്ധീകരിക്കുന്നത് നല്ല രീതിയാണ് (ഉദാ: തകഴിയുടെ 'ചെമ്മീൻ' വിയറ്റ്നാം പതിപ്പ് രണ്ടു രീതിയിലും ഇറങ്ങിയത്)

8. പുസ്തക പ്രസാധനം വ്യവസായാടിസ്ഥാനത്തിൽ മാത്രം ചിന്തിക്കുമ്പോൾ അതൊരു 'ഉല്പന്നം' മാത്രമാണ്. വാദത്തിനുവേണ്ടി ഇത് അംഗീകരിക്കാമെങ്കിലും ഈ ഉല്പന്നം മറ്റ് ഉല്പന്നങ്ങളിൽ നിന്നും വ്യത്യസ്തമാണെന്ന പ്രാഥമിക ബോധമെങ്കിലുമുണ്ടാവണം.

ഗ്രന്ഥങ്ങളെ വലിയ ആദരവോടെയാണ് നാം ഭാരതീയർ എന്നും കരുതിയിരുന്നത്. അക്ഷരവുമായി ബന്ധപ്പെട്ട ദേവതാ സങ്കല്പം തന്നെ അതിന് ഉദാഹരണമാണല്ലോ. അത്രത്തോളമൊന്നുമില്ലെങ്കിലും പുസ്തകങ്ങൾ മനുഷ്യരുടെ സാംസ്കാരിക ജീവിതത്തിൽ വഹിക്കുന്ന പങ്കിന്റെ മഹത്വവും വലിപ്പവും നാം മറന്നുകൂടാത്തതാണ്.

# കേരള വികസനവും മലയാള സാഹിത്യവും

എം എം നാരായണൻ

വികസനവും സാഹിത്യവും തമ്മിലെ ന്ത്? എന്ന് ചിലർ സംശയിക്കാൻ ഇടയുണ്ട്- എന്നാൽ സാഹിത്യവും ജീവിതവും തമ്മിൽ ബന്ധമുണ്ടോ എന്ന പ്രശ്നം ഇന്നാരും ഉന്നയിക്കുമെന്ന് തോന്നുന്നില്ല. രാഷ്ട്രീയത്തിൽ നിന്നും സാമ്പത്തികത്തിൽ നിന്നും അകലെ, ഉയരെ ഒരു മേഖലയിലാണ് സാഹിത്യവും കലയും പുലരുന്ന തെന്ന പഴയ ധാരണകൾക്ക് കാലഹരണം വന്നിരിക്കുന്നു. എങ്കിലും സാഹിത്യ വികസനം സമൂപത്തിന്റെ സാംസ് ക്കാരിക വളർച്ചയുടെ അടയാളമായി ഗണിക്കാമെന്നല്ലാതെ നാടിന്റെ വികസനവും സാഹിത്യവും തമ്മിൽ നേരിട്ടൊരു ബന്ധമുണ്ടെന്ന് സമ്മതിച്ച് തരാൻ പലർക്കും ബുദ്ധിമുട്ടുണ്ടാവും.

സാഹിത്യ വികസനവും സാമൂഹ്യ വികസനവും പരസ്പരം ഒരു നേർരേഖാ ബന്ധമാണെന്നല്ല വിവക്ഷ- അവികസിതമായ പ്രാചീന സമൂഹങ്ങൾ എക്കാലത്തേയും മികച്ച സാഹിത്യ കൃതികളുടെ സൃഷ്ടികളാ യിരുന്നു വല്ലോ. അപ്പോൾ സമൂഹത്തിൽ സാഹിത്യം ഇടപെടുന്ന രീതികൾ ലളിതമല്ല സങ്കീർണ്ണ മാണെന്നും പ്രത്യക്ഷമല്ല പരോക്ഷമാണെന്നും സിദ്ധിക്കുന്നു.

വികസനം കേവലം റോഡുകളുടെയും പാലങ്ങളുടേയും നിർമ്മാണമല്ല. ജനജീവിത ഗുണമേന്മയാണത്. അപ്പോൾ കേരള ജന ജീവിതത്തിന് ഗുണമേന്മനൽകാൻ നവോത്ഥാനം, ദേശീയ പ്രസ്ഥാനം, ഇടതുപക്ഷ പ്രസ്ഥാനം തുടങ്ങിയ മഹാ പ്രവാഹങ്ങൾക്കൊപ്പം മലയാള സാഹിത്യ പ്രസ്ഥാനവും വലിയ പങ്കു വഹിച്ചു. സാമൂഹ്യ പരിഷ്ക്കർത്താക്കളും രാഷ്ട്രീയ നേതാക്കളും വിഭാവനം ചെയ്ത നവ കേരളത്തെ വലയാളിയുടെ നിനവിലും കിനാവിലും നട്ടു വളർത്തിയത് ആശാനും വള്ളത്തോളും ഇടശ്ശേരിയും വൈലോപ്പിള്ളിയും ചന്തുമേ നോനും തകഴിയും ബഷീറും പൊൻകുന്നം വർക്കിയും ചെറുകാടും എല്ലാമടങ്ങുന്ന എഴുത്തു കാരുടെ സാഹോദര്യമായിരുന്നു.

ആഗോളവൽക്കരണത്തിന്റെയും കമ്പോളവൽക്കരണത്തിന്റെയും വർത്തമാനകാലം എല്ലാ വികസന സംരംഭങ്ങളെയും പ്രതിസന്ധി യിലാഴ്ത്തിയിരിക്കുന്നു. എല്ലാ കലകളും കമ്പോള താൽപര്യങ്ങളുമായി കണ്ണിചേർക്ക പ്പെട്ടിരിക്കുന്നു. ഏതാണ് മൂല്യവത്തായത് എന്നല്ല, ഏതാണ് വിറ്റു പോകുന്നത് എന്ന് മാത്രം പരിഗണിക്കപ്പെടുന്നു. സാഹിത്യവും നാടകവും സംഗീതവുമെല്ലാം ചേർന്ന ഒരു ജനകീയ സംസ്ക്കാരം തുടം വച്ചു വന്ന കേരളത്തിൽ, ഇപ്പോൾ ആൾക്കൂട്ട സംസ്ക്കാരത്തിന്റെ ആത്മീയ മരുഭൂമികളാണ് വ്യാപിക്കുന്നത്.

നമ്മുടെ സാഹിത്യവും ഈ പ്രതിസന്ധിയെ മറികടക്കാൻ ശ്രമിക്കുന്നതിന് പകരമായി സ്വയം ജീർണ്ണിക്കാൻ തുടങ്ങിയിരിക്കുന്നു. "ലോകത്തിനെന്തോ തകരാറുണ്ടെന്ന് നിങ്ങളുടെ കഥ വായിച്ചാൽ തോന്നു"മെന്ന് ബഷീറിന്റെ ഒരു കഥാപാത്രം പറയുന്നുണ്ട്. ഇപ്പോഴത്തെ പല കഥകളും വായിച്ചാൽ, അതെഴിതിയവർക്കെന്തോ തകരാറുണ്ടെന്ന്, ആ എഴുത്തിനെന്തോ തകരാറുണ്ടെന്ന് തോന്നിപ്പോകുന്നു. ഏതധികാര വ്യവസ്ഥായ്ക്കും പുർണ്ണമായി വഴങ്ങാത്ത ഒരു ഘടന സാഹിത്യത്തിനുണ്ട്. അതു കൊണ്ട് തന്നെ ഇതിന്റെ സാദ്ധ്യതകൾ, ജീവിതത്തിന്റെ പ്രതിസന്ധികളെ നേരിടാൻ മലയാളിക്ക് പ്രയോജനപ്പെടുത്താൻ കഴിയേണ്ടതുണ്ട്.

# ആഗോളീകരണ കാലത്തെ മലയാളം

**ഡോ.ആർ.ബി.ശ്രീകല**
*അസി.പ്രൊഫസർ, മലയാള വിഭാഗം, ഗവ: വനിതാ കോളേജ്, തിരുവനന്തപുരം*

ആഗോളീകരണം യഥാർത്ഥത്തിൽ രണ്ടാം സാമ്രാജ്യമേൽക്കോയ്മയാണ്. അധിനിവേശം സൃഷ്ടിക്കുന്ന മനോഭാവവും മൂല്യങ്ങളും ഇംഗ്ലീഷിനെ ആധിപത്യഭാഷയായും മറ്റു ഭാഷകളെ വിധേയഭാഷകളോ അധമഭാഷകളോ ആയും മാറ്റിയിരിക്കുന്നു. നിലനിൽപ്പിനുവേണ്ടിയുള്ള സമരത്തിനൊടുവിൽ പിടിച്ചുനിൽക്കാനാകാതെ പല ജൈവവംശങ്ങളും ഭൂമുഖത്തുനിന്ന് അപ്രത്യക്ഷമായതുപോലെ പ്രാദേശിക ഭാഷകളെല്ലാം പാർശ്വവത്ക്കരണത്തിനുവിധേയപ്പെട്ട് ഒടുവിൽ അനിവാര്യമായ മരണത്തിൽ എത്തിച്ചേരുമെന്നതിനു സംശയമില്ല. അതോടെ മനുഷ്യചരിത്രത്തിന്റെയും സംസ്കൃതിയുടെയും അടയാളപ്പെടുത്തലുകളാകും നഷ്ടമാകുക. തീർച്ചയായും അത് മനുഷ്യരാശിയുടെ ദുരന്തമായിരിക്കും. ഇംഗ്ലീഷിന്റെ ആധിപത്യം എന്നതുകൊണ്ട്, അത് ലോകത്ത് മറ്റേതൊരു ഭാഷയെക്കാളുമധികം സംസാരിക്കപ്പെടുന്നു എന്നല്ല വിവക്ഷിക്കുന്നത്. ചൈനയിലെ മാന്ററിൻ ആണ് ഏറ്റവുമധികം ജനങ്ങൾ സംസാരിക്കുന്ന ഭാഷ. എന്നാൽ ബിസിനസ്, മാധ്യമങ്ങൾ, ഇന്റർനെററ് അന്താരാഷ്ട്രവിനിമയങ്ങൾ, ശാസ്ത്ര-സാങ്കേതികവിഷയങ്ങളുടെ മാധ്യമം എന്നീ നിലകളിൽ ആഗോളതലത്തിൽ ഇംഗ്ലീഷാണ് വ്യാപകമായി ഉപയോഗിക്കുന്നത്. ഇംഗ്ലീഷിന്റെ ആധിപത്യത്തെ കൂടുതൽ ഉറപ്പിക്കുന്നത് ഇന്റർനെറ്റാണ്. പകുതിയിലധികം വെബ്പേജുകളും ഇംഗ്ലീഷിലാണുള്ളത്. ഫ്രഞ്ച് ഭാഷാശാസ്ത്രജ്ഞനായ കോസ്റ്റി ഹെഗേജ് ബി.ബി.സി. യിൽ പറഞ്ഞു, "ഇംഗ്ലീഷിന്റെ അതിവ്യാപനത്തെക്കുറിച്ച് നാം ബോധവാന്മാരായില്ലെങ്കിൽ അതു ക്രമേണ മറ്റു ഭാഷകളെ ഇല്ലായ്മ ചെയ്യും." അതേ, അതൊരു മുന്നറിയിപ്പാണ്. ഈ ഭീഷണിയിൽ നിന്ന് നമ്മുടെ മാതൃഭാഷയായ മലയാളവും മുക്തമല്ല. മലയാളം ഒരു ഭാഷയെന്ന നിലയിൽ രൂപപ്പെട്ടിട്ട് അനുനൂറോളം കൊല്ലമേ ആയുള്ളൂവെങ്കിലും ഭാരതീയ ഭാഷകളുടെ കൂട്ടത്തിൽ ജീവസ്സുറ്റ ഒരു ഭാഷയാണ് മലയാളം. എങ്കിലും വളരെ വേഗത്തിലല്ലെങ്കിലും പതുക്കെപ്പതുക്കെ ആഗോളീകരണം നമ്മുടെ ഭാഷയെയും കീഴ്പ്പെടുത്തും എന്നതിനു സംശയമില്ല. അതിന്റെ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയിരിക്കുന്നു.

ഏതൊരു പുതിയ അറിവും മാതൃഭാഷയിലൂടെ പകരുമ്പോൾ മാത്രമേ അതിന്റെ അന്തസ്സത്ത ഉൾക്കൊള്ളാൻ കഴിയൂ. ഒരാൾ ചിന്തിക്കുന്നത് മാതൃഭാഷയിലാണ്. അപരിചിതമായ ഭാഷയിലാകുമ്പോൾ പദങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കപ്പെടുകയും ശാസ്ത്ര പഠനം ഉൾപ്പെടെയുള്ള വിവിധ ശാഖാപഠനങ്ങൾ യാന്ത്രികമായ ഭാഷാ പഠനമായി അധഃപതിക്കുകയും ചെയ്യും. നമ്മുടെ ഭാഷയെത്തേടി മറ്റുള്ളവർ എത്തണമെങ്കിൽ ബൗദ്ധികമായ ആശയങ്ങൾ ഭാഷയിലൂടെ ആവിഷ്കരിക്കപ്പെടണം. ഒരു വ്യക്തി ആദരണീയനാകുന്നത് ചിന്തയുടെ ഔന്നത്യത്താലാണ്, അല്ലാതെ ഭാഷാ റിജ്ഞാനത്തിലും പ്രയോഗശേഷിയിലുമല്ല. അന്യഭാഷയെ സ്വീകരിക്കുമ്പോൾ അതിന്റെ ഊർജ്ജം ഉൾക്കൊള്ളുന്നതിനുപകരം ദാസ്യപ്പെടുന്ന സ്ഥിതിവിശേഷം സ്വന്തം ഭാഷയുടെ തളർച്ചയ്ക്കിടയാക്കും. മാനസികമായ അടി

മത്തത്തിൽ നിന്നും മലയാളി മോചനം നേടിയേ മതിയാകൂ. മാതൃഭാഷയുടെ സംസ്കാരിക വ്യക്തിത്വത്തിനകത്ത് എവിടെയാണ് അന്യഭാഷകൾക്ക് ഇടം നൽകേണ്ടതെന്ന് തിരിച്ചറിയണം.

മലയാളത്തെ ഒന്നാം ഭാഷയായി കണ്ട്, അത് സംസാരിക്കുന്നതിലും പഠിക്കുന്നതിലും അഭിമാനം കൊണ്ട്, ഭാഷാപരമായ ഇച്ഛാശക്തിയും അഭിമാനബോധവും വളർത്തിക്കൊണ്ടുവന്നാൽ മാത്രമേ ഭാഷയുടെ അന്തസ്സ് ഉയർത്താൻ കഴിയൂ. അക്കാദമികരംഗത്ത് സ്കൂൾ, കോളേജ് തലങ്ങളിൽ മലയാളം നിർബന്ധമായും ഒന്നാം ഭാഷയായി സ്വീകരിച്ച് മാതൃഭാഷയിലൂടെയുള്ള ബോധന സമ്പ്രദായം നടപ്പിലാക്കേണ്ടതാണ്. സ്വകാര്യവിദ്യാലയങ്ങൾ ഉൾപ്പെടെ കേരളത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മലയാളം നിർബന്ധമായും പഠിപ്പിക്കുന്നുണ്ട് എന്ന് സർക്കാർ തലത്തിൽ ഉറപ്പുവരുത്തേണ്ടത് ആവശ്യമാണ്. സാംസ്കാരിക പ്രവർത്തകർക്കും സാംസ്കാരിക പ്രസ്ഥാനങ്ങൾക്കും സ്ഥാപനങ്ങൾക്കും ചെയ്യാൻ കഴിയുന്ന നിരവധി പ്രവർത്തനങ്ങളുണ്ട്. ഭാഷാകേന്ദ്രിത സെമിനാറുകളും ശില്പശാലകളും ചർച്ചകളും സംഘടിപ്പിക്കുകയും അവയിലെല്ലാം വിദ്യാർത്ഥികളെയും യുവജനങ്ങളെയും പരമാവധി പങ്കെടുപ്പിക്കുകയും അതുവഴി മാതൃഭാഷാ ബോധവൽക്കരണം നടപ്പാക്കുകയും വേണം. ഒരു ഭാഷയും ഒറ്റപ്പെട്ട തുരുത്തല്ലെന്നും അന്യഭാഷകളെ ഒഴിവാക്കിക്കൊണ്ട് ഒരു ഭാഷയ്ക്കും നിലനില്പില്ലെന്നും ഈയവസരങ്ങളിലെല്ലാം ഓർമ്മപ്പെടുത്തുകയും ചെയ്യണം.

താഴെപ്പറയുന്ന ഇടപെടലുകളിലൂടെ ഭാഷയെ സംരക്ഷിക്കാനുള്ള ശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്.

1. പ്രാദേശിക തലങ്ങളിൽ മാതൃഭാഷ, ദേശീയതലത്തിൽ ഹിന്ദി, അന്തർദേശീയ തലത്തിൽ ഇംഗ്ലീഷ് എന്ന ലക്ഷ്യം വച്ചുകൊണ്ടുള്ള ത്രിഭാഷാപദ്ധതി കാര്യക്ഷമമായ രീതിയിൽ നടപ്പിലാക്കുകയും ബോധനമാധ്യമമായും ഒന്നാം ഭാഷയായും മാതൃഭാഷ മാറുകയും ചെയ്യുക.
2. മലയാളത്തിന് മറ്റൊരു ഭാഷയുടെ പൊയ്ക്കാലിൽ നിൽക്കേണ്ട ഗതികേടു മാറാൻ സാങ്കേതിക പദാവലിയും പരിഷ്ക്കരണത്തോടെ വിവർത്തനത്തെ കാര്യക്ഷമമാക്കുക.
3. കേരളത്തിൽ നടത്തുന്ന ഏതു പാഠനകോഴ്സിലും മലയാളം ഒരു പരിചയ പേപ്പർ ആയെങ്കിലും വയ്ക്കുക
4. മലയാളത്തിൽ പഠിച്ചുവരുന്നവർക്ക് ഉപരിപഠനത്തിനും തൊഴിലിനുമുള്ള അവസരങ്ങൾ കേരത്തിൽ തന്നെയുണ്ടാകണം.
5. വാമൊഴി വഴക്കങ്ങളുടെയും അപ്രയുക്തങ്ങളായിത്തീർന്ന പഴയ മലയാളപദങ്ങളുടെയും തിരിച്ചുവരവ് സാധ്യമാക്കുക.
6. ഭരണഭാഷ/കോടതിഭാഷ/ആധാരഭാഷ എന്നിവ തീർത്തും മലയാളത്തിലാക്കുക. അതിനായി നിയമപരിഷ്ക്കരണം വേണ്ടിവന്നാൽ നടത്തുക.
7. ചലച്ചിത്രഭാഷയുടെ മലയാളീകരണത്തിലൂടെ ലോകഭാഷകളിലെ ശ്രദ്ധേയമായ സിനിമകൾ മലയാളത്തിലേക്കു കൊണ്ടുവരാൻ കഴിയും.
8. പി.എസ്സ്.സി. നടത്തുന്ന പൊതുപരീക്ഷകളിൽ മലയാളഭാഷാ പരിചയത്തെ സംബന്ധിക്കുന്ന ചോദ്യങ്ങൾ നിർബന്ധമാക്കുകയും ആനുപാതികമായി മാർക്ക് നിശ്ചയിക്കുകയും ചെയ്യുക.
9. മലയാളഭാഷ മാധ്യമമാക്കിക്കൊണ്ട് പലതരം മത്സരങ്ങൾ നടത്തി അവാർഡുകൾ നൽകി പുതുതലമുറയെ പ്രോത്സാഹിപ്പിക്കുക.
10. മലയാളത്തിലൂടെ പഠിച്ചുവരുന്നവർക്ക് ജോലി മുൻഗണന നൽകുക.
11. മലയാളം കമ്പ്യൂട്ടിങ്ങിന് വ്യാപകമായ പ്രചാരണം നൽകുക.
12. ഭാഷ, ഗവേഷണം, പുസ്തകപ്രസാധനം എന്നിവ ശക്തിപ്പെടുത്തുക.

# സ്ത്രീ, സമൂഹം, അധികാരം

ലളിതാ ലെനിൻ

സ്വത്വരാഷ്ട്രീയത്തിലേക്ക് കൂപ്പുകുത്തുന്ന ഫെമിനിസ്റ്റ് ധാരകൾ ഇന്നും കേരളസമൂഹത്തിൽ ഒരു ന്യൂനപക്ഷം മാത്രമാണ്. അവരെ ഏകോപിപ്പിക്കുക എന്നത് സുസാധ്യമല്ല. മഹാഭൂരിപക്ഷം സ്ത്രീകളും ഈ വൃത്തത്തിന് പുറത്തുമാണ്. അവരാകട്ടെ ഉപഭോഗസംസ്കാരത്തിന്റെ ആകർഷണവലയത്തിൽ വീണുകൊണ്ടിരിക്കുന്നു. പുരോഗമനവീക്ഷണമുള്ള ഇടതുപക്ഷത്തിനൊപ്പം നില്ക്കുന്ന വനിതാപ്രസ്ഥാനങ്ങൾക്കാകട്ടെ ബഹുദൂരം മുന്നോട്ട് പോകാനുണ്ട്.

സ്ത്രീകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന അസമത്വങ്ങളെ അമർത്യാ സെൻ ഏഴുതരമായി എടുത്തുപറയുകയുണ്ടായി. അവയിലേക്ക് നയിക്കുന്ന അടിസ്ഥാനപരമായ അസമത്വം അറിവിന്റെ ഉത്പാദനത്തിലും ഉപയോഗത്തിലും ഉള്ള അസമത്വം തന്നെയാണെന്ന് കാണേണ്ടിയിരിക്കുന്നു. സാക്ഷരതയിൽ മുൻപന്തിയിൽ നിൽക്കുന്ന കേരളത്തിനുപോലും അത് മറികടക്കാനാവുന്നില്ല. അതിനുള്ള ബദലായാണ് വികേന്ദ്രീകൃതഭരണസംവിധാനത്തിലൂടെ പ്രാദേശികതലത്തിൽ അധികാരസ്ഥാനങ്ങളിലേക്കെത്തുന്ന അമ്പതു ശതമാനം സ്ത്രീകളെ നാം കാണേണ്ടത്. പരിശീലനത്തിലൂടെയും പ്രവർത്തനപരിചയത്തിലൂടെയും അറിവിന്റെ കാര്യസ്ഥതയിലേക്കും സമൂഹത്തിന്റെ ഗുണകരമായ മാറ്റത്തിലേക്കും വഴി തുറക്കാനുള്ള ശ്രമമാണിത്. ഇതിനേയും അട്ടിമറിക്കാനുള്ള ശ്രമങ്ങൾക്കെതിരെ ജാഗ്രത പുലർത്തേണ്ടതാണ്.

# പ്രാദേശിക ചരിത്രവും പൈതൃക സംരക്ഷണവും: രചനാനുഭവങ്ങൾ

ഡോ: സി. ബാലൻ

**പ്രാദേശിക ചരിത്രത്തിന്റെ വിഷയമെന്താണ്?**

പ്രാധാനമായും രണ്ട് കാര്യങ്ങൾ ചർച്ചചെയ്യുന്നു. ഉപജീവനത്തിന്റെയും അതിജീവനത്തിന്റെയും കാര്യങ്ങൾ. അത് സമൂഹത്തിന്റെ നിലിനിൽപ്പിനും പുനർനിർമ്മാണത്തിനുമുള്ള ഉപാധികളാണ്.

ഉപജീവനത്തിന് വേണ്ടി സമൂഹം ഏർപ്പെട്ട മേഖലകൾ എന്തൊക്കെയാണ്? കൃഷി, ചരക്കുൽപാദനം, കൈമാറ്റം

കൃഷി- പുനകൃഷി/വയൽ-പറമ്പ് കൃഷി-വിളകൾ

വിത്ത്/വളം/ജലസേചനരീതികൾ/കീടനാശിനി

ഇടവിളകൾ/പച്ചക്കറി/പയർവർഗ്ഗങ്ങൾ/കിഴങ്ങ്

കൃഷിയിലേർപ്പെട്ട ജനവിഭാഗങ്ങൾ-

കൃഷിഭൂമിയും കർഷകനും തമ്മിലുള്ള ബന്ധം- പാട്ടം/ജന്മം, ജന്മി-കുടിയാൻ ബന്ധം

ചരക്കുൽപാദനം-ഉപ്പ്-മത്സ്യം-കാർഷിക ഉപകരണങ്ങൾ-ഇരുമ്പുപകരണങ്ങൾ-കൈത്തൊഴിലുകൾ-തൊഴിൽക്കൂട്ടങ്ങൾ -അവയുടെ വളർച്ച-ഐങ്കുടി കമ്മാളന്മാർ-സാങ്കേതികവിദ്യ-ഉപ്പളങ്ങൾ-കയറുൽപ്പന്നങ്ങൾ

കൈമാറ്റം-എന്ത്? എങ്ങിനെ-ചന്ത-പരിണാമം-അങ്ങാടി-പട്ടണം-നഗരം-നഗരവൽകരണം

ചരക്കുകളുടെ നീക്കം-ഉൾനാടൻ ഗ്രാമവിഭവങ്ങൾ-വഴി-റോഡ്-ചന്ത-തുറമുഖം

ആരൊക്കെ? എങ്ങിനെ? ഗതാഗത സൗകര്യം-അത്താണി-കൽതൊട്ടി-തണ്ണീർപന്തൽ-കൈമാറ്റരീതി

അധികാരകേന്ദ്രം-അധികാരരൂപങ്ങൾ-മൂപ്പൻ-നാടുവാഴി-ജന്മി-ആധുനിക ഭരണകൂട രൂപങ്ങൾ

അധികാരകേന്ദ്രവും ജനങ്ങളും തമ്മിലുള്ള ബന്ധം-ചൂഷണരീതികൾ-അടിച്ചമർത്തൽ-മിച്ചം സ്വന്തമാക്കുന്ന ഉപാധികൾ-വാരം-പാട്ടം-നികുതി-മധ്യവർത്തികൾ

സമൂഹം-അധിവാസകേന്ദ്രങ്ങൾ-വിവിധ ജനസമൂഹങ്ങൾ-സഹകരണം-ജാതിവ്യവസ്ഥ-ഉച്ചനീചത്വങ്ങൾ-അസ്പ്രശ്യർ-കീഴാളർ-ശ്രേണീവ്യവസ്ഥ

സമൂഹം-സ്ത്രീപുരുഷ ബന്ധങ്ങൾ-സ്ത്രീ പ്രശ്നങ്ങൾ-സ്ത്രീ ഗൃഹത്തിലും സമൂഹത്തിലും-വിവിധ വിഭാഗങ്ങളിൽ ഘട്ടങ്ങളിലുണ്ടായ മാറ്റം

സമൂഹം-വീട്-രൂപഭേദങ്ങൾ-വീടിന്റെസ്ഥാനം-പത്തായം-പത്തായപ്പുര-

ഭക്ഷണം-വകഭേദങ്ങൾ

വസ്ത്രം-ബ്ലൗസ് ധരിക്കൽ-ആഭരണങ്ങൾ

പാത്രങ്ങൾ-വീട്ടുപകരണങ്ങൾ

വിവാഹരീതികൾ-സ്രീത്രീധനം/പുരുഷധനം

കുടുംബം-കുടുംബവ്യവസ്ഥ- മക്കത്തായം-മരുമക്കത്തായം-കൂട്ടുകുടുംബം-അണുകുടുംബം-ദായക്രമം-മറ്റുഗ്രാമങ്ങളുമായി വിവാഹ ബന്ധങ്ങൾ-വിവാഹരീതികൾ

ഉത്സവം-ആഘോഷങ്ങൾ-സാമൂഹിക ധർമ്മങ്ങൾ-ജനങ്ങളുടെ പങ്കാളിത്തം

സമൂഹം-വിശ്വാസങ്ങൾ/ആചാരങ്ങൾ/അനുഷ്ഠാനങ്ങൾ

തറ/കാവ്/സ്ഥാനം/കഴകം/കോട്ടം-സാമൂഹിക സ്ഥാപനങ്ങൾ-സംഘാടനം-ജനാധിപത്യപരമായ ഘടന

സമൂഹം-പൊതുമണ്ഡലത്തിന്റെ രൂപീകരണം-ഉൽസവങ്ങൾ-ചായക്കട-തയ്യൽക്കട-ബാർബർഷോപ്പ്-ജനാധിപത്യവൽക്കരണം-പൗരസമൂഹം

സമൂഹം-ആനുനിക സ്ഥാപനങ്ങൾ-വിദ്യാഭ്യാസസ്ഥാനപങ്ങൾ-പൈതൃകം-എഴുത്ത്കൂട്-എഴുത്തശ്ശാൻ-ആധുനിക വിദ്യാഭ്യാസം

ആരോഗ്യസ്ഥാപനങ്ങൾ-പാരമ്പര്യധാരകൾ-മരുന്നും മന്ത്രവും-ഒറ്റമൂലി-വിഷചികിത്സ-അലോപ്പതി-ഹോമിയോ-ആയ്യുർവ്വേദം-നാട്ടുമരുന്നുകൾ-ഔഷധച്ചെടികൾ

വിവരവിനിമയ രീതി-അഞ്ചലോട്ടം-പോസ്റ്റ് ഓഫീസ്-ഫോൺ-മൊബൈൽ-ഇമെയിൽ-ഇന്റർനെറ്റ്

ഗതാഗതം-വഴി-നാട്ടുപാത-റോഡ്-റെയിൽ-ജലഗതാഗതം-കാളവണ്ടി-വാഹനങ്ങൾ-തീവണ്ടി

പോലീസ് സ്റ്റേഷൻ-തർക്കപരിഹാരമാർഗ്ഗങ്ങൾ-ബ്രിട്ടീഷ് ഭരണം-പോലീസ്-ജന്മി-പോലീസ് ബന്ധങ്ങൾ-നാട്ടുകോടതി-സമുദായ കോടതികൾ-'കടക്കോടി

സമൂഹത്തിലെ സംഘർഷങ്ങൾ-താൽപര്യസംഘർഷങ്ങൾ-ജന്മികുടിയാൻ ബന്ധം-പ്രതിരോധത്തിന്റെ പാരമ്പര്യം-നവോത്ഥാന പ്രസ്ഥാനങ്ങൾ-ദേശീയ പ്രസ്ഥാനം-കർഷകസമരങ്ങൾ-വ്യക്തികൾ-പ്രതിരോധ പ്രസ്ഥാനങ്ങൾ-രാഷ്ട്രീയ പാർട്ടികൾ-പ്രവർത്തകർ

സമൂഹം-ആശയ വിനിമയം-ഭാഷ-ഭാഷാവൈവിധ്യങ്ങൾ-പരിണാമങ്ങൾ-കഥ-കവിത-സാഹിത്യകൃതികൾ-ഒഴിവ് സമയ വിനോദങ്ങൾ

**പ്രാദേശിക ചരിത്രരചന: ഉപാദാനങ്ങൾ**

1) ഗ്രാമത്തിന്റെ/ദേശത്തിന്റെ ഭൂപടം തയ്യാറാക്കൽ
2) ഠ്യമിശെ ണമഹസ- ഗ്രാമത്തിലൂടെ പഠനയാത്ര.
3) രേഖകൾ-കുടുംബ/തറവാട് രേഖകൾ/രശീതുകൾ
4) നാടൻ പാട്ടുകൾ/കൃഷിപ്പാട്ടുകൾ-ചൊല്ലുകൾ/കഥകൾ./വാക്കുകൾ
5) സ്ഥലനാമ പഠനം
6) ചരിത്രസ്മാരകങ്ങളുടെ സർവ്വേ-പഠനം
7) ചരിത്ര പ്രധാനമായ സ്ഥലങ്ങൾ-സമരകേന്ദ്രങ്ങൾ
8) ജീവചരിത്രം-ആത്മകഥ-ഡയറി കുറിപ്പുകൾ കത്തുകൾ
9) സ്മരണിക/സുവനീർ
10) പുറംനാട്ടുകാരുടെ ഇടയിൽ പ്രചാരത്തിലുള്ള കാര്യങ്ങൾ-അവരുടെ പരാമർശങ്ങൾ -പുസ്തകങ്ങൾ-
11) സെറ്റിൽമെന്റ് രജിസ്റ്ററുകൾ
12) ലിഖിതങ്ങൾ-ഓലകൾ-ചെമ്പോലകൾ-പട്ടോലകൾ
13) സഞ്ചാരികളുടെ കുറിപ്പുകൾ
14) ആരാധനാലയങ്ങൾ-പള്ളി/ക്ഷേത്രം/കാവ്/കഴകം
15) സ്ഥാപനങ്ങൾ-സന്ദർശക ഡയറി
16) നോട്ടീസ്-പത്രറിപ്പോർട്ടുകൾ
17) സഞ്ചാരപാതകൾ- കാവുകൾ-തണ്ണീർപന്തലുകൾ
18) ഉത്സവം/ആഘോഷം/അനുഷ്ഠാനങ്ങൾ
19) സാമൂഹിക സ്ഥാപനങ്ങൾ-തറ/കഴകം/താനം- കോട്ടം-കാവുകൾ
20) സാമൂഹിക ആചാരങ്ങൾ-സാംസ്കാരിക സമന്വയ ചിഹ്നങ്ങൾ
21) കാരണവകൂട്ടം-മുഖാമുഖം

# സാംസ്ക്കാരികമായ അന്യാധീനപ്പെടൽ ഉയർത്തുന്ന വെല്ലുവിളി

**രാജേന്ദ്രപ്രസാദ്**
*ഗോത്രഭൂമി, കല്പൂർ*

ഏതൊരു പ്രദേശത്തിന്റെയും ചരിത്രം വികസനത്തിന്റെ മാത്രം രേഖപ്പെടുത്തലുകളല്ല. ഓരോ ഗോത്രവർഗ്ഗ മേഖലയും സൃഷ്ടിക്കപ്പെട്ടത് അവിടുത്തെ തദ്ദേശീയരായ ഗോത്രവർഗ്ഗ ജനതയുടെ ജീവിതവും പൈതൃകവും സംസ്ക്കാരവും ഇഴചേർന്നാണ്. ഏത് ഗോത്രവർഗ്ഗ ഗ്രാമത്തേയും പടിപടിയായി പണിയുന്നത് ആ പ്രദേശത്തെ തദ്ദേശ ജനതയാണ്. അവരുടെ സംസ്കാരമാണ്/ ജീവിതമാണ്. ലോകത്ത് എമ്പാടുമുള്ള ആദിവാസി വിഭാഗങ്ങൾ ഇന്ന് നേരിടുന്നത് സാംസ്കാരികവും/ സാമൂഹികവുമായുള്ള അന്യാധീനപ്പെടൽ ഒരു പോലെയാണ്. കേരളത്തിലെ സ്ഥിതിയും അതിൽ നിന്നും വ്യത്യസ്തമല്ല. കാലങ്ങളായി ഗോത്രസമൂഹം കരുതിവെച്ചിരുന്ന പലതും (കലയും കലാരൂപങ്ങളും/ വായ്മൊഴി ഗാനങ്ങളും/ വനവും/ ഭൂമിയും/ നദികളും) ആ ജനതയ്ക്ക് നഷ്ടപ്പെടുകയാണ്. സാംസ്കാരികമായ അന്യാധീനപ്പെടൽ അവരുടെ ജീവിതത്തെ തന്നെയാണ് അന്യാധീനപ്പെടുത്തിയത്. അത് ഗോത്രവർഗ്ഗ ജനതയെ മദ്യപാനത്തിന് അടിമകളാക്കി തീർത്തു. സാംസ്കാരികമായ ഉയർത്തെഴുന്നേൽപ്പാണ് ആത്യന്തികമായ അവരുടെ മോചനം എന്നു വേണം പറയുവാൻ. ഏതുതരം വികസന കാഴ്ചപ്പാടുകളും നിയമങ്ങളും ഗോത്രവർഗ്ഗ ജനതയ്ക്കായി രൂപകല്പന ചെയ്യുമ്പോൾ ഇത്തരത്തിലുള്ള ഇവരുടെ അന്യാധീനപ്പെടൽ മുഖവിലയ്ക്കെടുക്കേണ്ടതുണ്ട്.

സംസ്കാരം എന്നത് ജീവിതം തന്നെയാണ്. കാലത്തിന്റെ മാറ്റത്തിനനുസരിച്ച് സമൂഹത്തിന്റെ വികാസ പരിണാമങ്ങൾക്കനുസരിച്ച് സംസ്കാരവും കലയുമൊക്കെ മാറും. ഇതൊരു ചരിത്ര സത്യമാണ്. എന്നാൽ കാലഗതിയ്ക്കനുസരിച്ച് സംഭവിക്കുന്ന മാറ്റങ്ങൾ ഗോത്രസമൂഹത്തിന് ഗുണപ്രദമല്ലെങ്കിൽ, ഒരു സംസ്കാരം തന്നെ അന്യാധീനപ്പെടുകയാണെങ്കിൽ ഒരു ജനത ഒന്നടങ്കം ഛിന്നഭിന്നമാകുന്ന അവസ്ഥ വരും. അങ്ങനെ കൈവിട്ടു പോകുന്ന ജീവിതം തിരിച്ചു പിടിക്കുവാനുള്ള സമരത്തിലാണ് ലോകത്തെമ്പാടുമുള്ള ഗോത്രവർഗ്ഗ ജനത.

പ്രകൃതിയോട് അരുതായ്മ കാണിച്ചാൽ 'സുനാമി' വരുമെന്നും കടൽ നാടെടുക്കുമെന്നും കുറിച്യരുടെ വാമൊഴി കവിതകളിൽ അവർ പാടുന്നു. മലങ്കാരിയെ വിളിച്ച് അവർ പ്രതിവിധി തേടുന്നു. 'ആഗോളതാപനത്തിന് മരമാണ് മറുപടിയെന്ന് ' കോടികൾ ചിലവഴിച്ച് പറയുന്നതിന് മുമ്പ് 'മണ്ണേ നമ്പി ഏലേലെ മരമിരുക്ക്, മരത്തെ നമ്പി ഏലേലെ നാമിരുക്ക് 'എന്ന് വർഷങ്ങൾക്ക് മുമ്പ് വാമൊഴി ഗാനങ്ങളിലൂടെ പാടി അട്ടപ്പാടിയിലെ ആദിവാസികൾ വനത്തെ കാത്തു. അത്തരമൊരു ജീവിതാവസ്ഥ നിലവിലുണ്ടായിരുന്ന ഗോത്രവർഗ്ഗ ജനതയുടെ സാംസ്കാരികമായ അപചയത്തിൽ നിന്നാണ് അവർക്ക് മണ്ണും, കാടും മാനവും നഷ്ടപ്പെട്ടതെന്ന് ചരിത്രം നമ്മളോട് പറയുന്നു. സ്വത്വം നഷ്ടപ്പെട്ട ഒരു ജനതയ്ക്ക് അവരുടെ കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ സ്വന്തം ജീവിതത്തിൽ പുന:പ്രതിഷ്ഠിക്കുവാൻ കഴിയണം. അതുതന്നെ അവർക്ക് സ്വത്വം കണ്ടെത്തലാവും. ജീവിതം തിരിച്ചു പിടിക്കലാവും.

ആദ്യം വനം അന്യാധീനപ്പെട്ടു. സ്വാതന്ത്ര്യത്തിന് മുമ്പും വന നിയമങ്ങൾ പലതും ആദിവാസി വിരുദ്ധങ്ങളായിരുന്നു. പിന്നാലെ സ്വന്തമായ പൈതൃക ഭൂമികൾ അന്യാധീനപ്പെട്ടു. സാമൂഹ്യാവകാശത്തിൽ അധിഷ്ഠിതമായിരുന്ന ഗോത്രവർഗ്ഗക്കാർക്ക് കാലിക റവന്യൂ നിയമങ്ങൾ അന്യമായിരുന്നു. അതുമൂലം ഭൂമിയുടെ അന്യാധീനപ്പെടൽ കൂടി. അട്ടപ്പാടിയിലെ വ്യാജരേഖ ചമച്ചുള്ള ഭൂമി തട്ടിപ്പൊക്കെ ഇതിന്റെ പരിണിത ഫലങ്ങളാണ്. 1930 കൾക്ക് ശേഷം നടന്ന വ്യാപകമായ കുടിയേറ്റങ്ങൾ ഭൂമി അന്യാധീനപ്പെടുവാൻ വഴിയൊരുക്കി. 1975 ലെയും 1999 ലെയും അന്യാധീനപ്പെടൽ നിയമങ്ങൾ 2006 ലെ വനാവകാശ നിയമം, അതിക്രമങ്ങൾ തടയൽ നിയമം എല്ലാം ഉണ്ടെങ്കിലും ഗോത്രവർഗ്ഗ ജനതയുടെ ജീവിത നിലവാരം പ്രതീക്ഷിച്ച നിലയിൽ ഉയർത്തുവാൻ കഴിയാതെ പോയത് അടിസ്ഥാനപരമായ സാംസ്കാരികമായ അന്യാധീനപ്പെടലിനെ അഡ്രസ് ചെയ്യുവാൻ കഴിയാതെ പോയതുകൊണ്ടാണ്. ഇങ്ങനെ സാംസ്കാരികമായ അന്യാധീനപ്പെടൽ വൻദുരന്തങ്ങളാണ് ഗോത്രവർഗ്ഗ ജനതയ്ക്ക് സമ്മാനിച്ചത്.

പുതിയ തലമുറ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും അടിമകളായി. ഉദ്യോഗസ്ഥർ ജോലി സ്ഥലത്തു നിന്നും വിദ്യാർത്ഥികൾ വിദ്യാലയങ്ങളിൽ നിന്നും കൊഴിഞ്ഞുപോന്നു. ഊരുകൾ ശിഥിലമാകുന്നു. ഊരു ഭരണക്രമങ്ങൾ അന്യമാകുന്നു. തനത് കൃഷിരീതികളും ഗോത്രവൈദ്യവും അന്യം നിൽക്കുന്നു. അമിതമായ സിനിമ- ടിവി അനുകരണങ്ങൾ പുതുതലമുറയെ വഴിതെറ്റിക്കുന്നു. കാൽക്കീഴിലെ മണ്ണും, വനവും മരവും നദിയും, മാനവും അന്യാധീനപ്പെടുന്നത് അവർ നിസ്സംഗതയോടെ നോക്കിനിന്നു.

ഇതിൽ നിന്നും മോചനം നേടണമെങ്കിൽ സാംസ്കാരിക ഉണർവും തിരിച്ചറിവും ഉള്ള ഒരു പുതിയ തലമുറ ഉയർന്നുവരേണ്ടതുണ്ട്. ഗോത്രവർഗ്ഗ ജനതയിലെ പുതിയ തലമുറ അതിനുള്ള ശ്രമങ്ങൾ ആരംഭിക്കേണ്ട സമയം അതിക്രമിച്ച് കഴിഞ്ഞു. വ്യക്തമായ സാമൂഹിക രാഷ്ട്രീയ കാഴ്ചപ്പാട് സ്വായത്തമാക്കിയെങ്കിൽ മാത്രമെ അത് സാധ്യമാവുകയുള്ളൂ.

# കുടുംബം, സമൂഹം, അധികാരം

പി കെ സൈനബ

കേരളത്തിൽ ഇന്ന് നില നിൽക്കുന്ന കുടുംബ വ്യവസ്ഥയിൽ ലിംഗനീതി ഒട്ടും തന്നെ പാലിക്കപ്പെടുന്നില്ല. നൂറ്റാണ്ടുകളായി നിലനിന്നു പോരുന്ന ഫ്യൂഡൽ രീതിയിലുള്ള അടിച്ചമർത്തലുകളും പുരുഷ മേധാവിത്വ പരമായ സമീപനങ്ങളും ഇന്നും നിലനിൽക്കുന്നു. സ്ത്രീ പുരുഷ സമത്വം ആരംഭിക്കേണ്ടത് കുടുംബത്തിൽ നിന്ന് തന്നെയാണ്. ജനാധിപത്യ കുടുംബം എന്ന സങ്കൽപം പ്രായോഗികമാക്കാതെ ലിംഗനീതി ഉറപ്പാക്കാൻ കഴിയില്ല.

രാഷ്ട്രീയ അധികാര വേദികളിലും സ്ത്രീ പുരുഷ സമത്വമെന്നത് ബഹുദൂരം പിറകിലാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ 50% സംവരണം കേരളത്തിൽ നടപ്പാക്കിയത് വിസ്മരിക്കുന്നില്ല. ഇന്ത്യയിലെ ബഹുഭൂരിപക്ഷം സംസ്ഥാനങ്ങളിലും ഇത് പോലും നടപ്പാക്കപ്പെട്ടിട്ടില്ല. സംസ്ഥാന കേന്ദ്ര നിയമ നിർമ്മാണ സഭകളായ പാർലമെന്റിലും അസംബ്ലികളിലും സ്ത്രീ പങ്കാളിത്തം വളരെ പരിതാപകരമാണ്. 33% വനിതാ സംവരണത്തിനായുള്ളബിൽ പാർലമെന്റിൽ അവതരിപ്പിക്കപ്പെടുന്നതിന് തുടരച്ചയായി തടസ്സം നിൽക്കുന്ന ഇൻഡ്യയിലെ ഒട്ടേറെ രാഷ്ട്രീയ കക്ഷികളുടെ നിലപാട് രാജ്യത്ത് നിലനിൽക്കുന്ന പുരുഷ മേധാവിത്വ ബോധത്തിന്റെ പ്രതിഫലനമാണ്. ജനാധിപത്യ വേദികളിലൊക്കെ ജനസംഖ്യാനുപാതികമായ പങ്കാളിത്തം സ്ത്രീക്ക് ലഭ്യമാക്കേണ്ടതുണ്ട്. ഇതിന് നമ്മുടെ അധികാര സ്ഥാപനങ്ങൾ ഇന്നെടുത്തു കൊണ്ടിരിക്കുന്ന സാമ്പത്തികവും വികസനപരവും രാഷ്ട്രീയപരവുമായ നയസമീപനങ്ങളിൽ മാറ്റമുണ്ടാവണം.

കേരള സമൂഹത്തിൽ ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ സ്ത്രീകളുടെ സ്ഥിതി മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും കുടുംബ സ്വത്തിൽ സ്ത്രീയുടെ അവകാശം സംരക്ഷിക്കപ്പെട്ടിട്ടുല്ലെന്നു മാത്രമല്ല സുമാർ 10% മാത്രമാണ് ഭൂസ്വത്തിലായാലും മറ്റു വിലപിടി പ്പുള്ള കുടുംബ ആസ്തികളിലായാലും സ്ത്രീകൾക്ക് അവകാശമുള്ളത്, തുല്യ പദവിയും വരുമാനവുമുണ്ടെങ്കിൽ പോലും സ്ത്രീക്കും പുരുഷനും ആവശ്യമുള്ള ദാമ്പത്യ ജീവിതത ത്തിന് സ്ത്രീയുടെ കുടുംബം മാത്രം സ്ത്രീധ നമെന്ന പേരിൽ വൻതുക മുടക്കി വരുന്നതിന് എന്ത് ന്യായീകരണമാണ് പറയുക. ഇത്തരം ഒരു ദാമ്പത്യം ഞങ്ങൾക്കാവശ്യമില്ലെന്ന് പ്രഖ്യാപിക്കാൻ ഉള്ള ആർജ്ജവം കാണിക്കാൻ സ്വന്തമായി നിലനിൽപ്പുള്ള സ്ത്രീകളെങ്കിലും മുന്നോട്ട് വരണം.

ജുഡിഷ്യറി, എക്സിക്യൂട്ടീവ് അടക്കമുള്ള ഉന്നത പദവികളിലും സിത്രീകളുടെ പങ്കാളിത്തം വളരം കുറവാണ്. വിവാഹത്തിന് ശേഷം കുടുംബം സമ്പാദിക്കുന്ന സ്വത്തിൽ പോലും സ്ത്രീക്ക് അവകാശമില്ല. അവളുടെ അധ്വാനത്തിന്റെ പങ്ക് ഇതിൽ പരിഗണിക്കപ്പെടുന്നില്ല. വിവാഹാനന്തര കുടുംബസ്വത്തിൽ സ്ത്രീക്കും തുല്യ അവകാശം വഭ്യമാക്കണം. സ്ത്രീക്കു കൂടി സ്വത്തിൽ പങ്കാളിത്തമില്ലാത്ത ഒരു കുടുംബത്തെയും സർക്കാരിന്റെ ഒരാനുകൂല്യത്തിനും പരിഗണിക്കരുത്. സർക്കാർ നടപ്പാക്കുന്ന EMS ഭവന പദ്ധതിയായാലും ഭൂമി വിതരണത്തിലായാലും ജോയിന്റ് പട്ടയം എന്ന തീരുമാനം നടപ്പാക്കാനാവണം.

# "മാപ്പിള കലാ- സാഹിത്യ വ്യവഹാരങ്ങൾ" പ്രാദേശീയവും ആഗോളീയവുമായ സംസ്കാരിക പുനർപാഠവൽക്കരണം

മാപ്പിളപ്പാട്ട്- കലകൾ എന്നിവ നമ്മുടെ ദേശീയ ജനജീവിതവും അതിന്റെ ചരിത്രവുമായി ബന്ധപ്പെടുത്തി പഠിക്കേണ്ടതുണ്ട്. അതാകട്ടെ, അറബികളുടെയും യൂറോപ്യൻമാരുടെയും സമുദ്രസഞ്ചാരങ്ങളും അച്ചടി ലിപിയുടെ വ്യാപനവുമൊക്കെയായി നിർമ്മിക്കപ്പെട്ട ജ്ഞാനവ്യവഹാര പദ്ധതികളും പ്രാദേശീയവും ദേശീയവും ആഗോളീകവുമായ സാംസ്കാരിക സിദ്ധാന്തങ്ങളുടെ സഞ്ചാരവുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യണമെന്നത് അത്യാവശ്യമാണ്. കേരളത്തിലെ മുസ്ലീം സാംസ്കാരിക ആവിഷ്കാരങ്ങളെ അവയുടെ സമസ്ത രൂപത്തിൽ അവതരിപ്പിക്കണമെങ്കിൽ കേവലം ഗോത്രീയവും വംശീയവുമായ ചെറിയ ചുറ്റളവിൽനിന്ന് മോചിപ്പിക്കപ്പെടേണ്ടത് അനിവാര്യമാണ്. ഭാരതത്തിൽ തീരഭാഷകളിലൊക്കെ അറബി-മലയാളം പോലുള്ള മിക്ക ഭാഷാ സാംസ്കാരിക വ്യവഹാരങ്ങൾ സംപുഷ്ടമാക്കിയിട്ടുണ്ട്. സമുദായകല (Community art) എന്നുപോരിട്ടു വിളിച്ചുകൊണ്ടുതന്നെ എളീനർ ഫിലട്ടിനെപ്പോലുള്ളവർ ദക്ഷിണേന്ത്യയിലും ദളിത് ജീവിതാവിഷ്കാരങ്ങളെ പഠനവിധേയമാക്കിതെന്നോർമ്മിക്കുക.

സാഹിത്യം, കലാരൂപങ്ങൾ മറ്റു ജ്ഞാന വ്യവഹാരമാതൃകകൾ എല്ലാം ഒന്നിച്ചുനിൽക്കുന്ന സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക സാഹചര്യത്തെ സമഗ്രമായി വിലയിരുത്തിക്കൊണ്ടുമാത്രമേ ഇക്കാലത്ത് ഒരു പഠനത്തിന്റെ ആവശ്യകത നിലനിർക്കുന്നുള്ളൂ.

**പ്രധാന ഫോക്കസുകൾ**

1. പാഠവും പാഠസന്ദർഭവും തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ മാപ്പിളപ്പാട്ടുകൾ, കലകൾ എന്നിവ വേണ്ടത്ര പഠിക്കപ്പെട്ടിട്ടില്ല. കേരളത്തിന്റെ - ഭാരതത്തിന്റെ ദേശീയ-നവോത്ഥാന രൂപീകരണ പ്രക്രിയിൽ മാപ്പിള സാഹിത്യം പോലുള്ള കലാസാഹിത്യരൂപങ്ങൾക്കുള്ള സ്ഥാനം അജ്ഞാതമായിത്തന്നെ നിലനിൽക്കുകയാണിപ്പോഴും.
2. ജനകീയ ചരിത്രഅടിത്തറയുള്ള സൗന്ദര്യശാസ്ത്ര മാതൃകകളെ അതിന്റെ പാഠപരമായ സമീപനങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടുമാത്രമേ പാഠസന്ദർഭത്തെ കണ്ടെത്താനാവൂ.
3. നമ്മുടെ സാഹിത്യചരിത്രങ്ങളുടെ രാഷ്ട്രീയവും പൊതുബോധവും കൊളോണിയൻ അധികാര ബന്ധങ്ങളോട് കൂറുപുലർത്തുന്നതും വേറിട്ട ചിന്തക്ക് വിധേയമാക്കാത്തതുമാണെന്ന് കാണാം.
4. യൂറോപ്യൻ അധിനിവേശവും സാമന്തരാജാക്കന്മാരെയും ബ്രാഹ്മണ്യത്തെയും പ്രോത്സാഹിപ്പിച്ചുകൊണ്ടുള്ള അവരുടെ അധികാരതന്ത്രവും കേരളത്തിലെ ജാതി-ഭൂപ്രഭുത്വ അധികാര ബന്ധങ്ങളുടെ ഗതി മാറ്റിയെഴുതിയത് ഇത്തരം സാംസ്കാരിക പാഠങ്ങൾ മുൻനിർത്തി പരിശോധിക്കേണ്ടതുണ്ട്.
5. ആഗോളീകൃത-സാമൂഹിക-രാഷ്ട്രീയ ചുറ്റുപാടിൽ മാപ്പിള-മുസ്ലീം ആവിഷ്കാരങ്ങളുടെ പുതിയ വിനിമയ രീതിയും സ്വീകാര്യതയും ചർച്ചക്കെടുക്കേണ്ടതുണ്ട്.

# ഗ്രാമവികസനത്തിൽ സഹകരണ പ്രസ്ഥാനത്തിന്റെ പ്രസക്തി

**എം. ഗംഗാധരക്കുറുപ്പ്**

*മുൻ പി.എസ്.സി. ചെയർമാൻ*

ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കഴിഞ്ഞ നാലരവർഷത്തെ ഭരണകാലത്തു അഭൂതപൂർവ്വമായ നേട്ടങ്ങൾ കൈവരിക്കുവാൻ കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിനു കഴിഞ്ഞിട്ടുണ്ട്. കാർഷികരംഗത്ത് പുതിയൊരുണർവുണ്ടാക്കാൻ സഹകരണ സ്ഥാപനങ്ങൾക്ക് സാധിച്ചു. കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ സർവ്വീസ് സഹകരണ ബാങ്കുകളെ അണിനിരത്തി നിത്യാപയോഗസാധനങ്ങൾ എല്ലാ പ്രദേശങ്ങളിലും ഫലപ്രദമായി വിതരണം ചെയ്യുന്നതിനായി 1997 ൽ ആരംഭിച്ച നീതിസ്റ്റോർ പദ്ധതിയെ കൂടുതൽ വിപുലവും കാര്യക്ഷമമവുമാക്കി. ത്രിവേണി സ്റ്റോറുകളും, സ്കൂൾ മാർക്കറ്റുകളും, ഉത്സവകാലങ്ങളിൽ വൻസബ്സിഡിയോടെയുള്ള പ്രത്യേക വിതരണ സംവിധാനവുമെല്ലാം ചേർന്ന് കേരളീയ സമൂഹത്തിലെ അതിപ്രധാനമായൊരു ഘടകമായി ഉപഭോക്തൃ സഹകരണമേഖല. ഉന്നതവിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം എന്നീ രംഗങ്ങളിൽ സഹകരണ പ്രസ്ഥാനം ഫലപ്രദമായൊരു ഏജൻസിയായി മാറിയതും ഈ കാലയളവിലാണ്. സഹകരണ പ്രസ്ഥാനത്തിന്റെ അഭിമാനമായി ദേശീയതലത്തിൽതന്നെ പ്രശംസിക്കപ്പെട്ട സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ പുനരുദ്ധാരണം ഉൾപ്പെടെയുള്ള ചെറുതും വലുതുമായ പ്രശ്നങ്ങളിൽ ശ്രദ്ധയോടെ പ്രവർത്തിക്കുവാൻ സംസ്ഥാന ഗവൺമെന്റിന് ഈ കാലയളവിൽ കഴിഞ്ഞിട്ടുണ്ട്.

കേന്ദ്രഗവൺമെന്റിന്റെ നിഷേധാത്മനിലപാടുകൾ കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ ദോഷകരമായി ബാധിക്കുന്നുണ്ട്. വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് പോലുള്ള പിന്തിരിപ്പൻ പഠന റിപ്പോർട്ടുകൾ, കേരളത്തിന്റെ പ്രത്യേകതകൾ മനസ്സിലാക്കാതെ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുകയാണ്. സഹായങ്ങൾ നൽകുന്നതിനല്ല പുതിയ നികുതികളിലൂടെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതിലാണ് കേന്ദ്രത്തിനു താല്പ്പര്യം.

പ്രാദേശിക വികസനത്തിനായി നൽകുന്ന എം.പി. ഫണ്ടിൽ നിന്ന് സഹകരണ സ്ഥാപനങ്ങൾക്ക് യാതൊരു സഹായവും ചെയ്യാൻ പാടില്ലെന്നാണുശഠിക്കുന്നത്. എം.എൽ.എ. ഫണ്ടിന്റെ സ്ഥിതിയും ഇതാണ്. സ്വകാര്യ സ്കൂൾക്കുവരെ ധനസഹായം ചെയ്യാൻ വ്യവസ്ഥയുള്ളപ്പോഴാണ് ഗവൺമെന്റ് നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്റ്റാറ്റ്യൂട്ടറി പൊതുസ്ഥാപനമായ സഹകരണ സ്ഥാപനത്തിനു ഭ്രഷ്ട് കൽപ്പിച്ചിരിക്കുന്നത്.

വിവിധ മേഖലകളിൽ ധാരാളം പുതിയ സ്ഥാപനങ്ങൾ രൂപീകരിക്കുന്നതിനുള്ള എല്ലാ സാദ്ധ്യതകളും കേരളത്തിലുണ്ട്. കൃത്യമായ ആസൂത്രണത്തിനും സംഘാടനത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങളും പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിലുൾപ്പെടെയുള്ള സഹായങ്ങളും നൽകുന്നതിനുള്ള ഒരു സംവിധാനത്തിന്റെ അഭാവം പുതിയ സ്ഥാപനങ്ങളുണ്ടാകുന്നതിനു തടസമാകുന്നുണ്ട്. സംസ്ഥാന സഹകരണ ബാങ്കിനും ജില്ലാ ബാങ്കുകൾക്കും സഹകരണ യൂണിയനും ഇതിനു മുൻകൈയെടുക്കാൻ കഴിയും. സഹകരണ വകുപ്പിലും മറ്റുബന്ധപ്പെട്ട വകുപ്പുകളിലും പ്രത്യേക സെല്ലുകൾ രൂപീകരിച്ചുകൊണ്ട് ഗവൺമെന്റ് തലത്തിൽ പ്രാഥമിക പ്രവർത്തങ്ങൾക്കു സഹായം നൽകണം. സംസ്ഥാനതലത്തിൽ വൻകിട

സ്ഥാപനങ്ങൾക്കു രൂപംനൽകുന്നതിനോടൊപ്പം പ്രാദേശികതലത്തിൽ സഹകാരികളും പൊതു പ്രവർത്തനത്തിൽ താല്പ്പര്യമുള്ള വ്യക്തികളും തദ്ദേശഭരണ സ്ഥാപനങ്ങളും ഇതിനു മുൻകൈ യെടുക്കണം. ഓരോ പ്രദേശത്തിന്റെയും സാദ്ധ്യ തകൾ വിലയിരുത്തി ആരോഗ്യ, വിദ്യാഭ്യാസ സ്ഥാപനങ്ങളും ചെറുകിട വ്യവസായങ്ങളും മറ്റും ധാരാളമായി ആരംഭിക്കാൻ കഴിയും.

നിലവിലുള്ള സ്ഥാപനങ്ങളെ ശക്തിപ്പെടു ത്തുന്നതിനുള്ള പ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷമമായി നടക്കേണ്ടതുണ്ട്.

സ്വന്തം അധികാരപരിധിയിൽ സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തേണ്ട ഉത്തരവാ ദിത്വം കൃത്യമായി നിർവ്വഹിച്ച് ഓരോ ഉദ്യോഗ സ്ഥനെയും ഏൽപ്പിക്കുകയും സഹകാരികളുമായി ചേർന്നുകൂട്ടായ പ്രവർത്തനം ഉറപ്പു ചെയ്യുകയും വേണം. അഴിമതിക്കും ക്രമക്കേടുകൾക്കുമെതിരെ ഗവൺമെന്റെടുക്കുന്ന ഇച്ഛാശക്തിയോടെയുള്ള നടപടികൾ കൂടുതൽശക്തിപ്പെടുത്തുകയും ചെയ്യുക.

ജനങ്ങളിൽ ബഹുഭൂരിപക്ഷത്തേയും ഉൾക്കൊണ്ടുള്ള വിപുലമായ ഒരു ജനകീയ-ജ നാധിപത്യ പ്രസ്ഥാനമെന്ന നിലയിൽ നമ്മുടെ നാടിന്റെ സാമൂഹിക-സാമ്പത്തിക വിക സനത്തിൽ സുപ്രധാനമായ പങ്കുവഹിക്കാൻ സഹ കരണ പ്രസ്ഥാനത്തിനു കഴിയും.

ജനകീയാസൂത്രണ പദ്ധതിയുടെ ആദ്യകാല സംഘാടകരിൽ പ്രധാനികളിലൊരാളായ ഇപ്പോ ളത്തെ ധനമന്ത്രി ഡോ. തോമസ് ഐകസ് 1997 നവംബറിൽ തൃശൂരിൽ വച്ച് നടന്ന 44- ാമത് സഹ കരണ വാരാഘോഷത്തിനോടനുബന്ധിച്ച് നടന്ന സെമിനാറിൽ അവതരിപ്പിച്ച സഹകരണ പ്രസ്ഥാ നവും ജനകീയാസൂത്രണവും എന്ന പ്രബന്ധ ത്തിൽ ഈ ബന്ധത്തെ സംബന്ധിച്ച് ഇപ്രകാരം സൂചിപ്പിക്കുന്നു. "ജനകീയാസൂത്രണ പ്രസ്ഥാന ത്തിനും സഹകരണ പ്രസ്ഥാനത്തിനും പര സ്പരം പോഷിപ്പിക്കാവുന്ന ആദർശങ്ങളുടെ ഒരു തലം എളുപ്പത്തിൽ കണ്ടെത്താനാകും. പ്രാദേ ശിക വികസന പദ്ധതികൾ നടപ്പാക്കുന്നതിനു വേണ്ടി ജനങ്ങളുടെ സഹകരണത്തിന്റെയും കൂട്ടാ യ്മയുടേയും അടിസ്ഥാനത്തിലുള്ള സംഘടനാ രൂപങ്ങൾക്കു ഒട്ടേറെ പ്രാധാന്യം ജനകീയാസൂ ത്രണ പരിശീലനങ്ങളിലും കൈപ്പുസ്തകങ്ങ ളിലും നൽകിയിരുന്നു. ഇതിനുപരി ഒരു പ്രായോ ഗികവശംകൂടിയുണ്ട്. പഞ്ചായത്തംഗങ്ങളിൽ നല്ലൊരുപങ്ക് സഹകാരികൾ കൂടിയാണ്. ഈ അടിസ്ഥാനത്തിൽ ഈ പ്രസ്ഥാനങ്ങളുടെ കൂട്ടായ പ്രവർത്തനത്തിനുള്ള പലനിർദ്ദേശ ങ്ങളും സഹകാരികളുടേയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികളുടേയും കൂട്ടായ ചർച്ചയിലൂടെ ഉയർന്നുവന്നിരുന്നു. എന്നാൽ ഈ ഏകോപനം പ്രായോഗികതലത്തിൽ ഫലപ്രാ പ്തിയിലെത്തിയില്ല.

ഈ സ്ഥിതിവിശേഷം സൃഷ്ടിക്കപ്പെട്ടതിന്റെ കാരണങ്ങൾ തേടിപ്പോകുന്നതിനേക്കാൾ ഇനി യെങ്കിലും അതു സാദ്ധ്യമാക്കുക എന്നതാണു പ്രധാനം. അധികാരവികേന്ദ്രീകരണവും സഹക രണ പ്രസ്ഥാനവും തമ്മിൽ ബന്ധിപ്പിക്കുന്ന പ്രശ്നത്തിന് പ്രധാനമായും രണ്ടുവശങ്ങളുണ്ട്.

സഹകരണബാങ്കുകളും പദ്ധതി പ്രവർത്ത നങ്ങളും തമ്മിൽ ബന്ധിപ്പിക്കുക എന്നത് വളരെ പ്രധാനമാണ്. അതുപെട്ടെന്നു ചെയ്യാൻ കഴിയു ന്നതുമാണ്. ഗവൺമെന്റിന്റെ നയപരമായ തീരു മാനവും ആവശ്യമായ ഉത്തരവുകളുമാണ് ഇതിന് ഉണ്ടാകേണ്ടത്.

വ്യക്തിഗത ആനുകൂല്യങ്ങളും മറ്റുധനസഹാ യങ്ങളുമെല്ലാം തൊട്ടടുത്തുള്ള സഹകരണ ബാങ്കുവഴി വിതരണം ചെയ്യുന്നതോടെ ഗുണഭോ ക്താക്കളുടെ പ്രയാസങ്ങൾ ഒഴിവാക്കപ്പെടുകയും പല ക്രമക്കേടുകളും ഇല്ലാതാകുകയും ചെയ്യും.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വായ്പകൾ അനുവദിക്കുന്നതിനു സഹകരണ ബാങ്കുകൾക്കു കഴിയണം. ഇതിനും ആവശ്യമായ തീരുമാന ങ്ങളും നിർദ്ദേശങ്ങളും ഗവൺമെന്റിൽ നിന്നു ണ്ടാകണം.

ഉല്പ്പാദന വർദ്ധനവിനും തൊഴിലവസര ങ്ങൾ സൃഷ്ടിക്കുന്നതിനുമുതകുന്ന പുതിയ സംരംഭങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പുതിയ സംരംഭങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങ ളുടെ പദ്ധതികളിലൂടെ സഹകരണ മേഖലയിൽ ആരംഭിക്കാൻ കഴിയും.

വരുമാന വർദ്ധനവിലൂടെയും ഗുണമേന്മ യുള്ള സേവന സംവിധാനങ്ങളിലൂടെയും ജന ങ്ങളുടെ, വിശിഷ്യാ, താഴേത്തട്ടിലുള്ളവരുടെ ജീവിതം മെച്ചപ്പെടുത്തലാണ് വികസനത്തിന്റെ പ്രായോഗിക ലക്ഷ്യം. റോഡും പാലവും ഗതാ ഗത സൗകര്യങ്ങളുൾപ്പെടെയുള്ള പശ്ചാത്തല സൗകര്യങ്ങളും സ്വാഭാവികമായ ജീവിതം മെച്ച പ്പെടുത്തതിൽ ഉൾപ്പെടുന്നതാണ്.

# കാർഷിക പുരോഗതിക്ക് സഹകരണപ്രസ്ഥാനത്തിന്റെ കൂട്ടായ്മയിൽ ആരംഭിക്കേണ്ട കൺസോർഷ്യം

പി.എ. ഉമ്മർ

കേരളത്തിലെ സമ്പദ്ഘടനയിൽ നിർണ്ണായക സ്വാധീനം വഹിച്ചുകൊണ്ടിരിക്കുന്ന കുടുംബശ്രീ യൂണിറ്റുകൾ, അയൽക്കൂട്ടങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങളെ സമൂഹം അംഗീകരിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഹുണ്ടിക വ്യാപാരികളിൽ നിന്നും ഗ്രാമീണ ജനതയെ പൂർണ്ണമായി മോചിപ്പിക്കുന്നതിന് വേണ്ടി പ്രൈമറി ബാങ്കുകൾ കുടുംബശ്രീ യൂണിറ്റുകൾക്കും അയൽകൂട്ടങ്ങൾക്കും ആവശ്യമായ വായ്പ സൗകര്യം ഒരുക്കിക്കൊടുക്കേണ്ടതാണ്. കൂടാതെ അവരുടെ യൂണിറ്റുകളുടെ അടിസ്ഥാനത്തിൽ കുടുംബാവശ്യങ്ങൾക്കായി വായ്പകളും ഉല്പാദനപരമായ ചെറിയ പ്രോജക്ടുകളും ഏറ്റെടുത്ത് നടപ്പാക്കുന്നതിന് സഹായിക്കുകയും, അവർ സ്വരൂപിക്കുന്ന ചെറിയ നിക്ഷേപങ്ങൾ പ്രൈമറി സംഘങ്ങളിൽ നിക്ഷേപമായി സ്വീകരിച്ചും, അവർക്കാവശ്യമായ മുഴുവൻ വായ്പയും ചുരുങ്ങിയ പലിശയ്ക്ക് നൽകിയും, സഹകരണ പ്രസ്ഥാനത്തിൽ നിന്ന് അകന്നുപോയ്ക്കൊണ്ടിരിക്കുന്ന ഗ്രാമീണ ജനതയെ സഹകരണ ബാങ്കുകളുമായി അടുപ്പിക്കുന്ന ഒരു കർമ്മ പദ്ധതി എല്ലാ പ്രൈമറി സംഘങ്ങളും ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതാണ്. ആയതിന് ത്രിതല പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടും പ്രൈമറി സംഘങ്ങളിൽ പഞ്ചായത്ത് അംഗത്വമെടുത്തും പഞ്ചായത്ത് ഭരണസമിതിയിൽ പ്രൈമറി ബാങ്ക് പ്രസിഡണ്ടിനെ ക്ഷണിതാവാക്കിയും ഓരോ പഞ്ചായത്തിനും ആവശ്യമായ പ്രവർത്തനങ്ങൾ വിവി ക്ലബുകൾ സംഘടിപ്പിച്ചും അതാത് ഗ്രാമങ്ങളുടെ സാധ്യതകൾക്കനുസരിച്ചുള്ള കൃഷിരീതികൾ ആരംഭിച്ചും ഉൽപാദനം വർദ്ധിപ്പിക്കാവുന്നതാണ്.

**കൺസോർഷ്യം ഏറ്റെടുത്ത് നടത്തേണ്ട പ്രധാന പ്രവർത്തനങ്ങൾ**

1. സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിൽ കൃഷി ചെയ്യുന്ന കാർഷികോൽപ്പന്നങ്ങൾ യന്ത്രവൽക്കരിച്ച കൃഷിരീതി ഉപയോഗിച്ച് കൂടുതൽ ഉൽപ്പാദിപ്പിക്കുന്നതിന് ഉതകുന്ന തരത്തിൽ കൃഷി രീതികൾ അവലംബിക്കുകയും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുക.
2. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് തൃതല പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ട് ജില്ലാ സഹകരണ ബാങ്കുകളുടെ സഹായത്തോടുകൂടി ആരംഭിക്കുന്ന കൺസോർഷ്യം വഴി ചെറുകിട ജലസേചന പദ്ധതികൾ, കൃഷിയിടങ്ങളിലേക്ക് റോഡ്, പാലം, ത്രീ ഫെയ്സ് കണക്ഷനുകൾ, വലുതും ചെറുതുമായ മോട്ടോറുകൾ സ്ഥാപിച്ച് ജലസേചന സൗകര്യങ്ങൾ കൂട്ടുകയും, നിലവിലുള്ള കുളങ്ങൾ, കിണറുകൾ, കൊക്കർണികൾ, നവീകരിച്ചും, പുതിയവ നിർമ്മിച്ചും, ലിഫ്ട് ഇറിഗേഷൻ, ഡ്രിപ്പ് ഇറിഗേഷൻ എന്നിവയ്ക്ക് കൺസോർഷ്യം ധനസഹായവും നിർമ്മാണവും ഏറ്റെടുക്കുക.
3. കർഷകർക്കാവശ്യമായ മേൽത്തരം വിത്തുകളും, ടിഷ്യു കൾച്ചർ, ഫ്ളോറികൾച്ചർ തുടങ്ങിയവയുടെ ഉൽപ്പാദനവും വിതരണവും നവീനകൃഷി രീതിയും നൽകി മത്സരാധിഷ്ഠിത കമ്പോളങ്ങളിൽ മത്സരിക്കാൻ പ്രാപ്തരായ കർഷകരാക്കി മാറ്റുകയും ചെയ്യുന്നത് കൺസോർഷ്യയുടെ ലക്ഷ്യമാക്കുക.

4. ജൈവവളങ്ങൾ ഉപയോഗിച്ച് ഉണ്ടാക്കുന്ന പച്ചക്കറികളും മറ്റു ഭക്ഷ്യധാന്യങ്ങളും വിദേശ കമ്പോളത്തിലേക്ക് കയറ്റി അയയ്ക്കുന്നതിനുള്ള നേതൃത്വം കൺസോർഷ്യം നേരിട്ടു നടത്തുക.

5. കൃഷിയിടങ്ങളിൽ ചെന്ന് കർഷകരുടെ ഉൽപ്പന്നങ്ങൾ ശേഖരിച്ച് കളക്ഷൻ സെന്ററുകളിൽ എത്തിച്ച് ഒരേ ഉല്പ്പന്നത്തെ വൈവിധ്യവത്കരണവും സംസ്കരണവും ഗ്രേഡിംഗും നടത്തി കുടുംബശ്രീ യൂണിറ്റുകളുടേയും, അയൽക്കൂട്ടങ്ങളുടേയും സഹകരണത്തോടെ വിപണനം നടത്തുകയും സംസ്ഥാനത്ത് വിവിധ മാർക്കറ്റുകളിലേക്ക് അയക്കുന്ന വിപണന ശൃംഖല കൺസോർഷ്യത്തിന്റെ നേതൃത്വത്തിൽ ആരംഭിക്കുകയും ചെയ്യുക.

6. കർഷകരുടെ ഉൽപ്പന്നങ്ങൾ അവരവർക്കു തന്നെ വിപണനം ചെയ്യുന്നതിന് ഉതകുന്ന തരത്തിൽ ഒരു മാർക്കറ്റ് എന്നതോതിൽ മാർക്കറ്റുകൾ നിർമ്മിച്ച് കർഷകർക്ക് ദിവസ/ആഴ്ച ചന്തകൾ തയ്യാറാക്കി നൽകേണ്ട ചുമതലകൾ പ്രാഥമിക കാർഷിക ,സഹകരണ ബാങ്കുകളും, കൺസോർഷ്യവും നേരിട്ട് ഏറ്റെടുക്കുക.

7. ഓരോ ജില്ലക്കും അനുയോജ്യമായ കാർഷികോൽപ്പന്നങ്ങൾ കണ്ടെത്തി അവ സംഭരിക്കുന്നതിനും സംസ്കരിക്കുന്നതിനും ഉള്ള ചെറുതും വലുതുമായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ധനസഹായവും സ്റ്റോറേജ് സെന്ററുകൾ കൺസോർഷ്യം നേരിട്ട് ആരംഭിക്കുകയും ചെയ്യുക.

8. കേരളത്തിലെ പ്രധാന കൃഷിയായ നെല്ല് അരിയാക്കുന്നതിനും, അരിയിൽ നിന്നും വിവിധതരം ഉൽപ്പന്നങ്ങൾ ഉണ്ടാക്കാൻ പ്രാപ്തിയുമുള്ള പാലക്കാട്ടെ സഹകരണ രംഗത്ത് ആരംഭിച്ച പാഡികോ മോഡേൺ റൈസ് മിൽ, തൃശ്ശൂർ അത്താണിയിലെ മോഡേൺ റൈസ് മിൽ പോലുള്ള സഹകരണ സ്ഥാപനങ്ങൾക്ക് കൺസോർഷ്യത്തിൽ നിന്നും മുഴുവൻ ധനസഹായവും നൽകി കൊണ്ട് നെല്ല് സംഭരിക്കുന്നതിനും, സോർട്ടക്സ് അരി കയറ്റി അയക്കുന്നതിനും മില്ലിന്റെ സാധ്യതകൾ പരമാവധി ഉപയുക്തമാക്കുന്നതിന് മുഴുവൻ ധനസഹായവും പിന്തുണയും കൺസോർഷ്യം നൽകുക.

9. ജീരകശാല, ബസുമതി തുടങ്ങിയ മേൽത്തരം അരി ഉണ്ടാക്കുന്നതിനുള്ള ഗുണമേന്മയുള്ള നെൽവിത്തുകൾ ശേഖരിച്ച് ഓരോ പ്രത്യേക ഏരിയകളിൽ പ്ലോട്ടുകൾ നിർണ്ണയിച്ച് പാടശേഖര കമ്മിറ്റികളെ കൃഷിരീതി പഠിപ്പിച്ച് രാസവളം ഉപയോഗിക്കാതെ കൃഷി ചെയ്യുന്നതിന് ധനസഹായം നല്കുകയും ഉല്പന്നങ്ങൾ സംഭരിക്കുകയും പാഡികോ വഴി നെല്ല് അരിയാക്കി ഗ്രേഡിംഗ് നടത്തി കയറ്റി അയക്കുകയും ചെയ്യുന്ന സംരംഭങ്ങൾ സംസ്ഥാനത്തിലുടനീളം നടപ്പിലാക്കുക.

10. കേരളത്തിലുടനീളം സൂപ്പർമാർക്കറ്റുകൾ സ്ഥാപിക്കുകയും, കൊച്ചി ആസ്ഥാനമാക്കി സഹകരണ വിപണന ശൃംഗല തന്നെ ഏർപ്പെടുത്തുകയും, വിവിധ ജില്ലകളിൽ ഉൽപ്പാദിപ്പിക്കുകയും പ്രോസസിങ്ങും, ഗ്രേഡിങ്ങും നടത്തിയ കാർഷികോൽപ്പന്നങ്ങൾക്ക് ഉൽപ്പാദനച്ചെലവുമായി ബന്ധപ്പെടുത്തി കൺസോർഷ്യം വില നിശ്ചയിക്കാവുന്ന തരത്തിൽ മത്സരിക്കുന്നതിനുള്ള കാർഷിക വിഭവങ്ങൾ സംഭരിച്ച് വിതരണം നടത്തുക.

11. കേരളത്തിലെ പ്രധാന വിളയായ തേങ്ങ, അടയ്ക്ക എന്നിവകളിൽ നിന്നും വൈവിധ്യവത്ക്കരിച്ച ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനും, തേങ്ങാ തൊണ്ട് മുതൽ ചകിരിച്ചോറ് വരെ ഉപയോഗിക്കാവുന്ന തരത്തിൽ വിവിധ ഉല്പന്നങ്ങൾ ഉണ്ടാക്കുകയും സംസ്ക്കരണം നടത്തുകയും ചെയ്യുക.

12. അടുത്തകാലത്ത് ആരംഭിക്കാൻ പോകുന്ന വല്ലാർപ്പാടം തുറമുഖം കമ്മീഷൻ ചെയ്യുന്നതോടു കൂടി ഏറ്റവും കുറഞ്ഞ ചെലവിൽ ലോകത്തിലെ പ്രധാന തുറമുഖങ്ങളിലേക്ക് കപ്പൽ മാർഗ്ഗം സാധനങ്ങൾ കയറ്റി അയയ്ക്കാനുള്ള സൗകര്യം പരമാവധി പ്രയോജനപ്പെടുത്തി കേരളത്തിലെ കാർഷികോൽപ്പന്നങ്ങൾക്ക് അന്താരാഷ്ട്ര വിപണിയിൽ വിലപേശാനുള്ള ശക്തി കൺസോർഷ്യം ആർജ്ജിക്കേണ്ടതാണ്.

13. മലബാർ ഭാഗത്ത് ധാരാളം കൃഷിചെയ്യുന്ന നേന്ത്രക്കായ മറ്റ് ചെറുപഴങ്ങൾക്ക് ഉല്പ്പാദന ചെലലവുമായി ബന്ധപ്പെട്ട വില നൽകി സംഭരിച്ച് സംസ്കരിച്ച് കുടുംബശ്രീ–അ

യൽക്കൂട്ടങ്ങളെ പരമാവധി സഹകരിപ്പിച്ച് നല്ല ഗുണനിലവാരമുള്ളസിറപ്പുകൾ, സോസുകൾ, ചിപ്പ്സുകൾ എന്നിവ നിർമ്മിക്കുന്നതിനും ആധുനിക യന്ത്രങ്ങൾ ഉപയോഗിച്ച് കേടുകൂടാതെ വെക്കുന്നതിനും അനുയോജ്യമായ വിവിധയിനം കാർഷികോൽപ്പന്നങ്ങൾ തെരഞ്ഞെടുത്ത് സംസ്കരിക്കുക.

14. ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കൃഷി ചെയ്യുന്നതിനും വിതരണം നടത്തുന്നതിനും കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് ധനസഹായവും സാങ്കേതിക പരിജ്ഞാനവും നൽകുകയും പുഷ്പ കൃഷി, കൂൺ കൃഷി, പട്ടുനൂൽ പുഴു വളർത്തൽ എന്നിവ സ്വാശ്രയ ഗ്രൂപ്പുകളുണ്ടാക്കി സ്ത്രീ ശാക്തീകരണത്തിനുതകുന്ന സംരംഭങ്ങളെ സഹായിക്കുക.

15. മുല്ലപ്പൂക്കൾ വ്യവസായ അടിസ്ഥാനത്തിൽ കൃഷിചെയ്യുന്നതിന് ധനസഹായം നൽകുകയും അതിരാവിലെ പൂമൊട്ടുകൾ ശേഖരിച്ച് വാടാതെ ശീതീകരണ വാനുകൾ ഉപയോഗിച്ച് കൃഷിയിത്തിൽ നിന്നും സംഭരിച്ച് എയർപോർട്ടുകളിൽ എത്തിച്ച് ഉൽപ്പന്ന വില വർദ്ധിപ്പിക്കുന്ന പദ്ധതി നേരിട്ട് കൺസോർഷ്യം നടപ്പിലാക്കുക.

16. നല്ലയിനം പശുക്കളെയും കന്നുക്കുട്ടികളെ നൽകിയും, ഡയറി ഫാമുകൾ നിർമ്മിക്കുന്നതിന് വായ്പ നൽകിയും, പാൽ സഹകരണ സംഘങ്ങളുമായി സഹകരിച്ച് ത്രിതല പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടുകൾ ഉപയുക്തമാക്കി ക്ഷീര വികസനത്തിനുള്ള വലിയ സാധ്യതകൾ കണ്ടെത്തി പ്രവർത്തിക്കുകയും, ഗോബർ ഗ്യാസ് ഉല്പ്പാദനം കൂടുതൽ വ്യാപകമാക്കുകയും, ചില്ലിങ്ങ് പ്ലാന്റുകൾ കൺസോർഷ്യത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച് പാലിൽ നിന്നും വിവിധ ഉൽപ്പന്നങ്ങൾ ഉണ്ടാക്കി വിപണനം നടത്തുക.

17. പ്രകൃതിയുടെ വരദാനമായി കേരളത്തിന് ലഭിച്ച മത്സ്യസമ്പത്ത് ലഭിക്കുന്നതിന് വൻകിട ബോട്ടുകളും വലയും മറ്റ് വിലപ്പിടിപ്പുള്ള യന്ത്രവൽക്കൃത മത്സ്യബന്ധനം വഴി കൂടുതൽ മീൻ ലഭ്യമാക്കുന്നതിനും കടലിൽ വെച്ചു തന്നെ ശീതീകരണംനടത്തി സംസ്കരണവും ഗ്രേഡിങ്ങും ചെയ്ത് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് കയറ്റി അയയ്ക്കുന്നതിന് കൺസോർഷ്യം അംഗീകാരം വാങ്ങുക.

18. ഇന്ന് ലഭ്യമാകുന്ന മാംസം അന്യ സംസ്ഥാനങ്ങളിൽ നിന്നു വരുന്ന ആടുമാടുകളുടേതാണ്. സാധാരണ ജനങ്ങളിൽ മാംസത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തി നിർഭയം ഉപയോഗിക്കാവുന്ന തരത്തിൽ സംസ്കരിച്ച് ടിന്നുകളിലാക്കി വിതരണം ചെയ്യുന്ന സംസ്കരണ യൂണിറ്റുകൾ സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ ലഭ്യതയനുസരിച്ച് നിർമ്മിക്കുക.

19. കേരളത്തിന്റെതു മാത്രമായ ആയുർവേദ ചികിത്സാരീതിക്കാവശ്യമായ ആയുർവേദ ഔഷധങ്ങൾ ഉപയോഗിക്കുന്നത് ഭൂരിഭാഗവും കേരളത്തിലാണ്. എന്നാൽ ആയുർവേദ മരുന്നുകൾ കൂടുതൽ നിർമ്മിക്കുന്നത് സംസ്ഥാനത്തിനു പുറത്തുമാണ്. സംസ്ഥാനത്തുള്ള ആയുർവ്വേദ മരുന്നിനാവശ്യമായ ഔഷധച്ചെടുകൾ ഭൂരിഭാഗവും സംസ്ഥാനത്തിന് പുറത്തുനിന്നു വരുന്നവയുമാണ്. ആയതിനാൽ ഈ മേഖലയിൽ ആയുർവേദ ഔഷധച്ചെടികളുടെ കൃഷി ചെയ്യുന്നതിന് ധാരാളം സാധ്യതകൾ ഉള്ളത് കർഷകർക്ക് മനസിലാക്കി കൊടുക്കുന്ന കാർഷികരീതിയും വിത്തും നടീൽ വസ്തുക്കളും ലഭ്യമാക്കേണ്ട പ്രവർത്തനം കൺസോർഷ്യം ചെയ്യേണ്ടതാണ്.

20. വിവിധതരം പച്ചക്കറികൾ മോഡണൈസ് ചെയ്ത കൃഷിരീതിയുപയോഗിച്ച് കൂടുതൽ ഉൽപ്പാദിപ്പിക്കുകയും സീസണുകളിൽ കേടുകൂടാതെ സൂക്ഷിക്കുന്നതിന് എടുത്തുമാറ്റാവുന്ന തരത്തിലുള്ള ശീതീകരണ പ്ലാന്റുകൾ കൃഷിയിടങ്ങൾക്കരികിൽതന്നെ സ്ഥാപിച്ച് ഗ്രേഡിങ്ങും വിതരണവും കൺസോർഷ്യം ഏറ്റെടുത്തു നടത്തുകയും ചെയ്യുക.

21. സംസ്ഥാനത്തുള്ള ഇഞ്ചി, കുരുമുളക്, ഏലം, പുളി തുടങ്ങിയവയുടെ ഉത്പാദനം കൂട്ടുകയും അവയിൽ നിന്നും എസ്സെൻസ് എടുത്ത് കയറ്റി അയയ്ക്കുകയും, വാല്യൂ അഡീഷൻ നടത്തുന്നതിനായി ചെറുതും വലുതുമായ യൂണിറ്റുകൾ കൺസോർഷ്യം ആരംഭിക്കുകയും ചെയ്യുക.

22. പ്രകൃതിദത്തമായ നിറങ്ങൾ നൽകുന്ന പതിമുഖം, സുഗന്ധവിളകളായ ഊത, കച്ചോലം, സഫേദ്, മുസലി, രാമച്ചം, ഇഞ്ചിപ്പുല്ല് തുടങ്ങിയവയുടെ കൃഷിരീതി സാർവ്വത്രികമാക്കുകയും ആയതി

നുള്ള നടീൽ വസ്തുക്കൾ നൽകിയും ഉത്പാദനവും, സംഭരണവും, വിതരണവും, സംസ്കരണവും ഏറ്റെടുത്ത് നടത്തുന്നതിന് കൺസോർഷ്യത്തിന്റെ കീഴിൽ സബ്സിഡിയറികൾ ആരംഭിക്കുകയും ചെയ്യുക.

23. പുതിയ തരം കൃഷിരീതികളും, ആട്, കോഴി, കാട, തേനീച്ച, അലങ്കാര മത്സ്യങ്ങൾ എന്നിവയുടെ വളർത്തുരീതി പഠിപ്പിക്കുന്നതിനും കർഷകരെയും കർഷകത്തൊഴിലാളികളേയും ഉത്പാദനപ്രക്രിയയിലേക്ക് തിരിച്ചു കൊണ്ടു വന്ന് സ്ഥിരം ജോലി ലഭിക്കുന്ന തരത്തിൽ കൃഷി ഉപയുക്തമാക്കി, തൊഴിലില്ലായ്മ പരമാവധി ഇല്ലാതാക്കുന്നതിനും, കർഷകത്തൊഴിലാളികളുടെ ആരോഗ്യനില മെച്ചപ്പെടുന്ന കൃഷിരീതി അവലംബിക്കുന്നതിന് ഉതകുന്ന തരത്തിൽ അറിവ് നൽകുന്നതിന് വികാസ് വളണ്ടിയർ വാഹിനി ക്ലബ്ബുകൾ ആരംഭിച്ചും, പരിശീലന കേന്ദ്രങ്ങൾ കൺസോർഷ്യം ആരംഭിച്ചും കർഷകർക്കും കുടുംബശ്രീ–അയൽക്കൂട്ട മെമ്പർമാർക്ക് ട്രെയിനിംഗ് നൽകുന്ന സഹായവും പിന്തുണയും നൽകുക.

24. കാർഷികരംഗത്ത് മണ്ണ് ആവശ്യമില്ലാതെ തന്നെ ചകിരിപ്പൊളിയിൽ നിന്നുള്ള ചകിരിച്ചോർ ഉപയോഗിച്ചുകൊണ്ടുള്ള ഹൈ–ടെക് കൃഷിരീതി നടപ്പാക്കുന്നതിന് ഏറ്റവും സാദ്ധ്യതയുള്ള സംസ്ഥാനമാണ് കേരളം. ഇത്തരം കൃഷിരീതികൾ പഠിപ്പിക്കുന്നതിന്നും പ്രാവർത്തികമാക്കുന്നതിനും കൺസോർഷ്യം നേരിട്ട് ഇടപെട്ട് കേരളത്തിൽ ആരംഭിക്കേണ്ടതാണ്.

**കാർഷിക വികസനത്തിന് കൺസോർഷ്യത്തിനുള്ള സർക്കാരിന്റെ പിന്തുണ**

1. സ്വകാര്യ അടിസ്ഥാനത്തിൽ ആരംഭിക്കുന്ന കമ്പനികൾക്ക് രണ്ടുതരത്തിലുള്ള കണക്കെഴുതാൻ സാധിക്കുമെങ്കിൽ, സഹകരണാടിസ്ഥാനത്തിൽ ഓരോ പൈസയും കണക്കിലൊഴിവാക്കാൻ പറ്റാത്തതിനാ ടാക്സ് ഇനത്തിൽ ഇളവുകൾ നല്കി സഹകരണ രംഗത്തുള്ള കൺസോർഷ്യത്തെ സഹായിക്കേണ്ടതാണ്.
2. സംഭരണ സംസ്കരണ യൂണിറ്റുകൾക്ക് വിദ്യുച്ഛക്തി കുറഞ്ഞ നിരക്കിൽ നൽകി കൃഷി വ്യവസായമായി അംഗീകരിക്കേണ്ടതാണ്.
3. കൺസോർഷ്യം നിർമ്മിക്കുന്ന ഉത്പന്നങ്ങൾ സർക്കാരിന്റെ വിതരണ ശൃംഖലയിൽ ഉൾപ്പെടുത്തി കർഷകരെ സഹായിക്കേണ്ടതാണ്.
4. സർക്കാരിന്റെ കീഴിലുള്ള കാർഷിക വികസനത്തിന് അനുവദിക്കുന്ന മുഴുവൻ ധനസഹായവും കൺസോർഷ്യം അനുവദിക്കുകയും സർക്കാർ ഡിപ്പാർട്ടുമെന്റുകളുടെ വിവിധ സഹായവും, സാങ്കേതിക പരിജ്ഞാനവും പിന്തുണയും കൺസോർഷ്യത്തിന് ലഭ്യമാക്കുകയും ചെയ്യുക.
5. സംസ്ഥാന സഹകരണ ബാങ്കിന്റേയും ജില്ലാ സഹകരണ ബാങ്കിന്റേയും മേൽനോട്ടത്തിൽ പ്രാഥമിക സഹകരണസംഘങ്ങളും ത്രിതല പഞ്ചായത്തുകളുമടങ്ങുന്ന കൂട്ടായ്മയ്ക്ക് പഞ്ചായത്ത് രാജ് ബില്ലിലും സഹകരണ നിയമങ്ങളിലും ആവശ്യമായ നിയമ നിർമ്മാണം നടത്തുകയും സർക്കാരിന്റെ സഹോദരസ്ഥാപനമായി കണക്കാക്കുകയും ചെയ്യുക.
6. കൺസോർഷ്യത്തിൽ നിന്നും ലഭിക്കുന്ന ലാഭവിഹിതം കർഷകനും ലഭിക്കുന്നതിന്ന് പുറമെ സർക്കാർ ഉത്പാദന ബോണസ്സ് നൽകി സഹായിക്കുകയും ചെയ്യുക.
7. ഗവൺമെന്റിന്റെ വിവിധ ഫണ്ടുകൾ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുകുയും സഹകരണ ബാങ്കുകളെ ഗവൺമെന്റ് ബാങ്കുകളായി കണക്കാക്കുകയും ചെയ്യുക ഗവൺമെന്റ് പ്രഖ്യാപനങ്ങൾ പലതും നടപ്പിലാക്കുന്നത് സഹകരണ ബാങ്കുകൾ വഴി ആകയാൽ അതുവഴി സംഭവിക്കുന്ന നഷ്ടവും പ്രവർത്തനച്ചെലവും സഹകരണബാങ്കുകൾക്ക് അനുവദിക്കുകയും ചെയ്യുക.

# കേരള കായിക രംഗത്തെ സ്വാധീനിക്കുന്ന വ്യത്യസ്ത ഘടകങ്ങൾ

ബിപിൻ ജി.

2005 പഠന കോൺഗ്രസ് കായികരംഗത്തിന്റെ വികാസത്തിന് പുതിയ വാതായനങ്ങൾ തുറന്നിടന്നതിന് നിദാനമായ പുത്തൻ ആശയ സംഗിതകളുമായാണ് പര്യവസാനിച്ചത്..

കേരളകായികരംഗത്തിന്റെ പ്രവർത്തനങ്ങൾ ഉദ്ദേശത്തിന്റേയും, ഫലങ്ങളുടേയും പ്രസക്തി യുടേയും അടിസ്ഥാനത്തിൽ മൂന്ന് വ്യത്യസ്ത ഭാഗങ്ങളായി കാണേണ്ടിവരും.

1. അന്തർദേശീയ, ദേശീയ കായിക മത്സരങ്ങളിലെ മികവിനായുള്ള പരിശീലനവും ഫലപ്രാപ്തിയും (പ്രകടനമികവിനായുള്ള സ്പോർട്സ്)
2. വിനോദോപാധിയായ കായികമത്സരങ്ങൾ
3. ആരോഗ്യസംരക്ഷണത്തിനായുള്ള കായിക പ്രവർത്തനങ്ങൾ

ഈ മേഖലകൾ ആകമാനംതന്നെ കൃത്യവും സുതാര്യവും ശ്രദ്ധേയവുമായ ബൗദ്ധിക പ്രയോഗിക ഇടപെടലുകൾ ആവശ്യപ്പെടുന്നുണ്ട്.

**പ്രകടനമികവിനായുള്ള സ്പോർട്സ്**

ഒട്ടേറെ ഘടകങ്ങളുടെ സമ്പൂർണ്ണസംയോജനത്തിലൂടെ മാത്രമേ ഉദാത്തവും നയനാനന്ദകരവുമായ പ്രകടനങ്ങൾ സാധ്യമാവുകയുള്ളൂ.

**അടിസ്ഥാന സൗകര്യവികാസം പരിശീലനം**

പരിശീലകർക്കായി ഘട്ടം ഘട്ടമായി refresher course കൾ ആരംഭിക്കേണ്ടിയിരിക്കുന്നു. ഇവ ആരംഭിക്കുന്നതിനായി സ്പോർട്സ് കൗൺസിലിനെ സഹായിക്കാനും പഠനപദ്ധതി തയ്യാറാക്കുവാനുമായി വിദഗ്ദസമിതി രൂപീകരിക്കണം .ഇവരുടെ മേൽനോട്ടത്തിൽ പദ്ധതിയുടെ ഭംഗിയായ നടത്തിപ്പ് ഉറപ്പുവരുത്തണം. ഇത്തരത്തിൽ പുതിയ അറിവ് സമ്പാദിച്ച പരിശീലകരെ മാത്രമേ സ്പോർട്സ് ഹോസ്റ്റലു കളുടെയും സംസ്ഥാന ടീമുകളുടെയും പരിശീലകരായി നിയോഗിക്കാവൂ.

**കായിക മത്സരങ്ങൾ**

നമ്മുടെ കായികതാരങ്ങൾക്ക് നിലവാരമുള്ള മത്സരങ്ങൾ ലഭ്യമല്ല എന്നത് പോരായ്മയായി നിലനിൽക്കുന്നു. പ്രൊഫഷണൽ മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും വീക്ഷിക്കുന്നതിനുമുള്ള അവസരങ്ങൾ വീണ്ടെടുക്കേണ്ടിയിരിക്കുന്നു. ഇവ പഴയ പകിട്ടോടുകൂടി ആരംഭിക്കുവാൻ സാമ്പത്തികബാദ്ധ്യത അനുവദിക്കുന്നില്ലെങ്കിൽ ചെറിയ മാതൃകകളെങ്കിലും നടപ്പാക്കേണ്ടിയിരിക്കുന്നു.അനാവശ്യമത്സരങ്ങൾ സംഘടിപ്പിക്കുന്നത് ഒഴിവാക്കണം. അസോസിയേഷനുകളുടെ പതിവുമത്സരങ്ങൾ മാത്രമല്ല നമുക്ക് ജയസാദ്ധ്യതയുള്ള കായിക ഇനങ്ങളിൽ നാഷണൽ ഗെയിംസിനു മുമ്പായി മത്സരങ്ങൾ ജനകീയപങ്കാളിത്തത്തോടെ സംഘടിപ്പിക്കുന്നത് നന്നായിരിക്കും.

**സ്പോർട്സ് മെഡിസിൻ**

ആരോഗ്യവകുപ്പുമായി കൂടിയാലോചിച്ച് കോഴിക്കോട് മെഡിക്കൽ കോളേജിൽ സ്പോർട്സ് മെഡിസിൻ വിഭാഗം ആരംഭിച്ചതുപോലെ ക്രമേണ ഈ സേവനം എല്ലാ ജില്ലാ ആശുപത്രിയിലേക്ക് വ്യാപിക്കുകയും വേണം.മെഡിക്കൽ കോളേജിൽ ആരംഭിക്കുന്ന വിഭാഗത്തിൽ പൾസ്ഡ് മാഗ്നറ്റിക് തെറാപ്പിയും സ്പോർട്സ് ഫിസിയോതെറാപ്പിയും ചെയ്യുവാൻ ആവശ്യമായ

സൗകര്യങ്ങളും ഒരുക്കണം.അതിനോടൊപ്പം തന്നെ താൽപ്പര്യമുള്ള ഡോക്ടർമാരെ (സ്പോർട് ക്വാട്ടയിൽ മെഡിസിനു പ്രവേശനം നേടിയവരെങ്കിൽ കൂടുതലുചിതം ) ചുരുങ്ങിയ പക്ഷം കൽക്കട്ടയിൽ അയച്ച് ഡിപ്ലോമാ പരിശീലനമെങ്കിലും നേടാൻ സ്പോർട്സ് കൗൺസിൽ നടപടിയെടുക്കണം.

**മറ്റു ശാസ്ത്രവിഷയങ്ങൾ**

സ്പോർട്സും അതിനോടു അനുബന്ധപ്പെട്ടു കിടക്കുന്ന ശാസ്ത്രശാഖകളും ദിനംപ്രതി വളർച്ച നേടിക്കൊണ്ടിരിക്കുന്നു. നൂറുമീറ്റർ ഓട്ടത്തിന് എയർ റെസിസ്റ്റൻസ് പരമാവധി ഒഴിവാക്കാനാവുന്ന വേഷമെന്തെന്നും അവ ധരിച്ചാൽ എത്ര നിമിഷത്തിന്റെ ആനുകൂല്യം ഓട്ടത്തിൽ ലഭിക്കുമെന്നും വരെ എത്തിനിൽക്കുന്നു ഗവേഷണങ്ങൾ. നമുക്കിന്നും അനോട്ടമിയും സൈക്കോളജിയും കിനിസിയോളജിയും ബയോ മെക്കാനിക്സും ഒക്കെതന്നെ കായികവിദ്യാഭ്യാസത്തിലെ പാഠ്യവിഷയങ്ങൾ മാത്രം.

**ജിംനാസ്റ്റിക്സ് – കളരി**

കായികരംഗത്ത് വിജയം വരിക്കുന്ന രാജ്യങ്ങളെല്ലാം തന്നെ ജിംനാസ്റ്റിക്സിനെ ഒരു കായികഇനം എന്നതിൽ കവിഞ്ഞ്,കായികതാരത്തിലേക്കുള്ള വളർച്ചയുടെ അടിത്തറയായി കാണുന്നു. അതുകൊണ്ടുതന്നെ കായിക താരങ്ങൾ മെച്ചപ്പെട്ട Flexibility, Co-ordination എന്നിവ പ്രകടിപ്പിക്കുന്നു.ജിംനാസ്റ്റിക്സ് സ്വായത്തമാക്കിയവർക്ക് എത്ര കഠിനമായ നീക്കങ്ങളും ചുവടുകളും സമർത്ഥമായി പിൻതുടരുവാനാവുന്നു. തീർച്ചയായും ജിംനാസ്റ്റിക്സ് നമ്മുടെ കായികതാരങ്ങൾക്കും കായികരംഗത്താകമാനം തന്നെയും ചിരപരിചിതമാകേണ്ടിയിരിക്കുന്നു.

**പ്രൊഫഷണൽ ടീമുകൾ**

കേരള കായികരംഗത്ത് സങ്കൽപ്പിക്കാനാവാത്തത്ര മാറ്റം ഈ നീക്കം ഒന്നുകൊണ്ട് മാത്രം സാധ്യമാവും. പൊതുമേഖലാസ്ഥാപനങ്ങളോടൊപ്പം പ്രൈവറ്റ് സ്ഥാപനങ്ങളിലും ടീമുകൾ സംഘടിപ്പിക്കുന്നതിന് സർക്കാർ ശ്രമിക്കണം.

**സ്പോൺസർഷിപ്പ് സെൽ**

താരങ്ങൾക്ക് സഹായം ഉറപ്പാക്കാൻ താരങ്ങളുടെ ഒന്നോ രണ്ടോ വർഷത്തെ പരിശീലന –മത്സരചെലവുകൾ വഹിക്കുവാൻ തയ്യാറായ സ്ഥാപനങ്ങളേയോ വ്യക്തിയേയോ കണ്ടെത്തുന്നതിൽ അവരെ സഹായിക്കാൻ, താൽപ്പര്യമുള്ള സ്ഥാപനങ്ങൾക്ക് അർഹമായ താരങ്ങളെ ചൂണ്ടികാണിച്ച് കൊടുക്കുവാൻ സ്പോർട്സ് കൗൺസിൽ ആസ്ഥാനത്ത് അധികചെലവില്ലാത്ത ഒരു സ്പോൺസർഷിപ്പ് സെൽ ആരംഭിക്കണം.

**സംയുക്ത സർവ്വകലാശാല മത്സരങ്ങൾ**

ഒരു സംയുക്ത സർവ്വലാശാല ടീമിനെ തിരഞ്ഞെടുക്കുകയും അവരെ സംസ്ഥാനലീഗ് ചാമ്പ്യൻഷിപ്പുകളിൽ ഒരു ടീമായി പങ്കെടുപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. അത്‌ലറ്റിക്സിൽ ക്ലബ്ബുകളും സ്പോർട്സ് കൗൺസിലും നേരിട്ട് മത്സങ്ങൾ സംഘടിപ്പിക്കുകയും പ്രതിഭകളായി വിലയിരുത്തപ്പെട്ടവരെ ദീർഘകാല പരിശീലനപദ്ധതിയിൽ ഉൾപ്പെടുത്തുകയും വേണം

പ്രഫഷണൽ കായികരംഗത്തെ പ്രശ്നങ്ങൾ ഒന്നൊന്നായി ഇഴചേർന്നിരിക്കുന്ന തിനാൽ ഓരോന്നോരോന്നായി പരിഹരിക്കുക സാധ്യമല്ല. സാധ്യമായ എല്ലാം ഓരോന്നിലും ചെയ്തുതുടങ്ങി. കായികതാരങ്ങളെയും പരിശീലകരെയും കായികരംഗം ആകമാനംതന്നെയും പ്രഫഷണൽ സമീപനത്തിന് വിധേയമാക്കണം

**വിനോദോപാധിയായ സ്പോർട്സ്**

നമ്മുടെ സ്പോർട്സ് നഗരകേന്ദ്രീകൃതമല്ല. ഗ്രാമങ്ങളിലാണ് കായികരംഗത്തിന്റെ ജീവൻ തുടിപ്പുകൾ ആയതിനാൽ ഗ്രാമീണ സ്പോർട്സ് കൂട്ടായ്മകൾക്ക് നമ്മുടെ കായിക നയരൂപീകരണ വേളകളിൽ കൃത്യമായ പങ്കാളിത്തം നൽകണം

**ഗ്രാമപഞ്ചായത്ത് സ്പോർട്സ് കൗൺസിലുകൾ**

സാധ്യമാവുമെങ്കിൽ വാർഡുതലത്തിലും സ്പോർട്സ് വിഷയങ്ങളിൽ തൽപ്പരരാവയരെ കൂട്ടിയോജിപ്പിച്ച് ക്ലബ്ബുകളുടെ പ്രവർത്തനം സുഖമമായ നടത്തുന്നതിന് ഒരു സമിതിയെ ഉണ്ടാക്കണം.

**പരിശീലന പദ്ധതികൾ**

കായികരംഗത്തെ പ്രാഥമിക പരിശീലനം സാർവ്വത്രികവും സൗജന്യവുമായിരിക്കും എന്ന ലക്ഷ്യത്തോടെയാവണം 2006ൽ നിലവിൽ വരുന്ന ഗവൺമെന്റ് മുന്നോട്ടുപോകുവാൻ. കേരളത്തിലെ എല്ലാ ഗ്രാമങ്ങളിലും ഏതെങ്കിലും ഒരു കായിക ഇനത്തിന് ശക്തമായ വേരോട്ടമുണ്ടാവണം.

# RETRIEVING ANCIENT GEOGRAPHY FROM TOPONYMS: PUNDRAVARDHANA: A CASE STUDY

Sugarcane, a major source of sweetness, alcohol, and bio-energy, belongs to the grass family. Classified in the tribe *Andropogonae* of the family *Gramineae,* sugarcane like rice and vetiver, is a part of the *Poaceae* family and has been known from time immemorial. Valuable historical, linguistic and botanical evidence has pointed out India as the home of the thin class of canes, which are now classified under the botanical species, *Saccharum barberi* and *Saccharum sinense*. Like the word *Saccharum*, the west of India too derived their word for sugarcane from the Sanskrit word *sharkara* meaning sugar and this remains as a linguistic evidence of its Indian Origin.

The plant is mentioned in the *Atharva Veda*, the oldest and most sacred book of Hindus, thus: "I have surrounded thee with a clinging sugarcane, to remove aversion, so that thou shalt not be averse to me!" *Ikshu,* the word for sugarcane in the *Atharva Veda* is linked with *Ikshvaku*, son of Manu and a legendary solar king. *Ikshvaku* is mentioned in the *Rig Veda* (1500 BC). Myths have it that it was to propitiate Raja Trisanku of *Ikshvaku* dynasty, that sugarcane was created. The word *ikshu* (*ikh* in Hindi) is specified for the thin, hardy, barbari sugarcanes. In *Lalitha Sahasranamam,* the Goddess Lalita (Tripurasundari) holds sugarcane in her hand and is mentioned as "*Mano Rupeshu Kodanda*." Kamadeva, the God of Love, is symbolised as having a bow made of sugarcane stalk with a string of honeybees. Patanjali mentioned (in 200 BC), that by about 400 BC sugarcane was familiar at Takshasila, where scholars from Persia and Central Asia gathered. This points out that the knowledge of cane diffused to China via Central Asia. There were citations on Sugarcane during Manu (1000 BC.) and the medical treatises of Charaka and Susruta. *The Charaka Samhita* records two types of Sugarcane, *ikshu* and *paundra*. Sanskrit also speaks about *gur* (cane juice boiled to a solid consistency) as indicated by the term *gud*. This word used in the areas like Indonesia or Malaysia for sugar is *gula* or *guda*. Knowledge of sugar manufacture seems to have been introduced into Indonesia or Malaysia and China through Buddhist influence.

Alexander the Great, who conquered parts of Asia, took home sugarcane by about 325 BC, calling it 'sacred cane.' He became the harbinger of importation of sugar into ancient Greece and later Rome, where demand for it grew as a luxury product as well as for medicine. Ibn-i-Batuta who travelled in India during the time of Muhammad-bin-Tughlaq, had made frequent mention of

sugarcane in his *Safar-namah.* He also refers to the *paundra* canes of the Malabar Coast.

Revelation of the etymological roots, or original meanings, of the familiar terms silenced the views that China was the place of origin of cultivation of sugarcane.

But the claim of the scientist that the cultivation of sugarcane probably originated on the island of New Guinea remains to be answered. An attempt is made in this paper to retrieve the ancient geography from a toponym. While etymology is the study of the origins of words, toponymy is the scientific study of place names. Sanskrit, like the mythological possessor of the "Midas touch," had the power to transmute whatever it touched, into gold. When a philologist with a wand touched all these transmutations, they began to reveal the original words. This turned the toponyms into sagamen that made south India the heritress of sugar. We can see that the Sanskrit word *Pundra* assuming the status of a lotus flower, with its stem deeply rooted in the mire of *mlecha desa.* In fact *Pundarika* means lotus flower.

# സാമൂഹ്യക്ഷേമം സുരക്ഷിതത്വം

# എല്ലാപേർക്കും ആരോഗ്യം: വാഗ്ദാനങ്ങളിൽ നിന്ന് യാഥാർത്ഥ്യത്തിലേക്ക്

**കെ. ഗംഗാധരൻ**
*അസോസിയേറ്റ് പ്രൊഫസർ & അപ്ലൈഡ് ഇക്കണോമിക്സ് വകുപ്പ് മേധാവി, കണ്ണൂർ സർവകലാശാല*

**ആ**ർക്കും ഒരു ബുദ്ധിമുട്ടും ഉണ്ടാക്കാത്ത വികസനം എന്നതാണ് ലോകത്തെവിടെയുമുള്ള വികസനവാദികളുടെയും മന്ത്രം. അഞ്ചര പതിറ്റാണ്ട് കാലം ഈ രാജ്യത്ത് നടന്നആസൂത്രിത വികസനം വെളിപ്പെടുത്തുന്നത് സാമ്പത്തിക- സാങ്കേതിക മേഖലകളിലെ പല മണ്ഡലങ്ങളിലും രാജ്യത്ത് വികസനം ഉണ്ടായെങ്കിലും സാമൂഹ്യ ജീവിതത്തിന്റെ ചില നിർണായക വിഭാഗങ്ങളിലെ ദുരിതങ്ങളുടെ രൂക്ഷത ഇല്ലാതാക്കാൻ കഴിഞ്ഞിട്ടില്ല. ഇന്ത്യയിലെയും കേറളത്തിലെയും ആരോഗ്യ പരിരക്ഷയുടെ കാര്യം കഷ്ടപ്പാടുകളുടെയും ദശലക്ഷക്കണക്കിന് ആളുകളെ പ്രതികൂലമായി ബാധിച്ച കഷ്ടപ്പാടിന്റെ വ്യാപ്തിയുടെയും മികച്ച പ്രതിഫലനമാണ്; ആത്യന്തികമായി ഇത് അവരെ ദാരിദ്ര്യം എന്ന നീരാളിയുടെ പിടിയിൽ അകപ്പെടുത്തുന്നു. ഈ പ്രബന്ധത്തിന്റെ കേന്ദ്ര വിഷയം ഇന്ത്യയിലെയും കേരളത്തിലെയും ആരോഗ്യപരിരക്ഷയിലെ അസമത്വങ്ങളാണ്; അത് ആർക്കും ഭാരിച്ച ബാധ്യതയുണ്ടാക്കാത്തതും എവിടെയും സുലഭവുമായ ആരോഗ്യപരിരക്ഷയിൽ നിന്ന് ജനസംഖ്യയിലെ വലിയൊരു വിഭാഗത്തെ അകറ്റി നിർത്തുന്നു. ഉയർന്ന തോതിലുള്ള രോഗാവസ്ഥയുടെയും ശിശുമരണവും പ്രസവത്തോട് ബന്ധപ്പെട്ട് അമ്മമാരുടെ മരണവും ഉൾപ്പെടെ ഉയർന്ന മരണനിരക്കിന്റെയും മാതൃശിശു സംരക്ഷണ സംവിധാനങ്ങൾ ഏറ്റവും കുറച്ചു മാത്രം വിനിയോഗിക്കുന്നതിന്റെയും പ്രശ്നവും ഭാരക്കുറവിലും അനീമിയയിലും കുട്ടികളുടെ വളർച്ചാ സ്തംഭനത്തിലും മുരടിപ്പിലും, ഉയർന്ന റ്റി എഫ് ആറിലും രോഗ പ്രതിരോധ നടപടികളുടെ താഴ്ന്ന നിലവാരത്തിലും ആരോഗ്യ പരിരക്ഷാവിനിയോഗത്തിലെ കടുത്ത ലിംഗ അസമത്വത്തിലും ആരോഗ്യ പരിരക്ഷാ സംവിധാനങ്ങളുടെ ലഭ്യതയിലെ പ്രാദേശിക അസന്തുലിതാവസ്ഥയിലും സ്വകാര്യ ആരോഗ്യ പരിചരണ കേന്ദ്രങ്ങളുടെ ആധിപത്യം പൊതുമേഖലാ ആരോഗ്യ പരിചരണ കേന്ദ്രങ്ങളെ അവഗണിക്കുന്നതിനിടയാക്കിയതിലും മറ്റുമാണ് ഇന്ത്യയിലെയും കേരളത്തിലെയും പൊതു ആരോഗ്യ പരിചരണ സംവിധാനത്തിൽ ഉയർന്നു വരുന്ന കടുത്ത വിപത്തുകൾ. ഇത് ദശലക്ഷക്കണക്കിന് ദുർബലരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ സമൂഹങ്ങളുടെ ആരോഗ്യപരിരക്ഷാ രാഹിത്യത്തിന് ഇടയാക്കുന്നു. ഇപ്പോൾ നിലനിൽക്കുന്ന ആരോഗ്യ പരിരക്ഷാ സംവിധാനം രാജ്യത്തെ ദുർബല ജനവിഭാഗങ്ങൾക്ക് ആരോഗ്യകരമായ ഒരു ജീവിതത്തിനുള്ള അവകാശം നിഷേധിച്ചുകൊണ്ട്, അവരുടെ ചെലവിൽ സമൂഹത്തിലെ ഒരു വിഭാഗത്തെ തടിച്ചു കൊഴിപ്പിക്കുന്നതിലാണ് എത്തിച്ചേർന്നിരിക്കുന്നത്.

# A MULTIMODAL EDUCATIONAL INTERVENTIONAL APPROACH TO DIFFERENTLY ABLED CHILDREN

**Dr .R. Jayaprakash,**

*Associate Professor of Paediatrics, Child Psychiatrist, Unit chief, Behavioural Paediatrics Unit, Department of Child health, SAT Hospital, Medical College, tvpm.*

There is a widespread belief and understanding among us that student with certain disabilities can only thrive under special circumstances and hence are best left to special schools. By putting in a certain special school without understanding them, we are destroying their confidence and belief that they can live and thrive in any environment. Labeling as special children is actually only stigmatizing and not helping them. Our mindset should change. Sympathy alone won't work. These children are differently abled and have their own potential of development and way of coming up in life. A little bit of scientific intervention from our side will push their confidence levels and make them aim for higher goals.

Who are they? Differently abled children are those children with some difficulty for complete development due to multiple reasons. It is a broader concept which recognizes the child's different potential and nature. According to the 2001 census there are 4.3 million differently-abled children in the age group of 6-14 years. It can be due to **medical** (cerebral palsy, chronic medical conditions like leukemia, bronchial asthma etc), **behavioural** (ADHD, oppositional defiant disorder, conduct disorder etc.) **developmental** (autism, down syndrome, mental retardation, speech delay, motor delay, vision and hearing impairment) **learning** (learning disabilities, poor scholastic performance due to problems other than learning disability) and **mental health** issues (Anxiety spectrum disorders, depressive disorders, mania, schizophrenia, alcoholism, substance abuse etc). Due to these unique difficulties they need special attention for complete developmental achievement.

How can we achieve this?

Firstly they have to be identified and evaluated scientifically to confirm the problem and different nature. A sensitive parent/teacher can observe the child's development, temperamental uniqueness and problems if any. With close observation they can suspect any problem in the child's behavioural, developmental, communication and sensory impairments. Teachers from the anganvadi/nursery level itself should be given awareness in the developmental psychology of child and its uniqueness. They should be given training in how to suspect and to identify the children developing and behaving differently, its causes, how to

communicate it with the parents, referring to an appropriate expert for complete evaluation, different intervention approach and inclusive learning methodology

Secondly these children should be managed in their natural environment with the help of a multimodal team of expert at different levels. Multimodal team should contain Child Psychiatrist, psychologist, counselors, special educator, speech/developmental therapist, specially trained teachers and parents. The expert services of neurologist, opthalamologist, ENT surgeon should be ensured. The mainstream teachers should be included in the multimodal intervention team. For this they have to be given intensive training to understand the differently abled children, principles of inclusive learning methodology and how to move with them. Through a multimodal intervention at different levels complete attainment of educational potential can be achieved. The success of the multimodal intervention programme depends on the quality of expertise and cooperation which we can build up on the so called main stream teachers. The children with mild to moderate deficits/differently abled children can benefit from the inclusive learning method. But they have to be given special train accordingly.

**The suggestion can be summarized as follows**

- Sensitize nursery/anganavady teachers regarding the developmental psychology, temperamental uniqueness, learning behaviour, how to suspect the differently abled children, how to work with them etc.
- The regular teachers and special educators should be sensitized in the area of developmental psychology of children and adolescent, educational psychology, principles of inclusive learning, common developmental disorders, common mental health disorders, what is differently abled children?, how to suspect them?, primary counseling etc.
- To revise the BEd/special BEd curriculum and to include developmental psychology of children and adolescent, educational psychology, principles of inclusive learning, common developmental disorders, common mental health disorders, what is differently abled children?, how to suspect them?, primary counseling etc.
- To include the issue of differently abled children in the cluster meetings.
- To appoint more special educators, counselors in the schools
- To train the existing teachers in the area of differently abled children
- To compile new law to implement and propagate the inclusive learning.
- Ensure that no child will be send out from the school because they are differently abled. Now parents are forced to take back their children from the mainstream school and send to special school where the situation is more pathetic in terms expertise service.
- To conduct awareness program in the area of differently abled children for parents and other educational activists in the community.

# TOTAL HOLISTIC DEVELOPMENT AND INCLUSION OF PERSONS WITH DISABILITIES

**Prof : K A Chandrasekharan**

The concept of disability is still in a process of evolution in every aspect of its connotation, be it physical, psychological, cultyral, sociological or any other factor. Therefore the term disability could neither be precisely defined nor be its meaning fully comprehended. Both by principle and function, a person with a **disability** is perceived by different Theoreticians and Practitioners with his or her their exclusive notions, views, concepts and experiences parallel to each other. Some people name it as different ability some call it physical/ mental challenge,again others call disability, handicap starting from invalids, defective etc. retrospective from 60, 70 years of back history. However world vide accepted and practiced terminology at present is disability including that of latest United Nations Convention for Right of Persons with Disabilities ( UNCRPD) document. The Indian Law passed by the Parliament in 1995 is also known as Persons with Disabilities (Protect of Rights, Equal Opportunities and full Participation) Act.

Disability of any kind to any will cause to create physical and mental challengers, environmental and attitudianl barriers and thereby isolation, segregation and exlusion by the society, resulting in ignorance and neglect even by the Goverments operating at different levels. Approaches, strategies and programms of action head been changing and evolving from 8$^{th}$ five year plan in Indian perspective generally and from the year 1996-97 in Kerala particularly in respect of development and rehabilitation of persons with disabilities. The process of transition in disability area marked different stages in consistence with changing perspective and attitudes of Governments and societies from pity through charity welfare, development, right based barrier free and inclusion levels, concepts and practices by the time 2011. So any disability shall at present be seen only an indispensable inclusive and spontaneous part of human diversity to befit the universal and natural scheme and structure of human life cycle. In the light of above genuine reality inherent and potential abilities, talents and concepts of a person with any disability inevitably seek expressions through to be unfolded, revealed and performed and to be made as far as possible fully functional through scientific utilization of altenate channels of abilities, communiaction and user friendly environments and technologies.

policy, straregies, action palns and disabilitied relevant specific scheme are to be formulated and prepared based on rights barrier freedom, physical and mental environment friendliness, positive attitude and mindset towards achieving a total

holistic development, rehabilitation and inclusion of every persons with each different disability according to each ones ability and need. Education, training, employment, health, transportation, social security, culture, communication and technology components need to be very specifically addrssed to meet and suit requirments relevant to each disability area and with reference to Gender and age sensitive dinmensions while preparing Action Plan and schemes to be implemented with in next ten years.

Action Plan and schemes shall be formulated in pace with and with in the frame work of current human development trends and people participated plan practices of Kerala. Only thus experience of disability resulting from interaction between a persons with impairments and attitudianl and environment barries thathinders their full and effective participation in society on an equal basis with others can be dispelled, remove and eliminated and a person with any disability will then only be completely rahabilitated with the experience of total inclusion. Proportional share of all resources and skills and comprehensive combination of all such inputs required at all sections and levels of society and Goverment have to be pooled properly to achieve this result in a time bound manner.

# OVERWEIGHT: AN EMERGING HEALTH ISSUE AMONG THE WOMEN OF KERALA

G.K. Moli

Kerala has an admirable health status comparable to the west and is now going through an epidemiological transition where non-communicable diseases are more prevalent. It has a unique position in the demographic transition as well as health transition in the country. In the area of overweight and obesity too we can see a peculiarity in the Kerala situation, within the Indian context. There is some evidence of an emerging nutritional transition in Kerala. Women suffer from a dual burden of malnutrition with nearly half of them being either too thin or overweight. As under nutrition decreases, over nutrition increases by about the same amount .Based on NFHS-2 and NFHS-3 data, the prevalence of overweight was very high in Kerala. Keeping in view of these facts present paper attempts to find:

(1) The extent of overweight and obesity with respect to some demographic, socio-economic, diet, health and behavioral characteristics among Kerala women aged 15-49.

(2) The factors which contribute overweight among them.

Data of **3370** women in the age group 15-49 whose Body Mass Index (BMI) is available in NFHS-3 are taken for analysis. Primary outcome variables in the analysis were created from BMI measurements collected in the survey. Using the WHO (1995) recommendations BMI variable is categorized into four groups. The four groups that identify women those who are obese, BMI> 30 kg/m2, Overweight, BMI 25.0 to 29.9 kg/m2, normal weight, BMI 18.5 to 24.9kg/m2, and underweight, BMI<18.5 kg/m2.

Analysis showed that higher age grouped, urban residents, ever married and non-Hindu women are more likely to be over weighted when compared to their counterparts. High socio-economic status is positively associated with the risk of overweight in Kerala. Overweight is found to be common among those who eat heavy food and spend more time with TV and newspaper. The results lead to the conclusion that prevalence of overweight among high income groups may lead to the high occurrence of non-communicable diseases in Kerala. This is evident in this study that most of the women who suffered from diabetes, asthma and goiter or thyroid are also found to be overweighed.

# ശാരീരിക മാനസിക വൈകല്യങ്ങൾ നേരിടുന്നവരുടെ സമഗ്ര വികസനം- ഹോർട്ടികൾച്ചർ തെറാപ്പിയിലൂടെ

**ഡോ. ബേല ജി.കെ**
*അസി. പ്രൊഫസർ, കാർഷിക കോളജ്, തിരുവനന്തപുരം*

സമൂഹം ബാധ്യതയായി കണക്കാക്കുന്ന ഒരു ജനതയെയാണ് Disabled എന്ന ലേബലിൽ നാം മാറ്റി നിർത്താൻ ശ്രമിക്കുകയോ അല്ലെങ്കിൽ ഒഴിവാക്കാൻ ശ്രമിക്കുകയോ ചെയ്യുന്നത്. എന്നാൽ സാധാരണ ജനങ്ങളെപ്പോലെ തന്നെയോ അല്ലെങ്കിൽ അതിലുപരിയോ കഴിവുറ്റവരായിരിക്കാം അവർ എന്ന കാര്യം നാം വിസ്മരിച്ചു പോകുന്നു. ഉയർച്ചയുടെ പടവുകൾ താണ്ടുന്ന ഇവരിൽ ചിലർ നമ്മുടെ രാജ്യത്തിന്റെ അഭിമാനം കാത്തു സംരക്ഷിക്കുന്നു എന്നതിൽ സംശയമില്ല. ഇന്ത്യയുടെ സ്വതന്ത്രാനന്തര സമയം മുതൽക്കുതന്നെ ഭരണകർത്താക്കൾ ഇത്തരക്കാരുടെ വികസനത്തിനുവേണ്ടി പലതരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇവരുടെ ഉന്നമനത്തിനായി നടപ്പിലാക്കുന്ന പദ്ധതികളും സംരംഭങ്ങളും ഒരു പരിധി വരെ മാത്രമാണ് വിജയം കാണുന്നത്. ഒരു പക്ഷേ ഇതിനു തടസ്സമായി നിൽക്കുന്നത് സാക്ഷരതയുടെ അഭാവം തന്നെയായിരിക്കും. കാരണം 90.9% ആണ് കേരളത്തിന്റെ സാക്ഷരത നിരക്ക്. എന്നാൽ കേരളത്തിലെ മൊത്തത്തിലുള്ള ശാരീരികവും മാനസികവുമായ വൈകല്യങ്ങൾ അനുഭവിക്കുന്നവരിൽ 67% മാത്രമാണ് 2001 ലെ സെൻസസ് പ്രകാരം സാക്ഷരരായി കണക്കാക്കപ്പെട്ടിരിക്കുന്നത്. അതായത് 33% ആളുകളും നിരക്ഷരത അനുഭവിക്കുന്നു. ഇത് ഇവരുടെ ആകെയുള്ള വികസനത്തെ വളരെയേറെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. സ്പെഷ്യൽ സ്കൂളുകളും ബോധവൽക്കരണ സെമിനാറുകളും, തൊഴിൽ പരിശീലന കേന്ദ്രങ്ങളുമാണ് ഇവരുടെ വികസനത്തിന് അവശ്യം വേണ്ടത്.

2001 ലെ സെൻസസ് പ്രകാരം ഇന്ത്യയിൽ ശാരീരിക മാനസിക വൈകല്യങ്ങൾ അനുഭവിക്കുന്നവരുടെ എണ്ണം ആകെ ജനസംഖ്യയുടെ 2.1 ശതമാനമാണ്. ജനസംഖ്യയുടെ കാര്യത്തിൽ രണ്ടാം സ്ഥാനത്തു നിന്നും ഒന്നാം സ്ഥാനത്തേക്ക്. നമ്മുടെ രാജ്യത്തിന്റെ ഈ അവസ്ഥ ഒരു ചെറിയ അളവിനെയല്ല മറിച്ച് നല്ലൊരു ശതമാനം തന്നെയാണ് കാണിക്കുന്നത്. കേരളത്തിന്റെ അവസ്ഥയും ഒട്ടും പിന്നിലല്ല. കാരണം ആകെ ജനസംഖ്യയുടെ 2.7ശതമാനം ആളുകളാണ് ശാരീരിക മാനസിക വൈകല്യങ്ങൾ നേരിടുന്നത്. ജനസാന്ദ്രത വളരെയേറിയ നമ്മുടെ സംസ്ഥാനത്തിലെ ഈ അളവ് ഒട്ടും കുറവല്ല കാണിക്കുന്നത്.

നമ്മുടെ സംസ്ഥാനത്ത് റീഹാബിലിറ്റേഷൻ സെന്ററുകൾക്കുപരി ഇത്തരക്കാരുടെ സംരക്ഷണ കേന്ദ്രങ്ങളാണ് കൂടുതലും കാണപ്പെടുന്നത്. ഇവ അവരുടെ സംരക്ഷണത്തിലുപരി വികസനത്തിനായി പ്രവർത്തിക്കുന്നുണ്ടോ എന്നും സംശയമാണ്. ആകെ ജനസംഖ്യയുടെ 2.7% വൈകല്യം

അനുഭവിക്കുന്നവർക്കായി ആകെ 20 ൽ താഴെയാണ് Rehabilitation സെന്ററുകളുട എണ്ണം. വിദ്യാഭ്യാസത്തിനോടൊപ്പം തന്നെ തൊഴിൽ പരിശീലനവും കൂടെ നൽകുകയാണെങ്കിൽ ഇവരുടെ വികസനം വളരെയേറെ സാധ്യമാകുന്നതാണ്.

സ്കൂൾതലത്തിലെയുള്ള ഒരു തൊഴിലധിഷ്ഠിതമായ വിദ്യാഭ്യാസമാണ് ഇവർക്ക് നൽകേണ്ടത്. കാരണം വളരും തോറും അവർ അനുഭവിക്കുന്ന മാനസിക ക്ലേശങ്ങളും സമൂഹത്തിൽ അവർ നേരിടുന്ന പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും അവരുടെ മനസിനെ മുരടിപ്പിക്കുന്നതിന് സാധ്യതയുണ്ട്. ഇത് അവരുടെ വികസനത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. അതുകൊണ്ടാണ് അവർക്ക് വേണ്ടിയുള്ള വിദ്യാഭ്യാസവും തൊഴിൽ പരിശീലനങ്ങളും സ്കൂൾതലം മുതൽക്കുതന്നെ തുടങ്ങണമെന്ന് പറയുന്നത്.

ശാരീരികവും മാനസികവുമായ വൈകല്യങ്ങൾ നേരിടുന്നവരുടെ ഉന്നമനത്തിലേക്കായി കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ നടത്തിവരുന്ന പദ്ധതിയാണ് ഫോർട്ടികൾച്ചർ തെറാപ്പി. ശാരീരികവും മാനസികവുമായ ബുദ്ധിമുട്ടുകൾ നേരിടുന്നവർക്ക് ശാരീരികവും, മാനസികവും, സാമൂഹികവും, സാമ്പത്തികവുമായ വികസനമാണ് ഫോർട്ടികൾച്ചർ തെറാപ്പിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. മനഃശാസ്ത്രം, ചൈൽഡ് ഡെവലപ്പ്മെന്റ്, ബിഹേവിയർ സയൻസ്, ഗാർഡനിംഗ്, ഫിസിയോതെറാപ്പി തുടങ്ങിയ വിഷയങ്ങളെ ഉൾക്കൊള്ളിച്ചാണ് ഹോർട്ടികൾച്ചർ തെറാപ്പിക്ക് രൂപം നൽകിയിട്ടുള്ളത്. സസ്യങ്ങളും സസ്യഭാഗങ്ങളും ഉപയോഗിച്ചുള്ള ഒരു പഠന രീതിയാണ് ഇത്. പ്രായഭേദമന്യേ ആർക്കും പരിശീലിക്കാവുന്ന ഒരു കർമ്മ പദ്ധതിയാണിതെങ്കിൽ അവർക്ക് ഒരു വരുമാനമാർഗമായും ഇതിനെ വളർത്തിയെടുക്കാം. ശാരീരികവും മാനസികവുമായ വൈകല്യങ്ങൾ നേരിടുന്നവരുടെ വികസനത്തിന് അനുയോജ്യമായ ഒരു രീതിയാണ് ഹോർട്ടികൾച്ചർ തെറാപ്പി. കുട്ടികൾക്കാണ് ഇത് അനുയോജ്യം എന്ന് കാർഷിക സർവ്വകലാശാലയുടെ പഠനങ്ങൾ തെളിയിക്കുന്നു. ഇതിലേക്കായി ഹോർട്ടികൾച്ചർ തെറാപ്പി ഗാർഡൻ ഉണ്ടാക്കുന്നു. ഇത് രോഗിക്ക് അനുയോജ്യവും രോഗിയുടെ ആശയങ്ങൾ അനുസരിച്ചുമായിരിക്കും നിർമ്മിക്കുന്നത്. രോഗിയുടെ അവസ്ഥ കണക്കിലെടുത്ത് പല രീതികളിലുള്ള പൂന്തോട്ടങ്ങൾ നിർമ്മിക്കാം. ഹോർട്ടികൾച്ചർ തെറാപ്പിയിലൂടെ രോഗിയുടെ സാമ്പത്തിക വികസനവും ഉന്നം വയ്ക്കുന്നുണ്ട്. ഹോർട്ടികൾച്ചർ തെറാപ്പി ഗാർഡനിലൂടെ ഉൽപാദിപ്പിക്കുന്ന പച്ചക്കറികളുടെ പൂക്കളുടെയും വിൽപ്പനയിലൂടെയും, ഹോർട്ടികൾച്ചർ തെറാപ്പിയിലൂടെ പരിശീലിപ്പിക്കുന്ന കരകൗശലവസ്തുക്കളുടെ നിർമ്മാണത്തിലൂടെയും രോഗിക്ക് ഒരു സ്ഥിര വരുമാനം ഉണ്ടാകാൻ സാധിക്കുകയും അതിലൂടെ ഒരു സാമ്പത്തിക അടിത്തറ പണിയുവാൻ കഴിയുകയും ചെയ്യും. അതുകൊണ്ട് തന്നെ ഹോർട്ടികൾച്ചർ തെറാപ്പി സ്കൂൾതലത്തിലെ കുട്ടികൾക്ക് നൽകുകയാണെങ്കിൽ അവർക്ക് കൃഷിയെക്കുറിച്ചും കൃഷിരീതികളെക്കുറിച്ചും മനസ്സിലാക്കാൻ സാധിക്കുകയും അവരുടെ വികസനം ഒരു പരിധിവരെ സാധ്യമാക്കാൻ ഉതകുകയും ചെയ്യും.

# സർക്കാർ സ്വാകാര്യമേഖലകളിലെ ആരോഗ്യരക്ഷാവിതരണം

**ഡോ. വി.ജി. ഉദയകുമാർ**

*ജനറൽ സെക്രട്ടറി, ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇൻഡ്യ*

ആരോഗ്യമേഖലയിൽ ഒട്ടേറെ നേട്ടങ്ങൾ കൈവരിച്ച കേരളത്തിന്റെ ആരോഗ്യ മാതൃക ഇന്ന് ഒട്ടേറെ പ്രതിസന്ധികളെ അഭിമുഖീകരിച്ചു കൊണ്ടിരിക്കുകയാണ്. ഉയർന്ന രോഗാതുരത, പുതിയ പകർച്ചവ്യാധികളുടെ ആവിർഭാവം, തുടച്ചുനീക്കപ്പെട്ട വ്യാധികളുടെ പുനരാവർത്തനം, സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യനിലവാരത്തകർച്ച, വർദ്ധിച്ച അപകടങ്ങൾ രോഗാതുരമായ വർദ്ധിച്ചുവരുന്ന വൃദ്ധജനസംഖ്യ, മാനസികരോഗങ്ങളിലുണ്ടായ വർദ്ധനവ്, വർദ്ധിച്ച ആത്മഹത്യാനിരക്ക് തുടങ്ങിയവയാണ് പ്രധാന പ്രശ്നങ്ങൾ. പുത്തൻസാമ്പത്തിക നയങ്ങളുടെ ഭാഗമായി ആരോഗ്യരംഗം അടക്കമുള്ള മേഖലകളിൽ നിന്നുള്ള സർക്കാരിന്റെ പടിപടിയായുള്ള പിന്മാറ്റം, പൊതുമേഖലയിൽ പടിപടിയായി നടക്കുന്ന ആഭ്യന്തര സ്വാകാര്യവൽക്കരണം, ആഗോളവൽക്കരണ നയങ്ങൾ പിൻതുടരുന്നതിന്റെ ഭാഗമായി ചികിത്സാചെലവിലുണ്ടായ വർദ്ധനവ് എന്നിവ പ്രശ്നങ്ങളെ കൂടുതൽ സങ്കീർണ്ണമായിട്ടുണ്ട്.

ഉയർന്നരോഗാതുരതയിൽ ഏറ്റവും വലിയ പങ്ക് ജീവിതശൈലിജന്യരോഗങ്ങളുടെതാണ്. ജീവിതശൈലികളിലും ആഹാരരീതികളിലും വന്ന ആശാസ്യമല്ലാത്ത പ്രവണതകളാണ് ഇവയ്ക്ക് കാരണമെങ്കിലും അവിടെ ഇടപെടുന്നതിന് ഫലപ്രദമായ പരിപാടികൾ ആരോഗ്യരംഗത്ത് കാണുന്നില്ല. എന്നാൽ ഇവയുടെ തോത് വർദ്ധിപ്പിക്കുന്നതിനുള്ള ആസൂത്രിതമായ ഇടപെടലുകൾ കമ്പോളത്തിൽ പ്രകടമായി നിലനിൽക്കുന്നു. ഇറക്കുമതി ചെയ്ത ഭക്ഷണത്തിന്റെയും ജനിതക മാറ്റം വരുത്തിയ ഭക്ഷണത്തിന്റെയും ഉപയോഗം, ഉപ്പിന്റേയും പൂരിതകൊഴുപ്പിന്റേയും അമിത ഉപയോഗം എന്നിവ പ്രമേഹം, അധികരക്തസമ്മർദ്ദം, പൊണ്ണത്തടി, ഹൃദ്രോഗം, അധികകൊഴുപ്പ് എന്നിവയുണ്ടാക്കുന്നു. കൂടാതെ ലോകവ്യാപകമായി സാമ്പത്തികവും സാമൂഹികവുമായി നടത്തപ്പെടുന്ന സംയോജനം പകർച്ചവ്യാധികളുടെ വ്യാപനം വേഗത്തിലായിരിക്കുന്നു. അപ്രകാരം പക്ഷിപ്പനിയും, പന്നിപ്പനിയും ആഗോളപ്രശ്നങ്ങളായി മാറുകയും അതിന്റെ പേരിൽ തന്നെ കുത്തകകൾ ദരിദ്രരാജ്യങ്ങളെ കൊള്ളയടിക്കുകയും ചെയ്യുന്നു. പൊതുവേ ആഗോളവൽക്കരണം രോഗാതുരത വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യമൊരുക്കുമ്പോൾ തന്നെ ചികിത്സ ചെലവേറിയതാക്കിക്കൊണ്ട് അധികസാമ്പത്തിക ഭാരം സാധാരണക്കാരുടെ മേൽ അടിച്ചേൽപ്പിക്കുകയാണ് ചെയ്യുന്നത്. ഈ ചൂഷണത്തിന് ആക്കം കൂട്ടുന്നതിനും രാജ്യത്തിന്റെ സമ്പത്ത് കൊള്ളയടിക്കുന്നതിനുമായി ആരോഗ്യ-ഇൻഷുറൻസ് പദ്ധതിയാണ് ഒരു ബദലായി അവതരിപ്പിക്കപ്പെടുന്നത്. അത് പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കുകയും നിലവിലുള്ള സംവിധാനം ദുർബലപ്പെടുത്തുകയുമാണ് ചെയ്യുക. ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ള രാഷ്ട്രീയ ഭീമാ യോജന, സംയോജിത ആരോഗ്യഇൻഷുറൻസ് എന്നിവയൊക്കെ ലക്ഷ്യമിടുന്നത് ഇത് തന്നെയാണ്. ഈ

പ്രതിസന്ധി നേരിടുന്നതിന് ലഭ്യമായ തനതു ബദലുകൾ ശക്തിപ്പെടുത്തിക്കൊണ്ട് ആരോഗ്യ മേഖലയിൽ ഇടപെടുകയാണ് വേണ്ടത്. എന്നാൽ നിർദ്ദിഷ്ട ഇൻഷുറൻസ് പദ്ധതികളിൽ നിന്നും ആയുർവേദം ഒഴിവാക്കപ്പെടുകയാണ് ചെയ്തിട്ടുള്ളത്. ഇതുവഴി ജനങ്ങളിൽ നിന്നും പരമ്പരാഗതവൈദ്യൻ അകറ്റി നിർത്തപ്പെടുകയും ഒരു ബദലായി തനതുസമ്പ്രദായം ഉയർന്നുവരുന്നതിനുള്ള സാധ്യത ഇല്ലാതാക്കുകയുമാണ് പുത്തൻ സാമ്പത്തിക പരിഷ്കർത്താക്കൾ ചെയ്തിരിക്കുന്നത്. ഇതുവഴി ആയുർവേജചികിത്സയിൽ നിന്നും സാധാരണജനങ്ങൾ അകന്നുപോകുന്ന കാഴ്ചയാണ് ഇപ്പോഴുള്ളത്. കേരളത്തെ സംബന്ധിച്ചിടത്തോളം പരമ്പാരഗതവൈദ്യത്തിന്റെ ശക്തമായ സാന്നിദ്ധ്യവും സ്വാധീനവും സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്. അത് യുക്തമായ സ്ഥാനത്ത് പ്രതിഷ്ഠിക്കാനായാൽ കേരളത്തിന് ആരോഗ്യമേഖലയിൽ മുന്നേറാനാവും എന്നതിൽ സംശയിക്കേണ്ടതില്ല. ദേശീയ ആരോഗ്യപ്രതിസന്ധികൾ ഉണ്ടായപ്പോൾ വിയറ്റനാം, നിക്കരാഗ്വ തുടങ്ങിയ രാജ്യങ്ങൾ പരമ്പരാഗതവൈദ്യത്തെ മുൻനിർത്തി സ്വീകരിച്ച നടപടികൾ നമ്മെ അതാണ് പഠിപ്പിക്കുന്നത്. ഈ കാഴ്ടപ്പാടോടുകൂടിയ സമീപനമാണ് സർക്കാർ സ്വകാര്യ മേഖലകളിലൂടെയുള്ള ആയുർവേദആരോഗ്യരക്ഷാവിതരണത്തിന് നാം സ്വീകരിക്കേണ്ടത്.

# ശാരീരിക മാനസിക വൈകല്യങ്ങൾ നേരിടുന്നവരുടെ സമഗ്ര വികസനം

**വി. സതീശചന്ദ്രൻ നായർ**

*റിഹാബിലിറ്റേഷൻ ഓഫീസർ, വൊക്കേഷണൽ റിഹാബിലിറ്റേഷൻ സെന്റർ, തിരുവനന്തപുരം*

1982 ഡിസംബർ 3–ാം തീയതി ഐക്യരാഷ്ട്ര സഭ ജനറൽ അസംബ്ലി അതിന്റെ മുപ്പത്തിയേഴാമത് സെഷനിൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ സമഗ്രമായ വികസനലക്ഷ്യമിട്ട് ലോകത്തെമ്പാടും ഒരേപോലെ ബാധകമായ കർമ്മപരിപാടി (World Programme of Action Cocerning Disabled Persons) അംഗീകരിച്ചു. ലോകചരിത്രത്തിൽ ആദ്യമായാണ് വ്യക്തമായ കാഴ്ചപ്പാടോടും ധാരണയോടുംകൂടി പാർശ്വവൽക്കരിക്കപ്പെട്ട ഈ ജനവിഭാഗത്തിന്റെ സമഗ്രമായ വികസന ലക്ഷ്യങ്ങളും കർമ്മപരിപാടികളും യാതൊരു അർത്ഥശങ്കക്കും ഇടംകൊടുക്കാതെ ഐക്യരാഷ്ട്രസഭ മുന്നോട്ടുവച്ചത്. ഈ പരിപാടികൾ വികസിത–വികസ്വര–അവികസിത രാജ്യങ്ങളെന്ന വേർതിരിവില്ലാതെ എല്ലാ രാജ്യങ്ങൾക്കും ഒരേപടി ബാധകമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. അതുപോലെതന്നെ വൈകല്യബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള അന്തിമമായ ഉത്തരവാദിത്വം സർക്കാരിൽ നിക്ഷിപ്തമാണെന്നും വ്യക്തമാക്കപ്പെട്ടു. ഗുരുതരമായ ശാരീരിക മാനസിക വെല്ലുവിളികൾമൂലം പരാശ്രയം കൂടാതെ ജീവിക്കുവാൻ ബുദ്ധിമുട്ടുള്ളവർക്ക് മറ്റുള്ളവരുടെ ജീവിത നിലവാരത്തിന് തുല്യമായ ജീവിത സൗകര്യം ഒരുക്കേണ്ടതും സർക്കാരിന്റെ ഉത്തരവാദിത്വമായി അംഗീകരിച്ചു കഴിഞ്ഞു. ഈ വിഭാഗത്തിന്റെ നിത്യജീവിതത്തിൽ സഹായിയായി നിൽക്കുന്നവർക്കും അവരവരുടെ കാര്യങ്ങൾ നോക്കുന്നതിനുള്ള സൗകര്യം, വിശ്രമത്തിനും വിനോദനത്തിനുമുള്ള സൗകര്യം എന്നിവ ഉൾപ്പെടെയുള്ള സഹായം ലഭ്യമാക്കേണ്ടതാണെന്ന് അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ജീവിതത്തിന്റെ എല്ലാ മേഖലകൾക്കും ബാധകമായ ഈ കർമ്മപരിപാടിയുടെ പ്രസക്തിയും പ്രാധാന്യവും എക്കാലത്തും നിൽനിർത്തുന്നതിന് വേണ്ടിയാണ് കർമ്മ പരിപാടി അംഗീകരിച്ച ഡിസംബർ 3 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ അന്തർദേശീയ ദിനമായി ഐക്യരാഷ്ട്രസഭ അംഗീകരിച്ചത്.

ഈ കർമ്മ പരിപാടികളുടെ ലക്ഷ്യങ്ങൾക്ക് ഫലപ്രാപ്തി നേടിക്കൊടുക്കുന്നതിന് 2006 ഡിസംബർ 13– ാം തീയതി ഈ വിഭാഗങ്ങൾക്കു വേണ്ടിയുള്ള അവകാശ സംരക്ഷണ നിയമം (Un convention on the Rights of Persons with Disabilities) ഐക്യരാഷ്ട്രസഭ പാസ്സാക്കി. ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരുടെ അവകാശങ്ങളെയും പരിരക്ഷകളെയും സംബന്ധിച്ച അവസാന വാക്കായി ഈ നിയമത്തിനെ കണക്കാക്കുന്നു. ഈ സംരക്ഷണ നിയമം അംഗീകരിച്ച നിലയിൽ 1995 ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ തുല്യഅവസരങ്ങളും അവകാശസംരക്ഷണവും പൂർണ്ണപങ്കാളിത്തവും വിഭാവന ചെയ്യുന്ന നിയമവും 2006 ൽ പ്രഖ്യാപിച്ച ദേശീയനയവും ഭേദഗതികൾ ചെയ്യുന്നതിനുള്ള തീവ്രമായ പ്രവർത്തനം നടന്നുവരുന്ന ഈ കാലത്ത് ഇവർക്കുള്ള സമഗ്രവികസനത്തിനുള്ള നൂതനചിന്തകൾ ഏറ്റവും കലോചിതവും അനിവാര്യവുമാ

ണ്. 2003-2012 വരെയുള്ള ഈ ദശാബ്ദം ഇന്ത്യ ഉൾപ്പെടെയുള്ള ഏഷ്യൻ-പെസഫിക് രാജ്യങ്ങളിൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരെ എല്ലാ മേഖലകളിലേയ്ക്കും ഉൾപ്പെടുത്തുന്നതിനും അവസര സമത്വത്തിനുള്ള പ്രതിബന്ധങ്ങളെ പരമാവധി ഒഴിവാക്കി അവകാശങ്ങളിൽ ഊന്നൽ നൽകിയുള്ള ഒരു സാമൂഹ്യക്രമം കൈവരിക്കുന്നതിന് ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന ഈ കാലയളവിൽ ഈ വിഭാഗത്തിന്റെ സമഗ്രവികസനം ഏറ്റവും കൂടുതൽ പ്രാധാന്യവും പ്രസക്തിയും അർഹിക്കുന്നു.

''പുനരധിവാസം'' എന്ന ഒറ്റവാക്കുകൊണ്ട് നാം ഉദ്ദേശിക്കുന്നത് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പരമാവധി പരാശ്രയം കൂടാതെ ജീവിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനും അവരുടെ ശാരീരികവും ഇന്ദ്രിയപരവും ബുദ്ധിപരവും മാനസികവും സാമൂഹ്യവും തൊഴിൽപരവുമായ കഴിവുകൾ പരമാവധി വികസിപ്പിക്കുകയും അവ നിലനിർത്തുകയും സമൂഹത്തിന്റെ മേഖലകളിലേയ്ക്ക് അവരെ ഉൾപ്പെടുത്തുകയും അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുന്ന പ്രക്രിയ എന്നാണ്. ഇതുവഴി പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗത്തിന് അന്തസ്സും നീതിയും ഉറപ്പുവരുത്തി സമൂഹത്തിന്റെ മുഖ്യധാരയിലും മുൻനിരയിലും എത്തിക്കുന്നതിനുള്ള ബോധപൂർവ്വമായ പ്രവർത്തനത്തിന് സമൂഹം ഒത്തൊരുമിച്ച് പിന്തുണ നൽകേണ്ട സമയാണിത്.

''കൂട്ടായ്മയിലൂടെ പുനരധിവാസം'' എന്ന ചിന്താസരണിക്ക് പ്രാമുഖ്യം നൽകുന്നതിനും ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിവിധ ജനവിഭാഗങ്ങൾക്ക് അവരുടെ പരിമിതികളും പ്രത്യേക കഴിവുകളും ശാസ്ത്രീയമായും സമഗ്രമായും വിശകലനം ചെയ്ത് അവരവർക്ക് ചെയ്യാൻ കഴിയുന്ന തൊഴിൽ പരിശീലനം/തൊഴിൽ/മറ്റുസേവനങ്ങൾ എന്നിവ സർക്കാർ, സർക്കാരിത സ്ഥാപനങ്ങൾ, പ്രൈവറ്റ്, സഹകരണ സംഘങ്ങൾ, സ്വയംസഹായ പ്രസ്ഥാനങ്ങൾ, ഗ്രൂപ്പ് എംപ്ലോയ്മെന്റ് പ്രോഗ്രാമുകൾ, കോൺട്രാക്ട് ജോലികൾ, സ്വയംതൊഴിൽ ഉൾപ്പെടെയുള്ള എല്ലാ തൊഴിൽ മേഖലയിലേയ്ക്കും വ്യാപിപ്പിച്ച് സാമ്പത്തിക സ്വാശ്രയത്വം ഉൾപ്പെടെയുള്ള കാര്യങ്ങൾ കൈവരിക്കുന്നതിനും അതുവഴി ഈ ജനവിഭാഗത്തിന്റെ പങ്കാളിത്തം എല്ലാ മേഖലയിലേയ്ക്കും വ്യാപിപ്പിക്കുന്നതിനും സമൂഹത്തിന്റെ മുഖ്യധാരയിലും മുൻനിരയിലും എത്തിക്കുന്നതിനുള്ള പരിശ്രമങ്ങൾക്ക് ആക്കം കൂട്ടുന്നതിന് പ്രചോദനം നൽകുന്നതിന് വൊക്കേഷണൽ റിഹാബിലിറ്റേഷൻ സെന്റർ (VRC) പോലുള്ള സ്ഥാപനങ്ങൾക്ക് കഴിയും.

ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരുടെ പുനരധിവാസ രംഗത്ത് സഹകരണ സംഘങ്ങളുടെയും സ്വയംസഹായ പ്രസ്ഥാനങ്ങളുടെയും പ്രാധാന്യം ഐക്യരാഷ്ട്ര സഭ ഊന്നിപ്പറഞ്ഞിട്ടുണ്ട്. വളരെ ശക്തമായ സഹകരണ പ്രസ്ഥാനത്തിന്റെ ഈറ്റില്ലായ്മ കേരളത്തിൽ സഹകരണ മേഖലയ്ക്ക് നൂതനമായ ഉദ്യമങ്ങൾ വഴി ബഹുഭൂരിപക്ഷം ആളുകൾക്കും അവരവരുടെ കഴിവുകൾക്ക് അനുയോജ്യമായ ജോലി നൽകാൻ കഴിയും.

ത്രിതലപഞ്ചായത്ത് സംവിധാനം വളരെ ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കുന്ന നമ്മുടെ സംസ്ഥാനത്ത് അതത് സ്ഥലത്തെ ആളുകളുടെ ആവശ്യമനുസരിച്ച് നൂതനമായ സംരംഭങ്ങൾ വിജയകരമായി നടത്താൻ കഴിയുമെന്ന് ഇതിനകം തെളിയിച്ചുകഴിഞ്ഞു. ഇതര സംസ്ഥാനങ്ങൾ പിന്നിലാക്കി പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗത്തിന് ക്ഷേമ ഐശ്വര്യങ്ങൾ ലഭ്യമാക്കുന്നതിന് ആസൂത്രിതമായ ശ്രമങ്ങൾ നടത്തുന്ന വിവിധ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ മുതലയാവയുടെ ആത്മാർത്ഥമായ സഹകരണം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൂതനമായ സംരംഭങ്ങളുമായി മുന്നോട്ടുപോകുന്നതിന് സമഗ്രമായ പുനരധിവാസം ഉറപ്പാക്കുന്നതിനും സഹായിക്കും.

# REHABILATATION- PAST, PRESENT & FUTURE

**Dr. Surendran. A**

*Associate Professor, Department of Physical Medicine& Rehbilitation*
*Medival College, Thiruvananthapuram.*

Rehbilitation is the comined and co-ordinated use of medical, social educational, vocational and recreational measure for retraining an individual to the highest possible level of function ; it also includes preventing or limiting the imapct of disabilities consequent to the disease or injury.

The World Health Organisation (WHO) defines health as as state of physical, mental and social well- being and not merely the absence of any disease.

The consequence of any disease or injury are impairement ( anatomical or physiological loss of functions ), which leads to fisabilities( inability to carry out the basic ADLs independently) and handicap ( inability to carry out the extended or complex or instrumental ADLs independently(. Basic ADLs refer to activities such as a personal hygiene, eating, and moving from place to place. Extended ADLs refer to such activities as engaging ina na occupation or partaking in social or recreational activities. Diseases or injuries cause a disrupton of the above functions as a whole or in part, and the affected individual loses his independence and has to depend on other endividuals (care-givers) or equipment (assistive devices ) for completion of these tasks.

Rehabilitation Medicine aims at bringing these disabled indivuduals back to thier pre-morbid status. This is achieved by the combined and co-ordinated team of Rehabilitation professionalsl, which includes the physiatrainst ( the team leader- a medical graduate with post- graduation in Rehabilitation Medivine), Physotherapist, occupational therapist, orthotic & prosthetic technicians, clinical psychologists, social workers, speech and language pathologists etc.

Rehablitation Medicene was a branch of Orthopaedic Surgery in the past, since majority of the disabilities were caused by musculoskeletal problems. But, of late , it has evolved into a separate speciality which caters to the total care of a disabled individual, whatever the causr may be. Post- graduate courses in this branch have been introduced in the Medical College to train more people in the speviality. Special Rehabilitation Medicine units have been started at the District levels and physiatrists have been appointed in these units.

The recent trend is a shift from the Institution to the Community. Community Based Rehabilitation ( CBR) is found to be more effective in tackling the problem since it actively involves the community in the programme.

# ഭാരതീയ ചികിത്സാ വകുപ്പിന്റെ ഭാവി പ്രവർത്തനങ്ങൾ - രൂപരേഖ

**ഡോ. അനിത ജേക്കബ്,**

*ഡയറക്ടർ, ഭാരതീയ ചികിത്സാവകുപ്പ്, തിരുവനന്തപുരം.*

1. പഞ്ചായത്തുകളിലെ നിലവിലുള്ള ഡിസ്പെൻസറികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക.
2. കൂടുതൽ രോഗികൾ വരുന്ന 50 ബെഡ്ഡുള്ള ആശുപത്രി 100 ബെഡ്ഡാക്കി ഉയർത്തുക
3. ജില്ലാ ആശുപത്രികളെയും താലൂക്കാശുപത്രികളെയും മേൽത്തട്ട് രോഗികൾക്കും പ്രാപ്യമാക്കാവുന്ന നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികൾ.
4. ജില്ലാ ആശുപത്രികളിൽ പ്രതിദിനം സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ പ്രവർത്തിപ്പിച്ച് ഏറ്റവും പാവപ്പെട്ട രോഗികൾക്ക് വിദഗ്ദ്ധ ചികിത്സാ സൗകര്യം ലഭ്യമാക്കുക
5. ജീവിതശൈലീജന്യരോഗങ്ങൾക്ക് പ്രത്യേക ക്ലിനിക്കുകൾ ഫലപ്രദമായി നടപ്പാക്കുക.
6. നിലവിലുള്ള രോഗപ്രതിരോധ ക്ലിനിക്കുകളെ കൂടുതൽ ഊർജ്ജിതമാക്കുക.
7. ആരോഗ്യ സ്ഥാപനങ്ങൾ തീർത്തും അപ്രാപ്യമായ സ്ഥലങ്ങളിൽ മൊബൈൽ യൂണിറ്റുകൾ ഏർപ്പെടുത്തുക.
8. ഡിപ്പാർട്ടുമെന്റിലെ പി.ജി.യുള്ള ഡോക്ടർമാരെ, ഫലപ്രദമായി പ്രത്യേക ക്ലിനിക്കുകൾ തുടങ്ങാനായി സജ്ജരാക്കുക.
9. സ്കൂൾതലത്തിൽ ആയുർവ്വേദ പാഠ്യ പദ്ധതി നടപ്പിലാക്കാനുള്ള പ്രവർത്തനം, അതോടൊപ്പം കുട്ടികളിലെ ശാരീരികവും,മാനസികവുമായ ആരോഗ്യത്തിന് ആയുർവ്വേദത്തോടൊപ്പം യോഗ പരിശീലനവും നടപ്പാക്കുക.
10. ഗർഭിണീചര്യ, പ്രസവാനന്തര ശുശ്രൂഷ എന്നിവക്ക് കൂടുതൽ പ്രചാരം നൽകി ആരോഗ്യമുള്ള ഭാവി തലമുറയെ വാർത്തെടുക്കാനുള്ള പ്രവർത്തനം.
11. ആധുനിക ചികിത്സാ നിർണ്ണയോപാധികൾ ജില്ലാ ആശുപത്രികളിൽ നടപ്പിലാക്കുക.
12. മരുന്നുകൾക്കായും സ്ഥാപനത്തിന്റെ വികസനത്തിനായും ഫണ്ടുകൾ കേന്ദ്ര-സംസ്ഥാന സർക്കാർ തലങ്ങളിൽ നിന്നും ലഭ്യമാക്കുക
13. ആശുപത്രികളെയും, ഡിസ്പെൻസറികളെയും മാലിന്യമുക്തമാക്കാൻ ജൈവ-മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ ആസൂത്രണം ചെയ്യുക.
14. ആയുർവ്വേദ ചികിത്സ സ്വീകരിക്കുന്ന വ്യക്തികൾക്ക് രോഗത്തിനെ അടിസ്ഥാനമാക്കി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാനുള്ള പ്രവർത്തനം.
15. ഫാർമസിസ്റ്റ് മുതലുള്ള കീഴ്ജീവനക്കാർ, ഭരണതലത്തിലെ ജീവനക്കാർ എന്നിവരുടെ പ്രവർത്തന നിലവാരം മെച്ചപ്പെടുത്താനുള്ള പദ്ധതി ആസൂത്രണം ചെയ്യുക.
16. ഭാരതീയ ചികിത്സാ വകുപ്പിലെ ജീവനക്കാർക്കും ഡോക്ടർമാർക്കും ശമ്പളപരിഷ്കരണം ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക

# ആയുർവേദ വിദ്യാഭ്യാസ മേഖലയുടെ പുരോഗതി - ചില മാർഗനിർദേശങ്ങൾ

**ഡോ.കെ.ജ്യോതിലാൽ,**
*പ്രൊഫസർ (റിട്ട.), ഗവ: ആയുർവേദ കോളേജ്, തിരുവനന്തപുരം*

ഇന്ത്യ ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തിൻ കീഴിലായിരുന്ന കാലഘട്ടത്തിലാണ് ഭാരതത്തിന്റെ തനതു ചികിത്സാ സമ്പ്രദായം എന്ന ഖ്യാതി നേടിയിരുന്ന ആയുർവേദം തീരെ അവഗണിക്കപ്പെട്ട സ്ഥിതിയിലായത്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ, ഈ ചികിത്സാ ശാസ്ത്രത്തിനു മുൻകാല സാമൂഹികാംഗീകാരം തിരികെ ലഭിക്കുന്നതിനും, കാലോചിതമായി അക്കാഡമിക്ക് ഗവേഷണ രംഗങ്ങളിൽ അലോപ്പതിയെപ്പോലെ കുതിച്ചുയരുന്നതിനും ആവശ്യമായ പിന്തുണ ഇന്ത്യൻ ഭരണാധികാരികളിൽ നിന്നും വേണ്ടത്ര ഉണ്ടായതുമില്ല. കേരള സംസ്ഥാനത്ത് ഇടതുപക്ഷ സർക്കാർ അധികാരത്തിലിരുന്ന കാലങ്ങളിൽ മാത്രമാണ് പ്രതീക്ഷ നൽകുന്ന എന്തെങ്കിലുമൊക്കെ ഈ മേഖലയിൽ നടപ്പിലാക്കിയത്. ഗുജറാത്തിൽ ആയുർവേദ സർവകലാശാല പ്രത്യേകമുണ്ടായി, രാജസ്ഥാനിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടും രൂപീകരിക്കപ്പെട്ടു. ആയുർവേദത്തിന്റെ ഈറ്റില്ലമെന്നു പേരു കേട്ട കേരളത്തിൽ എന്തുകൊണ്ട് ഇത്തരം സംഗതികൾ ഉണ്ടാകുന്നില്ല എന്നത് വിശകലനം ചെയ്യേണ്ടതുണ്ട്.

കേരളത്തിലെ സർക്കാർതല പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ഇപ്പോഴും ആയുർവേദം ഉൾപ്പെടുത്തപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് ആയുർവേദ കോളേജുകളിൽ 15 വിഷയങ്ങളിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ നടന്നു വരുന്നുണ്ട്. സ്പെഷ്യലിസ്റ്റുകളെ ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി ഐ.എസ്.എം. വകുപ്പു വഴി ഉപയോഗപ്പെടുത്താത്ത സ്ഥിതിയിൽ ഇത്തരം സ്പെഷ്യാലിറ്റി കോഴ്സുകൾ അർത്ഥശൂന്യമായിപ്പോകുന്നു. ഈ വകുപ്പിനു കീഴിലുള്ള ജില്ലാ - താലൂക്ക് ആശുപത്രികളിലെങ്കിലും നിലവിലുള്ള എല്ലാ ക്ലിനിക്കൽ സ്പെഷ്യാലിറ്റികൾക്കും ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് സ്പെഷ്യലിസ്റ്റുകളുടെ സേവനം ജനങ്ങളിലെത്തിക്കാൻ പദ്ധതികൾ ആവിഷ്കരിക്കപ്പെടേണ്ടതുണ്ട്. 24 പി.ജി.കോഴ്സുകൾ ആയുർവേദ വിദ്യാഭ്യാസത്തിന്റെ ഉന്നതാധികാര സമിതിയായ സി.സി.ഐ.എം. നടപ്പിലാക്കിയിട്ടുണ്ടെങ്കിലും, കേരളത്തിൽ കേവലം 15 പി.ജി. പഠനം മാത്രമേ നടക്കുന്നുള്ളൂ. കേരളത്തിലെ എല്ലാ സർക്കാർ ആയുർവേദ കോളേജുകളിലും അത്യാവശ്യം ഇൻഫ്രാസ്ട്രക്ച്ചറുള്ള എയ്ഡഡ് കോളേജുകളിലും ബാക്കി പി.ജി.കോഴ്സുകൾ അടുത്ത അഞ്ചു വർഷത്തിനുള്ളിൽ ആരംഭിച്ച് ഇതര സംസ്ഥാനങ്ങളേക്കാൾ അക്കാഡമിക്ക് തലത്തിൽ നാം മുന്നിൽ എന്ന സ്ഥിതി ഉണ്ടാക്കണം.

120 വർഷങ്ങളുടെ പാരമ്പര്യമുള്ള കലാലയം എന്ന നിലയ്ക്ക് തിരുവനന്തപുരം ആയുർവേദ കോളേജിനെ സെന്റർ ഓഫ് എക്സലൻസ് പദവി നൽകി കേന്ദ്ര സർക്കാരിൽ നിന്നും കൂടുതൽ ഫണ്ട് ലഭ്യമാക്കാൻ കഴിയും. ഈ പൈതൃക സമ്പത്തിനെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടാക്കി അംഗീകരിക്കാൻ കേന്ദ്ര സർക്കാരിനു കൈമാറണമെന്ന വ്യവസ്ഥ അസ്വീകാര്യമാണ്. പകരം അതേ പദവി നൽകി ആദരിക്കുകയും കേന്ദ്ര സർക്കാർ ധനസ

ഹായം ലഭ്യമാക്കുകയും വേണം. സംസ്ഥാനത്ത് ഒരു ആയുർവേദ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് രൂപീകരിക്കാനുള്ള നടപടികൾ സമാന്തരമായി ആവിഷ്കരിക്കണം. പേവാർഡുകൾ, ജനറൽ വാർഡുകൾ എന്നിവ ഏറ്റവും ആധുനികമായ രീതിയിൽ സർക്കാർ ആയുർവേദ കോളേജ് ആശുപത്രികളിൽ ഇല്ല എന്ന പോരായ്മയിൽ സ്വകാര്യ ചികിത്സാ സ്ഥാപനങ്ങളും റിസോർട്ടുകളും മുതലെടുക്കുന്ന സാഹചര്യം മനസിലാക്കിക്കൊണ്ട് പരിഷ്കരണ പദ്ധതികൾ ഉണ്ടാവേണ്ടതുണ്ട്.

അദ്ധ്യാപക നിയമനം, പഠന സംവിധാനങ്ങൾ എന്നിവ തൃപ്തികരമാണെന്നു പറയാൻ കഴിയും വിധമല്ല മിക്ക ആയുർവേദ സ്വാശ്രയ കോളേജുകളുടെയും സ്ഥിതി. ആയുർവേദ സ്പെഷ്യൽ റൂൾ മാനദണ്ഡമാക്കിയുള്ള അദ്ധ്യാപക നിയമനങ്ങളും പ്രൊമോഷനുകളും മെഡിക്കൽ സർവകലാശാലയുടെ കർശനമായ നിഷ്കർഷകളിലൂടെ വിദ്യാർത്ഥികൾക്കുള്ള പഠന സൗകര്യങ്ങളും ഇത്തരം കോളേജുകളിൽ ഉറപ്പാക്കണം. മെഡിക്കൽ കോളേജ് അദ്ധ്യപകർക്കു തുല്യമായ വേതനം, ആയുർവേദ അദ്ധ്യാപകർക്ക് നൽകിക്കൊണ്ട് 1998 ൽ ഇടതുപക്ഷ സർക്കാർ എടുത്ത ശ്രദ്ധേയമായ നടപടി പില്ക്കാലങ്ങളിൽ തുടരാൻ സർക്കാരുകൾ മടിക്കുന്നുണ്ട്. 2010 ൽ ഏകപക്ഷീയമായി മെഡിക്കൽ കോളേജ് അദ്ധ്യാപകരുടെ ശമ്പളം ഉയർത്തിയപ്പോഴും ഈ അവഗണന തുടരുകയാണ്.

നിലവിലുള്ള സർക്കാർ കോളേജുകളുടെ ക്ലാസ് മുറികൾ, പ്രാക്ടിക്കൽ ക്ലാസുകൾ എന്നിവ ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തി പരിഷ്കരിക്കേണ്ടിയിരിക്കുന്നു. ആയുർവേദത്തിലെ നഴ്സിംഗ്, ഫാർമസി ഡിഗ്രി കോഴ്സുകളുടെ ആദ്യ ബാച്ച് വിദ്യാർത്ഥികൾ ഉത്തര കേരളത്തിലെ ഒരു സ്വാശ്രയ കോളേജിൽ നിന്നും പുറത്തിറങ്ങിയിട്ടും സർക്കാർ ആയുർവേദ കോളേജുകളിൽ ഈ ഡിഗ്രി കോഴ്സുകൾ ഇനിയും ആരംഭിച്ചിട്ടില്ല; ഇവയ്ക്കുള്ള സംസ്ഥാന കൗൺസിലുകളും രൂപീകരിച്ചിട്ടില്ല. ഈ അപാകതകളും പരിഹരിക്കപ്പെടേണ്ടതാണ്.

# പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളും ആരോഗ്യമേഖലയും (ഹോമിയോപ്പതി)

**ഡോ. ബി.എസ്. രാജശേഖരൻ**
*മെമ്പർ, റ്റി.സി. മെഡിക്കൽ കൗൺസിൽ*

അധികാര വികേന്ദ്രീകരണത്തിലൂടെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കു ലഭ്യമായ പ്രാദേശിക ആസൂത്രണത്തിനുള്ള സാധ്യത വളരെ പ്രയോജനപ്പെട്ടതാണ് ഹോമിയോപ്പതി ചികിത്സാ സേവന മേഖല. സേവനത്തിന്റെ ഗുണപരത വർദ്ധിപ്പിക്കുന്നതിലും പ്രാദേശിക ആവശ്യങ്ങൾക്കനുസൃതമായി പ്രോജക്ടുകൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിലും ലഭ്യമായ അവസരം ഈ മേഖലയിൽ ഒട്ടനവധി എണ്ണപ്പെട്ട മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. ഹോമിയോപ്പതി വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന 526 ഡിസ്പൻസറികളിൽ 483 എണ്ണവും പ്രവർത്തിക്കുന്നത് ഗ്രാമപഞ്ചായത്തുകൾക്കു കീഴിൽ ഗ്രാമീണ പ്രദേശങ്ങളിലായതുകൊണ്ടുതന്നെ വികേന്ദ്രീകൃതാസൂത്രത്തിന്റെ പ്രയോജനം ഗ്രാമീണ ജനങ്ങൾക്ക് വലിയ തോതിൽ ലഭ്യമാക്കാനുള്ള അവസരം കൈവന്നിട്ടുണ്ട്.

പൊതുവായി ഈ മേഖലയിലെ മാറ്റങ്ങളെ രണ്ടായി തിരിക്കാം. പശ്ചാത്തല സൗകര്യ വികസനം, സേവന ഗുണമേന്മ മെച്ചപ്പെടുത്തൽ എന്നിങ്ങനെ.

### പശ്ചാത്തല സൗകര്യ വികസനം :

കെട്ടിടങ്ങൾ, ഫർണിച്ചറുകൾ, ഉപകരണങ്ങൾ എന്നിങ്ങനെ പശ്ചാത്തല സൗകര്യ വികസനത്തെ വിലയിരുത്താം.

***കെട്ടിടങ്ങൾ***

1. പുതിയ കെട്ടിടങ്ങൾ
2. പഴയ കെട്ടിടങ്ങളുടെ മെച്ചപ്പെടുത്തൽ
3. അറ്റകുറ്റപണികൾ

2007–2008 സാമ്പത്തിക വർഷം ഈ ഇനത്തിലായി 81.10 ലക്ഷം രൂപയും 2008–09 സാമ്പത്തിക വർഷം 132.36 ലക്ഷം രൂപയും 2009–10 സാമ്പത്തിക വർഷം 166.40 ലക്ഷം രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്. ഓരോ വർഷവും ക്രമാനുഗതമായ വർദ്ധന പ്രകടമാണ്.

### ഫർണിച്ചറുകൾ/ആശുപത്രി ഉപകരണങ്ങൾ

മറ്റു പ്രോജക്ടുകൾ എന്ന വിഭാഗത്തിലുൾപ്പെടുത്തിയാണ് ഫർണിച്ചറുകളും ആശുപത്രി ഉപകരണങ്ങളും വാങ്ങുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുള്ളത്.

### സേവന ഗുണമേന്മ മെച്ചപ്പെടുത്തൽ

ഡിസ്പൻസറികൾ, ആശുപത്രികൾ എന്നിവയിൽ നിന്നും മെച്ചപ്പെട്ട സേവനം ജനങ്ങൾക്കു ലഭിക്കുന്നതിനായി താഴെ പറയുന്ന കാര്യങ്ങൾ നടപ്പാക്കിയിട്ടുണ്ട്.

- *മെച്ചപ്പെട്ട മോണിറ്ററിംഗ്* – ജനപ്രതിനിധികളുടെ ഗുണപരമായ ഇടപെടലിലൂടെ സ്ഥാപനങ്ങൾ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കാൻ കഴിയുന്നുണ്ട്.
- *ഔഷധം ഉറപ്പാക്കൽ* – തടസ്സം കൂടാതെയുള്ള ഔഷധ ലഭ്യത സേവനം കൂടുതൽ മികവുറ്റതാക്കാൻ സഹായിച്ചിട്ടുണ്ട്. 2007–08 സാമ്പത്തിക വർഷം ഔഷധം വാങ്ങുന്നതിനു വേണ്ടി 144.82 ലക്ഷം രൂപയും 2008–09 ൽ 158.53

ലക്ഷം രൂപയും 2009-10 വർഷത്തിൽ 216.22 ലക്ഷം രൂപയും തദ്ദേശ ഭരണ സ്ഥാപനങ്ങൾ ചെലവഴിച്ചു.

- **ലബോറട്ടറി സൗകര്യം ഏർപ്പെടുത്തൽ**
- **സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ - ജീവിത** ശൈലി രോഗങ്ങളടക്കമുള്ള ഓരോ പ്രദേശത്തേയും പ്രധാനപ്പെട്ട ആരോഗ്യപ്രശ്നങ്ങൾക്കുവേണ്ടിയുള്ള പ്രത്യേക ക്ലിനിക്കുകൾ.
- **മെഡിക്കൽ ക്യാമ്പുകൾ / ബോധവത്ക്കരണ ക്ലാസ്സുകൾ**

ഈ ഇനത്തിൽ 2007-08 സാമ്പത്തിക വർഷം 6.03 ലക്ഷം രൂപയും 2008-09 വർഷത്തിൽ 16.55 ലക്ഷം രൂപയും 2009-10 ൽ 13.23 ലക്ഷം രൂപയും വിനിയോഗിച്ചിട്ടുണ്ട്. എങ്കിലും പൊതുജനാരോഗ്യ മേഖലയിൽ ഇനിയും കൂടുതൽ ഊന്നൽ നൽകേണ്ടതുണ്ട്.

- **രോഗ പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ**

**പുത്തൻ ഭരണ സമീപനത്തിന്റെ നേട്ടങ്ങളും പരിമിതികളും**

***നേട്ടങ്ങൾ***

- കാര്യക്ഷമത ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു.
- മെച്ചപ്പെട്ട സേവനം
- പ്രാദേശികാസൂത്രണത്തിൽ കൈവന്നിട്ടുള്ള വൈദഗ്ധ്യം
- പുത്തൻ ഭരണ സംസ്ക്കാരം
- ആരോഗ്യ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ഒത്തുചേർന്നുള്ള പ്രവർത്തനം.
- പ്രാദേശിക ആവശ്യങ്ങൾ കണ്ടെത്താനും പെട്ടെന്ന് പരിഹരിക്കാനും കഴിയുന്ന സാഹചര്യം

***പരിമിതികൾ***

- അപക്വവും അനവസരത്തിലുള്ളതുമായ ഇടപെടലുകൾ
- ജനപ്രതിനിധികളും ഉദ്യോഗസ്ഥരും തമ്മിലുള്ള ഉരസലുകൾ
- ജീവനക്കാരുടെ മേലുള്ള ഇരട്ട നിയന്ത്രണം
- തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കു വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ നടത്തിപ്പിന് വേണ്ടിയുള്ള "മാനേജ്മെന്റ് മാനുൽ" ലഭ്യമല്ലാതിരിക്കൽ - അതുവഴി ഉദ്യോഗസ്ഥനും ജനപ്രതിനിധികളും തമ്മിലുള്ള അനാവശ്യ തർക്കങ്ങൾ.
- സ്ഥിരം പ്രോജക്ടുകളിൽ നിന്നുമാറി വേറിട്ട ഉദ്യമങ്ങളുടെ അഭാവം.
- പൊതുജനാരോഗ്യ മേഖലയിൽ കൂടുതൽ ഊന്നൽ കൊടുക്കാതിരിക്കൽ.

**മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ**

- തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ മാനേജുമെന്റ് മാനുൽ നടപ്പിലാക്കൽ.
- ഇരട്ട നിയന്ത്രണം ഒഴിവാക്കുന്നതിനുള്ള നടപടിക്രമങ്ങൾ.
- തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റുമാർ, സ്ഥിരം സമിതി അദ്ധ്യക്ഷന്മാർ, നിർവ്വഹണോദ്യോഗസ്ഥർ എന്നിവരെ ഒന്നിച്ചിരുത്തി നടത്തുന്ന രീതിയിൽ പരിശീലന പരിപാടികളുടെ പരിഷ്ക്കരണം.
- ട്രെയിനിംഗ് ഫാക്കൽറ്റികളിൽ ഓരോ മേഖലകളിലെയും വിദഗ്ധരെക്കൂടി ഉൾപ്പെടുത്തൽ.

ചുരുക്കത്തിൽ കേരളത്തിലെ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഹോമിയോപ്പതി സേവന മേഖലയിൽ ഗുണകരമായ പങ്ക് നിർവ്വഹിക്കുവാൻ കഴിഞ്ഞിട്ടുണ്ട് എന്നുതന്നെയാണ് മുൻവർഷങ്ങളിലെ അനുഭവങ്ങൾ നൽകുന്ന പാഠം എന്നു പറയാം.

# ഗ്രാമീണ ആരോഗ്യ പ്രശ്നങ്ങളും ഹോമിയോപ്പതിയും

ഡോ. ബി.എസ്. രാജശേഖരൻ

**കേ**രളത്തിൽ നിലവിലുള്ള ആരോഗ്യ സംസ്ക്കാരം ഹോമിയോപ്പതി ഉൾപ്പെടെയുള്ള എല്ലാ ചികിത്സാ ശാഖകളെയും ഉൾക്കൊള്ളുന്ന തരത്തിലുള്ളതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും സർക്കാരിന്റേയും പൊതു സമീപനവും ഇതിൽ നിന്നും വ്യത്യസ്ഥമല്ല. അതുകൊണ്ടുണ്ടായ മെച്ചം ജനങ്ങൾക്ക് അനുയോജ്യമായതും താല്പര്യവുമുള്ള ചികിത്സ തെരഞ്ഞെടുക്കാനുള്ള അവസരവും സ്വാതന്ത്ര്യവും ഇവിടെ ലഭിക്കുന്നു എന്നതാണ്. അതുവഴി കേരളത്തിന് ആരോഗ്യമേഖലയിലുണ്ടായ മുന്നേറ്റത്തിൽ ഹോമിയോപ്പതിയ്ക്കും ഒരുപങ്ക് നിർവ്വഹിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എന്നു മാത്രമല്ല ഈ വൈദ്യശാഖയുടെ പൊതു സ്വീകാര്യതയും ക്രമമായ ഇവിടെ ഉയർന്ന തോതിലാണുതാനും. ഹോമിയോപ്പതി ഏതു രോഗത്തിനുമുള്ള ആദ്യ ചികിത്സയായി (first line treatment) തെരഞ്ഞെടുക്കുന്നവരുടെ എണ്ണവും കേരളത്തിൽ വർദ്ധമാനമായ തോതിൽ വർദ്ധിക്കുന്നുണ്ട്. തുടർച്ചയായ 4 വർഷങ്ങളിലെ ലഭ്യമായ കണക്കുകൾ പരിശോധിക്കുമ്പോൾ ഏകദേശം ഒരു കോടിയിലേറെ കൺസൾട്ടേഷനുകളാണ് സർക്കാർ മേഖലയിലുള്ള 526 ഡിസ്പെൻസറികളിലും 31 ആശുപത്രികളിലുമായി വർഷംതോറും നടക്കുന്നത് എന്നുകാണാം.

### പൊതുവായ ഗ്രാമീണ ആരോഗ്യ പ്രശ്നങ്ങൾ

കേരളത്തിലെ ജനസാന്ദ്രതയും ഭൂപ്രകൃതിയുടെ സവിശേഷതകളും കണക്കിലെടുക്കുമ്പോൾ വളരെ പ്രകടമായ ഗ്രാമ-നഗര വ്യത്യാസം നിലവിലില്ല എന്നു തന്നെ പറയാം. മാത്രവുമല്ല ഒരു വിപുലീകൃത നഗരസ്വഭാവമാണ് കേരളത്തിന്റെ പൊതു പ്രത്യേകത. ഈ ഒരു പൊതു പ്രത്യേകത ആരോഗ്യ പ്രശ്നങ്ങളുടെ കാര്യത്തിലും പ്രസക്തമാണ്. ഗ്രാമപ്രദേശങ്ങളുടെ തനതായ അല്ലെങ്കിൽ നഗരങ്ങളിൽ നിന്നും വേറിട്ടുനിൽക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ വളരെയൊന്നും കേരളത്തിലുണ്ടെന്നു പറയാനാവില്ല. അതായത് കേരളത്തിന്റെ പൊതു ആരോഗ്യപ്രശ്നങ്ങൾ തന്നെയാണ് ഗ്രാമീണ ആരോഗ്യ പ്രശ്നങ്ങളുമെന്നു ചുരുക്കം. പ്രധാനമായും അവ താഴെ പറയുന്ന തരത്തിൽ അടയാളപ്പെടുത്താം.

- ഉയർന്ന ചികിത്സാചെലവ്.
- വർദ്ധിച്ച രോഗാതുരത.
- ക്യാൻസർ, അസ്ഥിസംബന്ധമായ രോഗങ്ങൾ തുടങ്ങിയ ദീർഘസ്ഥായി രോഗങ്ങളുടെ വർദ്ധിച്ച സാന്നിദ്ധ്യം.
- സാമ്പത്തിക രോഗങ്ങളെന്നുവിളിക്കുന്ന ജീവിതശൈലിരോഗങ്ങളുടെയും ദരിദ്രരോഗങ്ങളെന്നു വിളിക്കുന്ന പകർച്ചവ്യാധി രോഗങ്ങളുടെയും വർദ്ധിച്ച സാന്ദ്രത.
- നിർമ്മാർജ്ജനം ചെയ്യപ്പെട്ടു എന്നു കരുതിയ രോഗങ്ങളുടെ തിരിച്ചുവരവും പുതിയ രോഗങ്ങളുടെ ആവിർഭാവവും
- ഉയർന്ന ആയുർദൈർഘ്യവും അതുമൂലമുണ്ടാകുന്ന വാർദ്ധക്യകാലരോഗങ്ങളും.

- തകരുന്ന മാനസികാരോഗ്യവും ഉയരുന്ന മാനസികരോഗങ്ങളും.
- വർദ്ധിച്ച ആത്മഹത്യാനിരക്ക്.
- വർദ്ധിച്ചുവരുന്ന ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും അതുസൃഷ്ടിക്കുന്ന കുടുംബ – സാമൂഹ്യ പ്രശ്നങ്ങളും.
- ഔഷധ പ്രതിരോധ ശക്തി നേടിയ രോഗാണുക്കൾ മൂലമുണ്ടാകുന്ന രോഗങ്ങൾ.
- ആട്ടോ ഇമ്യൂൺ രോഗങ്ങളുടെ ഗണ്യമായ വർദ്ധന.

**ഹോമിയോപ്പതിയിൽ ലഭ്യമായ സാധ്യതകൾ**

***ശമന ചികിത്സ (Curative Care)***

ഇപ്പോൾ കൂടുതൽ പ്രാഥമിക ചികിത്സയ്ക്കാണ് ഈ സമ്പ്രദായം പ്രയോജനപ്പെടുത്തുന്നത്. എന്നാൽ പ്രാഥമിക, ദ്വിതീയ, ത്രിതീയ തലങ്ങളിൽ ഈ ചികിത്സയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനാവണം. ദ്വിതീയ, ത്രിതീയ തലങ്ങളിൽ അനുബന്ധ ചികിത്സയോടൊപ്പം തന്നെ (Supportive Care) ഹോമിയോ ഔഷധങ്ങൾ ഫലപ്രദമായി ഉപയോഗിക്കാനാകും. ഹൃദയ ധമനീ രോഗങ്ങൾ, മസ്തിഷ്കം സംബന്ധിച്ചുണ്ടാകുന്ന അത്യാഹിതങ്ങൾ, അർബുദം തുടങ്ങിയ ചികിത്സയിലെല്ലാം ഈ സമീപനം സ്വീകരിക്കാനാവും.

***പ്രതിരോധ ചികിത്സ (Preventive Care)***

പ്രത്യേകിച്ചും വൈറസ് ജന്യരോഗങ്ങളിൽ ഈ ചികിത്സയ്ക്കുള്ള സമ്പന്നമായ സാധ്യതകൾ ശാസ്ത്രീയമായി തന്നെ പരമാവധി പ്രയോജനപ്പെടുത്താനാവണം. ഈ ലക്ഷ്യത്തിനുവേണ്ടി ഹോമിയോപ്പതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന RAECH (Rapid Action Epidemic Control Cell–Homoeopathy) സംവിധാനം ശക്തിപ്പെടുത്താനാവണം. അതോടൊപ്പം പ്രമേഹം, രക്താതിമർദ്ദം, ഹൃദയധമനീരോഗങ്ങൾ, ക്യാൻസർ തുടങ്ങിയുള്ള സാംക്രമിക രോഗങ്ങളുടെ പ്രതിരോധത്തിനും ഹോമിയോപ്പതി ഫലപ്രദമായി ഉപയോഗിക്കാനാവും.

**ചെലവു കുറഞ്ഞ ചികിത്സ**

ഹോമിയോപ്പതിയുടെ പ്രസക്തി ഗ്രാമീണ ആരോഗ്യ പ്രശ്നങ്ങളിൽ ഏറ്റവും കൂടുതൽ വർദ്ധിപ്പിക്കുന്ന ഘടകമാണിത്. ഹൃദയ ധമനീ രോഗങ്ങൾ, പ്രമേഹം, രക്താതിമർദ്ദം തുടങ്ങിയുള്ള ജീവിതശൈലി രോഗങ്ങൾ കേരളത്തിൽ ദരിദ്രരിലും ഗ്രാമീണരിലും സാധാരണമായി മാറിയിട്ടുണ്ടെന്നുള്ളതുകൊണ്ടുതന്നെ ചെലവു കുറഞ്ഞതും ഫലപ്രദവുമായ ചികിത്സ എന്ന നിലയിൽ ഹോമിയോപ്പതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുവാൻ കൂടുതൽ ശ്രമിക്കേണ്ടതുണ്ട്.

ഹോമിയോപ്പതി രോഗീകേന്ദ്രിത ചികിത്സയായതുകൊണ്ടുതന്നെ അതിനുള്ള സഹജമായ സാധ്യതകൾ മാനസിക രോഗങ്ങൾ, വാർദ്ധക്യകാല പ്രശ്നങ്ങൾ, ലഹരി പദാർത്ഥ ഉപയോഗവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, ആട്ടോ ഇമ്മ്യൂണൽ രോഗങ്ങൾ എന്നിവയുടെ പരിഹാരത്തിനായി ഇനിയും കൂടുതൽ പ്രയോജനപ്പെടുത്താനാവും.

ദീർഘകാല ചികിത്സയിലും ദോഷഫലങ്ങളുണ്ടാകാത്തതുകൊണ്ടുതന്നെ അസ്ഥിസംബന്ധമായും മുട്ടു സംബന്ധവുമായ രോഗങ്ങൾ, ക്യാൻസർ തുടങ്ങിയ ദീർഘസ്ഥായീരോഗങ്ങളുടെ ചികിത്സയ്ക്ക് ഉപയോഗപ്പെടുത്താൻ കഴിയണം.

ഗ്രാമപ്രദേശങ്ങളിലും ജോലി ചെയ്യാൻ സാദ്ധ്യതയുള്ള അംഗീകൃത യോഗ്യതയുള്ള ഡോക്ടർമാരുടെ ധാരാളമായുള്ള ലഭ്യത.

മുകളിൽ സൂചിപ്പിച്ച സാധ്യതകളെ പ്രയോജനപ്പെടുത്താൻ കഴിയുന്ന തരത്തിലാവണം ഹോമിയോപ്പതി മേഖലയിൽ ഇനി നടക്കേണ്ടുന്ന വികസന പ്രവർത്തനങ്ങൾ. നിലവിൽ ഗവ. ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അതാരംഭിക്കുന്നതിനും മുഴുവൻ താലൂക്കുകളിലും ആശുപത്രികൾ ഘട്ടം ഘട്ടമായി ആരംഭിക്കാനുമാവണം. ചുരുക്കത്തിൽ മാറിവരുന്ന സാഹചര്യങ്ങൾക്കും ആരോഗ്യ പ്രശ്നങ്ങൾക്കും ഇണങ്ങുന്ന രീതിയിൽ ഈ ചികിത്സയുടെ ഗുണഫലങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കാൻ കഴിയേണ്ടതുണ്ട്.

# സ്ത്രീ ശാക്തീകരണം മത്സ്യത്തൊഴിലാളികളിൽ

ഡോ. വി സ്വയംപ്രഭ

### സമ്പദ്‌വ്യവസ്ഥയുടെ ഭാഗം

കേരളത്തിന്റെ സാമൂഹിക സാമ്പത്തിക മേഖലയിലേക്ക് സമഗ്രമായ സംഭാവന നൽകുന്ന മഹത്വമേറിയ തൊഴിൽ ചെയ്യുന്ന മത്സ്യത്തൊഴിലാളികൾ ഏറ്റവും മികച്ച ഉത്പാദകരാണ്. സമൂഹത്തിന്റെ ആരോഗ്യ സംരക്ഷണത്തിന് ആവശ്യമായ, പ്രോട്ടീൻ തുടങ്ങിയ നിരവധി പോഷകങ്ങൾ ഒരു വലിയ വിഭാഗം ജനതയ്ക്ക് ലഭിക്കുന്നത് മത്സ്യത്തിൽ നിന്നാണ്. കുട്ടികൾക്കും രോഗികൾക്കും എന്തിനധികം ഹൃദയാരോഗ്യത്തിനും ഇതു കൂടിയേ തീരൂ. ഒരു വ്യക്തിക്ക് ശരാശരി 25 കിലോഗ്രാം മത്സ്യം ഒരു വർഷം ആവശ്യമായി വരുന്നു. 95% കേരളീയർക്കും മത്സ്യം ആവശ്യമാണെന്ന് കണക്കാക്കപ്പെടുന്നു. ഇതു പോലെ തന്നെ നമ്മുടെ സമ്പദ് വ്യവസ്ഥയുടെ വളർച്ചയ്ക്കും മത്സ്യ വിപണനം നേട്ടങ്ങൾ സമ്മാനിക്കുന്നു. മത്സ്യ കയറ്റുമതി യിലൂടെ നാം നേടുന്നത് വിദേശനാണ്യത്തിന്റെ ശരാശരി 20% ആണ്. സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് 2000 കോടി രൂപ മത്സ്യ മേഖലയിൽ നിന്നും ലഭിക്കുന്നതായി കണക്കാക്കപ്പെടുന്നു. അതേ സമയം ഇത്രയും സംഭാവനകൾ നമുക്കു നൽകുന്ന മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സാമൂഹികമായും സാമ്പത്തികമായും ഉള്ള പിന്നോക്കാവസ്ഥ കൂടുതൽ വികസനപ്രവർത്തനങ്ങൾക്കായി മുന്നറിയിപ്പു നൽകുന്നു.

### സ്ത്രീതൊഴിലാളികൾ

സ്ത്രീ തൊഴിലാളികളാകട്ടെ, വൃത്തിഹീനമായ സാഹചര്യത്തിൽ മത്സ്യം വിൽക്കേണ്ടി വരുന്ന അവസ്ഥയും, മാർക്കറ്റിലും വഴിയോര വിൽപന കേന്ദ്രങ്ങളിലും തങ്ങളനുഭവിക്കുന്ന കഷ്ടതകളും ബുദ്ധിമുട്ടുകളും മത്സ്യം തലച്ചുമടായി കൊണ്ടു നടന്ന് വിൽക്കുന്ന വഴിയും, ഏറെ നേരം അസൗകര്യപ്രദമായി ഇരുന്നു കച്ചവടം ചെയ്യുന്ന വഴിയിലും, ശുചിത്വമില്ലായ്മയാലും ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ തുടങ്ങിയവ അടിയന്തിര പ്രാധാന്യത്തോടെ കണക്കിലെടുക്കേണ്ട വസ്തുതകളാണ്.

### ക്ഷേമ പ്രവർത്തനങ്ങൾ

സംസ്ഥാന സർക്കാർ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിന് പൊതുവായും സ്ത്രീതൊഴിലാളികൾക്ക് പ്രത്യേകിച്ചും ഉദ്ദേശിച്ചു കൊണ്ടുള്ള വികസന പ്രവർത്തനങ്ങൾ ഒട്ടേറെ നടത്തി വരുന്നു എന്ന വസ്തുത പ്രത്യേകം അഭിനന്ദനമർഹിക്കുന്നതാണ്. തീരദേശത്തെ 222 മത്സ്യഗ്രാമങ്ങൾ കേന്ദ്രീകരിച്ച് മത്സ്യത്തൊഴിലാളി ക്ഷേമ സംഘടനകളും ജില്ലാ തലത്തിൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ 5 ജില്ലാ മത്സ്യ വികസന സംഘടനകൾ (DFDC) സംസ്ഥാന തലത്തിൽ Apex സംഘടനയായ മത്സ്യഫെഡ്, ഗ്രാമങ്ങളിൽ ഫിഷറീസ് ഓഫീസർമാർ തുടങ്ങിയവ വിജയപൂർവ്വം പ്രവർത്തിക്കുന്നു.

ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായുള്ള സർക്കാറിന്റെ ആശ്രയ, കുടുംബശ്രീ തുടങ്ങിയ അനേകം പദ്ധതികൾ സ്ത്രീകൾക്കു വേണ്ടി പ്രവർത്തിക്കുന്നുണ്ട്. ഇതു വരെ മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള 645 സംഘങ്ങളിൽ

133 എണ്ണം വനിതാ സംഘങ്ങളാണ് 20 ഓളം വർഷത്തെ പ്രവർത്തനങ്ങൾ നടത്തിട്ടും അധികം സംഘങ്ങളും അവയുടെ പ്രവർത്തനത്തിലൂടെ മുഖ്യധാരയിലേക്ക് കടക്കാൻ പ്രാപ്തമായിട്ടില്ല എന്ന വസ്തുത ഖേദകരമാണ്.

മത്സ്യഫെഡ് വനിത മത്സ്യ വെണ്ടർമാർക്കുള്ള ധനസഹായ പദ്ധതി പ്രകാരം 2009 മാർച്ച് വരെ 8600 പേർക്ക് 427.77 ലക്ഷം രൂപ വായ്പയിനത്തിൽ അനുവദിച്ചു. പലിശരഹിത വായ്പയായി 26569 സ്ത്രീകൾക്ക് 1328.45 ലക്ഷം രൂപയും അനുവദിച്ചു. ഇത് ഉദാഹരണങ്ങൾ മാത്രം. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഈ വിഭാഗത്തിലെ എല്ലാ സ്ത്രീകളുടെയും ജീവിതരീതിയുടെ നിലവാരം ഉയർത്തുന്നതിലേയ്ക്കുള്ള സാരംഭമായി നടത്തപ്പെടുന്നു. അഭ്യസ്ഥ വിദ്യരായ തൊഴിൽ രഹിതർക്ക് ആവശ്യമായ തൊഴിൽ പരിശീലനം നൽകി ഓർഗനൈസർമാരായി നിയമിച്ചു.

**വാണിജ്യരംഗം**

വാണിജ്യ രംഗത്ത് മത്സ്യ ഫെഡ് OBM ഡിവിഷൻ, ഐസ് ആന്റ് ഫ്രീസിംഗ് പ്ലാന്റ്, ഫിഷ് മീൽ പ്ലാന്റ്, കൈറ്റ് & കൈറ്റ് ഹൗസ് പ്ലാന്റ്, സീ ഫുഡ് കിച്ചൺ പദ്ധതി, കാറ്ററിംഗ് ആന്റ് മാനേജ്മെന്റ് ടെക്നോളജി തുടങ്ങിയ വിവിധ സാങ്കേതിക പരിശീലനങ്ങളും സ്വയം സഹായ സംഘങ്ങൾ സുനാമി ദുരിതാശ്വാസ പദ്ധതികൾ റാഷ് ഫിഷ് ടഎഉഠ പദ്ധതി തുടങ്ങിയവ പ്രകാരം സ്ത്രീകൾക്ക് പരിശീലനങ്ങളും തൊഴിലവസരങ്ങളും മത്സ്യം കൊണ്ടു പോകുന്നതിനുള്ള വാഹന സൗകര്യം, വിവിധ ഇൻഷ്വറൻസ്കൾ, ബസ് സർവ്വീസുകൾ ഇവയ്ക്കു പുറമെ പിന്നോക്ക വകുപ്പ്, ദേശീയ ന്യൂനപക്ഷ വകുപ്പ് തുടങ്ങിയ ധനകാര്യ കോർപ്പറേഷനുകൾ എന്നിവയുടെ പലിശ രഹിത വായ്പയുൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. 1200 വനിതകൾക്ക് വാഹന സൗകര്യവും 200 ഗ്രൂപ്പുകൾക്ക് കൂട്ടായ്മക്കും മത്സ്യം വൃത്തിയായി കൈകാര്യം ചെയ്യുന്നതിനുമുള്ള പരിശീലനം, 200 ഗ്രൂപ്പുകൾക്ക് വാഹനം വാങ്ങി മത്സ്യ വിപനനം നടത്താനുള്ള സൗകര്യം ഇവയും ഏർപ്പെടുത്ത പ്പെട്ടവയാണ്.

**പ്രശ്നങ്ങളും പരിഹാരങ്ങളും**

കുടുംബങ്ങളുടെ വരുമാന വർദ്ധനവിലൂടെ കുറെയൊക്കെ സ്ത്രീകളുടെ അവസ്ഥയ്ക്ക് മാറ്റം വരുത്താൻ കഴിയും അതിലേയ്ക്കായി സംഘങ്ങളും മത്സ്യത്തൊഴിലാളികളും ഇടനിലക്കാരെ ഒഴിവാക്കി മത്സ്യവിപനനത്തിന്റെ, പ്രത്യേകിച്ച് സ്റ്റോറുകൾ മൊത്ത വില്പന, ചില്ലറ വില്പന മാർക്കറ്റുകൾ എന്നിവയിലും നിയന്ത്രണം ഏറ്റെടുക്കണം.

മത്സ്യങ്ങൾ സൂക്ഷിക്കാനുള്ള സൌവിധാനമോ വിപണന സംവിധാനമോ ഇല്ലാത്തതുമൂലം മത്സ്യ തൊഴിലാളിക്ക് മത്സ്യത്തിന്റെ യഥാർഥ മൂല്യം ലഭിക്കാറില്ല. കേരളത്തിലെ മത്സ്യ ഉൽപാദനം തീരലേലത്തിന്റെ അടിസ്ഥാനത്തിൽ 600 കോടി രൂപയാണെങ്കിൽ അവ ഉപഭോക്താവിന് ലഭിക്കുന്ന വിലയുടെ അടിസ്ഥാനത്തിൽ 1800 കോടിയോളം വരും. മത്സ്യ കയറ്റുമതി വഴി 1250 കോടി കൂടി ലഭ്യമാകുന്നതിനാൽ കരക്കടുക്കൽ കേന്ദ്രങ്ങളിൽ ശീതികരണ സംവിധാനം ഏർപ്പെടുത്തി സഹകരണ സംഘങ്ങളുടെ മേൽനോട്ടത്തിൽ വില്പന നടത്തണം. ഇടത്തരക്കാരുടെ ചൂഷണത്തിൽ നിന്നും ഒഴിവാക്കുന്നതിലേയ്ക്കായി വേണ്ടത്ര സാമ്പത്തിക സഹായം സർക്കാർ തലത്തിൽ നൽകി പിടിക്കുന്ന മത്സ്യത്തിന്റെ ആദ്യ വില്പനാവകാശം മത്സ്യത്തൊഴിലാളിക്കു തന്നെ ന്യായവില ലഭിക്കുംവിധം ഉറപ്പാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.

പാഴ്മത്സ്യങ്ങളിൽ നിന്നും മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ ഉത്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിനു വേണ്ടി ഇന്ന് 5 ജില്ലകളിൽ (Trivandrumm, Kottayam, alappuzha, Ernakulam, Kollam) നിലവിലുള്ള റാഷ്ഫിഷ് പദ്ധതി എല്ലാ ജില്ലകളിലും വ്യാപിപ്പിച്ച് കൂടുതൽവനിതകൾക്ക് പരിശീലനവും തൊഴിലും സജ്ജമാക്കണം.

വനിതാ ബസ്സ് സർവ്വീസ് പ്രതിവർഷം 20 മുതൽ 25 ലക്ഷം വരെ രൂപ നഷ്ടത്തിലാണെന്ന് അധികാരികൾ ചൂണ്ടിക്കാണിക്കുന്നു. ഇപ്പോൾ നാമമാത്ര സർവ്വീസ് മാത്രമാണ് നടത്തിവരുന്നത്. (തിരുവനന്തപുരം –2, വിഴിഞ്ഞം– തിരുവനന്തപുരം– 1, എറണാകുളം–1, നീണ്ടകര– 1) എല്ലാാം കുടുംബാംഗങ്ങൾക്കും ചെറുപ്പകാലം മുതൽ സൈക്കിൾ തുടങ്ങി വിവിധ ഇരുചക്ര– നാലുചക്ര വാഹന പരിശീലമം നൽകാൻ കഴിയണം. ഭാവിയിൽ അത് ഈ തൊഴിൽ ചെയ്യുന്ന

വർക്ക് കൂടുതൽ വിപണനവും സമയലാഭവും വിശ്രമവും സാമ്പത്തിക നേട്ടവും നൽകുന്നതായിരിക്കും.

ഏറ്റവും പ്രാധാന്യമേറിയ മറ്റൊരു വസ്തുത മത്സ്യം വൃത്തിയാക്കൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിലൂടെ മാർക്കറ്റുകളിലും ജനങ്ങൾ തിങ്ങി പാർക്കുന്ന നഗരങ്ങളിലും മറ്റിടങ്ങളിലും മത്സ്യവേസ്റ്റ് കെട്ടിക്കിടന്ന് പരിസര മലിനീകരണം നടക്കുന്നതിൽ നിന്നും ഒഴിവാകും. അതേസമയം വൃത്തിയാക്കൽ നടക്കുന്ന സ്ഥലങ്ങളിൽ ജൈവവള നിർമ്മാണ പ്രവർത്തനങ്ങളും ബയോഗ്യാസ്പ്ലാന്റ് സംരംഭങ്ങളും പ്രവർത്തിച്ച് തൊഴിൽ ദാനത്തിനും ഊർജ്ജോല്പാദനത്തിനും മാർഗ്ഗങ്ങൾ തുറന്നുകിട്ടും.

സ്ത്രീ തൊഴിലാളികൾ നേരിടുന്നമറ്റൊരു പ്രശ്നം മാർക്കറ്റുകളിൽ കാണാൻ കഴിഞ്ഞ ദയനീയമായ അവസ്ഥയാണ്. മത്സ്യം ചുമന്ന് വന്ന് ക്ഷീണിതയായ സ്ത്രീകൾ അവരുടെ വില്പന തുടങ്ങുന്നതിനുള്ള സമയത്തിനുള്ളിൽ വൃത്തിഹീനമായ വില്പന സ്ഥലത്തു തന്നെ ഉറങ്ങുകയും ഭക്ഷണം കഴിക്കുകയും ചെയ്യുന്നു. അവർക്കായി ഒരു വിശ്രമ സ്ഥലമോ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാനുള്ള സൗകര്യങ്ങളോ ലഭിക്കാതെ ക്രമേണ രോഗങ്ങൾക്കടിമപ്പെടുന്നു. വിശ്രമ സ്ഥലങ്ങളും പ്രാഥമിക സൗകര്യങ്ങളും ഏർപ്പെടുത്തി ശുചിത്വ ബോധവൽക്കരണം ഏറെ പ്രാധാന്യമർഹിക്കുന്നു. വനിതാ സ്വയംസഹായ സംഘങ്ങൾക്ക് കൂടുതൽ മൂലധനവും, സാങ്കേതിക വിദ്യകളും, പരിശീലനവും, വേണ്ടവിധത്തിലുള്ള മേൽ നോട്ടവും, ഹ്രസ്വകാല പദ്ധതികൾ വഴി വരുമാന ശോഷണം തടയുന്നതിനുള്ള ഇടപെടലുകളും നടത്തി പ്രതിശീർഷ വരുമാനം വർദ്ധനവ്, Working Capital for Revolving fund പദ്ധതിയിലൂടെ തൊഴിലാളികളുടെ മിനിമം വേതനം ഉറപ്പാക്കൽ എന്നിവയിൽ അടിയന്തിര ശ്രദ്ധ ചെലുത്തി ശക്തമായ ഒരു വനിതാ ശാക്തീകരണം മത്സ്യത്തൊഴിലാളികളും രംഗത്തും സാദ്ധ്യമാകട്ടെ.

# കേരളത്തിലെ ശിശുക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനം

എം പ്രകാശൻ മാസ്റ്റർ

കേരളത്തിൽ സർക്കാരിന്റെയും സർക്കാരിതര സന്നദ്ധ സംഘടനകളുടെയും മറ്റ് ഏജൻസികളുടെയും നേതൃത്വത്തിൽ ശിശുക്ഷേമ സ്ഥാപനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. അനാഥാലയങ്ങൾ, യത്തീംഖാന, ബോയ്സ് ഇൻസ്റ്റിറ്റ്യൂഷൻ, ഗേൾസ് ഇൻസ്റ്റിറ്റ്യൂഷൻ, ശിശു ഭവൻ, ബാലഭവൻ, അഭയ ഭവൻ, വേയ്വ്സ് ഹോം, പുവർഹോം, ബാല–ബാലിക മന്ദിരം എന്നീ പേരുകളിലാണ് ഇവ നടത്തിക്കൊണ്ടിരിക്കുന്നത്. ഒബ്സർവേഷൻ ഹോം, സ്പെഷ്യൻ ഹോം, ചിൽഡ്രൻസ് ഹോം, ആഫ്റ്റർ കെയർ ഹോം എന്നിവയാണ് കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങൾ

ജുവനൈൽ ജസ്റ്റിസ് (കെയർ ആൻഡ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്റ്റ് 2000, ഓർഫനേജ് ആൻഡ് അദർ ചാരിറ്റബിൾ ഹോം (സൂപ്പർവിഷൻ ആൻഡ് കൺട്രോൾ) ആക്ട് 1960 എന്നീ നിയമങ്ങളുടെ അടിസ്ഥാനത്തിലാണ് ശിശുക്ഷേമ സ്ഥാപനങ്ങൾ പൊതുവിൽ പ്രവർത്തിക്കുന്നത്. എന്നാൽ ശിശുക്ഷേമ സ്ഥാപനങ്ങൾക്ക് മാത്രമായി ഒരു പ്രത്യേക നിയമം ഇന്ന് നിലവിലില്ല. ഈ രംഗത്ത് അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ നിർത്തലാക്കണം.

ഔദ്യോഗികവും അർദ്ധ ഔദ്യോഗികവുമായ ജുവനൈൽ ജസ്റ്റിസ് സംവിധാനങ്ങൾ എല്ലാ ജില്ലകളിലും നിലവിലുണ്ട്. ജുവനൈൽ ജസ്റ്റിസ് ബോർഡ്, ചൈൽഡ് വെൽഫെയർ കമ്മിറ്റി, സ്പെഷ്യൽ ജുവനൈൽ പോലീസ്, ചൈൽഡ് ലൈൻ, ശിശുക്ഷേമ സമിതികൾ എന്നിവയാണ് ഈ സ്ഥാപനങ്ങൾ.

നിലവിലുള്ള ശിശുക്ഷേമ നിയമങ്ങളിൽ തന്നെ കാതലായ മാറ്റങ്ങൾ ഉണ്ടാവേണ്ടതുണ്ട്. കേന്ദ്ര നിയമത്തിലും തദനുസതമായി നടപ്പാക്കുന്ന സംസ്ഥാനത്തെ ചട്ടങ്ങളിലും മാറ്റങ്ങൾ അത്യാവശ്യമാണ്. കേരളത്തിലെ കുട്ടികൾ നേരിടുന്ന പ്രത്യേകതകൾ കൂടി കണക്കിലെടുത്ത് കേന്ദ്ര നിയമത്തിലും സംസ്ഥാന ചട്ടങ്ങളിലും മാറ്റം വരുത്തേണ്ടത് അത്യാവശ്യമാണ്. പ്രത്യേക ശ്രദ്ധയും പരിരക്ഷയും ആവശ്യമുള്ള കുട്ടികളെ അനാഥാലയ നിയമം 1960 ന്റെ പരിധിയിൽ നിന്നു പൂർണ്ണമായും ഒഴിവാക്കുന്നതിനെ കുറിച്ച് ആലോചിക്കണം.

ശിശുക്ഷേമത്തിനു വേണ്ടിയുള്ള ഔദ്യോഗിക സംവിധാനങ്ങൾക്ക് സംസ്ഥാനാടിസ്ഥാനത്തിലോ ജില്ലാടിസ്ഥാനത്തിലോ ഏകോപനം ഉണ്ടാകുന്നില്ല. ഇവയെല്ലാം നേതൃത്വം നൽകേണ്ട കേരള സംസ്ഥാന ജുവനൈൽ ജസ്റ്റിസ് ബോർഡ് നിരവധി വർഷങ്ങളിൽ ഒരിയ്ക്കൽ മാത്രമേ യോഗം ചേരാറുള്ളൂ. ശിശുക്ഷേമത്തിനായുള്ള ഔദ്യോഗിക സംവിധാനങ്ങളുടെ ചുമതലകൾ പലതും കൃത്യമായി നിർണ്ണയിക്കപ്പെട്ടിട്ടില്ല. ഈ സംവിധാനത്തിന്റെ ഫലപ്രദമായ പ്രവർത്തനം ഉറപ്പു വരുത്തുന്നതിനും ചുമതലാ നിർവഹണം പരിശോധിക്കുന്നതിനും സംവിധാനമുണ്ടാകണം. ഇവയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ പശ്ചാത്തല സംവിധാനവും തീരെ അപര്യാപ്തമാണ്. ഇവയുടെ പശ്ചാത്തല സൗകര്യ സംവിധാനം വിപുലപ്പെടുത്തണം.

ശിശുക്ഷേമ സ്ഥാപനങ്ങളിലെ കുട്ടികളുടെ പ്രവേശനം ആഭ്യന്തര സൗകര്യങ്ങൾ ദൈനംദിന പ്രവർത്തനം, ഭക്ഷണം, വിദ്യാഭ്യാസ സൗകര്യങ്ങൾ, പുനരധിവാസ സൗകര്യം എന്നിവ സംബന്ധിച്ച് അനാഥാലയ നിയമങ്ങളിൽ വ്യക്തമായ വ്യവസ്ഥകൾ നിലവിലില്ല. അതുകൊണ്ട് തന്നെ പല സ്ഥാപനങ്ങളിലും പൊതുവായ ചിട്ടകളും വ്യവസ്ഥകളും പാലിക്കപ്പെടുന്നില്ല. ഒരു കുട്ടിക്ക് കിടപ്പു മുറിയിൽ നാൽപത് ചതുരശ്ര അടിസ്ഥലം, സിക്ക് റൂം, ലൈബ്രറി, കൗൺസിലിംഗ് സംവിധാനം, വർക്ക് ഷോപ്പ്, റിക്രിയേഷൻ സൗകര്യങ്ങൾ എന്നിവ പല സ്ഥലങ്ങളിലും വേണ്ടത്രയില്ല. കളിസ്ഥലങ്ങൾ, കുടിവെള്ള സൗകര്യം തുടങ്ങിയവയിലും പോരായ്മകളുണ്ട്. ആഹാര ലഭ്യതയിൽ മിക്കവാറും സ്ഥാപനങ്ങൾ പൊതുവേ നല്ല നിലവാരമാണ് പുലർത്തുന്നത്. എന്നാൽ വിദ്യാഭ്യാസകാര്യത്തിലും തൊഴിൽ പരിശീലനത്തിലും ആരോഗ്യ ചികിത്സാ സൗകര്യങ്ങളിലും പോരായ്മകൾ നിരവധിയാണ് ഔദ്യോഗിക സംവിധാനത്തിന്റെ ഭാഗമായി വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, തൊഴിൽ പരിശീലനം എന്നിവയിൽ നിലവിലുള്ള കുറവുകൾ പരിഹരിക്കാൻ സാധ്യമാണോ എന്ന് പരിശോധിക്കണം. കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം നൽകുന്ന കാര്യത്തിലും അവർക്ക് പ്രയോജനകരമായ തൊഴിൽ പരിശീലനത്തിന്റെ കാര്യത്തിലും പുനരധിവാസത്തിലും ഗൗരവമായ വീഴ്ചകളാണ് നിലനിൽക്കുന്നത്. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രൊഫഷണൽ സ്ഥാപനങ്ങളിലും ഈ കുട്ടികൾക്ക് സീറ്റുകൾ ലഭ്യമാക്കാൻ സാധിക്കുന്നതെങ്ങനെ എന്നും ചർച്ച ചെയ്യണം.

ശിശുക്ഷേമ സ്ഥാപനങ്ങളിൽ നിയമിക്കപ്പെടുന്ന ജീവനക്കാർ സർക്കാർ സർക്കാർ സ്വകാര്യ സ്ഥാപനങ്ങളിൽ ആവശ്യത്തിന് തികയുന്നില്ല. പലയിടങ്ങളിലും ആവശ്യമായത്ര ജീവനക്കാരില്ല. മിനിമം ജീവനക്കാരെ സംബന്ധിക്കുന്ന വ്യവസ്ഥകൾ ഉണ്ടാക്കേണ്ടതുണ്ട്. കുട്ടികൾക്ക് വസ്ത്രം അലക്കി നൽകുന്നതിനും ജീവനക്കാരെ നിയമിക്കണം സർക്കാർ സ്ഥാപനങ്ങളിലടക്കം ആവശ്യത്തിന് ജീവനക്കാർ ഇല്ലെന്നുള്ളതും ജില്ലകളിലെ പ്രൊബേഷൻ ഓഫീസർമാർക്ക് കുട്ടികളുടെ കാര്യങ്ങൾ ശ്രദ്ധിക്കാൻ പാകത്തിൽ സംവിധാനങ്ങളില്ല എന്നുള്ളതും ശ്രദ്ധിക്കപ്പെടേണ്ടതാണ്. കുട്ടികൾക്കു മാത്രമായി ഒരു പ്രൊബേഷൻ ഓഫീസർ എന്ന സംവിധാനം കൊണ്ടു വരാൻ സാധിക്കണം. നിലവിലുള്ള ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ സെക്രട്ടറിയായി ഒരു പ്രൊബേഷൻ ഓഫീസറെ നിയമിക്കുന്ന കാര്യം ആലോചിക്കണം.

ശിശുക്ഷേമ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ശിശു സൗഹൃദപരമായ സമീപനവും കാഴ്ചപ്പാടും അത്യന്താപേക്ഷിതമാണ്. ഇതിനുള്ള പഠന- പരിശീലന സംവിധാനങ്ങൾ തികച്ചും അപര്യാപ്തമാണ്. സർക്കാർ നേതൃത്വത്തിൻ കീഴിൽ ഇതിന് സംവിധാനമുണ്ടാക്കണം. ഏതു ശിശുക്ഷേമ സ്ഥാപനത്തിലും പരിശീലനം സിദ്ധിച്ചവരെ മാത്രമേ നിയമിക്കാൻ പാടുള്ളൂ എന്ന കാര്യം നിഷ്കർഷിക്കണം.

ശിശിക്ഷേമ സ്ഥാപനങ്ങൽ പരിശോധിക്കുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനും ഇന്നുള്ള സംവിധാനം തീരെ കാര്യക്ഷമമല്ല. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഔദ്യോഗിക ശിശിക്ഷേമ സംവിധാനങ്ങൾ എന്നിവയിലൂടെ ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ പരിശോധിക്കാനും പോരായ്മകൾ പരിഹരിക്കാനും ഔദ്യോഗിക സംവിധാനം ഉപയോഗപ്പെടുത്തണം.

കുട്ടികൾക്ക് എതിരെയുള്ള അതിക്രമങ്ങളും പീഡനങ്ങളും വർദ്ധിച്ചു വരികയാണ്. എല്ലാ പോലീസ് സ്റ്റേഷനുകളിലും ജുവനൈൽ പോലീസ് വിഭാഗം രൂപീകരിക്കുന്നതിനും കുട്ടികൾ കുറ്റവാളികളാകുന്നതോ കുട്ടികളുമായി ബന്ധപ്പെടുന്നതോ ആയ കേസ്സുകൾ ശിശു സൗഹൃദപരമായി കൈകാര്യം ചെയ്യാൻ സംവിധാനമുണ്ടാകണം. പെൺകുട്ടികളെ സംരക്ഷിക്കുന്നതിന് എല്ലാ ജില്ലകളിലും ഇന്ന് വേണ്ടത്ര സംവിധാനങ്ങളില്ല. എല്ലാ ജില്ലകളിലും ഇതിനാവശ്യമായ സംവിധാനങ്ങൾ അടിയന്തിരമായും ആരംഭിക്കണം. പ്രത്യേക ശ്രദ്ധയും പരിഗണനയും ആവശ്യമുള്ള കുട്ടികളെ പരിരക്ഷിക്കുന്നതിനുള്ള സംവിധാനം ഇന്ന് സംസ്ഥാനത്ത് അപര്യാപ്തമാണ്. കുറ്റവാസനയുള്ള കുട്ടികളെ സാമാന്യജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരുന്നതിനുള്ള സംവിധാനവും വേണ്ടത്ര ഫലപ്രദമല്ല. ഒബ്സർവേഷൻ ഹോമുകൾ പലതും കുട്ടികതളെ കുറ്റവാളികളായാണ് കൈകാര്യം ചെയ്യുന്നത്. ഇത് കുട്ടികളുടെ മാനസാന്തരത്തിന് ഒട്ടും പര്യാപ്തമല്ല എന്ന് കണ്ട്

ഈ രീതിക്ക് മാറ്റമുണ്ടാക്കണം. ആഫ്റ്റർ കെയറ് ഹോമിൽ നിന്നും ചിൽഡ്രൻസ് ഹോമിൽ നിന്നും പുറത്തു വരുന്ന കുട്ടികൾക്ക് ജീവനോപാധികൾ കണ്ടെത്താനുള്ള സംവിധാനം ഇന്ന് നിലവിലില്ല. ഇതിനാവശ്യമായ സ്ഥിരം സംവിധാനങ്ങൾ ഏർപ്പെടുത്തണം. സർക്കാർ സ്ഥാപനങ്ങളിൽ നിന്നും അനാഥാലയങ്ങളിൽ നിന്നും പതിനെട്ട് വയസ്സ് പൂർത്തിയാക്കി വിട്ടു പോകുന്നവരെ ശരിയായ ജീവിതത്തിലേക്ക് നയിക്കാനും മാതൃ-പിതൃ സവിശേഷമായ പരിഗണന നൽകാനും ഇന്ന് സംവിധാനങ്ങളില്ല. ശിശുക്ഷേമ സ്ഥാപനങ്ങളിൽ നിന്ന് പുറത്തു പോകുന്ന കുട്ടികളുടെ തുടർ വിദ്യാഭ്യാസം പുനഃരധിവാസം എന്നിവയ്ക്ക് പ്രത്യേക ഏജൻസി രൂപീകരിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കണം. അംഗീകൃത ഓർഫനേജുകളിൽ തീർത്തും അനാഥരായി വളർന്നു വരുന്ന കുട്ടികളെ ദത്തെടുക്കൽ, താൽക്കാലിക സംരക്ഷണം എന്നീ രീതികളിലുള്ള പുനഃരധിവാസത്തിന് നടപടികൾ ഉണ്ടാവണം.

പല ശിശിക്ഷേമ സ്ഥാപനങ്ങളും എച്ച് ഐ വി ബാധിതരായ കുട്ടികളെ പ്രവേശിപ്പിക്കുന്നില്ല. ചുരുക്കം ചില സ്ഥാപനങ്ങൾ ഈ രംഗത്ത് നിലവിലുണ്ടെങ്കിലും അവയ്ക്ക് കാര്യമായ സഹായവും സാമൂഹ്യ പരിഗണനയും ലഭ്യമാകുന്നില്ല. സ്ഥിരമായി ലൈംഗിക തൊഴിലാളികളായ സ്ത്രീകളുടെ കുട്ടികൾ, എച്ച്. ഐ വി ബാധിതരായ കുട്ടികൾ എന്നിവയുടെ പരിരക്ഷയ്ക്ക് സർക്കാർ തല സംവിധാനം ഏർപ്പെടുത്താൻ സാധിക്കണം.

മാനസികമായി വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ഇന്ന് തെക്കൻ കേരളത്തിൽ യാതൊരു സ്ഥാപനവും ഇല്ല. മാനസിക വെല്ലുവിളി നേരിടുന്ന പെൺകുട്ടികൾക്കും സംസ്ഥാനത്തി പ്രത്യേക സർക്കാർ സംവിധാനമില്ല. അത്തരം സ്ഥാപനങ്ങൾ സർക്കാർ, അർദ്ധ സർക്കാർ മേഖലയിൽ ആരംഭിക്കുന്നതിനും സംവിധാനമുണ്ടാകണം.

പല അനാഥാലയങ്ങളിലും താമസിക്കുന്ന കുട്ടികൾ പൂർണ്ണ അനാഥരല്ല. നിർദ്ധന കുടുംബങ്ങളിലെ കുട്ടികളെ അനാഥാലയങ്ങളിൽ പാർപ്പിക്കുന്നതാണ്. ഈ കുട്ടികളെ ഇത്തരം സ്ഥാപനങ്ങൾ ദത്തെടുത്ത് അവരവരുടെ കുടുംബത്തോടൊപ്പം താമസിക്കാൻ അനുവദിക്കുന്ന കാര്യം ഗൗരവമായി പരിഗണിക്കണം.ശിശുക്ഷേമ സ്ഥാപനങ്ങളുടെ സാമ്പത്തിക ഇടപാടുകൾ പലതിന്റെയും ഒട്ടും സുതാര്യമല്ല. തദ്ദേശ സ്ഥാപനങ്ങൾക്കു കൂടി പങ്കാളിത്തമുള്ള രൂപത്തിൽ ഇവയുടെ വരവു ചെലവു കണക്കുകൾ പരിശോധിക്കുന്നതിന് സംവിധാനമുണ്ടാവണം.

അനാഥാലയങ്ങൾ പലതും മത നിരപേക്ഷമായല്ല നടത്തപ്പെടുന്നത് എന്നത് ഗൗരവമുള്ള കാര്യമാണ്. ഈ കാര്യത്തിലും ആവശ്യമായ ഇടപെടൽ ഉണ്ടാവണം.

ശിശുക്ഷേമ സ്ഥാപനങ്ങളിലം കുട്ടികളുടെ പ്രവേശനം ആഭ്യന്തര സൗകര്യങ്ങൾ ദൈനംദിന പ്രവർത്തനം, ഭക്ഷണം, വിദ്യാഭ്യാസ സൗകര്യങ്ങൾ, പുനരധിവാസ സൗകര്യം എന്നിവ സംബന്ധിച്ച് അനാഥാലയ നിയമങ്ങളിൽ വ്യക്തമായ വ്യവസ്ഥകൾ നിലവിലില്ല. അതുകൊണ്ട് തന്നെ പല സ്ഥാപനങ്ങളിലും പൊതുവായ ചിട്ടകളും വ്യവസ്ഥകളും പാലിക്കപ്പെടുന്നില്ല. ഒരു കുട്ടിക്ക് കിടപ്പു മുറിയിൽ നാൽപത് ചതുരശ്ര അടിസ്ഥലം, സിക്ക് റൂം, ലൈബ്രറി, കൗൺസിലിംഗ് സംവിധാനം, വർക്ക് ഷോപ്പ്, റിക്രിയേഷൻ സൗകര്യങ്ങൾ എന്നിവ പല സ്ഥലങ്ങളിലും വേണ്ടത്രയില്ല. കളിസ്ഥലങ്ങൾ, കുടിവെള്ള സൗകര്യം തുടങ്ങിയവയിലും പോരായ്മകളുണ്ട്. ആഹാര ലഭ്യതയിൽ മിക്കവാറും സ്ഥാപനങ്ങൾ പൊതുവേ നല്ല നിലവാരമാണ് പുലർത്തുന്നത്. എന്നാൽ വിദ്യാഭ്യാസകാര്യത്തിലും തൊഴിൽ പരിശീലനത്തിലും ആരോഗ്യ ചികിത്സാ സൗകര്യങ്ങളിലും പോരായ്മകൾ നിരവധിയാണ് ഔദ്യോഗിക സംവിധാനത്തിന്റെ ഭാഗമായി വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, തൊഴിൽ പരിശീലനം എന്നിവയിൽ നിലവിലുള്ള കുറവുകൾ പരിഹരിക്കാൻ സാധ്യമാണോ എന്ന് പരിശോധിക്കണം. കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം നൽകുന്ന കാര്യത്തിലും അവർക്ക് പ്രയോജനകരമായ തൊഴിൽ പരിശീലനത്തിന്റെ കാര്യത്തിലും പുനരധിവാസത്തിലും ഗൗരവമായ വീഴ്ചകളാണ് നിലനിൽക്കുന്നത്. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രൊഫഷണൽ സ്ഥാപനങ്ങളിലും ഈ കുട്ടികൾക്ക് സീറ്റുകൾ ലഭ്യമാക്കാൻ സാധിക്കുന്നതെങ്ങനെ എന്നും ചർച്ച ചെയ്യണം.

ശിശുക്ഷേമ സ്ഥാപനങ്ങളിൽ നിയമിക്കപ്പെടുന്ന ജീവനക്കാർ സർക്കാർ സർക്കാർ സ്വകാര്യ സ്ഥാപനങ്ങളിൽ ആവശ്യത്തിന് തികയുന്നില്ല. പലയിടങ്ങളിലും ആവശ്യമായത്ര ജീവനക്കാരില്ല. മിനിമം ജീവനക്കാരെ സംബന്ധിക്കുന്ന വ്യവസ്ഥകൾ ഉണ്ടാക്കേണ്ടതുണ്ട്. കുട്ടികൾക്ക് വസ്ത്രം അലക്കി നൽകുന്നതിനും ജീവനക്കാരെ നിയമിക്കണം സർക്കാർ സ്ഥാപനങ്ങളിലടക്കം ആവശ്യത്തിന് ജീവനക്കാർ ഇല്ലെന്നുള്ളതും ജില്ലകളിലെ പ്രൊബേഷൻ ഓഫീസർമാർക്ക് കുട്ടികളുടെ കാര്യങ്ങൾ ശ്രദ്ധിക്കാൻ പാകത്തിൽ സംവിധാനങ്ങളില്ല എന്നുള്ളതും ശ്രദ്ധിക്കപ്പെടേണ്ടതാണ്. കുട്ടികൾക്കു മാത്രമായി ഒരു പ്രൊബേഷൻ ഓഫീസർ എന്ന സംവിധാനം കൊണ്ടു വരാൻ സാധിക്കണം. നിലവിലുള്ള ചൈൽഡ് വെൽഫയർ കമ്മിറ്റിയുടെ സെക്രട്ടറിയായി ഒരു പ്രൊബേഷൻ ഓഫീസറെ നിയമിക്കുന്ന കാര്യം ആലോചിക്കനം.

ശിശുക്ഷേമ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ശിശു സൗഹൃദപരമായ സമീപനവും കാഴ്ചപ്പാടും അത്യന്താപേക്ഷിതമാണ്. ഇതിനുള്ള പഠന- പരിശീലന സംവിധാനങ്ങൾ തികച്ചും അപര്യാപ്തമാണ്. സർക്കാർ നേതൃത്വത്തിൻ കീഴിൽ ഇതിന് സംവിധാനമുണ്ടാക്കണം. ഏതു ശിശുക്ഷേമ സ്ഥാപനത്തിലും പരിശീലനം സിദ്ധിച്ചവരെ മാത്രമേ നിയമിക്കാൻ പാടുള്ളൂ എന്ന കാര്യം നിഷ്കർഷിക്കണം.

ശിശിക്ഷേമ സ്ഥാപനങ്ങൽ പരിശോധിക്കുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനും ഇന്നുള്ള സംവിധാനം തീരെ കാര്യക്ഷമമല്ല. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഔദ്യോഗിക ശിശിക്ഷേമ സംവിധാനങ്ങൾ എന്നിവയിലൂടെ ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ പരിശോധിക്കാനും പോരായ്മകൾ പരിഹരിക്കാനും ഔദ്യോഗിക സംവിധാനം ഉപയോഗപ്പെടുത്തണം.

കുട്ടികൾക്ക് എതിരെയുള്ള അതിക്രമങ്ങലും പീഡനങ്ങളും വർദ്ധിച്ചു വരികയാണ്. എല്ലാ പോലീസ് സ്റ്റേഷനുകളിലും ജുവനൈൽ പോലീസ് വിഭാഗം രൂപീകരിക്കുന്നതിനും കുട്ടികൾ കുറ്റവാളികളാകുന്നതോ കുട്ടികളുമായി ബന്ധപ്പെടുന്നതോ ആയ കേസ്സുകൾ ശിശു സൗഹൃദപരമായി കൈകാര്യം ചെയ്യാൻ സംവിധാനമുണ്ടാകണം. പെൺകുട്ടികളെ സംരക്ഷിക്കുന്നതിന് എല്ലാ ജില്ലകളിലും ഇന്ന് വേണ്ടത്ര സംവിധാനങ്ങളില്ല. എല്ലാ ജില്ലകളിലും ഇതിനാവശ്യമായ സംവിധാനങ്ങൾ അടിയന്തിരമായും ആരംഭിക്കണം. പ്രത്യേക ശ്രദ്ധയും പരിഗണനയും ആവശ്യമുള്ള കുട്ടികളെ പരിരക്ഷിക്കുന്നതിനുള്ള സംവിധാനം ഇന്ന് സംസ്ഥാനത്ത് അപര്യാപ്തമാണ്. കുറ്റവാസനയുള്ള കുട്ടികളെ സാമാന്യജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരുന്നതിനുള്ള സംവിധാനവും വേണ്ടത്ര ഫലപ്രദമല്ല. ഒബ്സർവേഷൻ ഹോമുകൾ പലതും കുട്ടികതളെ കുറ്റവാളികളായാണ് കൈകാര്യം ചെയ്യുന്നത്. ഇത് കുട്ടികളുടെ മാനസാന്തരത്തിന് ഒട്ടും പര്യാപ്തമല്ല എന്ന് കണ്ട്

ഈ രീതിക്ക് മാറ്റമുണ്ടാക്കണം. ആഫ്റ്റർ കെയറ് ഹോമിൽ നിന്നും ചിൽഡ്രൻസ് ഹോമിൽ നിന്നും പുറത്തു വരുന്ന കുട്ടികൾക്ക് ജീവനോപാധികൾ കണ്ടെത്താനുള്ള സംവിധാനം ഇന്ന് നിലവിലില്ല. ഇതിനാവശ്യമായ സ്ഥിരം സംവിധാനങ്ങൾ ഏർപ്പെടുത്തണം. സർക്കാർ സ്ഥാപനങ്ങളിൽ നിന്നും അനാഥാലയങ്ങളിൽ നിന്നും പതിനെട്ട് വയസ്സ് പൂർത്തിയാക്കി വിട്ടു പോകുന്നതരെ ശരിയായ ജീവിതത്തിലേക്ക് നയിക്കാനും മാതൃ-പിതൃ സവിശേഷമായ പരിഗണന നൽകാനും ഇന്ന് സംവിധാനങ്ങളില്ല. ശിശുക്ഷേമ സ്ഥാപനങ്ങളിൽ നിന്ന് പുറത്തു പോകുന്ന കുട്ടികളുടെ തുടർ വിദ്യാഭ്യാസം പുനഃരധിവാസം എന്നിവയ്ക്ക് പ്രത്യേക ഏജൻസി രൂപീകരിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കണം. അംഗീകൃത ഓർഫനേജുകളിൽ തീർത്തും അനാഥരായി വളർന്നു വരുന്ന കുട്ടികളെ ദത്തെടുക്കൽ, താൽക്കാലിക സംരക്ഷണം എന്നീ രീതികളിലുള്ള പുനഃരധിവാസത്തിന് നടപടികൾ ഉണ്ടാവണം.

പല ശിശിക്ഷേമ സ്ഥാപനങ്ങളും എച്ച് ഐ വി ബാധിതരായ കുട്ടികളെ പ്രവേശിപ്പിക്കുന്നില്ല. ചുരുക്കം ചില സ്ഥാപനങ്ങൾ ഈ രംഗത്ത് നിലവിലുണ്ടെങ്കിലും അവയ്ക്ക് കാര്യമായ സഹായവും സാമൂഹ്യ പരിഗണനയും ലഭ്യമാകുന്നില്ല. സ്ഥിരമായി ലൈംഗിക തൊഴിലാളികളായ സ്ത്രീകളുടെ കുട്ടികൾ, എച്ച്. ഐ വി ബാധിതരായ കുട്ടികൾ എന്നിവയുടെ പരിരക്ഷയ്ക്ക് സർക്കാർ തല സംവിധാനം ഏർപ്പെടുത്താൻ സാധിക്കണം.

മാനസികമായി വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ഇന്ന് തെക്കൻ കേരളത്തിൽ യൊതൊരു സ്ഥാപനവും ഇല്ല. മാനസിക വെല്ലുവിളി നേരിടുന്ന പെൺകുട്ടികൾക്കും സംസ്ഥാനത്തി പ്രത്യേക സർക്കാർ സംവിധാനമില്ല. അത്തരം സ്ഥാപനങ്ങൽ സർക്കാർ, അർദ്ധ സർക്കാർ മേഖലയിൽ ആരംഭിക്കുന്നതിനും സംവിധാനമുണ്ടാകണം.

പല അനാഥാലയങ്ങളിലും താമസിക്കുന്ന കുട്ടികൾ പാർണ്ണ അനാഥരല്ല. നിർദ്ധന കുടുംബങ്ങളിലെ കുട്ടികളെ അനാഥാലയങ്ങളിൽ പാർപ്പിക്കുന്നതാണ്. ഈ കുട്ടികളെ ഇത്തരം സ്ഥാപനങ്ങൾ ദത്തെടുത്ത് അവരവരുടെ കുടുംബത്തോടൊപ്പം താമസിക്കാൻ അനുവദിക്കുന്ന കാര്യം ഗൗരവമായി പരിഗണിക്കണം.ശിശുക്ഷേമ സ്ഥാപനങ്ങളുടെ സാമ്പത്തിക ഇടപാടുകൾ പലതിന്റെയും ഒട്ടും സുതാര്യമല്ല. തദ്ദേശ സ്ഥാപനങ്ങൾക്കു കൂടി പങ്കാളിത്തമുള്ള രൂപത്തിൽ ഇവയുടെ വരവു ചെലവു കണക്കുകൾ പരിശോധിക്കുന്നതിന് സംവിധാനമുണ്ടാവണം.

അനാഥാലയങ്ങൽ പലതും മത നിരപേക്ഷമായല്ല നടത്തപ്പെടുന്നത് എന്നത് ഗൗരവമുള്ള കാര്യമാണ്. ഈ കാര്യത്തിലും ആവശ്യമായ ഇടപെടൽ ഉണ്ടാവണം.

# കേരളത്തിലെ പെൺകുട്ടികളുടെ പ്രത്യേക പ്രശ്നങ്ങൾ

എം. വി സരള

സ്ത്രീയുടെയും പുരുഷന്റെയും, പെൺകുട്ടിയുടെയും ആൺകുട്ടിയുടെയും തുല്യതയെപ്പറ്റിയുള്ള ചർച്ചകൾ ഇന്നു ധാരാളം നടക്കുന്നുണ്ട്. CEDAW (Convention on Elimination of Discrimination Against Women) എന്നയു. എൻ പ്രഖ്യാപനം, യു എൻ ആഭിമുഖ്യത്തിൽഡ നടന്ന വനിതാ ദശകാചരണം (1975–85), സാർക്ക് രാജ്യങ്ങളുടെ ആഭിമുഖ്യത്തിൽ നടന്ന വനിതാചരണം (1975–85), സാർക്ക് രാജ്യങ്ങളുടെ ആഭിമുഖ്യത്തിൽ നടന്ന 'പെൺകുട്ടികളുടെ വർഷാചരണം' (1990 ഇവ ഈ ചർച്ചകൾക്ക് ആക്കം കൂട്ടിയിട്ടുണ്ട്. എന്നാൽ സ്ത്രീകൾക്ക് ഇന്നും സമൂഹത്തിൽ രണ്ടാം സ്ഥാനം മാത്രം. ഈ സ്ഥിതി മാറ്റുക സുകരമല്ല. കാരണം, അതിന് സ്ത്രീയുടെ മേൽ ഇരട്ട ചൂഷണം അടിച്ചേൽപ്പിക്കുന്ന ചൂഷണാധിഷ്ഠിത സമ്പദ് വ്യവസ്ഥയുടെ തന്നെ വേരറുക്കണം നൂറ്റാണ്ടുകളിലൂടെ തുടരുന്ന 'ആൺകോയ്മ' ആശയങ്ങളുടെ വേരറുക്കണം.

സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെ വിവേചനം കാട്ടുന്ന ആചാരാനുഷ്ഠാനങ്ങൾ, മത സംഹിതകളുടെ സ്വാധീനം

പെൺകുട്ടികളുടെ ജനനത്തെ ത്തന്നെ പലപ്പോഴും അച്ഛനമ്മമാർ പോലും സ്വാഗതം ചെയ്യുന്നില്ല.

ലിംഗാധിഷ്ഠിത ഗർഭഛിദ്രം (പെൺകുഞ്ഞുങ്ങളുടെ) വർദ്ധിക്കുന്നു

ജനിച്ചത് പെൺകുട്ടിയെങ്കിൽ കൊന്നു കളയുന്ന സമ്പ്രദായം തുടരുന്നു.

ചെറുപ്പം മുതൽ പെൺകുട്ടികേൾക്കേണ്ടിവരുന്ന, സ്വത്വത്തെ നശിപ്പിക്കുന്ന, സർഗാത്മകത മുരടിപ്പിക്കുന്ന, വിലക്കുകൾ നിറഞ്ഞ പരാമർശങ്ങൾ, ഉപദേശങ്ങൾ, താക്കീതുകൾ ഉദാ:– അന്യവീടിൽ പോയി കഴിയേണ്ടവളാണെന്നോർക്കണം, അടങ്ങിയൊതുങ്ങി കഴിഞ്ഞോളണം, ആരുടെയും മുഖത്തു നോക്കരുത്, തർക്കുത്തരം പറയരുത്, അനുസരണയുള്ളവഴായിരിക്കണം etc, etc

വീട്ടിൽ നിന്നാരംഭിക്കുന്ന വിവേചനം മുതിർന്നവരുടെ മനസ്സിലെ ആൺകോയ്മ മനോഭാവം

ആഹാരം വിളമ്പുമ്പോൾ (ഏറ്റവും നല്ലത് അച്ഛന്, ആങ്ങളയ്ക്ക്) അമ്മയ്ക്കും പെൺകുട്ടിക്കും ബാക്കിയായത്, പലപ്പോഴും കഞ്ഞിവെള്ളം)

ജോലി പങ്കു വെയ്ക്കുമ്പോൾ (വെള്ളം കോരൽ, മുറ്റവും വീടിനകവും വൃത്തി.യാക്കൽ, ഇളയ കുട്ടികളെ നോക്കൽ– എല്ലാം പെൺകുട്ടികൾക്ക്, അന്തസുള്ള ജോലികൾ മാത്രം ആൺകുട്ടികൾക്ക്)

വിദ്യാലയത്തിൽ തുടരുന്ന വിവേചനം: അധ്യാപകരുടെ ആൺകോയ്മ മനോഭാവം പ്രധാന കാരണം. കളിക്കളത്തിൽ, റിക്രിയേഷൻ ഹാളിൽ, ലൈബ്രറിയിൽ എല്ലായിടവും 80% ഉപയോഗിക്കുന്നത് ആൺകുട്ടികൾ. വീട്ടിനു പുറത്ത്; വിലക്കുകൾ പെൺകുട്ടികൾക്കു മാത്രം – ലൈബ്രറിയിൽ പോകാൻ, കൂട്ടുകാരോടൊത്തു കളിക്കാൻ പോകാൻ, നീന്താൻ പോകാൻ, സിനിമ കാണാൻ പോകാൻ etc, etc ആൺകുട്ടികൾക്ക് സ്വച്ഛന്ദമായി എവിടെയെല്ലാം പോകാം.

കുടുംബത്തിലും പുറത്തും നിന്ന് പെൺകുട്ടികൾക്കു നേരെ ഉണ്ടാകുന്ന ലൈംഗികാതിക്രമങ്ങൾ– അച്ഛനിൽ നിന്ന്, അടുത്ത ബന്ധിക്കളിൽ നിന്ന്, അധ്യാപകരിൽ നിന്ന്, സിനിമാ ശാലകളിൽ വച്ച്, ബസ്സ്– തീവണ്ടി യാത്രകൾക്കിടയ്ക്ക്, ഉത്സവപ്പറമ്പുകളിൽ വച്ച്, മറ്റു പൊതു സ്ഥലങ്ങളിൽ വച്ച്

വിദ്യാഭ്യാസ രംഗത്തും വിവേചനം

തൊഴിൽ വിദ്യാഭ്യാസത്തിൽ പെൺകുട്ടികളുടെ പങ്കാളിത്തം കേവലം 15%.

എൻട്രൻസ് പരീക്ഷ വന്നതോടെ പ്രൊഫ

ഷണൽ വിദ്യാഭ്യാസ രംഗത്ത് പെൺകുട്ടികളുടെ ശതമാനം കുറയുന്നു: കോച്ചിംഗിന് ദൂരെ പെൺകുട്ടിയെ വിടാൻ ഭയം, പെൺകുട്ടിക്ക് വേണ്ടി അധികച്ചെലവു ചെയ്യാൻ വൈമനസ്യം ഇവ കാരണങ്ങൾ

ആരോഗ്യ രംഗത്തും പെൺകുട്ടി രണ്ടാം നിരയിൽ

വളരുന്ന പ്രായത്തിൽ വേണ്ടത്ര പോഷകാഹാരം ലഭിക്കാത്ത സ്ഥിതി (ഇത് ജനിച്ചു വീഴുന്ന കിട്ടികളുടെ വ്യാപകമായ തൂക്കക്കുറവിനു കാരണമാക്കുന്നു)

വേണ്ടത്ര വ്യായാമം ലഭിക്കാത്ത സ്ഥിതി (ശാരീരികാരോഗ്യത്തെയും രോഗപ്രതിരോധ ശേഷിയേയും ബാധിക്കുന്നു.

സ്വത്വ വികാസത്തിന് വേണ്ടത്ര അവസരം ലഭിക്കാത്ത സ്ഥിതി (മാനസികാരോഗ്യത്തെ ബാധിക്കുന്നു)

വിദ്യാലയങ്ങളിലും പൊതു സ്ഥലങ്ങളിലും ശുചിത്വം പാലിക്കാൻ കഴിയുന്ന ടോയ്‌ലറ്റുകളുടെ അഭാവം, (മൂത്രാശയ സംബന്ധമായ രോഗങ്ങൾക്ക് ഇടയാക്കുന്നു.)

സുരക്ഷാ നിയമങ്ങളുടെയും നിർവഹണസംവിധാനങ്ങളുടെയും അപര്യാപ്തത. (കേരളത്തിലെ 56.1% കുട്ടികൾ ലൈംഗിക പീഡനത്തിന് ഇരയാകുന്നെന്ന ലോക ശിശു വികസന വകുപ്പിന്റെ 2007ലെ ഞെട്ടിപ്പിക്കുന്ന പഠന റിപ്പോർട്ട്)

ബാല പീഡനം തടയാൻ പ്രത്യേക നിയമമില്ല. ഇൻഡ്യൻ പീനൽ കോഡിനെ ആശ്രയിക്കേണ്ടി വരുന്നു. കുറ്റവാളികളിൽ 95 % രക്ഷപ്പെടാൻ ഇത് ഇടയാക്കുന്നു.

കേരളത്തിൽ അടുത്തിടെ നടപ്പായ ആശ്വാസ നടപടികൾ പലത്

സംസ്ഥാന ശിശുക്ഷേമ സമിതിയുടെ ആഭിമുഖ്യത്തിൽ സർക്കാർ സഹായത്തോടെ മിക്കവാറും എല്ലാ ജില്ലകളിലും അനാഥ ശിശിക്കളെ നിക്ഷേപിക്കാൻ വേണ്ടി സ്ഥാപിച്ച ഇലക്ട്രോണിക് അമ്മത്തൊട്ടിലുകൾ, ശിശു പരിചരണ കേന്ദ്രങ്ങൾ (നിക്ഷേപിക്കപ്പെട്ടവരിൽ അധികവും പെൺകുട്ടികൾ)

അംഗൻവാടികളിലൂടെ, വളരുന്ന പോൺകുട്ടികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള പ്രത്യേക പോഷകാഹാര പരിപാടി

സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ Flayship Programme ന്റെ ഭാഗമായി നടപ്പാക്കിയ തൊഴിലധിഷ്ഠിത Finishing Schools.

ജനകീയാസൂത്രണ പരിപാടിയുടെ ഭാഗമായി വിദ്യാലയങ്ങളിൽ വ്യാപകമായി നിർമ്മിക്കപ്പെട്ട ശുചിത്വമുള്ള ടോയ്‌ലറ്റുകൾ.

ആൺകുട്ടികളോട് പെൺകുട്ടികൾക്കുള്ള തുല്യത എന്ന സങ്കൽപ്പം സാക്ഷാത്ക്കരിക്കാൻ ഇനിയും സംസ്ഥാനത്തു ചെയ്യേണ്ടത്:

പെൺകുട്ടികളോടുകളോടുള്ള അതിക്രമങ്ങൾ തടയാൻ പ്രത്യേക നിയമങ്ങളുടെ നിർമ്മാണം. അവ ഫലപ്രദമായി നടപ്പാക്കാൻ കാര്യക്ഷമമായ ഭരണ സംവിധാനങ്ങളുടെ രൂപീകരണം.

ലൈംഗികാതിക്രമങ്ങൾക്കും ഗാർഹികാതിക്രമങ്ങൾക്കും ഇരകളാകുന്ന അമ്മമാരുടെ കുട്ടികൾക്ക് പ്രത്യേക സംരക്ഷണത്തിനും വിദ്യാഭ്യാസത്തിനും പുനരധിവാസത്തിനും വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തൽ.

പെൺകുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിനുള്ള പ്രത്യേക നടപടികൾ ശക്തിപ്പെടുത്തൽ

പാഠപുസ്തകങ്ങളിലും പഠനാന്തരീക്ഷത്തിലും ആൺ- പെൺ തുല്യതയ്ക്കു വേണ്ടിയും പെൺ കുട്ടികളോടുള്ള വിവേചനങ്ങൾക്കും അതിക്രമങ്ങൾക്കും എതിരായുള്ള മാറ്റങ്ങൾ വരുത്തൽ.

കുടുംബത്തിലും വിദ്യാലയത്തിലും പൊതു സമൂഹത്തിലും ആൺ– പെൺ തുല്യതാവകാശത്തിനു വേണ്ടിയുള്ള ബോധവൽക്കരണ പരിപാടികൾ

കളിക്കളത്തിൽ, റിക്രിയേഷൻ ഹാൾ, ലൈബ്രറി, പൊതു സ്ഥലങ്ങൾ മുതലായ സ്ഥലങ്ങളിൽ, പെൺകുട്ടികളെ അയക്കാൻ നടിക്കുന്നതിന് കാരണം ഇന്നത്തെ സമൂഹത്തിൽ പെൺകുട്ടികൾക്ക് സുരക്ഷിതത്വമില്ലായ്മയാണ്.

സമൂഹത്തിൽ എവിടെയും താൻ സുരക്ഷിതയാണെന്ന് ബോധം ഉണ്ടാക്കിയെടുക്കാൻ കഴിയണം, നിയമപരമായും മറ്റു തരത്തിലും ഇതിനുള്ള പരിശ്രമം വേണം.

ആൺ–പെൺ വ്യത്യാസമില്ലാതെ, തുല്യലാണ് എന്ന ബോധം കുട്ടികളിൽ വളർത്തിയെടുക്കാൻ അദ്ധ്യാപകരിൽ നിന്നും ശ്രമം ഉണ്ടാവണം. അതോടൊപ്പം വീടുകളിൽ തുല്യമായി ജോലി ചെയ്യേണ്ടവരാണ് എന്ന ബോധം രക്ഷിതാക്കളിലും ഉണ്ടാക്കിയെടുക്കാൻ കഴിയണം.

ഉപഭോഗ വസ്തുക്കളുടെ പരസ്യത്തിനു വേണ്ടി അർദ്ധ നഗ്നരായി പെൺകുട്ടികളെ ഉപയോഗപ്പെടുത്തുന്നത് മാധ്യമങ്ങൾ ഒഴിവാക്കണം.

പെൺകുട്ടികളുടെ നഗ്നചിത്രങ്ങൾ എടുത്ത് (ഒളിക്യാമറ) വിറ്റ് പണം സമ്പാദിക്കുന്നതോടൊപ്പം ബ്ലാക്ക് മെയിൽ ചെയ്യുന്നു. രക്ഷിതാക്കൾക്കു നേരെ വധ ഭീഷണി അടക്കം മുഴക്കുമ്പോൾ പെൺകുട്ടി വഴിതെറ്റാനിടയാക്കുന്നു.

ഒരു മതഗ്രന്ഥങ്ങളും ഒരിടത്തും പെണ്ണിന് പുരുഷന് തുല്യ പരിഗണന കല്പിച്ചിട്ടില്ല, മതത്തിന് വലിയ സ്വാധീനമുള്ള ഈ സാഹചര്യത്തിൽ സമൂഹത്തിൽ വലിയ വിഭാഗം അത് പിന്തുടരുകയാണ്.

# പ്രവാസി വനിതകൾ

**ടി. ദേവി**

*മെമ്പർ, കേരള വനിതാ കമ്മീഷൻ*

കേരള വനിതാ കമ്മീഷനിൽ പ്രവാസി വനിതകളുടെ പരാതികളും പ്രശ്നങ്ങളും നിരവധിയായിരുന്നു. അവയാകട്ടെ കമ്മീഷന്റെ അധികാര പരിധിയിൽ നിന്നും പരിഹരിക്കാനാവാത്തവയാണ്. ഇവ കൈകാര്യം ചെയ്യുന്നതിനായി പ്രത്യേക സെൽ രൂപീകരിച്ചു. കമ്മീഷന്റെ തീരുമാന പ്രകാരം 3.3.2009 ന് കോഴിക്കോട് ടൗൺ ഹാളിൽ പ്രവാസി വനിതകൾക്ക് വേണ്ടി ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. ഇതോടൊപ്പം അവരുടെ പരാതികൾ സ്വീകരിക്കുകയും ചെയ്തു. 45 പരാതികളാണ് അന്നേ ദിവസം ലഭിച്ചത്. പാകിസ്ഥാൻ പൗരനെ വിവാഹം ചെയ്ത വനിതക്ക് ജീവനാംശവും വിവാഹ മോചനവും ലഭിക്കണം. വിദേശത്തു ജനിച്ച് കുഞ്ഞിന് ഇന്ത്യൻ പൗരത്വം ലഭിക്കണം. വർഷങ്ങൾ വിദേശത്ത് രാപ്പകൽ തൊഴിൽ ചെയ്തു നാട്ടിലെ ബന്ധുക്കളുടെ പേരിൽ അയച്ച പണം തിരികെ ലഭിക്കുന്നില്ല. ഗൾഫിൽപോയ മകളെപ്പറ്റി യാതൊരു വിവരവും ഇല്ല, മുട്ടാത്ത വാതിലുകളില്ല, എന്റെ മോൾ മരിച്ചോ ജീവിച്ചോ എന്നറിയണം, വിദേശത്തും വെച്ചു മരിച്ച ഭാര്യയുടെ മൃതദേഹം അവിടെ മോർച്ചറിയിൽ നിന്ന് നാട്ടിലെത്തിക്കണം. ഇത്തരത്തിൽ ലഭിച്ച പരാതികളുടെ പട്ടിക നീളുന്നു.

ഇനിയും ഈ തരത്തിലുള്ള പ്രശ്നങ്ങളിൽ പ്രവാസി വനിതകൾപ്പെടാതിരിക്കുക എന്ന ലക്ഷ്യത്തോടെ കേരള വനിതാ കമ്മീഷനും നോർക്ക റൂട്ട്സും രണ്ടു മേഖലകളിൽ ക്ലാസുകൾ നടത്തി. കേരള വനിതാ കമ്മീഷനും കോഴിക്കോട് കോർപ്പറേഷനും കോഴിക്കോട് സിറ്റിയിലുള്ള പ്രവാസി വനിതകളുടെ സമ്പൂർണ്ണ സർവ്വേ സംഘടിപ്പിച്ചു. ഇതിന്റെ മുന്നോടിയായി കോർപ്പറേഷനിലെ 400 അംഗൻവാടി പ്രവർത്തകർക്ക് സർവ്വെ ചോദ്യങ്ങളെ അടിസ്ഥാനമാക്കി ഏകദിന ശില്പശാല സംഘടിപ്പിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സർവ്വെയുടെ റിപ്പോർട്ട് ഇതോടൊപ്പം സമർപ്പിക്കുന്നു.

ഇപ്പോഴും ഇവിടെയുള്ള 1917 പ്രവാസി വനിതകളെയാണ് പഠന വിധേയമാക്കിയത്. വളരെ വലിയ വിവരങ്ങളാണ് ഇതിന്റെ വെളിച്ചത്തിൽ ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. 50.13 % പേരും 7-ാം ക്ലാസ്സ് വിദ്യാഭ്യാ സം മാത്രമുള്ളവരാണ്. 8 മുതൽ 10 വരെ പഠിച്ചവർ 15.8% മാത്രമേയുള്ളൂ. ഇതിൽ കുടുംബത്തിന്റെ ദാരിദ്ര്യം സഹിക്കാതെ വിദേശത്തേക്ക് പോകേണ്ടി വന്നവരാണ് 88.57% സ്ത്രീകളും വിദേശത്തേക്ക് പോകാൻ ബന്ധുക്കൾ, സുഹൃത്തുക്കൾ, എന്നിവരുടെ സഹായം ലഭിച്ചവരാണ്. 69 %പേരും ഗൾഫ് യാത്രയുമായി ബന്ധപ്പെട്ട കബളിപ്പിക്കപ്പെട്ട 11.42 % സ്ത്രീകളുമുണ്ട്. ഇതിൽ 55.7 % പേർ മാത്രമാണ് പരാതിപ്പെട്ടത്. ബാക്കിയുള്ളവർക്ക് അറിവില്ലായ്മ കാരണമാണ് പരാതിപ്പെടാതിരുന്നത് എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്.

ഇതിൽ 95.77 % സ്ത്രീകളും വീട്ട് ജോലിക്കാണ് പോയത്. 82 % പേരും എട്ട് മണിക്കൂറിന് പുറത്ത് ജോലി ചെയ്യേണ്ടി വന്നവരാണ്. ഇവർ തൊഴിൽ എടുക്കുന്നിടത്ത് നിന്ന് മാന്യമായ

നിലവിലുള്ള സഹായം ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്.

കേരള വനിതാ കമ്മീഷനും , നോർക്കാ റൂട്ട്സും സംയുക്തമായി ഈ കൗൺസിലർമാർക്ക് രണ്ടു ദിവസത്തെ പരിശീലനം നൽകേണ്ടതാണ്.

പ്രവാസി വനിതകൾക്ക് (തൊഴിലന്വേഷകർക്ക്) സ്വയം തൊഴിൽ കണ്ടെത്താൻ സഹായകമായ തൊഴിൽ പരിശീലനം ഉൽപാദനം, വിപണനം എന്നിവക്കായി വനിതാ വികസന കോർപ്പറേഷൻ, പോളി ടെക്നിക്കുകൾ, ഐ.ടി.ഐ കാർഷിക കോളേജ് എക്സ്റ്റൻഷൻ സെന്ററുകൾ, വെറ്ററിനറി കോളേജുകൾ, വ്യവസായ സഹകരണ വകുപ്പ് എന്നിവയുടെ സഹായ സഹകരണത്തോടെ ആവശ്യമായ പ്രൊജക്ടും ഫണ്ടും ഇതിനായി ലഭ്യമാക്കണം.

- കേരളത്തിൽ നിന്ന് അന്യ സംസ്ഥാനങ്ങളിലേക്കും വിദേശങ്ങളിലേക്കും തൊഴിൽ തേടിപ്പോകുന്നവരുടെ-പ്രത്യേകിച്ചും സ്ത്രീകളുടെ ഫോട്ടോ സഹിതമുള്ള വിശദ വിവരങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യണം.
- ജില്ലാ ലേബർ ഓഫീസറുടെ അംഗീകാരത്തോടുകൂടിയല്ലാതെ സ്ത്രീകളെ ജോലിക്കു കൊണ്ടുപോകുന്നത് തടയാൻ സംവിധാനം വേണം.
- പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമഗ്രമായ നിയമം കൊണ്ടു വരണം. ഇന്ത്യയിലും വിദേശത്തും പ്രവാസികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന പ്രവാസി സംഘടനകളുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ നോർക്കാ - റൂട്ട്സ് നടപടി സ്വീകരിക്കണം.
- വാർദ്ധക്യ കാല ആശ്വാസമായി പ്രവാസി ക്ഷേമ പദ്ധതി വഴി അറുപതു വയസ്സു കഴിഞ്ഞവർക്ക് പ്രതിമാസ പെൻഷൻ അനുവദിക്കണം.

# Research, Conservation and Community Outreach for Sustainable Heritage Management

**P.J. Cherian**
*Director, KCHR*

The attempt here is the stocktaking of the archaeological wealth in the state and to discuss some aspects of heritage management, in the wake of the Pattanam archaeological research by the Kerala Council of Historical Research (KCHR), undertaken as part of Muziris Heritage Project.

Archaeological heritage of a society is often defined as the physical or material artifacts and attributes inherited from the past, maintained in the present and bestowed for the future generations. Physical or tangible heritage includes buildings, monuments, artifacts, cultural spaces and even landscapes with cultural attributes.

The earliest archaeological assets of the state, in terms of tangible artifacts were mostly burial monuments and associated grave goods. The first recorded explorations were by J. Babington, who in 1819 identified as many as 335 burial sites in the Malabar district of the Madras province. Sporadic searches in the following two centuries were less successful. Our pre- historic past continued to be confined to Iron Age burial monuments and associated finds, with the exceptions of the discovery of the Edakal caves by Fawcett in 1899, some Palaeolithic tools by P. Rajendran and rock paintings near Marayoor by S. Padmanabhan Thampi in the 1970s.

Field explorations, excavations and salvage archaeology operations by the Archaeological Survey of India (ASI), the state archaeology department, various universities, colleges and individual scholars brought out an amazing variety of burial monuments like stone circles, menhirs, dolmens, cist graves, umbrella stones, hood stones, rock-cut chambers and sites with a wide range of urn burials (*Nannangadikal*). The associated grave goods included iron weapons like daggers, swords, spears, barbed arrowheads, knives; tools like hoes, plough shares, spades, shovels, sickles; artefacts like lamps and tripods; organic remains like bone fragments, charred bones and charcoal; pottery types like black and red ware, coarse and slip wares, varieties of glass and semi-precious stone beads; and in rare cases, copper, bronze and gold objects/ornaments. Except in very few instances, these finds were not scientifically analysed, properly documented or conserved, and many were lost in the process.

An enigma that remained in the history of Kerala's ancient material culture was the total absence of evidence on the habitation context. The complex material assemblage of Kerala's "archaeology of death" could not lead us to the "archaeology of life". The elite scholarly community confined their search for antiquity to

epigraphical records. It was as if the exploration of graveyards intimidated them!

Greek-Latin writings, classical Tamil Sangam literature and coin hoards from different parts of the state were the datable sources on our ancient past. Hoards of gold and silver Roman coins of the 1st c BCE – 2nd c CE were recovered from Eyyal, Kottayathunadu, Panangadu, Puthenchira and Valluvally. The absence of corroborative archaeological evidence for habitation, curtailed the prospects of effectively exploring these sources to re-examine the ancient socio-cultural life of Kerala. In this context, Pattanam Archaeological research becomes a landmark in material culture studies.

Pattanam research had humble beginnings in the 1990s in a small group of researchers with boundless excitement for teaching, learning and practicing archaeology. The KCHR intervention began in Dec. 2006, with a field survey at Kodungallur, followed by excavation at Pattanam and underwater surveys by the Southern Command of the Indian Navy in 2007. We are now entering the fifth consecutive season of excavations.

Pattanam excavation has evolved into a project with international collaborative dimensions. From Europe alone, half a dozen institutions including Oxford, Rome and Durham Universities are collaborating. Within India, the Archaeological Survey of India is the major partner and over a dozen renowned research institutions, universities and laboratories associate with excavation and in post-excavation research. The British Academy award for international research partnership for 2010 was shared by the British Museum and KCHR. This could be a first in Indian archaeological research since this recognition and its entailing financial support would facilitate the convergence of national and international experts and training of Pattanam researchers in advanced archaeological practices.

Pattanam has registered many 'firsts' in Kerala archaeological research, which if placed on a wider landscape could even be the 'firsts' in South Asian history. I shall list a few.

For the first time at Pattanam, Kerala came across an ancient habitation context. Based on stratigraphy, chronometry and artefactual evidences, Pattanam was inhabited from the Iron Age period onwards. AMS C14 dating of charcoal samples from the Iron Age layers estimates the antiquity of the site as well as the habitation to around 1000 BCE. The nature of finds indicates that the first inhabitants at the site led a simple and organic life. Artefactual evidences include iron objects, Black and Red Ware, and coarse and slip wares, typical of Kerala Iron Age culture.

Pattanam is the first site on the south- west coast of India to produce Indian Rouletted Ware (IRW). This discovery has the potential to illuminate the trade dynamics within India, which could have laid the foundation for the long-distance maritime trade from peninsular India. The stratigraphic distribution of IRW suggests that Pattanam had been commercially active even before the arrival of West Asians or Romans.

Three types of West Asian pottery – the blue and green glazed pottery of Mesopotamian region of the Parthian and Sassanian periods and the bitumen coated torpedo jar fragments, were excavated for the first time from the west coast of India at Pattanam. These ceramic finds would warrant a rewriting of the history of ancient trade exchanges, since we had been unaware of West Asian links, which, it has to be presumed now, preceded the famous Roman trade at Pattanam.

Pattanam produced for the first time, evidence of the Malabar Coast's legendary links with the Roman Empire. The site yielded the largest number of Mediterranean amphora sherds than any other Indian Ocean archaeological site (amphora is the jar used for transportation of wine,

olive oil and fish sauce). Of this assemblage, most are from South Italy, the rest being from Spain, Greece, eastern Mediterranean and Egypt. Pattanam also happens to be the first site on the West Coast of India, to produce Terra Sigilletta, a fine pottery from Italy.

Another first in relation to the Roman connection are the Cameo blanks. They seem to have been exported from Pattanam to the lapidary workshops in the Mediterranean region. Many other port sites with Roman connections had yielded finished Cameos, but it is for the first time that blanks (raw material) of banded agate and the carnelian were found in Indian Ocean sites.

The ring-stone intaglios excavated from Pattanam, one with a leaping lion image and other plain ones are strikingly similar to those retrieved from the drains of a 2nd c CE Roman Legionary Fortress Bath at Caerleon - presently displayed in the National Museum of Wales in UK. The curator of the Museum told this author that these ring-stones are thought to be from North India since one of them has the image of a North Indian parrot. In the wake of almost identical finds from Pattanam, who knows, they could have been from the lapidary workshops at Pattanam or any of its satellite sites!

Another exciting first is the well-built wharf context with a dugout canoe made of *anjili* and seven bollards made of Malabar teak. The Georgia University, US, has pinpointed the age of the canoe and bollard to between 36 BCE and 24 CE, probably marking them as the oldest maritime context so far excavated in South Asia.

There are many more firsts to talk about. For the first time in the history of Kerala epigraphy, Pattanam produced four Brahmi letters on a rim sherd found from an Early Historic layer.

Pattanam also produced for the first time from a stratigraphic context, coins - around 50 early Chera coins. These would significantly help in the study of the state and polity in ancient Tamilakam. Interestingly, the state symbol on them was elephant, which is the state symbol of Kerala even today.

Early urban features like well-laid out structures, high quality burnt bricks, triple grooved tiles, ring wells, features resembling toilets and huge storage jars were excavated at Pattanam.

Pattanam is also the first site with evidence for industrial activity. The major activities seem to have been related to metals, lapidary, cotton weaving and terracotta. It may be assumed that the expertise in iron technology spilled over to the metallurgy of copper, gold and lead as well. Presence of metal workshops are suggested by the charred blackened soil, soot, parts of kilns, crucibles, fragments of ornaments and cosmetic tools like antimony rods. Lapidary items like stone beads, cameo blanks, intaglios, pendants, ring-stones, glass beads and semi-precious stone debitage are found in substantial quantity and variety. From the last four seasons, over 32,000 beads were excavated from various cultural layers. The artisans seem to have been abreast with advanced stone-cutting technology. Cotton weaving or value addition through *jeri* or ornamental weaving are evident from the spindle whorls and thin *jeri* filaments recovered from the early historic layers.

Terracotta items dominated by pottery are the major cultural artifacts from the site. Probably there would not be any other archaeological site in South Asia with such a high pottery density. Four seasons of excavation in approximately 650 sq meter area have yielded nearly three million local pottery sherds

The best offshoot of Pattanam research is probably the Muziris Heritage Project, an inter-departmental mission, designed to scientifically retrieve and preserve the cultural legacy of the Muziris heritage zone – not just the Kodungallur - Paravur area — but extendable to the entire extent of Kerala. The project aims to conserve tangible

and intangible cultural resources, support historical and archaeological research and to promote heritage tourism. Designing a popular education programme on Kerala culture and its global linkages is yet another objective. The departments of education, tourism, culture, revenue, fisheries, irrigation, public works and local government are jointly supporting the venture. The tourism department is the main funding agency.

Another highlight of the Muziris initiative is the people centered heritage perspective, which recognizes the role of the local community in heritage management. Muziris being promoted as an international heritage zone - the ancient spice route - the entire coast of Kerala can be globally linked as a destination for quality tourism, scientific and cultural exchanges.

Research base, conservation and community outreach are crucial in sustainable heritage management. Heritage management being a domain of collaborative engagements, the Muziris Project will prove to be an enduring model, especially for roping in local community involvement and advanced academic research. Scientific research can be the backbone of a heritage management project for the first time in the country. Archaeological research, historical tourism, heritage lottery and donations from all sections especially the enlightened rich are the major participatory resource mobilization practices in heritage management followed in countries like UK, which have the best traditions for conserving the cultural pasts through people oriented and inter-institutional involvement. The Muziris Heritage project, incorporating some of these elements, could be a new beginning in heritage management in India.

# ധനകാര്യം

# മുൻഗണനാ വായ്പ : പ്രാദേശിക സാമ്പത്തിക വികസനത്തിനും തൊഴിൽ ലഭ്യതയ്ക്കും

ആർ. ഗിരീഷ്കുമാർ, മാനേജർ, ലീഡ് ബാങ്ക്, തിരുവനന്തപുരം

കേരളത്തിൽ 2922 പൊതുമേഖലാ ബാങ്ക് ശാഖകളടക്കം 4446 വാണിജ്യ ബാങ്ക് ശാഖകളും കാർഷിക ഗ്രാമവികസന ബാങ്കിന്റെ 103 ശാഖകളും സംസ്ഥാന സഹകരണ ബാങ്കിന്റെ 20 ശാഖകളും ഉണ്ട്. കൂടാതെ ജില്ലാ സഹകരണ ബാങ്കുകളിലേയും പ്രാഥമിക സഹകരണ ബാങ്കുകളുടെയും ആയിരത്തിലധികം ശാഖകളും ഇവിടെ പ്രവർത്തിക്കുന്നു. എൽ.ഐ.സി, കെ.എഫ്.സി, കെ.എസ്.എഫ്.ഇ തുടങ്ങിയ ഇതര ധനകാര്യ സ്ഥാപനങ്ങളും നിക്ഷേപ വായ്പാമേഖലകളിൽ പ്രവർത്തിക്കുന്നുണ്ട്. ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളും ഇന്ന് വ്യാപകമായിരിക്കുന്നു.

2010 സെപ്റ്റംബറിലെ കണക്കനുസരിച്ച് 151846 കോടി രൂപയുടെ നിക്ഷേപത്തിൽ 37440 കോടി വിദേശ ഇന്ത്യക്കാരുടെ നിക്ഷേപമാണ്. ആകെ നിക്ഷേപത്തിന്റെ 25 ശതമാനമാണിത്. വായ്പ 107533 കോടിരൂപ. ഇതിൽ 65738 കോടി മുൻഗണനാ വായ്പയാണ്, 61 ശതമാനം. വായ്പ നിക്ഷേപാനുപാതം 70–82 ശതമാനം ആണ്. 2001 ൽ ഇത് 43.25 ശതമാനവും 2005 ൽ 59 ശതമാനവുമായിരുന്നു. കാർഷിക വായ്പ 26529 കോടിയും ഉൽപ്പാദന വായ്പ മുൻഗണനാ മേഖലയിൽ 14778 കോടി രൂപയുമാണ്. വാർഷിക പദ്ധതി 48421 കോടിരൂപയാണ്. കേരളത്തിൽ വായ്പാനുപാത നിക്ഷേപം കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ കാര്യമായി വർദ്ധിച്ചുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

**കാർഷിക മേഖല**

കാർഷിക മേഖല കൂടാതെ മൃഗസംരക്ഷണം, മത്സ്യബന്ധനം തുടങ്ങിയ കാർഷികാനുബന്ധ മേഖലയുമുണ്ട്. വിള വായ്പയാണ് പ്രധാനം. അത് കിസ്സാൻ ക്രെഡിറ്റ് കാർഡ്, കുടുംബശ്രീക്കും മറ്റുമുള്ള വിളവായ്പ, കാർഷികപണയം എന്നിങ്ങനെ നൽകുന്നു. നല്ലൊരുഭാഗം പണയം തന്നെയാണ്. കൃഷി ഓഫീസർമാർ ബാങ്കുകളിലേയ്ക്ക് വായ്പ അപേക്ഷ നൽകുന്നത് കുറവാണ്. കൃഷി വർദ്ധിപ്പിക്കുകയാണെങ്കിൽ വായ്പ കൂടുതൽ നൽകാനാകും. ത്രിതല പഞ്ചായത്തുകൾക്കും കൃഷി വകുപ്പിനും അതിനുള്ള പദ്ധതികൾ ശാസ്ത്രീയമായി ആസൂത്രണം ചെയ്ത് ഫലപ്രദമായി നടപ്പാക്കാമെങ്കിൽ നേരിട്ടുള്ള വായ്പ കൂടും. കാർഷിക നിക്ഷേപ വായ്പ കൂട്ടാനുള്ള നടപടികളും വേണം. സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം, മാർക്കറ്റിംഗ് വികസന സ്ഥാപനം, നബാർഡ്, ഹോർട്ടികൾച്ചർ മിഷൻ, ഇവയുടെ പദ്ധതികൾ തദ്ദേശഭരണ സ്ഥാപനവുമായി ബന്ധിപ്പിച്ച് നടപ്പാക്കാൻ ശ്രമം നടത്തിയാൽ കാർഷിക മേഖലയിൽ വായ്പാവിതരണം കൂടും. 1985 ൽ ആകെ വായ്പയിൽ 17.28 ശതമാനം കാർഷിക വായ്പയായിരുന്നു. 2001 ൽ അത് 13.29 ശതമാനി കുറഞ്ഞു. ഇപ്പോൾ അത് 25 ശതമാനമാണ്. പണയം നൽകിയും ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾക്ക് കാർഷിക വായ്പ നൽകാനെന്ന പേരിൽ പരോക്ഷകാർഷിക വായ്പ നൽകിയുമാണ് ബാങ്കുകൾ ലക്ഷ്യം തികയ്ക്കുന്നത്. സഹകരണ ബാങ്കുകളും നൽകുന്ന കാർഷിക വായ്പയിൽ നല്ലൊരു ഭാഗം കാർഷികേതരം തന്നെ. ഇടത്തരം -വൻകിട പദ്ധതികളിൽകൂട്ടി ആസൂത്രണം ചെയ്ത് നടപ്പാക്കിയാൽ വായ്പ ലഭ്യത കൂട്ടാനാകും. നീർത്തടാധി

ഷിത വികസനത്തിന് വായ്പ കൂട്ടാനാകും. വായ്പ നൽകാത്തതല്ലാ പദ്ധതികളുടെ അഭാവമാണ് പ്രശ്നം.

**മൃഗസംരക്ഷണ മേഖല**

പാലുൽപ്പാദനത്തിൽ പിറകോട്ടാണ് നാം. തദ്ദേശഭരണ സ്ഥാപനങ്ങൾ ഓരോ പഞ്ചായത്തിലും കണ്ണാടി പഞ്ചായത്ത് മാതൃകയിൽ മൃഗസംരക്ഷണ മേഖലയിൽ സമഗ്ര പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കണം. പദ്ധതി ആസൂത്രണം നേരത്തേയാക്കി ബാങ്ക് വായ്പ പദ്ധതിയുമായി കൂട്ടിച്ചേർക്കണം. 4-8-10-20-30 പശു/എരുമ യൂണിറ്റുകൾ, പാലിന് സാമാന്യം നല്ലവില, പുൽകൃഷി സാധ്യത ഇവയൊക്കെ പ്രയോജനപ്പെടുത്തിയാൽ ബാങ്ക് വായ്പ കൂടും. പി.എം.ആർ.വൈ.യിൽ ഒരു ജില്ലയിൽ ആയിരത്തോളം വായ്പ ഈ മേഖലയിൽ നൽകേണ്ടിയിരുന്നു. ഇപ്പോൾ കുറവ്. മൃഗസംരക്ഷണ-ഡയറി-മിൽമ വകുപ്പുകളുടെ പ്രവർത്തന ഏകോപനം വേണം. ആശുപത്രി സേവനം മെച്ചമാക്കണം. മത്സ്യം വളർത്തൽ തുടങ്ങിയവ ശാസ്ത്രീയമാക്കിയാൽ വായ്പ കൂടും. വലിയ ഫാമുകൾക്ക് കൺസോർഷ്യം വായ്പ ആലോചിക്കാം. മത്സ്യമേഖലയിൽ വായ്പാബന്ധിത പദ്ധതികൾ കുറവാണ്. സമഗ്രപദ്ധതികൾ വേണം.

**ഉല്പ്പാദന മേഖല**

പൊതു സ്വകാര്യ മേഖലകളിലെ ഉൽപ്പാദന വായ്പ 14 ശതമാനത്തിൽ താഴെമാത്രമാണ്. ചെറുകിട വ്യവസായമെന്ന മേഖല മാറി മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസ് (MSME) എന്നായിട്ടുണ്ട്. ഉൽപ്പാദന-സേവന വായ്പകൾ ഇപ്പോൾ ഈ മേഖലയിലാണ്. കേരളത്തിൽ സേവന വായ്പ കൂടുകയും ഉൽപ്പാദന വായ്പ കുറയുകയുമാണ്. പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ വായ്പ വർദ്ധിപ്പിക്കും. എന്നാൽ ചെറുകിട വായ്പയെടുത്ത് ശരിയായി ഉപയോഗിച്ച് വ്യവസായ സംരംഭം നടത്തുന്നവരുടെ എണ്ണം കുറയുന്നു. സബ്സിഡിയും വായ്പയും മുതലാക്കുന്നവരാണ് പലരും. പി.എം.ആർ.വൈ.യിലെ കിട്ടാക്കടം അതാണ് കാണിക്കുന്നത്. ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ പ്രാദേശിക വികസന പരിപാടികൾ ഇവയുമായി ഈ മേഖലയിലെ വായ്പകൾ ബന്ധപ്പെടുത്തണം. സബ്സിഡി വ്യവസായം വളർത്താനാകണം. ദുരുപയോഗം ഉദാ: കൈത്തറി, പി.എം.ഇ.പി.യിൽ വായ്പ അപേക്ഷകരുടെ എണ്ണം പരിമിതപ്പെടുത്തിയിരിക്കുന്നു. നല്ല തൊഴിൽ പരിശീലനം, പോളിടെക്നിക്കുകൾ, ഐ.റ്റി.ഐ.കൾ നൽകി നല്ല സംരംഭകരെ വാർത്തെടുത്ത് വായ്പ നൽകാനായാൽ ചെറുകിട വ്യവസായം വളരും. പഞ്ചായത്തുകൾ പശ്ചാത്തല സൗകര്യമൊരുക്കണം. ഇറക്കുമതി ആഗോളവൽക്കരണബദൽ ഉല്പ്പാദന മാർഗ്ഗമായി കണ്ട് വായ്പ ഉപയോഗിക്കണം. വിവിധ ഗവേഷണ സ്ഥാപനങ്ങൾ, നിലവിലുള്ള സ്ഥാപനങ്ങൾ ഇവയെ പരിശീലന കേന്ദ്രങ്ങളിൽപെടുത്തണം. സെസ് ഇളവുകൾ ചെറുകിട പദ്ധതികൾക്ക് നൽകണം.

**തൊഴിൽ ലഭ്യതാ പദ്ധതികൾ**

പി.എം.ഇ.ജി.പി, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ഐ.സി.ഇ.എസ്.ആർ.യു, ജോബ് ക്ലബ്ബ്, ഖാദിബോർഡിന്റെ ഫ്ളാഗ്ഷിപ്പ്, വ്യവസായ വകുപ്പിന്റെ വനിത വ്യവസായ പദ്ധതി, വിവിധ മാർജിൻ മണി പദ്ധതികൾ, വികലാംഗർ/എസ്.സി, എസ്.റ്റി/ആർട്ടിസെൻസ്/വികസന കോർപ്പറേഷനുകൾ, മൃഗസംരക്ഷണ വകുപ്പ് പദ്ധതികൾ, ഡയറി വകുപ്പുകളുടെ എം.എസ്.സി.വി പദ്ധതികൾ, കുടുംബശ്രീ പദ്ധതികൾ എന്നിങ്ങനെ സ്വയംതൊഴിൽ മേഖലകളിൽ നിരവധി സബ്സിഡി ബന്ധിത പദ്ധതികളുണ്ട്. ഇവയിൽ പലതും കൃത്യമായി വായ്പ ഉപയോഗിച്ച് ഫലപ്രദമായ സംരംഭങ്ങളാകുന്നില്ല. ലക്ഷ്യം തികയും. ഇനിയും ഇതുപോലെയോ തനതായോ ഉള്ള പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആലോചിക്കാം. 10 ലക്ഷം വരെയുള്ള ഉൽപ്പാദന സേവന വായ്പകൾക്ക് ഇപ്പോൾ വസ്തു ഈടുവേണ്ടതില്ല. ക്രെഡിറ്റ് ഗാരണ്ടി ട്രസ്റ്റിന്റെ ഈട് ലഭിക്കും. ഒരു കോടിക്ക് വരെ അത് ഉപയോഗിക്കാം. ചെറുകിട വ്യവസായ വായ്പാനയം, പദ്ധതികൾ ശരിയായ മോണിറ്ററിംഗ് ഇവ വേണം.

**തൊഴിൽ പരിശീലനം**

തൊഴിൽ പരിശീലനത്തിന് എല്ലാ ജില്ലയിലും ലീഡ് ബാങ്കിന്റെ നേതൃത്വത്തിൽ ഗ്രാമീണ തൊഴിൽ പരിശീലന കേന്ദ്രമുണ്ട്. കൂടാതെ എസ്.ജി.എസ്.വൈ, എസ്.ജെ.എസ്.ആർ.വൈ, കുടുംബശ്രീ പദ്ധതികൾ, മത്സ്യമേഖലാ പദ്ധതികൾ ഇവയൊക്കെ പല പരിശീലനങ്ങളും നൽകുന്നു. വിവിധ വകുപ്പുകൾക്കും (എംപ്ലോയ്മെന്റ് വകു

പ്പുൾപ്പെടെ) പരിശീലന സംവിധാനവുമുണ്ട്. ഇവ ഫലപ്രദമാക്കണം. ഇന്റഗ്രേഷൻ വേണം. സംരംഭകത്വപരിശീലനം നേടാത്തവർക്ക് ഈ വായ്പ നൽകാതിരിക്കണം. പരിശീലനം കാര്യക്ഷമമാക്കണം. പ്രാദേശിക ഭരണകൂടങ്ങൾക്കും പല പദ്ധതികളും ആസൂത്രണം ചെയ്യാം. തുക ചെലവഴിക്കാൻ മാത്രമാകരുതെന്ന് മാത്രം. യുവജനക്ഷേമ വകുപ്പ് ബോർഡ് ഇവയൊക്കെ ലീഡ് ബാങ്കുമായി ചേർന്ന് സമഗ്ര പരിശീലന തൊഴിൽ ലഭ്യതാ പരിപാടി തയ്യാറാക്കി നടപ്പാക്കണം.

**മൈക്രോഫിനാൻസ്**

ഇന്ന് ഗ്രാമീണ-അർദ്ധനഗര ശാഖകൾ കൂടുതലും മുൻഗണനാ മേഖല ലക്ഷ്യം തികയ്ക്കുന്നത് കുടുംബശ്രീ പദ്ധതികൾക്കും മറ്റ് സ്വയം സഹായ സംഘങ്ങൾക്കും വായ്പ നൽകിക്കൊണ്ടാണ്. തിരിച്ചടവ് 90 ശതമാനത്തിനടുത്തായതാണ് കൂടുതൽ വായ്പ നൽകാനുള്ള പ്രചോദനം. പക്ഷേ കാർഷിക, മൃഗസരംക്ഷ – വ്യവസായ വകുപ്പുകൾ അവരുടെ വൈദഗ്ദ്ധ്യം ഈ സ്ത്രീശാക്തീകരണ പദ്ധതികൾക്ക് നൽകുന്നത് വളരെ കുറവാണ്. പല വായ്പാ പദ്ധതികളും ഫലപ്രദമാക്കാൻ വകുപ്പ് വിദഗ്ദ്ധർക്ക് കഴിയും. കേരള സമൂഹം ചർച്ച ചെയ്യേണ്ട കാര്യമാണിത്. സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ രംഗപ്രവേശം, വിവിധ എൻ.ജി.ഒ.കളുടെ. പ്രവർത്തനം, മൾട്ടിപ്പിൾ അംഗത്വം, വായ്പ ഇവയൊക്കെ സാമ്പത്തിക കച്ചവടത്തെ ബാധിക്കുന്നു. നിരവധി പുതിയ ഗ്രൂപ്പുകൾ ആരംഭിക്കൽ, ചെറുകിട സംരംഭക വ്യാപനം, മാർക്കറ്റിംഗ് സംവിധാനം, കുടുംബശ്രീ അംഗങ്ങൾക്ക് ഐ.ഡി. നൽകൽ ഇവയൊക്കെ ആലോചിക്കണം. വായ്പ കാര്യമായി വർദ്ധിപ്പിക്കാനാകും.

നഗരസഭകളിലെ എസ്.ജെ.എസ്.ആർ. വൈ.യ്ക്ക് നല്ല വായ്പാ വർദ്ധന സാധ്യതയുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ ബാങ്കുകളുമായി ചേർന്ന് പരിശീലനം, വായ്പ ലഭ്യത, സംരംഭം തുടങ്ങി നടത്തൽ ഇവയ്ക്ക് നേതൃത്വം നൽകണം. ക്ലസ്റ്റർ സംവിധാനം ആലോചിക്കണം. എസ്.ജി. എസ്.വൈ.യിൽ സെപ്റ്റംബർ 2010 യലെ വായ്പ 767 കോടിയാണ്. എസ്.ജെ.എസ്.ആർ.വൈ. യിൽ 59 കോടി മാത്രം.

**മറ്റ് മുൻഗണനാ വായ്പകൾ**

ചെറുകച്ചവടം, സേവനം, ഹൗസിംഗ്, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലാണ് ഈ വായ്പകൾ. ഈ മേഖലയിലെ വായ്പ കൂടുന്നുണ്ട്. ഹൗസിംഗ് മേഖലയിൽ സെപ്റ്റംബർ 2010 ലെ വായ്പനില 18024 കോടിരൂപയാണ്. വിദ്യാഭ്യാസ വായ്പ 5420 കോടിരൂപ. മറ്റ് മുൻഗണനാ മേഖല 1971 കോടിരൂപ. കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ ഹൗസിംഗ്, വാഹന ഉപഭോഗ വായ്പകളാണ് വളരെ വർദ്ധിച്ചത്. ഇത് ഉൽപ്പാദന-സേവന, കാർഷിക മേഖലകളിലേയ്ക്ക് തിരിച്ചു വിടാനുള്ള പദ്ധതികൾ ഉണ്ടാകണം. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളിലൂടെ വായ്പ വർദ്ധിപ്പിക്കാനും തൊഴിൽ നേടാനും വലിയ സാദ്ധ്യതയുണ്ട്. സഹകരണ ബാങ്കുകൾ ഈ മേഖലയിൽ വായ്പ വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇന്ന് അവർ നൽകുന്നത് കൂടുതലും മുൻഗണനാ വായ്പയല്ല. അത് മാറണം.

**സാമ്പത്തിക ഉൾച്ചേർക്കൽ**

റിസർവ് ബാങ്കും കേന്ദ്ര സർക്കാരും ബാങ്കിംഗ് സേവനം വ്യാപകമാക്കാൻ പല പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ട്. നോഫ്രിൻസ് അക്കൗണ്ടുകൾ, ജനറൽ പർപ്പസ് ക്രഡിറ്റ് കാർഡ്, ബിസിനസ്സ് കറസ്പോണ്ടന്റ്, ഫെസിലിറ്റേറ്റർ, വായ്പ കൗൺസിലിംഗ് സെന്ററുകൾ എന്നിങ്ങനെ പലതും. ഇവ പ്രാദേശികമായി ഫലപ്രദമായി ഉപയോഗിക്കാനായാൽ മുൻഗണനാ വായ്പ കൂടും. തൊഴിൽ കൂടും. ബാങ്ക് വായ്പ ഫലപ്രമായി ഉപയോഗിക്കാനാകും.

**ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ്**

ഗവൺമെന്റ് വിവിധ ധനകാര്യ സ്ഥാപനങ്ങളിലെ വായ്പ അടിസ്ഥാന സൗകര്യം, വ്യവസായ-കാർഷിക-തൊഴിൽവികസനത്തിന് ഉപയോഗിക്കുന്നതിനും അവ ഏകോപിപ്പിക്കുന്നതിനും ധനകാര്യ വകുപ്പിന് കീഴിൽ ഒരു ഉപവകുപ്പായി ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് വകുപ്പ് രൂപീകരിക്കണം. സംസ്ഥാനത്തെ വിവിധ കോർപ്പറേഷനുകൾ, ബോർഡുകൾ, സ്ഥാപനങ്ങൾ പുതിയ പദ്ധതികൾ ഇവയൊക്കെ പ്രാദേശിക ബാഹ്യ സ്ഥാപനങ്ങളിലെ വായ്പ പൂൾ ചെയ്യാനും, സൈബർ സിറ്റി, വിഴിഞ്ഞം പദ്ധതി, മെട്രോറെയിൽ, വ്യവസായ വികസന സംരംഭങ്ങൾ, പുതിയ പദ്ധതികൾ തുടങ്ങിയവയ്ക്ക് കൺസോർഷ്യം വായ്പ തരപ്പെടുത്താനും മറ്റും അത് പ്രയോജനകരമാകും.

# കേരളത്തിന്റെ വികസനവും ബാങ്കുകളും

കെ.വി. ജോർജ്ജ്, ജനറൽ സെക്രട്ടറി,
ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ ഓഫ് ഇന്ത്യ

ധാതുവിഭവങ്ങളുടെ ലഭ്യത കേരളത്തിൽ പരിമിതമാണ്. ഒരു ഘട്ടത്തിൽ വൈദ്യുതി ദൗർലഭ്യവും ഗതാഗത പ്രശ്നങ്ങളും കേരളത്തെ അലട്ടിയിരുന്നു. എന്നാൽ റബർ, ചകിരി, മലഞ്ചരക്ക്, മത്സ്യസമ്പത്ത് തുടങ്ങിയ പ്രകൃതി വിഭവങ്ങളിലധിഷ്ഠിതമായ വ്യവസായങ്ങൾക്ക് കേരളത്തിൽ വേണ്ടത്ര സാധ്യതയുണ്ട്. സംരംഭകരുടെയും പ്രോജക്ടുകളുടെയും അഭാവം, പ്രതികൂല രാഷ്ട്രീയാന്തരീക്ഷം എന്നിവ പരമ്പരാഗത ആക്ഷേപങ്ങളാണ്. വിദ്യാസമ്പന്നരായ യുവജനങ്ങൾ, വിവര സാങ്കേതിക വിദ്യയിലെ പ്രാവീണ്യം, ടൂറിസം സാധ്യതകൾ എന്നിവ മുതലെടുക്കുന്നതിന് കേരളത്തിന് കഴിഞ്ഞിട്ടില്ല. സ്വകാര്യ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന പുനലൂർ പേപ്പർ മിൽ, കുണ്ടറ അലുമിനിയം കമ്പനി, പെരുമ്പാവൂർ റെയോൺസ്, മാവൂർ റെയോൺസ്, ഏതാനും തുണിമില്ലുകൾ എന്നിവ അടച്ചുപൂട്ടാനിടയായ സാഹചര്യം ഒരു പക്ഷെ, പുതിയ സംരംഭകരെയും ബാങ്കുകളെയും പിന്തിരിപ്പിക്കുന്ന ഒരു ഘടകമാവാം.

എന്നാൽ വ്യവസായ വളർച്ചക്കനുകൂലമായ രാഷ്ട്രീയ - സാമൂഹിക കാലാവസ്ഥ വീണ്ടെടുക്കുന്നതിൽ ഇപ്പോൾ കേരളം വിജയിച്ചിട്ടുള്ളതായി കാണാം. എങ്കിലും ബാങ്കുകളുടെ പരമ്പരാഗത സമീപനത്തിൽ മാറ്റം വന്നിട്ടില്ല.

സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ പതിയേണ്ടതാണ്. അതിന് ഗവൺമെന്റിന്റെയും ജനപ്രതിനിധികളുടെയും ട്രേഡ് യൂണിയനുകളുടെയും ഫലപ്രദമായ ഇടപെടൽ ആവശ്യമാണ്. ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും ബാങ്കുതല കമ്മിറ്റികളുണ്ടെങ്കിലും അവിടെയൊന്നും ജനപ്രതിനിധികൾ കൃത്യമായി പങ്കെടുത്ത് കാണുന്നില്ലാ എന്നത് നിർഭാഗ്യകരമാണ്.

കേരളത്തിലെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കാർഷിക, ഫിഷറീസ് സർവ്വകലാശാലകൾ, ഗവേഷണ സ്ഥാപനങ്ങൾ, ബാങ്കുകൾ, ബാങ്കിംഗ് മേഖലയിലെ ട്രേഡ് യൂണിയനുകൾ ഇവയെ സഹകരിപ്പിച്ചും ഏകോപിപ്പിച്ചും കാർഷിക മേഖലയെയും കാർഷികാധിഷ്ഠിത വ്യവസായമേഖലയെയും പരിപോഷിപ്പിക്കുന്നത് സംബന്ധിച്ച് കൂട്ടായ ആലോചന ആവശ്യമാണ്. ദുർബലമായ ചില നീക്കങ്ങൾ ഇക്കാര്യത്തിലുണ്ടായെങ്കിലും മുന്നോട്ട് പോയിട്ടില്ല. സംസ്ഥാന ഗവൺമെന്റിന്റെയും ജനപ്രതിനിധികളുടെയും സജീവ പരിഗണന ഇക്കാര്യത്തിലുണ്ടായാൽ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിക്ക് അതിനോട് ഉചിതമായി പ്രതികരിക്കേണ്ടിവരും.

സംസ്ഥാന നിയന്ത്രണത്തിലുള്ള കെ.എഫ്.സി., കെ.എസ്.ഐ.ഡി.സി., കെ.എസ്.എഫ്.ഇ. എന്നിവയെ ഉദ്ധരിക്കുന്നതിലും സാമ്പത്തിക മേഖലയുമായി കൂട്ടിയിണക്കുന്നതിലും സർക്കാർ ശ്രദ്ധിച്ചിട്ടുണ്ട്. എന്നാൽ വാണിജ്യ ബാങ്കുകളുടെ കാര്യത്തിൽ സമാനമായ നീക്കങ്ങൾ ഇനിയും ഉണ്ടാവേണ്ടിയിരിക്കുന്നു.

# Banking / Financial Institutions and Kerala Development

**K.Sathianathan**
*General Secretary, AIBOA (KSC)*

When we think about the role of Banks and other Financial institutions in the development of our State two prime questions come to our mind. 1) What is DEVELOPMENT? 2) Development for WHOSE Benefit? .According to progressive outlook

Development of the State should improve the Standard of Living of the entire Population.

The Benefits of this DEVELOPMENT should percolate to the common people.

The Financial Sector Reforms and the LPG Policies of the Central Government has brought a sea change in our Banking Concepts. Maximising PROFIT utilizing the CONSUMERIST NEEDS (Greeds ) of our Society and a SPECULATIVE SHARE MARKET became the prime motif of Banks and Financial Institutions.

The technicalities and formalities involved in availing loans from Banks and the consequent delay in getting loans sanctioned drive the customer to Money Lenders who charge Usarious rates of interest.Scheduled Commercial Banks are sidelined in the matter of resource mobilization also as the interest offered on deposits is comparatively less..Our Society as a whole is lured to UNPRODUCTIVE and SPECULATIVE investments because of the impact of our New liberalised economic ENVIRONMENT. It is in such a scenario that we discuss the role of Banks and Financial Institutions in the Development of KERALA.

The areas where we can concentrate are

1) AGRICULTURE and ALLIED ACTIVITIES

The initiatives of our State Government in

improving food production and providing better standard of living to our farmers and farm workers can be supplemented through better finance at comparatively low interest in these Sectors.

2) ELECTRONICS and IT INDUSTRY

The availability of adequate skilled manpower and conducieve infrastructural facilities can be supported by the Banks and Financial Institutions by Providing Credit facilities to aspiring ENTERPRENUERS

3) TOURISM

Eco friendly TOURISM at affordable prices sould be financed to make it a means to improve the earnings of our people . FIVE STAR CULTURE is not conducive to our Cultural ethos and the financial condition of majority of our population.

4) EDUCATION and HEALTH CARE

Qualityn Education at affordable prices and Quality health care devoid of Super speciality extravaganza are areas where our committed PROFESSIONALS can venture with Bank Finance.

5) LOANS TO SHG"s

These loans can be channelised for PRODUCTIVE Purposes .Formation of BIGGER UNITS under Co Operative sector to provide forward and backward Linkages to avoid exploitation by intermediaries can be considered Political parties / Trade Unions / Socio Cultural Organisations should play an aggressive and proactive role to LIBERATE our SOCIETY"s mindset from CONSUMERIST GREEDS to BASIC HUMAN NEEDS.